# മലബാർ കലാപം

https://t.me/ebooks_malayalam

കെ. മാധവൻനായർ

മാതൃഭൂമി

# മലബാർ കലാപം

https://t.me/ebooks_malayalam

# മലബാർ കലാപം

ഗ്രന്ഥകർത്താ:

കെ. മാധവൻ നായർ

**For Favour of Review**

പ്രസാധകർ:

മാതൃഭൂമി പ്രിൻറിംഗ് ആൻറ് പബ്ലിഷിംഗ് കമ്പനി,

ലിമിററഡ്, കോഴിക്കോട് – 673 001

1987

വില: ക. 30.00

ഒന്നാംപതിപ്പ് 1971
മാതൃഭൂമി പതിപ്പ് 1987 മെയ്

All rights reserved

Title: MALABAR KALAPAM

Author: K. Madhavan Nair

Cover: Vasu Pradeep

Price Rs. 30.00

Printed by P. V. Chandran
at the Mathrubhumi M. M. Press, Calicut-1.

Publishers:
The Mathrubhumi Printing & Publishing Co. Ltd., Calicut-673 001
May 1987

# ആമുഖം

എൻെറ ഭർത്താവ് പരേതനായ കെ. മാധവൻനായർ 1921—ലെ മലബാർ കലാപം കഴിഞ്ഞ ഉടനെ എഴുതിയ താണ് ഈ പുസ്തകം. കൃത്യാന്തരബാഹുല്യം നിമിത്തമാകാം, അദ്ദേഹത്തിന്നതു പൂർത്തിയാക്കാൻ സാധിച്ചില്ല. ഇതിൽ ഏതാനും ഭാഗം അക്കാലത്ത് ''മാതൃഭൂമി''യിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ സംഗതിവശാൽ അതു പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്താൻ ഇതുവരെ സാധിച്ചില്ല. ഇപ്പോഴെങ്കിലും അതു സാധിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

കലാപം നടന്നിട്ട് അഞ്ചുപതിററാണ്ടായെങ്കിലും അതിനെക്കുറിച്ചുള്ള ഒരാധികാരികചരിത്രം ഇനിയും നമുക്കു ലഭിക്കേണ്ടതായിട്ടാണിരിക്കുന്നത്. ചില ഗവർമ്മെണ്ട് റിപ്പോർട്ടുകളും നിറംപിടിപ്പിക്കപ്പെട്ട ഏതാനും വിവരണങ്ങളും ഒഴിച്ചാൽ സംഭവത്തിൻെറ ശരിയായ ചിത്രം ജനങ്ങളുടെ മുമ്പാകെ വെയ്ക്കാൻ ആരും ശ്രമിച്ചിട്ടില്ല. ആ കുറവു നികത്താൻ ഈ ഗ്രന്ഥം ഒട്ടൊക്കെയെങ്കിലും പര്യാപ്തമാകുമെന്നാണ് എൻെറ വിശ്വാസം.

ഏറനാട്ടുകാരനെന്ന നിലയ്ക്കും ഖിലാഫത്തു പ്രസ്ഥാനം നിയന്ത്രിക്കാൻ പ്രത്യേകം നിയോഗിക്കപ്പെട്ട കോൺഗ്രസ്സ് നേതാവെന്ന നിലയ്ക്കും കലാപവുമായും അതിൻെറ തലവന്മാരുമായും മുഖത്തോടുമുഖം ഇടപെടേണ്ട അവസരങ്ങൾ മാധവൻനായർക്കുണ്ടായിട്ടുണ്ട്. അതിനാൽ സംഭവത്തെക്കുറിച്ചുള്ള ഈ ഗ്രന്ഥത്തിലെ പ്രതിപാദനം ഏറെക്കുറെ ദൃക്സാക്ഷിവിവരണം തന്നെയാണെന്നു പറയാം. അതേ സമയം, കലാപത്തെക്കുറിച്ചുള്ള വസ്തുനിഷ്ഠവും നിഷ്പക്ഷവുമായ നിരൂപണവും അതുൾക്കൊള്ളുന്നു. കലാപത്തിൻെറ പശ്ചാത്തലവിവരണത്തിൽ ഏറനാട്ടിലെ മാപ്പിളമാരുടെ അവശതകളിൽ അദ്ദേഹത്തിന്നുണ്ടായിരുന്ന സഹാനുഭൂതി മുററിനില്ക്കുന്നതായി കാണാം. അവരുടെ ധൈര്യവും സരളസ്വഭാവവും അദ്ദേഹത്തിൽ മതിപ്പുളവാക്കീട്ടുണ്ട്; അതേ സമയം അവരുടെ മതഭ്രാന്തും എടുത്തുചാട്ടവും അസഹിഷ്ണുതയും അശേഷവും മറച്ചുപിടിച്ചിട്ടുമില്ല. അതു

പോലെ, ബ്രിട്ടീഷുമേധാവികരം കലാപം അമർത്തുന്നതിൽ കാണിച്ച കണ്ണിൽ ചോരയില്ലായ്മയേയും നയരാഹിത്യത്തേയും അപലപിക്കുന്നതോടൊപ്പംതന്നെ അവരിൽ ചിലരുടെ മാന്യമായ പെരുമാററത്തേയും നീതിനിഷ്ഠയേയും മുക്തകണ്ഠം പ്രശംസിക്കാനും മടിച്ചിട്ടില്ല. ചുരുക്കത്തിൽ ഒരു ചരിത്രകാരൻെറ നിഷ്പക്ഷവീക്ഷണം ഗ്രന്ഥത്തിലുടനീളം പ്രതിഫലിച്ചു കാണാം.

ഉദ്ദേശിച്ചിരിക്കാവുന്നതുപോലെ ഗ്രന്ഥം മുഴുവനാക്കാൻ ഗ്രന്ഥകർത്താവിനു സാധിച്ചിട്ടില്ല. ഇപ്പോരം പുസ്തകം അവസാനിപ്പിച്ചതിന്നപ്പുറം ഇങ്ങനെ ഒരു വാചകംകൂടി കാണുന്നതിൽനിന്നു അതു വ്യക്തമാണ്: ''മാർഷ്യൽ നിയമപ്രകാരം നടന്ന വിചാരണകളുടേയും ശിക്ഷകളുടേയും സ്വഭാവംകൂടെ അല്പം വിവരിച്ച് ഈ അദ്ധ്യായത്തെ അവസാനിപ്പിക്കാം.''

എങ്കിലും, മലബാർ കലാപത്തിൻെറ യഥാതഥമായ ഒരു രൂപം ഈ ഗ്രന്ഥത്തിലൂടെ അനുവാചകർക്കു ലഭിക്കുമെന്നാണ് എൻെറ വിശ്വാസം.

**കെ. കല്യാണിഅമ്മ**

# ഗ്രന്ഥകർത്താവിനെപ്പററി

ഗ്രന്ഥകർത്താവിനെപ്പററി ഇന്നത്തെ തലമുറയ്ക്ക് കേട്ടു കേൾവിയല്ലാതെ, അദ്ദേഹത്തിൻെറ സേവനനിരതവും ത്യാഗസമ്പൂർണ്ണവുമായ ജീവിതത്തെപ്പററി അധികമൊന്നും അറിയുമെന്നു തോന്നുന്നില്ല. അതിനാൽ അദ്ദേഹത്തെക്കുറിച്ച് ഒരു സംക്ഷിപ്തവിവരണം നൽകുന്നത് ഉചിതമാവുമല്ലോ.

കൊല്ലവർഷം 1058–ാമാണ്ട് വൃശ്ചികത്തിലെ പൂരം നക്ഷത്രത്തിൽ (1882 ഡിസമ്പർ 2–ാംനു-)യാണ് കാരുതൊടിയിൽ മാധവൻനായർ മലപ്പുറത്ത് ജനിച്ചത്. മലപ്പുറം എ.വി. സ്കൂളിലും മഞ്ചേരി ലോവർ സെക്കണ്ടറി സ്കൂളിലും ആന്ധ്രയിലെ പറളാക്കിമെഡി രാജാസ് സ്കൂളിലും ബ്രി. കൊച്ചിയിലെ റോമൻ കാത്തലിക്ക് ഹൈസ്കൂളിലും പാലക്കാട് വിക്ടോറിയാ കോളേജിലുമായാണ് സ്കൂൾ വിദ്യാഭ്യാസം കഴിച്ചത്. കോട്ടയം സി. എം. എസ്. കോളേജിൽ നിന്ന് 1904 മാർച്ചിലെ എഫ്. എ. പരീക്ഷയിലും തിരുവനന്തപുരം രാജാസ് കോളേജിൽനിന്ന് 1906 മാർച്ചിലെ ബി. എ. പരീക്ഷയിലും 1909 മാർച്ചിലെ ബി. എൽ. പരീക്ഷയിലും ജയിച്ചു. സി. എം. എസ്. കോളേജിൽ പഠിക്കുന്ന കാലത്ത് വേദപാഠപരീക്ഷയിൽ ഒന്നാംസമ്മാനം വാങ്ങുകയുണ്ടായിട്ടുണ്ട്. കോളേജിൽ പഠിക്കുന്ന കാലത്തു തന്നെ വാചാപ്രസംഗങ്ങൾക്ക് മിടുക്കനായിരുന്നു. പഠിക്കുന്ന കാലത്തുതന്നെ സ്വാതന്ത്ര്യേച്ഛ വളർത്തിവന്നിരുന്നതിനാൽ തിരുവനന്തപുരത്ത് ജൂനിയർ ബി. എ. ക്ലാസിൽ പഠിച്ചിരുന്ന അവസരത്തിൽ അന്നത്തെ ഇംഗ്ലീഷ് പ്രൊഫസറായ ലാബുക്കർഡിയരുമായി ഇടയാനിടവന്നു. ഇതിൻെറ ഫലമായി ക്ലാസുകയററം തടയപ്പെട്ടു. അന്നു മാധവൻനായരുടെ അമ്മാമനായ കാ. കണ്ണൻനായർ പ്രൊഫസറോട് കേണപേക്ഷിച്ചപ്പോൾ "നിങ്ങളുടെ മരുമകൻ ഒരു വിദ്യാർത്ഥിയെക്കാളും വക്കീൽ ആയിരിപ്പാനാണ് കൊള്ളുക" എന്ന് പറഞ്ഞു. ഇത് ഭാവിയെസ്സംബന്ധിച്ച് ഒരു പ്രവചനമായി കലാശിച്ചു.

ബി. എൽ. പരീക്ഷ പാസ്സായശേഷം മഞ്ചേരിയിൽ വക്കീലായി പ്രാക്ടീസാരംഭിച്ചു. താമസിയാതെ കോഴിക്കോ

ട്രേസ്സു് പ്രാക്ടീസ് മാററുകയും നല്ലൊരഭിഭാഷകനെന്ന പേരെടുക്കുകയും ചെയ്തു. 1915—ൽ കോഴിക്കോട്ടു് താമസമാക്കിയ കാലംമുതൽക്കു് അദ്ദേഹം രാഷ്ട്രീയകാര്യങ്ങളിലും സജീവമായി പങ്കെടുത്തുവന്നു. 1920 ഏപ്രിലിൽ മഞ്ചേരിയിൽ നടന്ന മലബാർ ജില്ലാ രാഷ്ട്രീയസമ്മേളനത്തിൻെറ നേതൃത്വം വഹിച്ചു. 1921 ആദ്യം കേരള സംസ്ഥാന കോൺഗ്രസ്സ് കമ്മിററി ഉടലെടുത്തപ്പോരം മാധവൻനായർ ആദ്യത്തെ സിക്രട്ടരിയായി. ഇന്ത്യയിൽ ആദ്യമായി നിയമം ലംഘിച്ചു് അറസ്റ്റുവരിച്ച കോൺഗ്രസ്സുകാരിൽ ഒരാരം മാധവൻനായരായിരുന്നു. 1921—ലെ മാപ്പിളലഹളക്കാലത്തു് സമാധാനപുനഃസ്ഥാപനത്തിനും അഭയാർത്ഥികളുടെ ദുരിതാശ്വാസത്തിനും ഉററു പരിശ്രമിച്ചു. നിസ്സഹകരണപ്രസ്ഥാനകാലത്തു് കുറേനാരം പ്രാക്ടീസ് നിറുത്തിവെച്ചു. 1923—ൽ ''മാതൃഭൂമി'' ആരംഭിച്ചപ്പോരം മാനേജിങ്ങ് ഡയറക്ടറായിരുന്നു. 1925—ൽ കെ.പി.സി.സി.ക്കു പ്രസിഡണ്ടുണ്ടായപ്പോരം ആദ്യത്തെ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടതു് മാധവൻനായരാണ്. 1928—ൽ എറണാകുളത്തു നടന്ന നാട്ടുരാജ്യ പ്രജാസമ്മേളനത്തിലും കുടിയാൻ സമ്മേളനത്തിലും മാധവൻനായർ സജീവമായി പങ്കെടുത്തിരുന്നു. മാധവൻനായർ മദിരാശി നിയമസഭയിലും അംഗമായിരുന്നിട്ടുണ്ട്. 1929—ലെ കുടിയാൻ നിയമം, മരുമക്കത്തായനിയമം എന്നിവയ്ക്കു് രൂപം കൊടുക്കുന്നതിൽ മാധവൻനായർക്കു് വലിയ പങ്കുണ്ടായിരുന്നു. വൈക്കം സത്യാഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം എന്നിവയുടെ വിജയത്തിന്നു അദ്ദേഹം വളരെയധികം പ്രവർത്തിച്ചിട്ടുണ്ട്. ഗുരുവായൂർ ക്ഷേത്രപ്രവേശന റഫറണ്ടത്തിൻെറ ഡയരക്ടരായിരുന്നു. 1930—32—ലെ സിവിൽനിയമലംഘനക്കാലത്തും മാധവൻനായർ അറസ്റ്റുവരിച്ചു. ഗാന്ധിജി, മോട്ടിലാൽ, ജവഹർലാൽനെഹ്റു, രാജാജി തുടങ്ങിയ അഖിലേന്ത്യാനേതാക്കളുമായി അടുത്ത സമ്പർക്കം പുലർത്തിയിരുന്ന മാധവൻനായർ അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മിററിയിലും അംഗമായിരുന്നു. അനാരോഗ്യംമൂലം കിടപ്പായ അദ്ദേഹം 1933 സപ്തംബർ 28—ാംനു അന്തരിച്ചു. ഒരു കവിയും കൂടിയായിരുന്നു മാധവൻനായർ. കവനകൗമുദി, മാതൃഭൂമി എന്നിവയിൽ അദ്ദേഹത്തിൻെറ കവിതകരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# പ്രസ്താവന

ദേശചരിത്രം വസ്തുനിഷ്ഠമായിരിക്കണം. ഊഹാപോഹങ്ങളോ സങ്കല്പങ്ങളോ അതിൽ സ്ഥാനം പിടിക്കരുത്. ചരിത്രം പിൻതലമുറയ്ക്ക് താരതമ്യവിവേചനത്തിനുള്ള ഉപാധി മാത്രമാണ്. എന്നാൽ ഇതിന്നെതിരായി പലരും പ്രവർത്തിച്ചുകാണുന്നു. രാഷ്ട്രീയമോ സാമ്പ്രദായികമോ ആയ താത്പര്യങ്ങൾ സംരക്ഷിക്കണമെന്ന് മനഃപൂർവം ചിന്തിക്കുന്ന ചില ചരിത്രകാരന്മാർ വസ്തുതകൾ വളച്ചൊടിക്കുന്നു; ദുർവ്യാഖ്യാനം ചെയ്യുന്നു: കൃത്രിമരേഖകൾ സൃഷ്ടിക്കുന്നു. ഇത് പിൽക്കാലത്ത് കുഴപ്പം വളർത്തുവാനേ കാരണമാകൂ. ഈ വിഷമം മലബാർ മാപ്പിളലഹളകളുടെ ചരിത്രത്തിൽ സ്പഷ്ടമായിട്ടുണ്ട്. കേരളത്തിൻെറ മാത്രമല്ല, ഇന്ത്യയുടെ തന്നെ പൊതുജീവിതത്തെ സാരമായി ബാധിക്കുന്ന ''വർഗ്ഗീയലഹള''യെന്ന് മലബാർ കലാപത്തെ വിശേഷിപ്പിച്ചുകൊണ്ട് ചിലർ മുതൽക്കൂട്ടുണ്ടാക്കി. ചിലർ അതിനെ സ്വാതന്ത്ര്യസമരത്തോടു സംഘടിപ്പിച്ചു. മററു ചിലർ ഒരു സമുദായത്തിൻെറ വീരോചിതമായ സാഹസികകർമ്മമെന്ന് അതിനെ വിശേഷിപ്പിച്ചു. ഇതിനെ വിലയിരുത്തുന്നതിനെക്കാൾ നല്ലത് അന്നത്തെ ചുററുപാടുകളും സംഭവങ്ങളുടെ ഗതിവിഗതികളും ശരിയായി ഗ്രഹിച്ച് ഒരു തീരുമാനം കല്പിക്കുകയായിരിക്കും. ഇന്നത്തെ അനുമാനങ്ങളെക്കാൾ അന്നത്തെ അനുഭവങ്ങൾക്കു വില നൽകണമല്ലോ. ഈ അടിസ്ഥാനത്തിൽ പ്രസ്തുത കലാപങ്ങളിൽ ആദ്യന്തം അനുഭവസ്ഥനായ ഒരു നിഷ്പക്ഷമതിയുടെ വിലപ്പെട്ട കുറിപ്പുകൾ ഗ്രന്ഥരൂപത്തിൽ പുറത്തുവരുന്നതാണ് ''മലബാർ കലാപം.''

അന്ന് മലബാറിനെ അടക്കിഭരിച്ചിരുന്ന ബ്രിട്ടീഷ് മേധാവിത്വം ലഹളകളുടെ ചരിത്രമെഴുതുവാൻ അതിലെ നടുനായകമായിരുന്ന പോലീസ് സൂപ്രണ്ട് മി. ഹിച്ച്കോക്കിനെയാണേൽപ്പിച്ചത്. ''ചരിത്രം എഴുതുന്നതിനെക്കാൾ ചരിത്രം ഉണ്ടാക്കുവാനാണ് ഹിച്ച്കോക്കിന് അധികം പാടവം'' എന്ന് ഗ്രന്ഥകാരൻ ആമുഖമായി പ്രസ്താവിച്ചിരിക്കുന്നു. ഇതിൽനിന്ന് ഗവർമ്മേൻറ് തയ്യാറാക്കിയ

റിപ്പോർട്ട് തികച്ചും ഏകപക്ഷീയമാണെന്നു സ്പഷ്ടമാകുന്നു. ഏതായാലും അതു പുറത്തുവന്നിട്ടില്ല. ഇക്കാരണത്താൽ കെ. മാധവൻനായർ സ്വാനുഭവം പുരസ്സരിച്ചെഴുതിയ ലേഖനങ്ങളാണ് ''മലബാർ കലാപ''ത്തിലെ ഉള്ളടക്കം.

പ്രസ്തുത കലാപത്തിന്റെ ചരിത്രമെഴുതുക പ്രയാസമുള്ള കാര്യമാണ്. ഇന്നത്തെപ്പോലെ വാർത്താസംഗ്രഹണത്തിനു സാധ്യതയോ ഗതാഗതസൗകര്യമോ അന്നില്ലായിരുന്നു. ഏതെങ്കിലും പത്രപ്രവർത്തകന്നോ മററാരാൾക്കോ സത്യാവസ്ഥ നേരിട്ടറിയാനുള്ള വ്യക്തിസ്വാതന്ത്ര്യവും അന്നുണ്ടായിരുന്നില്ല. വിവരങ്ങൾ രഹസ്യമായി ശേഖരിക്കാനേ കഴിഞ്ഞിരുന്നുള്ളു. പത്രങ്ങളിൽ വരുന്ന വാർത്തകൾ വച്ചുകൊണ്ട് അവിടവിടെ നടത്തിയ അന്വേഷണങ്ങളും പോലീസ്സിന്റെ പിടിയിൽനിന്നു രക്ഷപ്പെട്ടവരുടെ വിവരണങ്ങളും ലഹളബാധിതപ്രദേശങ്ങളിൽ നിന്നോടിപ്പോന്ന സാധാരണക്കാരുടെ വർണ്ണനകളും ഈ സംഗതിയിൽ സഹായകങ്ങളായിട്ടുണ്ട്. ലേഖകൻ തന്നെ ഈ രംഗത്ത് ആദ്യന്തം സമാധാനദൂതനായി വർത്തിച്ചതുകൊണ്ട് ജനങ്ങളുടെ വികാരവും സംഭവങ്ങളുടെ പോക്കും ശരിയായി മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. പഠിപ്പും പാകതയുമുള്ള പൊതുപ്രവർത്തകനെന്ന നിലയിൽ സുപരിചിതനായ മാധവൻ നായർ നിഷ്പക്ഷമായി നടത്തുന്ന പ്രത്യവലോകനമെന്ന നിലയ്ക്ക് ''മലബാർ കലാപം'' വിശ്വാസയോഗ്യമായ ചരിത്രവിവരണമാണെന്ന് ഇനിപ്പറയേണ്ടതില്ലല്ലോ.

മുൻവിധി എഴുതിക്കൊണ്ട് ഈ രംഗത്തിലേയ്ക്ക് കടക്കുന്നത് തികച്ചും ആശാസ്യമല്ല. സമചിത്തതയോടെ സമീപിക്കേണ്ടതാണ് ഇതിലെ പ്രശ്നങ്ങൾ. മലബാർ മുസ്ലിംകൾ മുഴുവൻ വർഗ്ഗീയവാദികളാണെന്നോ അന്ധവിശ്വാസികളാണെന്നോ ജനങ്ങൾ തെററിദ്ധരിക്കാതിരിക്കാൻ ഈ ഗ്രന്ഥം സഹായകമാണ്. തന്റെ അഭിപ്രായങ്ങൾക്ക് ഉപോൽബലകമായ മുഴുവൻ പശ്ചാത്തലവും ഗ്രന്ഥകാരൻ വിവരിക്കുന്നുണ്ട്.

1921 ആഗസ്റ്റ് 20 മുതൽ മലബാറിൽ ലഹളകളാരംഭിച്ചു. ആ മാസം 31 വരെ അങ്ങിങ്ങു നടന്ന സംഘട്ടനങ്ങൾ കലാപത്തിന്റെ മുഖവുരയായി. ശാന്തമായ പൊതുജീവിതത്തിൽ അക്രമത്തിന്റെയും അരാജകത്വത്തിന്റെയും വിത്തു പാകിയതാര്? എന്തിന്? ഇതറിയാതെ മുൻപോട്ടു പോകുന്നതാപത്താണ്. ഇതിനെ നിവാരണം ചെയ്യേണ്ടത്

ചരിത്രകാരൻെറയും യഥാർത്ഥ പൊതുസേവകൻെറയും ചുമതലയാണ്. ലേഖകൻ ഇക്കാര്യം വിസ്മരിക്കാതിരുന്നത് മഹാഭാഗ്യമെന്നു പറയട്ടെ. പ്രസക്തമായ കലാപത്തിൻെറ പൂർവരംഗം അഞ്ചു പ്രധാനഘട്ടമായി വിഭജിച്ച് യഥാക്രമം വർണ്ണിക്കയാണദ്ദേഹം ചെയ്യുന്നത്.

ഹിന്ദുക്കരം ന്യൂനപക്ഷമായ ഏറനാട്ടിലെ ജനസമുദായത്തിന് വിദ്യാഭ്യാസത്തിൽ മുന്നേറുവാൻ കഴിഞ്ഞില്ല. ഭരണകൂടത്തിൻെറ അശ്രദ്ധയും ജനങ്ങളുടെ യാഥാസ്ഥിതികത്വവും ഇതിന്നു കാരണമാവാം. വിശേഷിച്ചും മുസ്ലീങ്ങളുടെ ഇടയിൽ ആരുമൊന്നും പ്രവർത്തിച്ചിരുന്നില്ല. അവരെ ശരിയായ നിലയിൽ മൗലികമായ പരിവർത്തനത്തിന് സജ്ജമാക്കുവാൻ കഴിഞ്ഞിരുന്നില്ല.

ഏറനാട് മുസ്ലിംകളുടെ ഇടയിൽ അക്രമരാഹിത്യത്തെപ്പററിയുള്ള പ്രചാരവേല ഒരടിയന്തരാവശ്യമാണെന്നു തോന്നുകയാലാണ് മാധവൻനായർ, ഗോപാലമേനോൻ തുടങ്ങിയ നേതാക്കരം മദിരാശിയിലെ യാക്കൂബ് ഹുസ്സെയിൻ തുടങ്ങിയ നേതാക്കളോടൊപ്പം കോഴിക്കോട്, ഏറനാട് താലൂക്കുകളിൽ ഒരു പര്യടനത്തിന്നു പുറപ്പെട്ടത്. മലബാർ കലക്ടർ അവരെ ബന്ധനസ്ഥരാക്കി ആ സംരംഭം പരാജയപ്പെടുത്തി. അവരെ അതിനു അനുവദിച്ചിരുന്നെങ്കിൽ എന്ന് ഇന്നു ചിന്തിക്കുന്നത് അസ്ഥാനത്താണ്.

ഏറനാട്ടിൽ മുമ്പു നടന്ന ലഹളകളിൽ താരതമ്യേന ഹിന്ദുക്കരം ലഹളക്കാരുമായി ഏററുമുട്ടുകയല്ല ചെയ്തത്. പരാജയം സമ്മതിച്ചവരാണധികവും. ലഹളക്കാർ പലപ്പോഴും പട്ടാളക്കാരുമായി ഏററുമുട്ടിയിരുന്നു. 1836 മുതൽ 1852 വരെയുള്ള ലഹളകളധികവും വ്യക്തിപരമായ സംഘട്ടനങ്ങളാണ്. ജന്മിനാടുവാഴിത്തത്തിൻെറ തിരിച്ചടികളാണവ. ഇതിനെ വർഗ്ഗീയലഹളയായി ചിത്രീകരിക്കാമോ? സ്വാതന്ത്ര്യസമരത്തിൻെറ മുന്നോടിയായി വ്യാഖ്യാനിക്കാമോ? നാലഞ്ചധ്യായങ്ങളിലായി ഇത്തരം ഏററുമുട്ടലുകളുടെ യഥാർത്ഥചിത്രം വരച്ചുകാട്ടുന്നതിൽ ഗ്രന്ഥകാരൻ ബദ്ധശ്രദ്ധനാണ്. ഇത് നമ്മുടെ പല ധാരണകരംക്കും പുതിയ രൂപം കൊടുക്കുമെന്നാശിക്കുക.

പിന്നീടുള്ള കലാപം ചില രാഷ്ട്രീയസംഭവങ്ങളോടാണധികം ബന്ധപ്പെടുന്നത്. ധാരണകരം വഴിപിഴച്ചതിൻെറ ഉദാഹരണങ്ങളേ ഉള്ളൂ. ഗാന്ധിജി ആഹ്വാനം ചെയ്ത ''ഖിലാഫത്ത്'' പ്രസ്ഥാനം മലബാർ മുസ്ലീമിൻെറ വികാരങ്ങരംക്ക

നുകൂലമോ പ്രതികൂലമോ ആയതെങ്ങനെയെന്ന് സനിഷ്കർഷം പഠിക്കേണ്ടതുണ്ട്. ബ്രിട്ടീഷുകാർക്കനുകൂലമായിരുന്ന പ്രതിലോമകാരികൾ ഈ രംഗത്തിലെ സജീവ ഘടകങ്ങളാണ്. തെററിദ്ധാരണകൾ പരത്തുവാനും അണികൾ ഉറപ്പിക്കുവാനും അവർ ചെയ്ത പരിശ്രമങ്ങളാണ് കലാപത്തിൻെറ ദുഷ്പ്രേരണകൾ. മഞ്ചേരി കോൺഫ്രൻസ്, ഖിലാഫത്ത് നിരോധനം മുതലായവയ്ക്ക് കോൺഗ്രസ്സിലെ രാഷ്ട്രീയ പ്രതിയോഗികൾ കൂട്ടുനിന്നതിൻെറ ഫലമായി പല ദുരന്തങ്ങളും സംഭവിച്ചു. അജ്ഞതയും അന്ധവിശ്വാസവും പാവപ്പെട്ടവരെ ''സെയ്താ''ക്കളാക്കി. കൊള്ളയും വെടിവെപ്പും നാടൊട്ടുക്കു നടന്നു. ഖിലാഫത്ത്, ''കലാപ''മായി മാററിയതിൻെറ ഉത്തരവാദിത്വം അന്നത്തെ രാഷ്ട്രീയ ചലനങ്ങൾക്കാണോ? അതോ ഭരണകൂടത്തിനോ? അഥവാ, സാമൂഹ്യമായ അജ്ഞതയ്ക്കോ? ഇതിനെക്കുറിച്ചും ഗ്രന്ഥകാരൻ സമഗ്രമായി ചിന്തിക്കുന്നുണ്ട്.

വിദ്യാഭ്യാസക്കുറവാണ് മുസ്ലീങ്ങളെ ഹിന്ദുക്കൾക്കെതിരായി ഇളക്കിവിട്ടത്. നിരവധി ഭീകരസംഭവങ്ങൾ മലബാറിനെ മലീമസമാക്കി; സാഹോദര്യം നശിച്ചു; കുടിപ്പക രൂപം പൂണ്ടു; വെടിയുണ്ടയുടെ വീര്യം ഏറെക്കുറെ ഫലപ്രദമായി! ഇതിൽ എന്തെങ്കിലും നേട്ടമുണ്ടായിട്ടുണ്ടോ? ആർക്ക്? എങ്ങിനെ? ഈ വക ചോദ്യങ്ങൾ ഉത്തരം കിട്ടാതെ ബാക്കിനില്ക്കുകയാണ്.

കാലം മുമ്പോട്ടു പോയി. ഭരണവ്യവസ്ഥ മാറി. സ്വാതന്ത്ര്യത്തിൻെറ വിലയും നിലയും നാം ഗ്രഹിച്ചുകഴിഞ്ഞു. ഇപ്പോഴും അസുഖകരമായ അന്തരീക്ഷം അങ്ങിങ്ങ് നിലനില്ക്കുന്നു. അതിൻെറ കാരണം പഴയ തെററിദ്ധാരണകളാവാം. യാഥാർത്ഥ്യം മനസ്സിലാക്കുവാൻ വളരെ വൈകിയിരിക്കുന്നു.

മാധവൻനായരുടെ വിമർശപാടവം മേൽപറഞ്ഞ വസ്തുതകൾ വ്യക്തമാക്കുവാൻ പര്യാപ്തമാണ്. പ്രകൃതിസുന്ദരമായ ഏറനാടും പരിസരവും വർണ്ണിക്കുമ്പോൾ അദ്ദേഹത്തിൻെറ കവിത്വം പതഞ്ഞൊഴുകുന്നു. എങ്കിലും ഭാവനയുടെ നിഴലിൽ യാഥാർത്ഥ്യങ്ങൾ മങ്ങിമറയാതെ കൈകാര്യം ചെയ്യാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ പുസ്തകത്തിൽ അവിടവിടെ സ്മരിച്ചിട്ടുള്ള വ്യക്തികളിൽ ചിലരെങ്കിലും ഇന്ന് ജീവിച്ചിരിപ്പുണ്ട്. ഗ്രന്ഥകാരൻെറ സത്യസന്ധതയെക്കുറിച്ച് തീരുമാനിക്കേണ്ടതവരാണ്. സത്യം കാലപരിവർത്തനത്തിന്ന് വിധേയമല്ലല്ലോ.

സ്വാതന്ത്ര്യസമരത്തിന്റെ തുടക്കം മുതൽ മാധവൻ നായരുടെ ദേഹവിയോഗം വരെ നിരന്തരം ഒന്നിച്ച് പ്രവർത്തിക്കാൻ അവസരം ലഭിച്ച എനിക്ക് പരേതന്റെ സത്യസന്ധതയും കൃത്യനിഷ്ഠയും ഹൃദയനൈർമ്മല്യവും അനുഭവസിദ്ധമാണ്. ഹിന്ദുക്കളേയും മുസ്ലീങ്ങളേയും അദ്ദേഹം ഒരുപോലെ സ്നേഹിച്ചു. ഇരുസമുദായങ്ങൾക്കും അദ്ദേഹത്തോടുണ്ടായിരുന്ന സ്നേഹാദരങ്ങൾ നേരിട്ടനുഭവമുള്ള എനിക്ക് ഈ പ്രസിദ്ധീകരണം സമയോചിതമാണെന്നും ഇന്നും സാമുദായികബന്ധങ്ങളിൽ അങ്ങിങ്ങായി തല പൊക്കി കാണുന്ന ശിഥിലീകരണപ്രവണതകൾ മുളയിൽ ത്തന്നെ നുള്ളിക്കളയാൻ സഹായകമാകുമെന്നും വിശ്വാസമുണ്ട്. ഈ കാരണങ്ങൾകൊണ്ട് ഈ പുസ്തകം പൊതുജനങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നതിൽ എനിക്കു ചാരിതാർത്ഥ്യമുണ്ട്.

കോഴിക്കോട്,
30—9—'70

**കെ. കേളപ്പൻ**

# അവതാരിക

ആയിരത്തിതൊള്ളായിരത്തി ഇരുപത്തിഒന്നിൽ മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ നിസ്സഹകരണപ്രസ്ഥാനം ആരംഭിച്ചതോടുകൂടി ഖിലാഫത്ത് പ്രസ്ഥാനത്തിന്നു മലബാറിൽ വ്യാപ്തിയും ശക്തിയും കൂടിവന്നു. കോൺഗ്രസ്സിൽ അതുവരെ ചേരാതിരുന്ന വലിയൊരു വിഭാഗം മുസ്ലിംകൾ അതിൽ അംഗങ്ങളായിച്ചേർന്നു. അങ്ങനെ ദേശീയപ്രസ്ഥാനത്തിന്ന് മുമ്പൊരിക്കലും കാണാത്തതായ ഉണർവ്വും സ്വാധീനശക്തിയും ഉണ്ടായി. ഖിലാഫത്ത് കമ്മിററികൾ മലബാറിലെങ്ങും, പ്രത്യേകിച്ച് ഏറനാട്ടിലും പരിസരങ്ങളിലും, സംഘടിപ്പിച്ചത് പോലീസ്സിന്നു വലിയ ഉൽക്കണ്ഠയ്ക്കു കാരണമായി. അതിനെ അടിച്ചമർത്താനുള്ള ശ്രമത്തിൽ പോലീസ്സ് പല അറസ്റ്റുകളും നടത്തിയിരുന്നു. ഇത് ഖിലാഫത്ത് കമ്മിററിക്കാരുടെ ഉത്സാഹം വർദ്ധിപ്പിക്കുന്നതിന്നേ കാരണമായുള്ളൂ. ഒരു സംഘം പട്ടാളക്കാരും പോലീസ്സുകാരും പെട്ടെന്ന് ഒരു ദിവസം രാത്രി തിരൂരങ്ങാടിയിൽ നടത്തിയ അറസ്റ്റുകൾ ജനങ്ങളെ പ്രക്ഷുബ്ധരാക്കി. പല ഊഹാപോഹങ്ങളും നാട്ടിൽ പരന്നു. അടുത്ത പ്രദേശങ്ങളിൽനിന്ന് നൂറുകണക്കായി മുസ്ലിംകൾ തിരൂരങ്ങാടി വന്നുചേർന്നു. അത് പോലീസ്സും അവരും തമ്മിൽ ഏററുമുട്ടലിന്നു കാരണമായി. അങ്ങനെയാണ് ഏറനാട് ലഹള ആരംഭിച്ചത്. അതിൻെറ വ്യാപ്തിയേയും അതിലെ സംഭവങ്ങളേയും പററി ഇവിടെ പറയേണ്ടതില്ല. അതെല്ലാം ഗ്രന്ഥകർത്താവ് കെ. മാധവൻനായർ സവിസ്തരം വിവരിക്കുന്നുണ്ട്.

അയ്മ്പതുകൊല്ലം മുമ്പ് നടന്ന ഈ സംഭവങ്ങൾ ഇപ്പോൾ ചരിത്രമായിത്തീർന്നിരിക്കുന്നു. ഇതിനെപ്പററി പ്രതിപാദിക്കുന്ന പുസ്തകങ്ങൾ വളരെ ചുരുക്കമാണ്. 1921–ലെ മലബാർ ലഹളയുടെ ഒരു വിശദചരിത്രം ഇനിയും പുറത്തുവന്നിട്ടുണ്ടെന്നു പറയുവാൻ തരമില്ല. ഈ പുസ്തകവും ഏറനാടു ലഹളയുടെ ഒരു പൂർണ്ണചരിത്രമാണെന്നു പറഞ്ഞുകൂടാ. ലഹള കഴിഞ്ഞ് അധികം താമസിക്കാതെ കെ. മാധവൻനായർ എഴുതിയതാണ് ഈ ഗ്രന്ഥം. ഇപ്പോൾ മാത്രമാണ് അത് പ്രസിദ്ധപ്പെടുത്തുന്നത്.

മാധവൻനായർ ഏറനാട്ടുകാരനായിരുന്നു. അവിടത്തെ പ്രശ്നങ്ങളും ജനങ്ങളുടെ ജീവിതരീതിയും സമ്പ്രദായങ്ങളും നല്ലപോലെ അറിവുള്ള ആളാണ് അദ്ദേഹം. ലഹളക്കാലത്ത്

മാധവൻനായർ ഏറനാട്ടിലുണ്ടായിരുന്നു. ചില സംഭവങ്ങൾക്ക് അദ്ദേഹം ദൃക്സാക്ഷിയുമായിരുന്നു. മററു പല സംഭവങ്ങളും സൂക്ഷ്മമായി അന്വേഷിച്ചറിയുവാൻ അദ്ദേഹത്തിന്ന് സാധിച്ചിട്ടുണ്ട്.

പ്രാപ്തനായ ഒരു അഭിഭാഷകനായിരുന്നു മാധവൻനായർ. അതുകൊണ്ട് തനിക്ക് ലഭിച്ച തെളിവുകളെ തൂക്കിനോക്കുന്നതിലും സംഭവങ്ങളുടെ സൂക്ഷ്മസ്ഥിതി അന്വേഷിച്ചറിയുന്നതിലും അദ്ദേഹം അത്യധികം ശ്രദ്ധ പതിപ്പിച്ചിരുന്നു. ഈ കാരണങ്ങളാൽ ഏറനാട് ലഹളയെപ്പററി മാധവൻനായർക്ക് പറയുവാനുള്ളത് ശ്രദ്ധേയമാണ്. ചരിത്രപഠനത്തിൽ താല്പര്യമുള്ളവർ മാത്രമല്ല സാധാരണക്കാരും ഈ ഗ്രന്ഥം വായിക്കുവാൻ ഇഷ്ടപ്പെടാതിരിക്കില്ല. സംഭവങ്ങൾ മറച്ചുവെയ്ക്കുവാനോ വളച്ചൊടിക്കുവാനോ ശ്രമിക്കാതെ തനിക്കു സ്വാധീനമായ ലളിതവും സുന്ദരവുമായ ഭാഷയിൽ അദ്ദേഹം അവയെ ഈ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്.

ഒരേ സംഭവം തന്നെ പലേ വീക്ഷണകോണുകളിൽ നിന്നും പരിശോധിക്കുമ്പോൾ പല പ്രകാരത്തിൽ അതിനെ കണ്ടേയ്ക്കാം. എന്നാൽ ആ വിധ വീക്ഷണകോണുകളിൽ നിന്നുള്ള വിവരണങ്ങളും സംഭവങ്ങളുടെ വാസ്തവസ്ഥിതി അറിയുന്നതിന്ന് വായനക്കാരെ സഹായിക്കാതിരിക്കില്ല. പ്രാപ്തനും സത്യസന്ധനും തികഞ്ഞ ദേശാഭിമാനിയുമായിരുന്ന മാധവൻനായർ തൻെറ അറിവിൽപ്പെട്ട സംഭവങ്ങളെ പൊതുജനസമക്ഷം വെയ്ക്കുവാൻ ശ്രമിക്കുമ്പോൾ അത് അർഹിക്കുന്ന ആദരവോടും താല്പര്യത്തോടും അവർ അതിനെ സ്വാഗതം ചെയ്യുമെന്നുള്ളതിന്ന് സംശയമില്ല.

തൻെറ ഭർത്താവ് എഴുതിയ ഈ ഗ്രന്ഥം ശ്രീമതി കെ. കല്യാണിഅമ്മ വൈകിയിട്ടാണെങ്കിലും പ്രസിദ്ധപ്പെടുത്തുവാൻ തീരുമാനിച്ചതിൽ അവർ അഭിനന്ദനം അർഹിക്കുന്നു. ഈ കാരണത്താൽ വലിയ കടപ്പാടാണ് ചരിത്രവിദ്യാർത്ഥികൾക്ക് അവരോടുള്ളത്.

എൻെറ അടുത്ത സുഹൃത്തായിരുന്ന കെ. മാധവൻനായരുടെ ഈ ഗ്രന്ഥത്തിന്ന് ഒരു അവതാരിക എഴുതുന്നതിൽ എനിക്കതിയായ സന്തോഷവും അഭിമാനവും തോന്നുന്നുണ്ട്. ഈ ഗ്രന്ഥത്തിന്ന് അതർഹിക്കുന്ന പ്രചാരം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം.

കോഴിക്കോട്,
30—9—'70

**കെ. പി. കേശവമേനോൻ**

# വിഷയാനുക്രമം


| | | |
|---|---|---|
| ആമുഖം | | iii |
| ഗ്രന്ഥകർത്താവിനെപ്പററി | | v |
| പ്രസ്താവന | | vii |
| അവതാരിക | | xii |


## ഭാഗം ഒന്ന്


| അദ്ധ്യായം | | | പേജ് |
|---|---|---|---|
| 1 | നിരൂപണത്തിൻെറ ആവശ്യം | .... | 1 |
| 2 | കലാപത്തിൽ നടന്ന സംഭവങ്ങരം | .... | 5 |
| 3 | ഏറനാട് താലൂക്കും അവിടത്തെ നിവാസികളും | .... | 8 |
| 4 | ഹിന്ദുമുസ്ലിം മൈത്രി | .... | 14 |
| 5 | മാപ്പിള ലഹളകളുടെ സ്വഭാവം | .... | 18 |
| 6 | മുമ്പു കഴിഞ്ഞ ലഹളകരം | .... | 24 |
| 7 | തൃക്കളൂർ സംഭവം | .... | 30 |
| 8 | കുന്നത്തമ്പലത്തിലെ ഏററുമുട്ടൽ | .... | 36 |
| 9 | ഖിലാഫത്തുപ്രസ്ഥാനവും ഹിന്ദുമുസ്ലിം മൈത്രിയും | .... | 43 |
| 10 | ഖിലാഫത്തും സഹകരണത്യാഗവും | .... | 51 |
| 11 | മലബാറും ഖിലാഫത്ത് പ്രസ്ഥാനവും | .... | 58 |
| 12 | മലബാറും ഖിലാഫത്ത് പ്രസ്ഥാനവും (തുടർച്ച) | .... | 64 |
| 13 | നാഗപ്പൂർ കോൺഗ്രസ്സിനുശേഷം | .... | 69 |
| 14 | ലഹളയ്ക്കു മുമ്പുള്ള ഖിലാഫത്ത് പ്രസ്ഥാനം | .... | 80 |
| 15 | കുടിയാൻ പ്രക്ഷോഭം | .... | 86 |
| 16 | കലാപത്തിൻെറ ആരംഭങ്ങരം | .... | 97 |
| 17 | മിസ്റ്റർ തോമസ്സിൻെറ അവിവേകം | .... | 109 |
| 18 | തിരൂരങ്ങാടി സംഭവം | .... | 114 |

## ഭാഗം രണ്ട്

1 പരപ്പനങ്ങാടി സംഭവം .... 135
2 പൂക്കോട്ടൂരും നിലമ്പൂരും നടന്ന സംഭവങ്ങൾ .... 145
3 കൊള്ളകൾ! കൊള്ളകൾ! .... 152
4 ആറു സ്ഥലങ്ങളിൽ നടന്ന ലഹളകൾ .... 158
5 വാരിയൻകുന്നൻ കുഞ്ഞഹമ്മദ് ഹാജി .... 173
6 പൂക്കോട്ടൂർ യുദ്ധം .... 180
7 ആലിമുസല്യാരുടെ അന്ത്യം .... 186

## ഭാഗം മൂന്ന്

1 ശാന്തത .... 197
2 ലഹള രണ്ടാമതും ആരംഭിച്ചു .... 210
3 ഹിന്ദുക്കളുടെ ഓട്ടം: തുവ്വൂരിലെ കൂട്ടക്കൊല .... 216
4 താനൂരും കൊടശ്ശേലും .... 223
5 അരീക്കോട്ടെ സംഭവം .... 229
6 തിരൂരങ്ങാടി ഖണ്ഡം .... 240
7 കോഴിക്കോട് താലൂക്കിലെ സംഭവങ്ങൾ .... 253
8 ഏറനാട്ടിലെ പടിഞ്ഞാറൻ ഖണ്ഡങ്ങൾ .... 257
9 വാരിയൻകുന്നൻ കുഞ്ഞഹമ്മദ് ഹാജിയുടെ അന്ത്യം .... 268
10 ചില്ലറ ലഹളകൾ .... 281
11 കലാപത്തിൻെറ അവസാനം .... 285

# നിരൂപണത്തിൻെറ ആവശ്യം

**ഇ**ക്കഴിഞ്ഞ വമ്പിച്ച മലബാർ കലാപത്തെ പററി ചരിത്രം എഴുതുവാൻ കാലം ആയിട്ടില്ല. കലാപവുമായി സംബന്ധിച്ചിട്ടുള്ള പലരുടേയും മനോഗതങ്ങൾ തന്നെ തീർച്ചപ്പെട്ടിട്ടില്ല. വലുതായ ഈ കലാപത്തിൻെറ ഫലമായി ജനസാമാന്യത്തെ അലട്ടുന്ന സ്പർദ്ധകൾ ശമിച്ചിട്ടില്ല. നിഷ്പക്ഷമല്ലാത്ത അഭിപ്രായങ്ങളുടെ ശക്തിക്കു കുറവു വന്നിട്ടില്ല. എന്നമാത്രമല്ല, കലാപകാലത്തു, നടന്ന സംഭവങ്ങളുടെ സൂക്ഷ്മമായ വിവരം ഇതുവരെ വെളിപ്പെട്ടിട്ടുമില്ല. കലാപവുമായി പലവിധത്തിലും സംബന്ധിച്ച മിസ്റ്റർ ഹിച്ച്കോക്കിൻെറ കലാപത്തിൻെറ ഒരു ചരിത്രമെഴുതുവാൻ ഗവർമ്മെണ്ട് ഏല്പിച്ചിട്ടുണ്ടായിരുന്നുവെന്നു കേട്ടിരുന്നു. മിസ്റ്റർ ഹിച്ച്കോക്കിൻെറ ചരിത്രം പല സംഗതികൊണ്ടും രസപ്രദമാവാൻ സംഗതിയുണ്ടായിരുന്നു. പട്ടാളക്കാരുടേയും പോലീസ്സുകാരുടേയും പല പരാക്രമങ്ങളും അതിൽനിന്ന് അറിവാനും നമുക്ക് സംഗതി വരുമായിരുന്നു. പക്ഷേ, ചരിത്രം എഴുതുന്നതിനേക്കാൾ ചരിത്രം ഉണ്ടാക്കുവാനാണ് മിസ്റ്റർ ഹിച്ച്കോക്കിന്ന് അധികം പാടവം എന്ന വാസ്തവം മനസ്സിലാക്കിയിട്ടോ എന്തോ ഗവർമ്മേണ്ടു അയാളെ പിന്നേയും സൂപ്രഡേണ്ടായി പ്രവൃത്തി എടുക്കുവാൻതന്നെ നിശ്ചയിച്ചുവത്രേ. ഡിപ്യൂട്ടി സൂപ്രഡേണ്ട് മിസ്റ്റർ ആമു തുടങ്ങിയ പോലീസ്സുദ്യോഗസ്ഥന്മാർ കോടതികളുടെ കൂട്ടിന്മേൽ കയറി സ്വരവ്യത്യാസംകൂടാതെ പാടിയ പാട്ടുകളിൽനിന്നു ഒരു പോലീസ്സുദ്യോഗസ്ഥൻ എഴുതുന്ന ചരിത്രം ഏതു വിധത്തിലായിരിക്കും എന്നു നമുക്ക് ഊഹിക്കാം. എങ്കിലും പട്ടാളക്കാർ ചെയ്ത പ്രവൃത്തികളെപ്പററിയും കലാപം സംബന്ധിച്ച ഗവർമ്മേണ്ടു റിക്കാർഡുകളെപ്പററിയും പല വിവരങ്ങളും മിസ്റ്റർ ഹിച്ച്കോക്കിൻെറ ചരിത്രത്തിൽനിന്നു നമുക്കറിയാമായിരുന്നു. അതിന്നു തല്ക്കാലം നമുക്ക് ഭാഗ്യമുണ്ടായില്ല.

കലാപത്തെ സംബന്ധിച്ച വിവരങ്ങളെപററി പൂർണ്ണമായ തെളിവെടുത്തു അതിൻെറ കാരണങ്ങളെപ്പററിയും മേലാൽ ഇത്തരം കലാപങ്ങൾ ഉണ്ടാകാതിരിക്കുവാനുള്ള

മാർഗങ്ങളെ പററിയും റിപ്പോർട്ടു ചെയ്യുവാൻ ഭാരത മഹാ ജനസഭ 1922–ൽ ഒരു കമ്മിററിയെ നിശ്ചയിച്ചിരുന്നു. ന്യായമായ തെളിവുകൂടാതെ പ്രസിദ്ധം ചെയ്‌വാൻ പാടില്ലാത്തതായ പല സംഗതികളും കമ്മിററിയുടെ അന്വേഷണത്തിൻെറ ഫലമായി പുറത്തുവരുമെന്നു പലരും ആശിച്ചു. പക്ഷേ, സംഗതിവശാൽ, ഈ കമ്മിററി ഇതുവരെയാതൊന്നും പ്രവർത്തിച്ചിട്ടില്ല. കമ്മിററി മലബാറിലേയ്ക്കു വരുന്നുണ്ടെന്നു കേട്ട ഉടനെ ഹിന്ദുക്കളിലും മുസൽമാൻമാരിലും പ്രമാണികളായ ചിലർ ഒപ്പിട്ട ഒരു വിളംബരം പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തി. മലബാർ കലാപത്തെ സംബന്ധിച്ച് യാതൊരു അന്വേഷണവും ആവശ്യമില്ലെന്നും ഉണ്ടെങ്കിൽതന്നെ കലാപത്തെപ്പററി ''ലഹളയ്ക്ക് ഉത്സാഹിപ്പിച്ച'' കോൺഗ്രസ്സുകാർ ഒരന്വേഷണം നടത്തുന്നതുകൊണ്ടു യാതൊരു സാദ്ധ്യവുമില്ലെന്നും മററും ഈ വിളംബരത്തിൽ അവർ ഘോഷിച്ചു. കോൺഗ്രസ്സുമായി യാതൊരു സംബന്ധമില്ലാത്ത ആളും മദിരാശി ഹൈക്കോടതിയിൽ വളരേകാലം ജഡ്ജി ആയിരുന്ന്, നിഷ്പക്ഷപാതിയെന്നും നീതിന്യായ തല്പരനെന്നും പേരുകേട്ട ദേഹവുമായ ടയാബ്ജിയായിരുന്നു അന്വേഷണ കമ്മിററിയുടെ പ്രസിഡണ്ട്. പക്ഷേ, വാസ്തവം പുറത്താവരുതെന്നോ, കോൺഗ്രസ്സുകാരെ കണ്ണുംചിമ്മി ശകാരിക്കേണമെന്നോ മോഹമുള്ളവരും, ആലോചനകൂടാതെ വലിയവരുടെ കൂട്ടത്തിൽ കൂടുന്നവരും ഈവിധം പ്രവർത്തിച്ചതിൽ അത്ഭുതമില്ല. ഈ വിളംബരം, പത്രത്തിൽ പ്രസിദ്ധം ചെയ്ത കാലത്തുതന്നെ ഏറനാട്ടിൽ മറെറാരു സംഭവം നടന്നുകൊണ്ടിരുന്നു. കോൺഗ്രസ്സ് കമ്മിററി അന്വേഷണത്തിനു വരുന്നുണ്ടെന്നു കേട്ടമുതൽക്ക് ഏറനാടു താലൂക്കിൽ ഓരോ ദിക്കിലും അനേകം പേർ ഒപ്പിട്ട ഹരജികരം അവതരിക്കുവാൻ തുടങ്ങി. ഈ ഹരജികളെല്ലാം ഒരേ കാലത്തും ഒരേ രീതിയിലും ഉള്ളവയായിരുന്നു. ഇങ്ങനെയുള്ള ഹരജികരം പല സ്ഥലത്തും ഒരേ സമയത്ത് തയ്യാറാക്കി ഒപ്പിട്ടുവാങ്ങി ഗവർമ്മെണ്ടിലേയ്ക്കയക്കുവാൻ ഏറനാടു താലൂക്കിൽ വല്ല സംഘങ്ങളോ ഏർപ്പാടുകളോ ഉണ്ടായിരുന്നതായി ഇതുവരെ കേട്ടിട്ടില്ല. എങ്കിലും ഒരു യന്ത്രത്തിൻെറ തിരിച്ചിലിനാൽ ഉണ്ടാകുന്നപോലെ ഹരജികരം അസംഖ്യം ഉതിർന്നു, ഗവർമ്മെണ്ട് ആപ്പീസുകളിലേയ്ക്ക് യാത്ര ചെയ്തിരുന്നു. അക്കാലത്ത് ഏറനാടു താലൂക്കിലെ മാപ്പിളമാരിൽ ചിലരെയെല്ലാം ഞാൻ കാണുകയുണ്ടായി. ഹരജിയിൽ ഒപ്പിട്ട ചിലരും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. നാട്ടിൽ ഇരുന്നു

പൊറുക്കേണമെങ്കിൽ ഹരജിയിൽ ഒപ്പിടാതെ നിവർത്തിയി ല്ലെന്നും എങ്ങനെയെങ്കിലും ഒരന്വേഷണം നടത്തി കാര്യ ത്തിൻെറ വാസ്തവം പുറമേയുള്ളവർക്കറിയാൻ സംഗതിയാ യാൽ മതിയായിരുന്നുവെന്നും അവരിൽ പലരും എന്നോടു പറഞ്ഞു. എന്നാൽ പരസ്യമായി തെളിവു കൊടുപ്പാൻ അവർക്ക് ധൈര്യം കണ്ടില്ല. അതിനാൽ അന്വേഷണ കമ്മിററി വരുന്നതു അല്പം താമസിച്ചു മതിയെന്നു ഞങ്ങഠം ടയാബ്ജിയെ അറിയിച്ചു. ഗയാകോൺഗ്രസ്സ് കഴിഞ്ഞ തിന്നുശേഷം ഗയയിൽനിന്നു നേരിട്ടു ഞാൻ ബോംബെയി ലേയ്ക്കു പോയി. ടയാബ്ജിയെ കണ്ടു. മലബാറിലേയ്ക്കു വരാൻ ഇനി ഒട്ടും താമസിക്കരുതെന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞു. ഒന്നാമതായി അദ്ദേഹം തന്നെ മലബാറിൽ വന്നു ലഹളസ്ഥലങ്ങളിൽ സഞ്ചരിച്ച്, ചെയ്യേണ്ടുന്ന പ്രവൃത്തി യുടെ സ്വഭാവം മനസ്സിലാക്കിയശേഷം രണ്ടാമതും, കമ്മി ററിയിലെ ശേഷം അംഗങ്ങളോടുകൂടി വന്ന് അന്വേഷണം താമസിയാതെ നടത്താമെന്നു എന്നോടു സമ്മതിച്ചു. ജന വരി അവസാനത്തോടുകൂടി മലബാറിൽ എത്തുമെന്നാണ് അദ്ദേഹം പറഞ്ഞത്. അതിന്നുശേഷം പിന്നെ യാതൊരു വർത്തമാനവും കമ്മിററിയെപ്പററി ഇവിടെ ഇല്ല. മലബാർ സന്ദർശിക്കുവാൻ ഇടയാകാഞ്ഞതിൽ ടയാബ്ജിയെ കുററ പ്പെടുത്തുവാൻ പാടില്ലെന്നു വിശ്വസിക്കുവാൻ കാരണ മുണ്ട്. എന്തോ സംഗതിവശാൽ കോൺഗ്രസ്സ് പ്രവർത്തക സമിതി ഈ കാര്യത്തിൽ വേണ്ടുന്ന ഉത്സാഹം പ്രദർശിപ്പിക്കാ യ്കയാലാണ് ഈ അന്വേഷണ കമ്മിററി അവരുടെ കൃത്യം നിർവഹിക്കാഞ്ഞത് എന്ന് വിചാരിപ്പാനാണ് ന്യായമു ള്ളത്. ഏതായാലും കോൺഗ്രസ്സു വക അന്വേഷണം ഉണ്ടാ വുകയോ അതിൻെറ ഫലമായി മലബാർ കലാപത്തെക്കു റിച്ചു സൂക്ഷ്മവിവരം പൊതുജനങ്ങഠംക്ക് ധരിപ്പാൻ സംഗതി വരികയോ ചെയ്തില്ലെന്നു പറഞ്ഞാൽ കഴി ഞ്ഞല്ലോ.

മേൽപറഞ്ഞ ഉദ്ദേശ്യങ്ങളോടുകൂടിത്തന്നെ സെൻട്രൽ ഖിലാഫത്ത് കമ്മിററിയും, മലബാർ കലാപത്തെപ്പററി അന്വേഷണം നടത്തുവാനായി ഒരു കമ്മിററിയെ നിശ്ചയി ച്ചതായി വർത്തമാനപത്രങ്ങളിൽ കാണുകയുണ്ടായി. പക്ഷേ, അതിനെ പററിയും പിന്നെ ഒന്നും കേഠംക്കുക ഉണ്ടായില്ല.

ഇതിനിടയിൽ കമാണ്ടർ ഇൻ ചീഫ് മലബാർ കലാ പത്തെപ്പററിയും അതിൻെറ കാരണത്തെ പററിയും പട്ടാള ക്കാരും പോലീസ്സുകാരും ചെയ്ത വിക്രമങ്ങളെപ്പററിയും

മററും ഒരു റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. മലബാർ കലാപത്തിൻെറ കാരണത്തെപ്പററി കമാണ്ടർ ഇൻ ചീഫിന് യാതൊരു സംശയവുമില്ല. അതെല്ലാം കോൺഗ്രസ്സും ഖിലാഫത്തും ആണെന്ന് അദ്ദേഹം സ്ഥാപിച്ചു. അദ്ദേഹം പറഞ്ഞതു ശരിയോ തെറോ എന്ന് പുറമേയുള്ള ജനങ്ങൾക്കറിവാൻ യാതൊരു മാർഗവുമില്ലതാനും. 'മാതൃഭൂമി'യിൽ മേപ്പടി റിപ്പോർട്ടിനെപ്പററി ഒരു മുഖപ്രസംഗം പ്രസിദ്ധപ്പെടുത്തിയിരുന്നുവെങ്കിലും കലാപത്തിൻെറ കാരണങ്ങളെപ്പററി വിസ്തരിച്ചു നിരൂപണം ചെയ്‌വാൻ സ്ഥലം അനുവദിക്കാത്തതിനാലോ മറേറാ അവയെ പററി ഒന്നും അപ്പോൾ പറയുന്നില്ലെന്ന് പത്രാധിപർ പ്രസ്താവിച്ചു.

ഈ സന്ദർഭത്തിലാണ് മലബാർ കലാപത്തെപ്പററി ഒരു ലേഖനം എഴുതുവാൻ എനിക്ക് സംഗതിവന്നത്. ആ ലേഖനം ചില തെററിദ്ധാരണകൾക്ക് വഴിയാക്കി. ലഹളയുടെ കാരണം, ജന്മികളുടെ ദ്രോഹമല്ലെങ്കിൽ മറെറന്താണ് എന്ന് പറവാൻ ഞാൻ ബാദ്ധ്യസ്ഥനല്ലേ എന്ന് ചിലരും ലേഖനത്തിൽ സംഗതികൾ എല്ലാം വ്യക്തമാക്കാത്തതിനാൽ തെററിദ്ധരിക്കുന്നതിൽ ന്യായമുണ്ടെന്നു മററു ചിലരും അഭിപ്രായപ്പെട്ടു. കലാപംകഴിഞ്ഞ് ഒന്നര കൊല്ലത്തോളം കഴിഞ്ഞിട്ടും ഇതുവരെ യാതൊരന്വേഷണവും കലാപത്തെ സംബന്ധിച്ചു നടന്നിട്ടില്ലാത്തതുകൊണ്ടും അടുത്തകാലത്ത് ഒരന്വേഷണം നടക്കുവാൻ വഴിയുണ്ടെന്ന് തോന്നാത്തതിനാലും കലാപത്തെപ്പററി ഒരു കോൺഗ്രസ്സ് പ്രവർത്തകൻേറയും അനുഭവസ്ഥൻേറയും നിലയിൽ അറിവാൻ ഇട വന്നിട്ടുള്ള സംഗതികളെപ്പററി വിസ്തരിച്ച് 'മാതൃഭൂമി'യിൽ ചില ലേഖനങ്ങൾ എഴുതുന്നത് അനൌചിത്യമായി വരികയില്ല എന്ന് എനിക്കും തോന്നി. ഞാൻ എഴുതുന്ന കാര്യങ്ങൾ 'മാതൃഭൂമി' വായനക്കാരിൽ ചിലർക്കൊന്നും പുത്തരിയായിരിക്കയില്ല. എങ്കിലും കഴിഞ്ഞ മലബാർ കലാപത്തെപ്പററി അടുത്ത താലൂക്കുകാരായ പാലക്കാട്ടുകാർക്കുംകൂടി സൂക്ഷ്മമായ വിവരമില്ലെന്ന്എനിക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതിനാലാണ്, ''മലബാർ ഇസ്ലാമിൻെറ'' പോർക്കുവിളിക്കും ലാഹോർ ലേഖകൻെറ അപേക്ഷയ്ക്കും മററുചില മാന്യന്മാരുടെ അഭിപ്രായങ്ങൾക്കും വഴിപ്പെട്ട് ഈ ലേഖന പരമ്പര എഴുതുവാൻ ഞാൻ തുനിയുന്നത്.

# കലാപത്തിൽ നടന്ന സംഭവങ്ങൾ

കലാപകാലത്തു നടന്ന സംഭവങ്ങളെപ്പററി പൂർണ്ണമായ ഒരു ചരിത്രം എഴുതുന്നത് ഏതാണ്ട് അസാദ്ധ്യംതന്നെയാണ്. ലഹളയുടെ ആരംഭകാലത്ത് പ്രധാന സ്ഥലങ്ങളിൽ നടന്ന സംഭവങ്ങളെപ്പററി സൂക്ഷ്മമായ വിവരങ്ങരം കിട്ടുവാൻ വളരെ വിഷമമില്ല. എന്നാൽ ലഹളയുടെ മദ്ധ്യഘട്ടത്തിലും അന്ത്യഘട്ടത്തിലും നടന്ന സംഗതികളെപ്പററി വിശ്വാസയോഗ്യമായ വിവരങ്ങരം കിട്ടുവാൻ പ്രയാസംതന്നെയാണ്. അവയെപ്പററി പട്ടാളക്കാരും കലാപക്കാരും അല്ലാതെ നേരിട്ട് അറിവുള്ളവർ ചുരുക്കമാണ്. പട്ടാളക്കാരുടെ പ്രവൃത്തികളെപ്പററി ഗവർമ്മെണ്ടിൽ നിന്നു യാതൊന്നും പ്രസിദ്ധംചെയ്തിട്ടില്ലാത്തതിനാലും ലഹളയിൽ ഏർപ്പെട്ടവർ മരണപ്പെട്ടോ ബന്ധനസ്ഥരായോ പോയിട്ടുള്ളതിനാലും ഈ രണ്ടു കൂട്ടരിൽനിന്നും ലഹളയെപ്പററി നമുക്ക് സൂക്ഷ്മമായ അറിവു നേടുവാൻ തരമില്ലാതെ വന്നിരിക്കുന്നു. വർത്തമാനപത്രങ്ങളിൽനിന്നും അന്വേഷണത്തിൽനിന്നും ലഹളസ്ഥലങ്ങളിൽനിന്ന് ഓടിപ്പോന്നവരിൽനിന്നും അറിയാൻ ഇടയായേടത്തോളം സംഗതികരം ഈ ചരിത്രത്തിൽ രേഖപ്പെടുത്താമെന്നാണ് വിചാരിക്കുന്നത്.

എന്നാൽ മേൽപറഞ്ഞ സംഭവങ്ങളെപ്പററി വിവരമായി എഴുതുന്നതിന്നു മുമ്പ് അവയെപ്പററി പൊതുവായി ചിലതു പ്രസ്താവിക്കുന്നതു വിഹിതമായിരിക്കും.

1921 ആഗസ്റ്റ് 20—ാംനു-യാണല്ലോ ലഹള ആരംഭിച്ചത്. അന്നുമുതൽ ആഗസ്റ്റ് 31—ാംനു- വരെ ലഹളയുടെ ഒന്നാമത്തെ ഘട്ടമായി കരുതാം. തിരൂരങ്ങാടി പള്ളി വളഞ്ഞതും പട്ടാളക്കാരും മാപ്പിളമാരും തമ്മിൽ തിരൂരങ്ങാടിവെച്ച് ഏററുമുട്ടിയതും കലക്ടരുടെ ഓട്ടവും പൂക്കോട്ടൂർ മാപ്പിളമാരുടെ നിലമ്പൂർക്കുള്ള യാത്രയും കിഴക്കൻ പ്രദേശങ്ങളെല്ലാം ഇളകി ലഹളക്കൊരുമ്പെട്ടതും ഖജാനകളും ഹിന്ദുക്കളുടെ വീടുകളും ലഹളക്കാർ കൊള്ളയിട്ടതും പൂക്കോട്ടൂർ യുദ്ധവും ആലിമുസലിയാരെ പിടിച്ചതും എല്ലാം ഈ കാലത്ത് നടന്ന പ്രധാന സംഭവങ്ങളാണ്.

സപ്റ്റമ്പ്ര് 1–ാംനു- മുതൽ സപ്റ്റമ്പ്ര് 20–ാംനു- വരെയുള്ള കാലം വിശേഷിച്ച് ലഹളകൾ ഒന്നും ഇല്ലാത്ത ഒരു ഘട്ടമാണ്. പ്രതിക്രിയാബുദ്ധിയോടുകൂടി അധികാരസ്ഥന്മാരും പട്ടാളക്കാരും, ഏതാനും സ്ഥലങ്ങളിൽ ഹിന്ദുക്കളും മാപ്പിളമാരെ ഉപദ്രവിച്ചതിൻെറ ഫലമായി സ്ത്രീകളുടെ മാനഭംഗം, മതപരിവർത്തനം, കൊലപാതകം മുതലായ ക്രൂരകൃത്യങ്ങളാൽ വികൃതമായ ഒരു ഗൌരവഘട്ടം ഉണ്ടായിത്തീരുവാൻ ഇടയാക്കിയ കാലമാണ് ഇത്. വാരിയൻകുന്നൻ കുഞ്ഞയമ്മതാജിയും ചെമ്പ്രശ്ശേരി തങ്ങളും ആലിമുസലിയാരുടെ ശിഷ്യന്മാരായ ലവക്കുട്ടിയും കുഞ്ഞലവിയും വേറെ അല്പം ചിലരും കീഴൊതുങ്ങാതെ ഇരുന്നിരുന്നുവെങ്കിലും അവർ ഒളിച്ചും മറഞ്ഞും നടന്നിരുന്നതിനാലും അവരുടെ അനുചരന്മാർ മിക്കവാറും അവരെ ഉപേക്ഷിച്ചിരുന്നതിനാലും ലഹള അവസാനിച്ചുവെന്നു ജനങ്ങൾ വിശ്വസിച്ചുപോയ ഒരു സമാധാനഘട്ടമായിരുന്നു ഇത്. അധികൃതർ അല്പമെങ്കിലും വിവേകം പ്രദർശിപ്പിച്ചിരുന്നുവെങ്കിൽ മലബാർ കലാപം ആഗസ്റ്റ് 31–ാംനു-യോടുകൂടി അവസാനിക്കുമായിരുന്നു. ലഹളയുണ്ടായ സ്ഥലങ്ങളിൽ അതിനെ പൂർവ്വാധികം വർദ്ധിപ്പിക്കുവാനും ലഹളയില്ലാത്ത സ്ഥലങ്ങളിൽ അതു ഉണ്ടാക്കിത്തീർക്കുവാനും അധികൃതന്മാർ തങ്ങളുടെ ബുദ്ധിശൂന്യമായ പ്രവൃത്തികളാൽ വിത്തിട്ട ഈ കാലം കലാപ ചരിത്രത്തിൽ ഒട്ടും അപ്രധാനമായിട്ടുള്ളതല്ല.

മനുഷ്യർ ദുഷ്ടമൃഗങ്ങളേക്കാളും ക്രൂരമായും നീചമായും പെരുമാറിയ മൂന്നാമത്തെ ഘട്ടമാണ് ലഹളയിലെ ഏററവും പ്രധാനമായ ഭാഗം. പരാക്രമത്തിലും ക്രൌര്യത്തിലും നിന്ദ്യങ്ങളായ നീചകർമ്മങ്ങളിലും തുല്യഗുണങ്ങൾ പ്രദർശിപ്പിച്ച പട്ടാളക്കാരും ലഹളക്കാരും തമ്മിൽ ഏററുമുട്ടിയ പല യുദ്ധങ്ങളും ബീഭത്സങ്ങളായ അവരുടെ പല ദുഷ്കൃത്യങ്ങളും ഈ കാലത്താണ് നടന്നിട്ടുള്ളത്. കരുവാരക്കുണ്ട്, തുവ്വൂർ, കൊന്നാര, കോഴിക്കോടു താലൂക്കിൻെറ കിഴക്കൻ പ്രദേശങ്ങൾ, ചേറൂർ, തിരൂരങ്ങാടിയുടെ അയൽ പ്രദേശങ്ങൾ ഇവിടങ്ങളിൽ ഭയങ്കരമായി നടന്ന കൊലപാതകങ്ങൾ, മതപരിവർത്തനം, പുരചുടൽ മുതലായത് ഈ കാലത്താണ്. പാണ്ടിക്കാട്, ക്ലാരി, ചേറൂർ മുതലായ ദിക്കുകളിൽവെച്ചു യുദ്ധങ്ങൾ ഉണ്ടായതും ഇക്കാലത്താണ്.

ലഹളത്തലവന്മാർ കീഴൊതുങ്ങിയതും ലഹളയിൽപെട്ടവരും പെടാത്തവരുമായ മാപ്പിളമാർ ഗവർമ്മെണ്ടുകല്പന പ്രകാരം ഹാജരായി പിഴയോ ശിക്ഷയോ വാങ്ങി സമാധാന

പ്പെട്ടതും പട്ടാളക്കാരും പോലീസ്സുകാരും ചില ദിക്കിൽ ഹിന്ദുക്കളും മാപ്പിളമാരെ പൈശാചികമായ നിലയിൽ പീഡിപ്പിച്ചതും ആയ കാലമാണ് ലഹളയുടെ നാലാമത്തെ അഥവാ അവസാനഘട്ടം. വാരിയൻകുന്നൻ കുഞ്ഞയമ്മ താജി, ചെമ്പ്രശ്ശേരി തങ്ങൾ ഇവർ ആയുധംവെച്ചു കീഴൊതുങ്ങിയതും മററു ലഹളത്തലവന്മാർ യുദ്ധത്തിൽ മരിച്ചതും ലഹള ഒതുങ്ങിയതും ഈ കാലത്താണ്.

ലഹളയുടെ അനന്തരഫലങ്ങളായ ക്ഷാമവും ക്ഷാമ നിവാരണപ്രവൃത്തികളും ലഹളസംബന്ധമായ കേസ്സുകളും വിചാരണകളും പോലീസ്സിൻെറ ചില പരാക്രമങ്ങളും ഹിന്ദുക്കളും മുസൽമാൻമാരുമായ കോൺഗ്രസ്സ് ഖിലാഫത്ത് പ്രവർത്തകന്മാർ തമ്മിൽ ഉണ്ടാകുവാൻ തുടങ്ങിയ വഴക്കുകളും എല്ലാം അഞ്ചാമത്തെ ഘട്ടമായി കരുതാം.

3

# ഏറനാടു താലൂക്കും അവിടത്തെ നിവാസികളും

സമ്പൽസമൃദ്ധികൊണ്ടും പ്രകൃതിരമണീയതകൊണ്ടും കേരളം ഭാരതമാതാവിൻെറ ഒരു നിക്ഷേപമന്ദിരം തന്നെ. എന്നാൽ നിക്ഷേപഗൃഹങ്ങൾക്ക് സഹജങ്ങളായ സകല ദോഷങ്ങളും കേരളത്തെ ബാധിച്ചിട്ടുണ്ട് എന്നതിന്ന് സംശയമില്ല. കിഴക്കുഭാഗത്ത് നെടുനീളം നീണ്ടുകിടക്കുന്ന പർവ്വതനിരകൾ കട്ടിയും ഉയരവുമുള്ള ഭിത്തിയെപ്പോലെ പുറരാജ്യക്കാരുടെ പ്രവേശനത്തിന്നും, അവരുമായുള്ള സമ്പർക്കത്തിന്നും പ്രതിബന്ധമായി സ്ഥിതിചെയ്യുന്നു. അടച്ചുപൂട്ടിയ ഇരുട്ടുമുറിയെന്നപോലെ കേരളം അന്ധകാര പൂർണ്ണമായിരിക്കുന്നു. മനുഷ്യപ്രകൃതിക്ക് വിപരീതമായ ദായക്രമം, സമുദായത്തെ മുഴുവൻ വിഷമയമാക്കിത്തീർക്കുന്ന നികൃഷ്ടങ്ങളായ അനാചാരങ്ങൾ, പ്രയത്നക്കാരുടെ ഇര മുടക്കുന്ന വസ്തുനിയമങ്ങൾ മുതലായ പുററുകളും, സർപ്പങ്ങളും, ദുർദ്ദേവതകളും ഈ നിക്ഷേപത്തെ ബാധിച്ചിട്ട് അനേകം ശതവർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. അഭിവൃദ്ധിയെന്നതോ തീരെയില്ല. നാശകാരികളും ഭയങ്കരങ്ങളും ആയ സമസ്ത ദുഷ്ടുകളും തികഞ്ഞു പ്രകാശിക്കുന്നതുമുണ്ട്. അജ്ഞാനം, അനാചാരം, മതഭ്രാന്ത്, ദാരിദ്ര്യം മുതലായവകളുടെ സങ്കേതസ്ഥാനമായ കേരളത്തിൽ ഈ ഒരു കലാപം സംഭവിച്ചതിലല്ല, അത്ഭുതം. നിരന്തരമായി അത്യാപത്തുകൾ നേരിടാതിരിക്കുന്നതാണ് ആശ്ചര്യമായിട്ടുള്ളത്.

കേരളത്തിലെ നാനാ വിഭാഗങ്ങളിലും വെച്ചു മേൽ പറഞ്ഞ ഗുണങ്ങളും ദോഷങ്ങളും മൂർദ്ധന്യത്തെ പ്രാപിച്ചിട്ടുള്ള പ്രദേശം, അമ്പതോളം മാപ്പിളലഹളകളുടെ രംഗസ്ഥലമായിത്തീർന്നിട്ടുള്ള ഏറനാടുതാലൂക്കാണെന്നതിന്ന് സംശയമില്ല. അറബിക്കടൽ മുതൽ കിഴക്ക് നീലഗിരിവരെ നീണ്ടുകിടക്കുന്ന ഈ പ്രദേശം പ്രകൃതിദേവിയുടെ നൃത്തരംഗം തന്നെയെന്നു പറയാം. പരശുരാമക്ഷേത്രത്തിൻെറ കിഴക്കെ മതിൽക്കെട്ടാകുന്ന സഹ്യാദ്രിയിലെ അത്യുന്നതങ്ങളായ ചില കൊടുമുടികൾ ഗോപുരനിരകളെ പോലെ ആകാശമാർ

ഗത്തെ ഭേദിച്ചു പരിലസിക്കുന്നു. പർവ്വതനിരകളേയും താഴ്വരകളേയും, പതിമണ്ണുകളേയും ഒന്നായി മൂടി, കണ്ണെത്തുന്നേടത്തോളം വ്യാപിച്ചുകിടക്കുന്ന കൊടുംകാടുകളും, കാർമ്മേഘപടലത്തിൽ മിന്നൽ പിണരെന്നപോലെ, കറുത്തിരുണ്ട പർവ്വതത്തിൽ അവിടവിടെയായി പ്രകാശിക്കുന്ന വെള്ളച്ചാട്ടങ്ങളും, അരുവികളും തോടുകളും ഒന്നായി കൂടിച്ചേർന്നു പടിഞ്ഞാറോട്ടു പ്രവഹിക്കുന്ന നദികളും, മന്ദമാരുതനിൽ ആനന്ദലഹരിയാലെന്നപോലെ ചാഞ്ചാടുന്ന നെൽക്കതിരുകൾ വിളഞ്ഞുനിൽക്കുന്ന പാടങ്ങളും, അവയുടെ കരയ്ക്കുള്ള തോട്ടങ്ങളും, അതിന്നിടയിൽ ചില കുന്നുകളും കുററിക്കാടുകളും, എല്ലാം ഇടകലർന്ന്, വടക്ക് ചാലിയാർ, തെക്ക് കടലുണ്ടി എന്നീ നദികളുടെ മദ്ധ്യത്തിൽ കിടക്കുന്ന ഈ പ്രദേശത്തെ ഒരു വിമാനത്തിൽ നിന്ന് ഒന്നായി വീക്ഷിക്കുവാൻ സാധിക്കുന്നപക്ഷം പ്രകൃതിദേവത മൂർത്തിമത്തായി, അഴിച്ചിട്ട കബരീഭരത്തോടുകൂടി, കിഴക്ക് ശിരസ്സും വെച്ചു വിശ്രമിക്കുന്നതോ എന്നുതന്നെ തോന്നിപ്പോകും.

പക്ഷേ, ഈ മനോഹരചിത്രത്തെ മലിനപ്പെടുത്തുന്ന ദോഷങ്ങൾ അല്പമൊന്നുമല്ല.

ആകെ 5792 ചതുരശ്ര നാഴിക വിസ്തീർണ്ണമുള്ള മലബാറിലെ താലൂക്കുകളിൽ എല്ലാററിലും വെച്ചു ഏററവും വലിയതാണ് 966 ചതുരശ്ര നാഴിക വിസ്താരമുള്ള ഏറനാടു താലൂക്ക്. 1922—ലെ സെൻസസ് പ്രകാരം ആകെ മലബാറിൽ 30,98, 371 നിവാസികളുള്ളതിൽ 4,01,101 പേരും ഏറനാട്ടിൽ വസിക്കുന്നവരാണ്. എന്നാൽ രാജ്യവിസ്തൃതിയിലും ജനസംഖ്യയിലും ഈ താലൂക്ക് മുന്നണിയിൽ നിൽക്കുന്നുണ്ടെങ്കിലും വിദ്യാഭ്യാസവിഷയത്തിൽ അത് മററു താലൂക്കുകളെ അപേക്ഷിച്ചു എത്രയോ മോശസ്ഥിതിയിലാണ് ഇരിക്കുന്നത്. അക്ഷരാഭ്യാസം സിദ്ധിച്ചവരായി മലബാറിൽ നാലു ലക്ഷത്തോളം ജനങ്ങളുള്ളതിൽ 30,171 പേർ മാത്രമേ ഏറനാടു നിവാസികളായിട്ടുള്ളൂ. വിസ്തീർണ്ണം കൊണ്ടു മലബാറിന്റെ 5 ൽ ഒരു ഭാഗവും ജനസംഖ്യ കൊണ്ടു 7—ൽ ഒരു ഭാഗവും ഉള്ള ഈ താലൂക്കിൽ അക്ഷരാഭ്യാസം സിദ്ധിച്ചവരായി മലബാറിൽ ആകെയുള്ളതിൽ 13—ൽ 1 ഭാഗം പേർ മാത്രമേ ഉള്ളു. ഇംഗ്ലീഷുഭാഷാപരിജ്ഞാനമുള്ളവരായി 30,000—ത്തോളം ജനങ്ങൾ മലബാറിൽ ഉള്ളതിൽ കഷ്ടിച്ചു 900 പേർ മാത്രമാണ് ഏറനാടു താലൂക്കിലുള്ളത്. ഇയ്യിടയിൽ മാത്രമേ രണ്ടു ഹൈസ്ക്കൂളു

കരം ആ താലൂക്കിൽ ഉണ്ടായിട്ടുള്ളൂ. വളരെ കാലത്തോള മായി ഒരു മിഡിൽസ്ക്കൂളും രണ്ടോ മൂന്നോ പ്രാഥമിക സ്ക്കൂളുകളും മാത്രമാണ് നാലു ലക്ഷം ജനങ്ങൾക്ക് വിദ്യാഭ്യാസവിഷയത്തിൽ ഉണ്ടായിരുന്ന ഏർപ്പാടുകൾ.

മേൽപറഞ്ഞ പ്രകാരം ആകെ ഏറനാട്ടിൽ നാലു ലക്ഷ ത്തിൽ പുറം ജനങ്ങളുള്ളതിൽ 1,63,328 പേർ ഹിന്ദുക്കളും 2,37,402 പേർ മാപ്പിളമാരും ആണ്. വിദ്യാഭ്യാസകാര്യ ത്തിൽ മാപ്പിളമാരേക്കാൾ അല്പം ഭേദം ഹിന്ദുക്കളാണെങ്കിലും അവരിലും, എത്രയോ ചുരുക്കംപേരൊഴികെ അധികം പേരും നിരക്ഷരകുക്ഷികളും ദുരാചാരവശഗരുമാണ്. താണ ജാതിക്കാരെന്ന് പറയപ്പെടുന്നവരെ നികൃഷ്ടകീടങ്ങളെ ക്കാൾ കഷ്ടമായി ഇവർ ഗണിച്ചിരുന്നു. അനേകം ജാതി കളും, ഓരോ ജാതിയിൽ അനേകം അവാന്തരവിഭാഗങ്ങളും, അവകൾ തമ്മിൽത്തമ്മിലുള്ള സൗന്ദര്യപ്പിണക്കും മത്സരവും എല്ലാംകൂടി ഒത്തുചേർന്നു ഹിന്ദുസമുദായം ദുർബ്ബലത യുടെ ഒരു പര്യായമായി പരിണമിച്ചിരിക്കുന്നു. മനുഷ്യ രിൽ പ്രകാശിക്കുന്ന ചൈതന്യം ഈശ്വരാംശമെന്നു വിശ്വ സിച്ചുവരുന്ന ഹിന്ദുക്കൾ ആ ചൈതന്യത്തിന്റെ ഗേഹമായ ദേഹത്തിന്റെ സാമീപ്യംതന്നെ അശുദ്ധമെന്ന നിലയിൽ 36 അടി, 48 അടി, 96 അടി ഇങ്ങിനെ ചില വ്യവസ്ഥകൾ പ്രകാരം അകററി നിർത്തി സൃഷ്ടികർത്താവിനെ നിന്ദി ക്കുന്നു. പഞ്ചമഹാപാതകത്തിലും ഗൌരവമേറിയ ഈ മഹാപാതകത്തിന്ന് അനുരൂപമായ ശിക്ഷ ഹിന്ദുസമുദായം ഒരിക്കലും അനുഭവിക്കാതെ ഒഴിഞ്ഞു രക്ഷപ്പെടുന്നതല്ല. പ്രായേണ വിദ്യാവിഹീനന്മാരും അപരിഷ്കൃതരും ആയ ഏറനാട്ടിലെ ഹിന്ദുക്കൾ താണ ജാതിക്കാരെ ഉപദ്രവിപ്പാ നുള്ള അധികാരം വിലയേറിയ ഒരവകാശമെന്ന നിലയിൽ വിടാതെ മുറുകെ പിടിച്ചതിന്റെ ഫലം ഏതാണ്ട് ഇക്ക ഴിഞ്ഞ കലാപത്തിൽ അവർ അനുഭവിച്ചു. നായരും നമ്പൂ തിരിയും തീയ്യനും ചെറുമനും യോജിച്ച് ഒരു കെട്ടായി നിന്നിരുന്നുവെങ്കിൽ അക്രമികളായ ലഹളക്കാരോടു ചെറുത്തുനിൽക്കുവാൻ അവർക്ക് ചിലേടങ്ങളിലെങ്കിലും സാധിക്കുമായിരുന്നു. പക്ഷേ, നമ്പൂതിരി നായരേയും, നായർ തീയ്യനേയും, തീയ്യൻ കണക്കനേയും, കണക്കൻ ചെറുമനേയും, ചെറുമൻ നായാടിയേയും അനേകം ശത വർഷങ്ങളോളം ദ്രോഹിച്ചതിന്റെ ഫലമായി തങ്ങൾക്ക് നേരിട്ട ആപത്തിന്നിടയിൽക്കൂടി തങ്ങളിലും ഉയർന്ന ജാതി ക്കാരുടെ ആപത്തിൽ അവരിൽ പലരും സന്തോഷിക്കാതിരു

ന്നിട്ടില്ല. ''ഹാ'', എന്ന രാക്ഷസശബ്ദത്തിൻെറ ശ്രവണമാത്രത്തിൽ ഓടി ദൂരേ പോകുന്നതും കുമ്പിടുന്നതും തൊഴുന്നതും, ''എറാൻ അടിയൻ'' മുതലായ ആത്മനിന്ദ്യങ്ങളായ ആചാരങ്ങരം പറയുന്നതും, ദർശനവേളയിൽ അർദ്ധനഗ്നരാകുന്നതും, വക്ത്രം മൂടുന്നതും ഗാത്രം വികൃതമാക്കുന്നതും മററും ആത്മാർത്ഥമായ ഭക്തിസ്നേഹബഹുമാനങ്ങളുടെ ചിഹ്നങ്ങളാണെന്ന് ഉയർന്ന ജാതിക്കാർ സമാധാനിച്ചിരിക്കട്ടെ! ആപത്തുകാലങ്ങളിൽ തമ്മിൽ തമ്മിൽ യാതൊരു സഹായമോ, സഹകരണമോ ഇല്ലാതെ നമ്പൂതിരി നമ്പൂതിരിയുടെ വഴിക്കും ചെറുമൻ ചെറുമൻെറ വഴിക്കും കെട്ടും ഭാണ്ഡവും എടുത്ത് ഓടേണ്ടിവരുമെന്ന് മാത്രമല്ല, കാലക്രമേണ ഹിന്ദുസമുദായം നാമാവശേഷമായിത്തീരുമെന്നുകൂടി ഇവർ ഓർക്കേണ്ടതാണ്.

ഏറനാട്ടിലുള്ള ഹിന്ദുസമുദായത്തിൻെറ സ്ഥിതി ഇങ്ങിനെയാണെങ്കിൽ മുഹമ്മദീയസമുദായത്തിൻെറ സ്ഥിതിയും ഒട്ടും തൃപ്തികരമെന്ന് പറവാൻ പാടില്ല. ആകെ ഏറനാട്ടിൽ 4,01,101 ജനങ്ങളുള്ളതിൽ 2,37,402 പേർ മാപ്പിളമാരാണ്. അദ്ധ്വാനശീലന്മാരായ ഇവർ പ്രായേണ കായികബലമുള്ളവരായി കാണുന്നുണ്ടെങ്കിലും അജ്ഞാനവും അതിൻെറ ഫലമായ മതഭ്രാന്തും ഇവരിൽ വരുത്തിത്തീർക്കുന്ന അനർത്ഥങ്ങരം ചില്ലറയൊന്നുമല്ല. മലയാളത്തിൽ ഉണ്ടായിട്ടുള്ള മാപ്പിളലഹളകളിൽ ഏകദേശം മുഴുവനും ഏറനാടുതാലൂക്കിൽതന്നെ ആണ് ഉത്ഭവിച്ചിട്ടുള്ളത്. ഇവയിൽ പലതിനും ജന്മികളുടെ ഉപദ്രവം കാരണമായിത്തീർന്നിട്ടുണ്ടെങ്കിൽ, അവയുടെ വർദ്ധനവിന്നും ക്രൂരതയ്ക്കും മതഭ്രാന്ത് തീർച്ചയായും സഹായിച്ചിട്ടുണ്ട്. ഏതെങ്കിലും ജന്മിയോടുള്ള മത്സരത്തിൻെറ ഫലമായി ആരംഭിക്കുന്ന ലഹള നിരപരാധികളായ ഹിന്ദുക്കളോടു പൊതുവേ ഉള്ള ഒരു യുദ്ധമായി പരിണമിക്കുന്നു. 'കാഫറെ' കൊന്നാൽ സ്വർഗം കിട്ടുമെന്ന അന്ധവിശ്വാസം ഏറനാട്ടിലെ ഉരംപ്രദേശങ്ങളിലുള്ള പല മാപ്പിളമാർക്കും ഉണ്ടെന്നുള്ളതിന്നു സംശയമില്ല. ഈ അന്ധവിശ്വാസത്തെ പരിഷ്കാരരഹിതന്മാരായ മൌലവികരം ബലപ്പെടുത്തുന്നതല്ലാതെ നശിപ്പിക്കുന്നില്ല. അന്യദേശങ്ങളുമായോ നഗരങ്ങളുമായോ സമ്പർക്കത്തിന്ന് അവകാശവും സൌകര്യവുമുള്ള ദിക്കുകളിലെ മാപ്പിളമാരെ ഈ വിശ്വാസം അത്ര ബാധിക്കുന്നില്ല. പന്തലൂർ, മുടിക്കോടു, നെന്മിനി, പാണ്ടിക്കാട്, തുവ്വൂർ, ചെമ്പ്രശ്ശേരി ഈ പ്രദേശങ്ങളിലാണ്

ഈ വിശ്വാസം അടിയുറച്ചു നിൽക്കുന്നത്. മതസംബന്ധമായി വല്ല ആക്ഷേപവും കേൾക്കുന്ന ക്ഷണത്തിൽ അത് വാസ്തവമോ അവാസ്തവമോ എന്ന് അന്വേഷിക്കുവാൻ പോലും ക്ഷമയില്ലാതെ ഇവർ 'ഹാലിളകി' വെറും ഭ്രാന്തന്മാരുടെ സ്വഭാവം അവലംബിച്ചു ലഹളയാരംഭിക്കുന്നു. മരിക്കുവാൻ ഇവർക്ക് ലവലേശം കൂസലില്ല.

കച്ചവടത്തിലും കൃഷിയിലും ഇവർക്കുള്ള പാടവം ഒന്നു വേറെത്തന്നെയാണ്. നല്ല മാർഗത്തിൽകൂടെ നയിക്കയും, വിദ്യാഭ്യാസം നൽകുകയും, മതത്തെ ഉത്തമമായ രീതിയിൽ പഠിപ്പിക്കുകയും ചെയ്താൽ ഇവർ ഇന്ത്യാരാജ്യത്തിലുള്ള ഏതു സമുദായത്തോടും കിടപിടിക്കുവാൻ പ്രാപ്തന്മാരായിത്തീരുന്നതാണ്. പക്ഷേ, നാട്ടുകാരാവട്ടെ ഇവരെ പരിഷ്കരിക്കുന്ന കാര്യത്തിൽ യാതൊരു ശ്രമവും ഇതുവരെ ചെയ്തിട്ടില്ല. അടിയിൽ വേരൂന്നിക്കിടക്കുന്ന ദുഷ്ട്, ലഹളയുടെ രൂപത്തിൽ വ്രണമായി പൊട്ടിപ്പുറപ്പെടുമ്പോൾ ആ വ്രണത്തെ കരിക്കുവാൻ രൂക്ഷങ്ങളായ ചില പുറമരുന്നുകൾ ഗവർമ്മെണ്ടു ഉപയോഗിച്ചിട്ടുള്ളതല്ലാതെ രോഗത്തെ ഉന്മൂലച്ഛേദം ചെയ്വാനുള്ള യാതൊരു മാർഗവും ഇതുവരെ പരീക്ഷിച്ചിട്ടില്ല. അപ്പപ്പോൾ ഉണ്ടാകുന്ന ലഹളകൾ ഒതുക്കുവാൻ ചെലവാകുന്ന പണത്തിന്റെ ഒരംശം വിദ്യാഭ്യാസവിഷയത്തിൽ ഉപയോഗിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ ഏറനാട്ടിൽ മാപ്പിളലഹളയെന്നത് വളരെ മുമ്പുതന്നെ അസ്തപ്രായമാകുമായിരുന്നു.

വിദ്യാഭ്യാസം ഇല്ലെങ്കിൽക്കൂടി പുറംദിക്കുകളുമായിട്ടുള്ള സമ്പർക്കത്തിന്നു സൌകര്യമുള്ള തീവണ്ടി ഏറനാട്ടിൽക്കൂടെ നടപ്പായിരുന്നുവെങ്കിൽ ജനങ്ങളുടെ മൂഢതയ്ക്ക് അല്പം കുറവുണ്ടാകുമായിരുന്നു. കഴിഞ്ഞ മാപ്പിളലഹളയുടെ കാരണങ്ങളെ പററി പറയേണ്ടുന്ന അവസരത്തിൽ ഉൾനാടുകളിൽ താമസിക്കുന്ന സാധാരണ മാപ്പിളമാരുടെ മൂഢത ലഹളയെ ഉണ്ടാക്കിയതിലും, വർദ്ധിപ്പിച്ചതിലും എത്രത്തോളം സഹായിച്ചിട്ടുണ്ടെന്നു വിവരിക്കേണ്ടതായി വരും. മററുള്ള ദിക്കുകളിൽ ചെറിയ കുട്ടികൾപോലും വിശ്വസിക്കാത്തതായ സംഗതികൾ കേട്ട ക്ഷണത്തിൽ വിശ്വസിപ്പാനും, അതിന്നനുസരിച്ചു പ്രവർത്തിപ്പാനും ഉൾനാട്ടിലെ മാപ്പിളമാരിൽ അധികംപേർക്കും ഉള്ള വാസന ഒന്നു വേറെത്തന്നെയാണ്. ഇത് അവരുടെ സ്വഭാവത്തിലുള്ള യാതൊരു ദോഷവുംകൊണ്ടല്ല ശുദ്ധമേ വിവരമില്ലായ്മകൊണ്ടു മാത്രമാണ്.

ഏറനാട്ടിലെ സാധുജനങ്ങൾ അനുഭവിക്കുന്ന കഷ്ടതകളെ പററിയും ഇപ്പോൾ നടപ്പിലുള്ള വസ്തുനിയമത്തിന്റെ ദോഷങ്ങളെ പററിയും ആയവ ഈ ലഹളയെ ഉണ്ടാക്കുന്നതിലും വർദ്ധിപ്പിക്കുന്നതിലും എത്രമാത്രം സഹായിച്ചിട്ടുണ്ടെന്നതിനെപ്പററിയും ഒരു പ്രത്യേക ലേഖനത്തിൽ വിവരിക്കുന്നതാകകൊണ്ടു ഇപ്പോൾ അതിനെപററി ഒന്നും പറയുന്നില്ല.

# ഹിന്ദുമുസ്ലീം മൈത്രി

കഴിഞ്ഞ ലേഖനത്തിൽ ഏറനാടു താലൂക്കിനെപ്പററിയും അവിടത്തെ നിവാസികളെപ്പററിയും ഒരു ചുരുക്ക വിവരം കൊടുത്തതിൽ ഹിന്ദുസമുദായത്തിൽപ്പെട്ട പല വർഗക്കാരും തമ്മിലുള്ള ഭിന്നിപ്പിനെപ്പററിയും ഹിന്ദുസമുദായത്തിൻേറയും മുഹമ്മദീയ സമുദായത്തിൻേറയും ദയനീയമായ അവസ്ഥയെ പററിയും അല്പമൊന്നു പ്രസ്താവിക്കുകയുണ്ടായല്ലൊ. ഏറനാടുതാലൂക്കിൽ പ്രത്യേകിച്ചും ലഹള സ്ഥലങ്ങളിലും മലബാറിലും സാമാന്യേനയും ഹിന്ദുക്കളും മുസൽമാന്മാരും തമ്മിൽ പരസ്പരം ഏതു നിലയിൽ വർത്തിച്ചുവന്നിരുന്നുവെന്നും അവർ തമ്മിലുള്ള മൈത്രിക്കും മത്സരത്തിന്നും എത്രത്തോളം ശക്തിയുണ്ടായിരുന്നുവെന്നും പര്യാലോചിക്കുകയാണ് ഈ ലേഖനത്തിൻെറ ഉദ്ദേശ്യം.

ഇന്ത്യയിൽ മുഹമ്മദീയർ ഒന്നാമതായി കാൽവെച്ചത് മലബാറിലാണെന്നും ഇവിടത്തെ ഹിന്ദു രാജാക്കന്മാർ അവരെ ആദരവോടുകൂടി സ്വീകരിച്ച് അവർക്ക് താമസത്തിന്നും കച്ചവടത്തിന്നും മററും കഴിയുന്ന ഒത്താശകരം ചെയ്തുകൊടുത്തുവെന്നും ചരിത്രപ്രസിദ്ധമായ സംഗതികളാണ്. അവരുടെ മതാനുഷ്ഠാനങ്ങൾക്ക് യാതൊരു പ്രതിബന്ധവും സാമൂതിരിരാജാക്കന്മാർ ചെയ്തുവന്നില്ല. എന്നു മാത്രമല്ല, അവരുടെ മതപ്രചാരത്തിന്നുകൂടി വേണ്ടുന്ന സഹായങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ടായിരുന്നുവത്രെ. മലബാറിലെ ഹിന്ദുക്കളും മുസൽമാൻമാരും തമ്മിലുള്ള സ്വരച്ചേർച്ചയ്ക്ക് പറയത്തക്കതായ യാതൊരു ഭംഗവും അക്കാലങ്ങളിലുണ്ടായിരുന്നതായി കേട്ടിട്ടില്ല. അവർ തമ്മിൽ വളരെ സ്നേഹത്തോടും സൌഹാർദ്ദത്തോടും വർത്തിച്ചിരുന്നുവെന്നു മാത്രമല്ല സാമൂതിരിരാജാവിൻെറ കീഴിൽ ഉയർന്ന പല ഉദ്യോഗങ്ങളും മാപ്പിളമാരിൽ പലരും വഹിക്കയും ചെയ്തിട്ടുണ്ടായിരുന്നു.

ഇങ്ങിനെ ഈ രണ്ടു സമുദായങ്ങളും കേരള മാതാവിൻെറ രണ്ടു കണ്ണുകളെപ്പോലെ ഐക്യത്തിലും വിശ്വാസത്തിലും വർത്തിച്ചിരുന്ന കാലത്താണ് ടിപ്പുവിൻെറ ആക്രമണവും

അക്രമങ്ങളും മലബാറിനെ ഒന്നു മേൽകീഴായി മറിച്ചത്. ടിപ്പുവിൻെറ ''ചേലക്കലാപ''മാണ് മലബാറിൽ മാപ്പിള ലഹളയുടെ വിത്ത് ഒന്നാമതായി നട്ടത്. അക്കാലത്ത് നടന്ന ഭയങ്കര സംഭവങ്ങളെ ഇവിടെ എടുത്തു വിവരിക്കുന്നതുകൊണ്ടു യാതൊരു കാര്യസിദ്ധിക്കും വഴിയില്ല. പരശുരാമപ്രതിഷ്ഠയ്ക്കുശേഷം കേരളത്തിലെ ഹിന്ദുക്കൾ 'കലാപ'കാലത്ത് അനുഭവിച്ചപോലെയുള്ള സങ്കടങ്ങൾ അനുഭവിച്ചിട്ടുണ്ടോ എന്നു സംശയമാണ്. എത്രയോ ആയിരം ഹിന്ദുക്കളെ അക്കാലത്ത് നിർബ്ബന്ധമായി മുഹമ്മദ് മതത്തിൽ ചേർത്തിട്ടുണ്ട്. അവരിൽ വളരെ പേർ ''ചേല'' പൊളിച്ച് തിരിയെ ഹിന്ദുമതത്തിലേയ്ക്കുതന്നെ വന്നിട്ടുണ്ടെങ്കിലും അധികംപേരും മുഹമ്മദീയരായി തന്നെ ഇരിക്കുകയാണ് ചെയ്തിട്ടുള്ളത്. തൻെറ സ്വന്തം രാജ്യമായ മൈസൂരിൽ രണ്ടു സമുദായങ്ങളേയും യാതൊരു പക്ഷഭേദവും കൂടാതെ വളരെ നീതിയോടുകൂടിയാണ് ടിപ്പുസുൽത്താൻ ഭരിച്ചു വന്നിരുന്നത്. നിർമ്മലയും മനോഹരയും ആയ കാവേരിയുടെ കൈവഴികളാൽ ആശ്ലേഷിക്കപ്പെട്ട ശ്രീരംഗപട്ടണം കഴിഞ്ഞ കൊല്ലത്തിലാണ് എനിക്കു കാണുവാൻ സംഗതിവന്നത്. തീവണ്ടി സ്റ്റേഷനിൽനിന്നു പുറത്തു വന്ന ഉടനെ മുന്നിൽ പ്രത്യക്ഷമായത് അത്യുന്നതങ്ങളായ ചില ഗോപുരങ്ങളാൽ അലംകൃതമായ ഒരു മതിൽക്കെട്ടായിരുന്നു. ഉടഞ്ഞു പൊളിഞ്ഞു കിടക്കുന്ന ടിപ്പുവിൻെറ പ്രസിദ്ധമായ കോട്ടയുടെ മതിലിന്നുള്ളിലാണ് ഈ മതിൽ കെട്ടും ഗോപുരങ്ങളും ഞാൻ കണ്ടത്. കാഴ്ചയിൽ ഒരു ഹിന്ദുക്ഷേത്രമെന്നു വിളിച്ചു പറഞ്ഞിരുന്ന ചിഹ്നങ്ങൾ പോലും അതു ഒരു ഹിന്ദു ക്ഷേത്രമാണെന്ന വിശ്വാസം അല്പനേരത്തേയ്ക്ക് എൻെറ മനസ്സിൽ ജനിപ്പിച്ചില്ല. ക്ഷേത്രങ്ങളേയും ബിംബങ്ങളേയും തച്ചുടയ്ക്കുന്ന ടിപ്പു, ഹിന്ദുമതത്തിൻെറ അന്തകനെന്ന് കുപ്രസിദ്ധനായ ടിപ്പു, മലബാറിൽ ഹിന്ദു വംശത്തെ നിർമ്മൂലം നശിപ്പിക്കുവാൻ അതിപ്രയത്നം ചെയ്ത ടിപ്പു—അങ്ങിനെയുള്ള ടിപ്പുവിൻെറ രാജധാനിക്ക് തൊട്ടു തൻെറ കോട്ടയുടെ ഉള്ളിൽ ഒരു ഹിന്ദു ക്ഷേത്രമോ? ഇതു എന്തോ വ്യാമോഹം. അഥവാ ക്ഷേത്രത്തിൻെറ ആകൃതിയിൽ ഒരു പള്ളിയോ? എന്നിങ്ങനെയുള്ള ചിന്തകളാണ് എൻെറ മനസ്സിൽ പെട്ടെന്നുദിച്ചത്. മൈസൂരിൽ ടിപ്പു ഹിന്ദുക്കളെ യാതൊരു വിധത്തിലും ഉപദ്രവിച്ചിട്ടില്ലായിരുന്നു എന്നു എനിക്ക് വിവരമുണ്ടായിരുന്നുവെങ്കിലും തൻെറ രാജധാനിക്ക് തൊട്ടു ഒരു ക്ഷേത്രം ഉണ്ടാകുമെന്നു ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല. പക്ഷേ,

മൈസൂരിൽ പ്രസിദ്ധമായ ഒരു പഴയ ഹിന്ദു കുടുംബത്തിലെ അംഗമായ സെട്ലൂർ എന്റെ സംശയമെല്ലാം ഉടനെ തീർത്തു. മൈസൂരിലെ ടിപ്പു മലബാറിൽ നാം അറിഞ്ഞിട്ടുള്ള ടിപ്പുവല്ലെന്നും തന്റെ ഹിന്ദു പ്രജകൾക്ക് ടിപ്പു സുൽത്താൻ യാതൊരു ദോഷവും ചെയ്തിട്ടില്ലെന്നു മാത്രമല്ല അവരെ സ്നേഹത്തോടും നീതിയോടും ഭരിച്ചുവന്നിരുന്നുവെന്നും, ഹിന്ദുമതത്തിന്നോ ക്ഷേത്രങ്ങൾക്കോ ഹൈദരാവട്ടെ ടിപ്പുവാകട്ടെ മൈസൂരിൽ യാതൊരു ഹാനിയും ഒരിക്കലും വരുത്തീട്ടില്ലെന്നും, എന്റെ മുമ്പിൽ കണ്ട ക്ഷേത്രം എത്രയോ പുരാതനമായ ''ശ്രീരംഗനാഥ'' ക്ഷേത്രമാണെന്നും അദ്ദേഹം എന്നെ ധരിപ്പിച്ചു. 24 സംവത്സരത്തോളം മലബാറിലെ ഹിന്ദുക്കളിൽനിന്നും മാപ്പിളമാരിൽനിന്നും ടിപ്പുവിന് പലവിധമായ ദ്രോഹങ്ങൾ നേരിട്ടിട്ടുണ്ടായിരുന്നുവെന്നും അവരെ ഒരു പാഠം പഠിപ്പിക്കുവാൻ രണ്ടു കൂട്ടരും വൈരികളായാൽ ദുർഘടമായതുകൊണ്ട് മാപ്പിളമാരുമായി യോജിച്ചു അധികം വിരോധികളായ ഹിന്ദുക്കളെ നശിപ്പിക്കുവാൻ ടിപ്പു ഉദ്യമിച്ചുവെന്നും അതിന്റെ ഫലമാണ് ഭയങ്കരമായ കലാപമെന്നും മലബാർ ലോഗൻസ് മാന്വലിൽ വിവരിച്ചു കാണുന്നു. സ്വതവേതന്നെ ബിംബാരാധയേയും ക്ഷേത്രങ്ങളേയും ഹിന്ദുക്കളേയും നശിപ്പിക്കുന്ന ഒരു മുസൽമാൻ രാജാവായിരുന്നു ടിപ്പുവെങ്കിൽ, തന്റെ മുമ്പിൽതന്നെ തന്റെ രാജധാനിക്കടുത്ത, നിത്യശ്ശീവേലികളാലും ഉത്സവങ്ങളാലും തനിക്ക് ശല്യമായി തോന്നുവാൻ ഇടയുണ്ടായിരുന്ന ശ്രീരംഗനാഥക്ഷേത്രത്തെ തകർക്കുവാൻ ടിപ്പുവിന്നു യാതൊരു വിഷമവുമുണ്ടായിരുന്നില്ല. അതിൽനിന്നു തന്നെ മലബാറിൽ ടിപ്പു ചെയ്ത അക്രമങ്ങൾ ചില പ്രത്യേക കാരണങ്ങളാലാണെന്നും, മുസൽമാന്മാർ രാജ്യത്തിൽ പ്രബലന്മാരാകുന്നതുകൊണ്ടു മാത്രം ഹിന്ദുക്കൾക്കോ ഹിന്ദുമതത്തിന്നോ യാതൊരു ഭയത്തിന്നും അവകാശമില്ലെന്നും തെളിയുന്നതാണ്. പക്ഷേ, മലബാറിന്റെ നിർഭാഗ്യമെന്നു പറയട്ടെ. ടിപ്പു സുൽത്താൻ ഇവിടത്തെ ഹിന്ദുക്കൾക്ക് പലേ അത്യാപത്തുകളും വരുത്തിവിട്ടു എന്നു മാത്രമല്ല, മേലാലും പല ആപത്തുകൾക്കും ഇടയാക്കിത്തീർത്ത മാപ്പിള ലഹളകൾക്ക് ഒരു 'ഗുരു'വായിത്തീരുകയും ചെയ്തു.

കാ ര ണ സ ഹി ത ങ്ങ ളും . സാധൂകരിക്കത്തക്കവയും ആണെങ്കിൽത്തന്നെ അക്രമങ്ങൾ മേലാലും അക്രമങ്ങളുടെ ബീജമായി കലാശിക്കുവാനേ തരമുള്ളൂ. ഒരു ദോഷത്തെ മററൊരു ദോഷംകൊണ്ടു നശിപ്പിക്കുവാൻ സാധിക്കയില്ല.

ടിപ്പു ചെയ്ത അക്രമങ്ങരം മലബാറിൽ രണ്ടു സമുദായങ്ങളും തമ്മിലുള്ള മൈത്രിയെ നശിപ്പിക്കുകയും വിവരമില്ലാത്ത വരും മതഭ്രാന്തന്മാരും ആയ ഇവിടത്തെ മാപ്പിളമാരുടെ മന സ്സിൽ യഥാർത്ഥമതത്തെപററി പല തെററിദ്ധാരണകരം ഉണ്ടാ ക്കുകയും ചെയ്തു. അതുകൊണ്ടുണ്ടായ അനർത്ഥങ്ങരം ഇന്നും തീർന്നിട്ടില്ല. അതു നമുക്കെല്ലാവർക്കും ഒരു പാഠ മായി തീരേണ്ടതാണ്. കഴിഞ്ഞ കലാപത്തിൽ മാപ്പിളകരം പല അക്രമങ്ങളും ചെയ്തു. തരം കിട്ടിയപ്പോരം അതിന്നു പകരമായി ഹിന്ദുക്കളും മാപ്പിളമാരുടെ നേരെ പല അക്രമ ങ്ങളും പ്രവർത്തിച്ചു. അക്രമങ്ങരംക്കു പകരം അക്രമം പ്രവർത്തിച്ചതുകൊണ്ടു ആ കേടുകരം തീരുകയാവട്ടെ മേലാൽ ക്ഷേമം ഉണ്ടാവുകയാവട്ടെ ചെയ്യുന്നതല്ല. ഈ പര മതത്ത്വം മലബാറിനെ സംബന്ധിച്ചേടത്തോളം ഗവർ മ്മേണ്ടും, മാപ്പിളമാരിലും ഹിന്ദുക്കളിലും പലരും വിസ്മരി ച്ചിട്ടുള്ളതായിട്ടാണ് എനിക്ക് തോന്നീട്ടുള്ളത്. അതിരി ക്കട്ടെ, ടിപ്പുവിന്റെ കാലത്തിന്നുശേഷം ഹിന്ദുക്കളും മുസൽമാന്മാരും തമ്മിൽ അവിശ്വാസത്തിന്നും വൈര ത്തിന്നും കാരണമായിത്തീർന്ന മാപ്പിള ലഹളകളുടെ സ്വഭാ വത്തെപ്പററി നമുക്ക് പരിശോധിക്കാം.

# മാപ്പിളലഹളകളുടെ സ്വഭാവം

ബ്രിട്ടീഷുകാർ ഭരണം ഏറെറടുത്തതിന്നുശേഷം ഇക്കഴിഞ്ഞ ലഹളയ്ക്ക് മുമ്പായി അമ്പതിൽ പുറം മാപ്പിളലഹളകൾ ഉണ്ടായിട്ടുണ്ട്. ഈ ലഹളകൾ നിമിത്തം ഏറനാട്ടിലെ ഹിന്ദുക്കൾ അനുഭവിച്ചിട്ടുള്ള സങ്കടങ്ങൾ അല്പമൊന്നുമല്ല. ഏതാനും ചിലരുടെ അവിവേകപ്രവൃത്തികളാൽ മാപ്പിള സമുദായവും ഈ ലഹളകൾ മൂലം വളരെ കഷ്ടതകൾ അനുഭവിച്ചിട്ടുണ്ട്. രണ്ടു സമുദായങ്ങൾ തമ്മിലുള്ള സ്നേഹത്തിന്നും വിശ്വാസത്തിന്നും ഈ ലഹളകൾ അതിയായ ഭംഗം വരുത്തിയിരിക്കുന്നു. ഹിന്ദുക്കൾക്ക് മാപ്പിളമാരെ വിശ്വാസമില്ല. മാപ്പിളമാർക്ക് ഹിന്ദുക്കളെ സ്നേഹവുമില്ല.

ഈവിധം രണ്ടു പ്രധാന സമുദായങ്ങൾ തമ്മിലുള്ള മൈത്രിയെ മിക്കവാറും നശിപ്പിച്ചിട്ടുള്ള മാപ്പിളലഹളകൾക്ക് പൊതുവിൽ ഹേതുക്കളായ സംഗതികളെപ്പററിയും അവയുടെ സ്വഭാവത്തെ പററിയും നമുക്ക് തെല്ലു പരിശോധിക്കാം.

ഏറനാടു താലൂക്കിലെ മാപ്പിളമാർ മിക്കവാറും അത്യന്തം ദരിദ്രന്മാരാണ്. ചാലിയാറിൻെറ കരയ്ക്കധിവസിക്കുന്ന മാപ്പിളമാരിൽ പലരും മരക്കച്ചവടത്തിലും മററും എർപ്പെട്ടു ധനികന്മാരായിത്തീർന്നിട്ടില്ലെന്നില്ല. ഗവർമ്മെണ്ടിൽ നിന്നു 'കൌൾ' വാങ്ങി മലംപ്രദേശത്തിന്നടുത്തു തരിശുകൾ വെട്ടിപ്പൊളിച്ചു നിലമാക്കി ധനികന്മാരായിത്തീർന്ന മാപ്പിളമാർ വണ്ടൂർ, നിലമ്പൂർ മുതലായ പ്രദേശങ്ങളിൽ ഏതാനും കാണാം. ജന്മികളായി മാപ്പിളമാരിൽ പറയത്തക്കവണ്ണം ആരും ഇല്ലെന്നുതന്നെ പറയാം. കാണവസ്തു ഉടമസ്ഥന്മാരായി ഇവരിൽ പലരും ഉണ്ടെങ്കിലും ആകെയുള്ള ജനസംഖ്യയെ അപേക്ഷിച്ചു വളരെ ചുരുക്കമാണ്. നാട്ടുപ്രദേശങ്ങളിൽ കൃഷിപ്പണിയും പലവിധമായ കൂലിപ്പണികളും നഗരസ്ഥലങ്ങളിൽ ചില്ലറ വാണിഭവുമാണ് ഇവരുടെ സാധാരണ തൊഴിൽ.

തോട്ടങ്ങളിലുള്ള കൂലിപ്രവൃത്തിയിൽ വളരെ മാപ്പിളമാർ ഏർപ്പെട്ടിട്ടുള്ളതായി കാണാം. കൃഷി പ്രവൃത്തിയിൽ

ഏർപ്പെട്ടിട്ടുള്ളവർ അധികവും വെറുംപാട്ടക്കാരോ വെറും കൂലിക്കാരോ ആണ്. ഇവർ താമസിക്കുന്ന വീടുകൾ സാധാരണയായി വളരെ ചെറിയ കുടിലുകൾ ആണ്. ഏറനാടു താലൂക്കിൽ ''മാപ്പിളക്കുടിയും'' ''തിയ്യപ്പുരയും'' ''ചെറുമച്ചാളയും?' കണ്ടു തിരിക്കുവാൻ വളരെ വിഷമമില്ല. എല്ലാം ദാരിദ്ര്യദേവതയുടെ അധിവാസസ്ഥലങ്ങളാണ്. സമ്പത്തില്ലെങ്കിലും സന്താനത്തിന്ന് ഇവർക്കാർക്കും യാതൊരു കുറവും ഇല്ല. പ്രത്യേകിച്ചും മാപ്പിളമാർ ഇക്കാര്യത്തിൽ എല്ലാവരിലും മികച്ചുനില്ക്കുന്നു. രാവിലെ മുതൽ വൈകുന്നേരംവരെ എല്ലുമുറിയെ പണിയെടുത്താൽ കിട്ടുന്ന എട്ടണകൊണ്ടു എട്ടാളെ പുലർത്തണം. തിയ്യനും, ചെറുമനും കിട്ടുന്നതിൽ പകുതി ചാരായത്തിനും ഉപയോഗിക്കും. മാപ്പിളയ്ക്കു് ആ ദോഷമില്ല. കുറച്ചേ ഉള്ളുവെങ്കിലും അതു അവൻ നന്നായി അനുഭവിക്കും. അതുകൊണ്ടു അവൻ ദൃഢഗാത്രനായി ജീവിക്കുന്നു. ഉശിരുണ്ട്, ശക്തിയുണ്ട്, എന്തിന്നും പ്രാപ്തിയുമുണ്ട്. വിവരമില്ല, വിദ്യാഭ്യാസമില്ല, പട്ടിണിക്കൊട്ടു മുടക്കവുമില്ല. അനുഭവംകൊണ്ടു ഭൂലോകവാസത്തിൽ യാതൊരു സുഖവും അവൻ കാണുന്നില്ല. മതത്തിന്നു വേണ്ടി മരണപ്പെട്ട ''സെയ്യാക്കൾ''ന്മാരെപ്പററി വാഴ്ത്തുന്ന പാട്ടുകൾ അവർ ചെറുപ്പം മുതൽക്കുതന്നെ കേട്ടിട്ടുണ്ട്. അതു അവൻെറ മനസ്സിൽ പല മോഹങ്ങളും ജനിപ്പിക്കുന്നു. ഭൂലോകത്തിലെ ദുഃഖവും സ്വർഗത്തിലെ പരമാനന്ദവും തമ്മിൽ എത്ര അന്തരം! പ്രാരബ്ധമില്ല, പരാധീനമില്ല, പട്ടിണിയില്ല. വാളെടുത്തു മരിക്കുന്നവനെ അളവററ സൌന്ദര്യമുള്ള ദേവസ്ത്രീകൾ ഉടലോടുകൂടി വരിക്കുന്നു! പിന്നെ അനുഭവിക്കുന്ന പരമാനന്ദങ്ങൾഅവരുടെ മനസ്സിനെ ഇളക്കിത്തീർക്കുന്നതിൽ എന്താണ് അത്ഭുതം? ദാരിദ്ര്യവും മതഭ്രാന്തും സ്വർഗസുഖത്തിലുള്ള അന്ധവിശ്വാസവും കൂടിച്ചേർന്ന് മരിക്കുവാൻ അവനെ സന്നദ്ധനാക്കിത്തീർക്കുന്നു. അങ്ങനെ ഇരിക്കുമ്പോഴാണ് ഇരിക്കുന്ന കുടിയോ നടക്കുന്ന പാടമോ, അതിൻെറ ഉടമസ്ഥൻ—ജന്മിയോ കാണക്കാരനോ,—പാട്ടം ശരിക്ക് കൊടുക്കാത്തതിനാലായിരിക്കാം, ദുർമ്മോഹത്താലായിരിക്കാം, സ്വന്തം ആവശ്യത്തിന്നായിരിക്കാം, തൻെറ കയ്യിൽനിന്നു ഒഴിപ്പിച്ചു കൊണ്ടുപോകുന്നത്. അതല്ലെങ്കിൽ ''മാർഗത്തിൽ'' കൂടിയ ഹിന്ദു, മാർഗം പൊളിച്ചുവെന്നു അവൻ കേൾക്കുന്നു. മതത്തിന്നു അപമാനം നേരിട്ടാൽ അതിന്നു പരിഹാരം വരുത്താതെ ഇരിക്കുന്നവൻ ഇസ്ലാമല്ല എന്നു അവൻ

നല്ലവണ്ണം മനസ്സിലാക്കീട്ടുണ്ട്. മതത്തിൻെറ ശത്രുക്കളായവരെ കൊല്ലുന്നത് സ്വർഗപ്രാപ്തിക്ക് എളുപ്പമായ ഒരു മാർഗമാണെന്നും അവൻ പഠിച്ചിട്ടുണ്ട്. കയ്‌വശമുള്ള വസ്തുക്കാം ഒഴിപ്പിക്കുവാൻ ഹിന്ദു; മാർഗത്തിൽകൂടി വീണ്ടും മാർഗംപൊളിക്കുന്നവനും ഹിന്ദു; ദിനംപ്രതി താൻ അതിപ്രയത്നം ചെയ്യുന്നതിൻെറ ഫലം സുഖമായി ഇരുന്നു അനുഭവിക്കുന്നവനും ഹിന്ദുതന്നെ; മ്ലേച്ഛനെന്ന നിലയിൽ അകററി അപമാനിക്കുന്നതും ഹിന്ദു; യാതൊരുവനെ ദ്രോഹിച്ചാലോ ഹനിച്ചാലോ തനിക്ക് സ്വർഗം കിട്ടുമോ അതും ഹിന്ദു—അങ്ങിനെയുള്ള ഹിന്ദുവിൻെറ പേരിൽ ഹാലിളകി ലഹളയ്ക്കു് ഒരുങ്ങുന്ന മാപ്പിളയ്ക്കു് എത്രത്തോളം കരുണയുണ്ടാകുമെന്ന് വിവരിക്കേണ്ടതില്ലല്ലോ. പക്ഷേ, മുമ്പുള്ള ലഹളയിൽ ഹാലിളകി മരിക്കുവാൻ പോകുന്ന മാപ്പിള നിന്ദ്യമായ യാതൊരു പ്രവൃത്തിയും സാധാരണ ചെയ്യാറുണ്ടായിരുന്നില്ല. നിർബ്ബന്ധമായി മതത്തിൽ ചേർക്കുന്നത് തെററാണെന്നു ഇസ്ലാം ഘോഷിക്കുന്നുണ്ടെങ്കിലും അക്കാര്യത്തിൽ അവർ മാർഗദർശിയാക്കിയെടുത്തിട്ടുള്ളത് മുഹമ്മദ് നബിയെയല്ല, ടിപ്പുസുൽത്താനെയാണ്. വഴിക്കു കാണുന്ന ഹിന്ദുക്കളെയെല്ലാം അവൻ കൊല്ലും. ഹിന്ദുക്കളുടെ പുരകളും സാമാനങ്ങളും ചുട്ടു നശിപ്പിക്കും. മരണത്തിൽ ഭേദം മതത്തിൽ ചേരുകയാണെന്നു സമ്മതിക്കുന്നവരെ അവൻ തൊപ്പിയിടീക്കും. പക്ഷേ, തല്ക്കാലത്തെ ഭക്ഷണത്തിന്നല്ലാതെ അവൻ കവർച്ച ചെയ്യുകയില്ല. സ്ത്രീകളെ അപമാനിക്കയില്ല. അവരുടെ ചാരിത്രഭംഗം വരുത്തുകയില്ല.

ലഹളകളുടെ ആരംഭം മിക്കവാറും ചുരുങ്ങിയ നിലയിലായിരിക്കും. ഏതെങ്കിലും ഒരു പ്രദേശത്ത് ഒന്നോ രണ്ടോ പേർ മേൽ സൂചിപ്പിച്ച വല്ല കാരണത്തിന്മേലും ഹാലിളകി ശത്രുക്കളെ കൊല്ലുവാനും പിന്നെ മരിക്കുവാനും ഒരുങ്ങുന്നു. ആ വിവരം തങ്ങാംക്ക് വളരെ വിശ്വാസമുള്ള അയൽവാസിയെ അറിയിക്കുന്നു. അവനേയും വശീകരിച്ചു കൂട്ടത്തിൽ ചേർക്കുന്നു. ഇങ്ങനെ ലഹളക്കാരുടെ സംഘം നാലോ അഞ്ചോ ആയാൽ ഉദ്ദിഷ്ടകാര്യത്തിന് ഇറങ്ങി പുറപ്പെടുന്നു. അതിന്നിടയിൽ ചില വാളുകളോ കത്തികളോ തോക്കുകളോ ശേഖരിച്ചുവെച്ചിട്ടുണ്ടായിരിക്കും. ഈ ആയുധങ്ങളോടുകൂടി തങ്ങാം കൊല്ലണമെന്ന് മനസ്സിൽ തീർച്ചപ്പെടുത്തീട്ടുള്ള ആളുടെ നേരെ ചെല്ലുന്നു. തരത്തിൽ കിട്ടിയാൽ അയാളെക്കൊന്നു അടുത്ത പ്രദേശങ്ങളിലേയ്ക്കു് യാത്രചെയ്യുന്നു. ആദ്യത്തെ കൊല

കഴിയുന്നതുവരെ തങ്ങളുടെ പ്രവൃത്തികളെല്ലാം ഗൂഢമായി ത്തന്നെ വെയ്ക്കുമെങ്കിലും അതു കഴിഞ്ഞാൽ പിന്നെ സകല പ്രവൃത്തികളും പരസ്യമാണ്. തങ്ങൾ പോകുന്ന വഴിയിൽ നേരിട്ടു മുട്ടുന്ന അന്യമതസ്ഥന്മാരെ മിക്കവാറും അവർ കൊല്ലുകയോ ''തൊപ്പി''യിടീക്കുകയോ ചെയ്യും. അവ രോടു യാതൊരു വിരോധവും വേണമെന്നില്ല. ചിലരെ വിട്ടയക്കയില്ലെന്നുമില്ല. അതുപ്രകാരം തന്നെ അവർ പോകുന്ന ദിക്കുകളിലുള്ള ഹിന്ദുക്കളുടെ വീടുകൾ ചുട്ടു നശിപ്പിക്കും. ബിംബങ്ങൾ തച്ചുടക്കും. ക്ഷേത്രങ്ങൾ നശിപ്പിക്കും. ഈ വിധത്തിൽ ഏതാനും ചിലരെ നശിപ്പി ക്കുവാനായി ആരംഭിക്കുന്ന ലഹള ഹിന്ദുക്കളുടെ നേരെ പൊതുവായി ഒരു യുദ്ധമായി കലാശിക്കുന്നു. യുദ്ധമെന്നു പറഞ്ഞതു തെററാണ്. ലഹളക്കാർ വരുന്നു എന്നു കേട്ടാൽ ഓടുകയല്ലാതെ അവരോടു ഹിന്ദുക്കൾ എതിർത്തു നിന്നതായി മാപ്പിളലഹളകളുടെ മുഴുവൻ ചരിത്രം നോക്കി യാലും കാണുവാൻ പ്രയാസമാണ്. കുളിക്കുവാൻ പോയ അവസരത്തിൽ കൊല്ലുവാൻ വന്ന മാപ്പിളമാരോട് എതിർത്തു അവരിൽ പലരേയും തല്ലി വീഴ്ത്തി ഒടുവിൽ എതിരാളികളുടെ എണ്ണംകൊണ്ടു മാത്രം പരാജിതനായി മര ണപ്പെട്ട മരനാടു നമ്പൂതിരിപ്പാടിനേയും മററും ഞാൻ വിസ്മരിക്കുന്നില്ല. പക്ഷേ, നൂററമ്പതുകൊല്ലത്തെ ബ്രിട്ടീ ഷുഭരണംകൊണ്ട് ഉശിരും പൌരുഷവും ആയുധവും അഭ്യാസവും പോയി, ആഭിജാത്യവും അനാചാരവും മാത്രം ശേഷിച്ച് ദുർബ്ബലന്മാരായിത്തീർന്ന ഹിന്ദുക്കൾ ആയുധധാരികളായി, മരിക്കുവാൻ കോപ്പിട്ടുവരുന്ന ലഹ ളക്കാരെ ഭയപ്പെട്ട് ഓടിപ്പോകുന്നതിൽ അത്ഭുതമൊന്നു മില്ല. അതിരിക്കട്ടെ.

ഇങ്ങിനെ ലഹളക്കാർ അയൽപ്രദേശങ്ങളിലേയ്ക്ക് പോകു ന്നതോടുകൂടി അവരുടെ എണ്ണവും ക്രമേണ വർദ്ധിക്കുന്നു. ലഹളക്കാരുടെ കൂട്ട'ബാങ്കു' കേട്ടാൽ തല്ക്കാലത്തേക്കെങ്കിലും ഒരിളക്കം ബാധിക്കാത്ത മാപ്പിളമാരെ ലഹളപ്രദേശങ്ങളിൽ കാണുവാൻ പ്രയാസമാണ്. അവരിൽ ചിലരെങ്കിലും ലഹളക്കാരുടെ കൂട്ടത്തിൽ കൂടുന്നു. രാജ്യനിവാസികൾ ക്കുള്ള ഉപദ്രവവും ഭയവും വർദ്ധിക്കുകയും ചെയ്യുന്നു. ലഹള ആരംഭിച്ച വർത്തമാനം കേട്ടാൽ പട്ടാളവും പോലീസ്സും ഇവരെ തേടിപ്പിടിച്ചു കൊല്ലുവാനുള്ള ശ്രമം ആരംഭിക്ക യായി. പക്ഷേ, ലഹളക്കാരെ കണ്ടുപിടിക്കുവാൻ സാധാര ണയായി ഇവർ വളരെ കുഴങ്ങാറുണ്ട്. പട്ടാളക്കാരേയും മററും പത്തു പതിനഞ്ചുദിവസത്തോളം ഇട്ടു വട്ടംതിരിച്ച

തിന്നു ശേഷം ഇരുപത്തേഴാം രാവാവുമ്പോഴേയ്ക്കു് (ലഹള കരം മിക്കവാറും നോമ്പുകാലത്താണുണ്ടാവാറുള്ളതു്) ലഹളക്കാർ വല്ല ക്ഷേത്രങ്ങളിലും കയറി സങ്കേതം ഉറപ്പിക്കുന്നു. അവിടെവെച്ചു മരിക്കുവാനും തീർച്ചയാക്കുന്നു. ലഹളക്കാർ ക്ഷേത്രത്തിൽ കയറി എന്ന വർത്തമാനം കേട്ടു് പട്ടാളക്കാർ അവിടെയെത്തി ലഹളക്കാരെ എതിർത്തു് അവരെ കൂട്ടംകൂട്ടമായി വെടിവെച്ചുകൊല്ലുകയും ചെയ്യുന്നു. വളരെ ദൂരത്തേയ്ക്കു് വെടിവെക്കുവാൻ തക്ക തോക്കുകരം പട്ടാളക്കാർ കൈവശംവെയ്ക്കാൻ തുടങ്ങിയതിന്നു ശേഷം മാപ്പിളമാരുടെ വെടി പട്ടാളക്കാരിൽ അത്ര ഫലിക്കാറില്ല. പക്ഷേ, അറുപതും എഴുപതും സംവത്സരങ്ങരംക്കു മുമ്പു് നടന്ന ലഹളകളിൽ ലഹളക്കാരോടു എതിർക്കുവാൻ ധൈര്യമില്ലാതെ ശിപ്പായികരം ഓടിപ്പോയതും പട്ടാളക്കാർ പരാജിതരായതും അത്ര അസാധാരണമായിരുന്നില്ല.

ലഹളക്കൊരുങ്ങുന്ന മാപ്പിളമാർ ഹിന്ദുക്കളെ പല വിധത്തിൽ ദ്രോഹിക്കാറുണ്ടെന്നു മുമ്പു് പറഞ്ഞുവല്ലൊ. എന്നാൽ സാധാരണയായി അന്യമതസ്ഥന്മാർ അപരാധികളെന്നോ നിരപരാധികളെന്നോ ലഹളക്കാർ അത്ര ഗുണദോഷവിവേചനം ചെയ്യാറു് പതിവില്ലെങ്കിലും തങ്ങരംക്കു് സ്നേഹവും ബഹുമാനവും ഉള്ള ഹിന്ദുക്കളെ യാതൊരുവിധത്തിലും ദ്രോഹിക്കാതെ അവർ രക്ഷിച്ചതായും ദൃഷ്ടാന്തങ്ങളുണ്ടു്. ഏറനാടു താലൂക്കിൽ പന്തലൂർ എന്ന പ്രദേശമാണു് മാപ്പിളലഹളകളുടെ കേന്ദ്രസ്ഥാനം. ഈ പ്രദേശത്തെ ബാധിക്കാത്തതായ ലഹളകരം അധികമുണ്ടായിട്ടില്ല. ലഹളമൂലം അവിടത്തെ ഹിന്ദുക്കരം അനുഭവിച്ചേടത്തോളം സങ്കടങ്ങരം മറെറങ്ങും ഹിന്ദുക്കരം അനുഭവിച്ചിട്ടില്ല. കൊല്ലംതോറും അവരിൽ ചിലരെങ്കിലും ലഹളക്കാരുടെ വാളിന്നും അവരുടെ വീടുകരം അഗ്നിദേവന്നും ഇരയാകാതിരിക്കാറില്ല. അവിടത്തെ ഹിന്ദുക്കരം മിക്കവാറും ദരിദ്രന്മാരാണു്. ഒരു കുടുംബം മാത്രമേ ധനികന്മാരെന്ന പേരിന്നു് അർഹതയുള്ളതായി അവിടെ ഉണ്ടായിരുന്നുള്ളൂ. ആ തറവാട്ടിൽ വളരെ ധർമ്മിഷ്ഠനും സൽസ്വഭാവിയുമായ ഒരു കാരണവർ ഉണ്ടായിരുന്നു. അയാളുടെ അനന്തരവന്മാരിൽ ചിലരോടു് മാപ്പിളമാർക്കു് കഠിന വിരോധമുണ്ടായിരുന്നു. ഏതു ലഹളയിലും ആ അനന്തരവന്മാരെ തേടിപ്പിടിച്ചു കൊല്ലുവാൻവേണ്ടി ലഹളക്കാർ ആ വീട്ടിൽ ചെല്ലുക പതിവാണു്. എന്നാൽ ലഹളക്കാരെ ഭയപ്പെട്ടു ആ വീട്ടുകാർ എങ്ങും ഓടിപ്പോവുക പതിവുണ്ടായിരുന്നില്ല. മാപ്പിളമാർക്കു് വിരോധമുള്ള അനന്തരവന്മാർ മാത്രം ലഹള ആരംഭിച്ചുവെന്നു

കേട്ടാൽ ഒളിച്ചു രക്ഷ പ്രാപിക്കുകയും ശേഷം കുട്ടികളും സ്ത്രീകളും ആരും വീടു വിട്ടുപോകാതെ അവിടെ തന്നെ താമസിക്കുകയുമാണ് പതിവ്. തങ്ങൾ കൊല്ലുവാൻ വേണ്ടി ചെല്ലുന്ന അനന്തരവൻ വീട്ടിൽ ഇല്ലെന്നു കാരണവൻ പറയുന്ന വാക്കിനെ ലഹളക്കാർ വിശ്വസിച്ചു യാതൊരു ഉപദ്രവവും വീട്ടുകാർക്ക് ചെയ്യാതെ അവിടത്തെ സ്ത്രീകൾ വിളമ്പിക്കൊടുക്കുന്ന ഭക്ഷണവും കഴിച്ച് കാരണവരോടു യാത്രയും പറഞ്ഞു അടുത്തുള്ള വീടുകൾ നശിപ്പിക്കുവാൻ പോവുക സാധാരണ ഒരു പതിവായിരുന്നു. വളരെ നിരപരാധികളെ ഉപദ്രവിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന കൂട്ടത്തിൽ തങ്ങൾക്ക് സ്നേഹവും ബഹുമാനവും ഉള്ള ഹിന്ദുക്കളെ അവർ ഉപദ്രവിച്ചിട്ടുണ്ടായിരുന്നില്ല എന്നുള്ളതിനു മേൽപറഞ്ഞ സംഗതി ഒരു ഉത്തമ ദൃഷ്ടാന്തമാണ്.

പക്ഷേ, വളരെ വിശ്വസ്തന്മാരായ പല മാപ്പിളമാരും ലഹളയിൽ ചേർന്നു തങ്ങളുടെ നേരെ പല അക്രമങ്ങളും പ്രവർത്തിച്ചിട്ടുള്ള അനുഭവംകൊണ്ട് ലഹളപ്രദേശങ്ങളിലുള്ള ഹിന്ദുക്കൾ ലഹളക്കാലത്ത് മാപ്പിളമാരെ അത്ര വിശ്വസിക്കാറു പതിവില്ല. ലഹള കഴിഞ്ഞതിന്നുശേഷവും ഈ അവിശ്വാസം അവരുടെ മനസ്സിൽ വേരൂന്നിക്കിടക്കുന്നു. എങ്കിലും ഏറനാട്ടിലുള്ള ഹിന്ദുക്കളും മാപ്പിളമാരും സമാധാനകാലങ്ങളിൽ വളരെ യോജിപ്പോടുകൂടിത്തന്നെയാണ് പെരുമാറിവരാറുള്ളത്. ഈ വലിയ കലാപമെല്ലാം കഴിഞ്ഞിട്ടുപോലും ഉൾപ്രദേശങ്ങളിൽ ഇപ്പോൾ ചെന്നുനോക്കിയാൽ ഈ രണ്ടു സമുദായങ്ങൾ തമ്മിൽ വല്ല തകരാറും ഉണ്ടായതായി യാതൊരു ചിഹ്നവും കാണുകയില്ല. പഞ്ചാബിൽ നടക്കുന്ന മാതിരി മാപ്പിളയെന്നുവെച്ച് ഹിന്ദു മാപ്പിളയെ ബഹിഷ്ക്കരിക്കയോ ഹിന്ദുവെന്നുവെച്ച് മാപ്പിള ഹിന്ദുവിനെ അകററി നിർത്തുകയോ ചെയ്യുന്നതായി ലഹളസ്ഥലങ്ങളിൽ കാണുകയില്ല. ലഹള കഴിഞ്ഞ ഉടനെ ഒരു ദിക്കിൽ ചില ഹിന്ദുക്കൾ മാപ്പിളമാരേയും മറെറാരു ദിക്കിൽ ചില മാപ്പിളമാർ ഹിന്ദുക്കളേയും ബഹിഷ്കരിച്ചതായി ഞാൻ കേട്ടിട്ടുണ്ട്. പക്ഷേ, ആയവ സാധാരണ പതിവിനെ സ്ഥിരപ്പെടുത്തുന്ന വ്യത്യസ്തങ്ങൾ മാത്രമായിരുന്നു. ഈ കാര്യത്തിൽ ലഹളസ്ഥലങ്ങളിലെ ഹിന്ദുക്കളേയും മാപ്പിളമാരേയും നാം അഭിനന്ദിക്കേണ്ടതാണ്. അഥവാ കലഹത്തിൻെറ ഈ അഭാവം ഒരു വർഗക്കാരുടെ ദൌർബ്ബല്യം കൊണ്ടായിരിക്കാം. എങ്കിലും മനസ്സിൽ കറവെച്ചു ദ്രോഹിക്കാതിരിക്കുന്നത് നല്ല ലക്ഷണംതന്നെയെന്നതിന്ന് സംശയമില്ല.

# മുമ്പു കഴിഞ്ഞ ലഹളകൾ

മുമ്പു കഴിഞ്ഞ മാപ്പിളലഹളയുടെ സ്വഭാവത്തെപ്പററിയും അവയ്ക്കു പൊതുവിൽ ഹേതുക്കളായ സംഗതികളെപ്പററിയും അവ നിമിത്തം ഹിന്ദുക്കളും മാപ്പിളമാരും തമ്മിലുള്ള ബന്ധത്തിന്നു നേരിട്ടിട്ടുള്ള ശൈഥില്യത്തെപ്പററിയും കഴിഞ്ഞ ലേഖനത്തിൽ വിവരിച്ചു. മേപ്പടി ലഹളകളുടെ ചുരുങ്ങിയ ഒരു ചരിത്രവും കൂടെ സന്ദർഭോചിതമായേക്കാം.

മാപ്പിളമാർക്കുള്ള ഉത്സവങ്ങളിൽവെച്ച് ഏററവും പ്രധാനമായിട്ടുള്ളതാണ് മലപ്പുറത്തുവെച്ചു കൊല്ലംതോറും വേനൽക്കാലത്ത് നടത്തിവരാറുള്ള സെയ്യിദന്മാരുടെ നേർച്ച. സാമൂതിരിരാജാവിൻെറ സേനാനികളിൽവെച്ചു അഗ്രഗണ്യനായിരുന്ന പാറനമ്പിയുടെ തലസ്ഥാനമായിരുന്നു ഏറനാടുതാലൂക്കിൽ മലപ്പുറം എന്ന പ്രദേശം. സാമൂതിരിരാജാവിൻെറ കീഴിൽ പല വലിയ ഉദ്യോഗങ്ങളും മാപ്പിളമാർ വഹിച്ചിരുന്ന പ്രകാരംതന്നെ പാറനമ്പിയുടെ കീഴിലും ഭാരവാഹിത്വമുള്ള പല ഉദ്യോഗങ്ങളും മാപ്പിളമാർക്ക് കൊടുത്തിട്ടുണ്ടായിരുന്നു. മലപ്പുറത്തുള്ള ചില പഴയ മാപ്പിള കുടുംബങ്ങളുടെ പേരുകൾതന്നെ ഈ ഉദ്യോഗങ്ങളെ സൂചിപ്പിക്കുന്നുണ്ട്. പണ്ടാരറക്കൽ, പട്ടാരപ്പെട്ടി മുതലായ തറവാട്ടുകാരായിരുന്നു പാറനമ്പിയുടെ ഖജാന സൂക്ഷിപ്പുകാർ. ആദ്യകാലങ്ങളിൽ മാപ്പിളമാർ ഏറനാട്ടിൽ വന്നു കുടിയേറി പാർത്തതുതന്നെ പാറനമ്പിയുടെ ആശ്രിതന്മാരുടെ നിലയിലായിരുന്നു. ഇങ്ങനെ വന്നു താമസിച്ചിരുന്ന മാപ്പിളമാരുടെ സൗകര്യത്തിനുവേണ്ടി പള്ളി കെട്ടുവാനും മററും സ്ഥലം പാറനമ്പി കൊടുക്കുകയും മാപ്പിളമാർ പള്ളി കെട്ടുകയും ചെയ്തിട്ടുണ്ടായിരുന്നു. പക്ഷേ, 19–ാം നൂററാണ്ടിൻെറ ആരംഭകാലത്ത്, മേപ്പടി പള്ളി സംബന്ധമായി പാറനമ്പിയും മാപ്പിളമാരും തമ്മിൽ ചില തർക്കമുണ്ടാവുകയും പള്ളി പൊളിക്കുവാനോ മറേറാ പാറനമ്പി ചില ശ്രമങ്ങൾ ചെയ്കയും ചെയ്തു. ഇതു കണ്ടപ്പോൾ മാപ്പിള സമുദായം ആകപ്പാടെ ഒന്നിളകി. പാറനമ്പിയുമായി കൂട്ടിമുട്ടി. പാറനമ്പിയുടെ സൈന്യവും മാപ്പിള

മാരും തമ്മിൽ വമ്പിച്ച ഒരു യുദ്ധം നടന്നു. ആ യുദ്ധത്തിൽ മാപ്പിളമാരുടെ ഭാഗത്ത് നാല്പത്തിഏഴ് പേർ ''സൈസ്ലാ''യി. ഈ സെയ്ലാക്കന്മാരുടെ വീരകൃത്യത്തെ പ്രശംസിച്ചുകൊണ്ടുള്ള പാട്ടുകളാണ് മുമ്പു പ്രസ്താവിച്ചതും, ഏതു മാപ്പിളയുടെയും മനസ്സിനെ ഇളക്കുന്നതും ആയ പാട്ടുകൾ. ഈ നാല്പത്തിയേഴു സെയ്ലാക്കന്മാരുടെ ഓർമ്മയ്ക്കുവേണ്ടി നടത്തിവരുന്നതാണ് മലപ്പുറം നേർച്ച. ഇത്ര ആളുകൾ ഒരുമിച്ചു കൂടുന്ന മറെറാരു ഉത്സവം കേരളത്തിൽ എങ്ങും ഇല്ല. ഏറനാടു, വള്ളുവനാടു ഈ താലൂക്കിൽ രോഗംകൊണ്ടോ വാർദ്ധക്യംകൊണ്ടോ അവശരായിട്ടില്ലാത്ത മാപ്പിളമാരിൽ 100ന്ന് 90 കണ്ടു മലപ്പുറം നേർച്ചയ്ക്ക് എത്തിച്ചേരും. പുറംദിക്കുകളിൽനിന്നും അസംഖ്യം മാപ്പിളമാർ നേർച്ചയ്ക്ക് ചെന്നുചേരും. ഒരു കടലുപോലെ മനുഷ്യസമൂഹത്തെ കാണേണമെങ്കിൽ മലപ്പുറം നേർച്ചയ്ക്ക് പോയാൽ മതി. മതത്തിന്നുവേണ്ടി മരിച്ചവരെപററി മാപ്പിളസമുദായത്തിന്നുള്ള അഭിമാനത്തിൻെറ ഒരു പ്രത്യക്ഷദൃഷ്ടാന്തമാണ് മലപ്പുറത്തെ നേർച്ച. ഈ അഭിമാനം ചിലപ്പോൾ അന്ധവിശ്വാസത്തിൻെറ സഹായത്തോടുകൂടി കരകവിഞ്ഞു മതഭ്രാന്തായി കലാശിക്കാതിരുന്നുവെങ്കിൽ എത്ര മഹത്തരമായി അന്യമതസ്ഥർക്കുകൂടി തോന്നുമായിരുന്നു! വിദ്യാഭ്യാസംകൊണ്ടും ലോകപരിചയംകൊണ്ടും ഈ ദോഷം കാലക്രമേണ നീങ്ങുമെന്ന് നമുക്കു സമാശ്വസിക്കാം.

മലപ്പുറം നേർച്ചയ്ക്ക് കാരണമായിത്തീർന്ന ഈ സംഭവത്തിനു ശേഷം ക്രി. അ. 1836-ാം സംവത്സരത്തിലാണ് മാപ്പിളലഹളയെപ്പററി നാം കേൾക്കുന്നത്. ഏറനാടു ദേശക്കാരനായ കല്ലങ്ങൽ കുഞ്ഞോലൻ എന്ന ഒരാൾ കണിശൻ ചക്കുപ്പണിക്കർ എന്ന ഒരാളെ കൊല്ലുകയും വേറെ മൂന്നു പേരെ മുറിപ്പെടുത്തുകയും ചെയ്തതിനുശേഷം നെന്മിനി മലയിൽ സങ്കേതം പ്രാപിച്ചു. അവിടെവെച്ചു താസിൽദാരും ശിപായിമാരും അയാളെ വെടിവെച്ചു കൊന്നു.

1836-ന്നും 1853-ന്നും മദ്ധ്യേയാണ് ലഹളയുടെ മൂർദ്ധന്യകാലം. പതിനെട്ട് കൊല്ലത്തിന്നുള്ളിൽ ആകെ ഇരുപത്തിരണ്ട് ലഹളകൾ ഉണ്ടായിട്ടുണ്ട്. അവയിൽ ആദ്യത്തെ ആറ് ലഹളകൾ അത്ര സാരമുള്ളവയായിരുന്നില്ല. ചെങ്ങര, മങ്കട പള്ളിപ്പുറം, ഇരുമ്പുഴി മുതലായ സ്ഥലങ്ങളിലാണ് ഈ ലഹളകൾ നടന്നത്. മങ്കട പള്ളിപ്പുറം എന്ന പ്രദേശം, മലപ്പുറം ബാറക്കിൽനിന്ന് രണ്ടു

നാഴിക വിട്ടതും ഏതാനും നമ്പൂതിരിമാരുടെ ഇല്ലങ്ങൾ ഉള്ളതും ആയ ഒരു സ്ഥലമാണ്. ഈ സ്ഥലത്തുനിന്ന് പന്തലൂർക്ക് നാലുനാഴിക ദൂരമേയുള്ളൂ. 1841–ൽ ഉണ്ടായ ലഹളയിൽ അവിടത്തെ ഒരു നമ്പൂതിരിയേയും ജന്മി യായ പെരുമ്പള്ളി നമ്പൂതിരിയേയും മററും ലഹളക്കാർ കൊല്ലുകയും നമ്പൂതിരിയുടെ ആശ്രിതന്മാരായ ചില ഹിന്ദുക്കളുടെ പുര ചുട്ടു നശിപ്പിക്കുകയും ചെയ്തു. അതിന്നുശേഷം അവർ നമ്പൂതിരിയുടെ ഇല്ലത്തു താമസം ഉറപ്പിക്കുകയും അവിടെവെച്ചു പട്ടാളക്കാർ അവരെ വെടി വെച്ചു കൊല്ലുകയുംചെയ്തു. ഈ ലഹളക്കാരിൽ പ്രധാനി കുഞ്ഞോലൻ എന്നൊരാളായിരുന്നു. കുഞ്ഞോലൻെറ കൈവശമുണ്ടായിരുന്ന ഒരു പറമ്പ് ജന്മി മേൽക്കാണം കൊടുത്ത് മേച്ചാർത്തുകാരൻ ഒഴിപ്പിച്ച നിമിത്തമായി രുന്നു ഈ ലഹളയുണ്ടായത്.

1841–ൽതന്നെ മററൊരു ലഹള ഉണ്ടായി. മൊയ്തീൻ കുട്ടി എന്ന ഒരു മാപ്പിള താച്ചുപ്പണിക്കർ എന്നൊരാളെ കൊന്നു. ഒരു പള്ളിയിൽ സങ്കേതം ഉറപ്പിച്ചു. വേറെ ചില മാപ്പിളമാരും അയാളുടെ കൂട്ടത്തിൽ കൂടി. അവിടെ വെച്ച് നാട്ടുപട്ടാളക്കാർ അവരോട് എതിർക്കയും ലഹള ക്കാർ പട്ടാളത്തിൻെറ നേരെ പാഞ്ഞുചെല്ലുന്ന അവസര ത്തിൽ പട്ടാളക്കാർ അവരെ വെടിവെച്ചു കൊല്ലുകയും ചെയ്തു. ഈ ലഹളയ്ക്ക് കാരണം പള്ളിയ്ക്കു ചുററും ഒരു കന്മതിൽ കെട്ടുന്നതിനെ മേപ്പടി താച്ചുപ്പണിക്കർ തടസ്സം ചെയ്തതായിരുന്നു.

1843–ൽ ഉണ്ടായ ഒരു ലഹളയിൽ കണ്ണഞ്ചേരി ആലി അത്തനും വേറെ അഞ്ചു പേരും കൂടി തിരൂരങ്ങാടി അധി കാരിയായിരുന്ന കപ്രാട്ട് കൃഷ്ണപ്പണിക്കർ എന്ന ആളെ കൊന്ന് ചേറൂർ അംശത്തിലുള്ള ഒരു നായരുടെ വീട്ടിൽ കയറി. സുമാർ അറുപതോളം പട്ടാളക്കാർ അവരെ എതിർത്തു; പക്ഷേ, മാപ്പിളമാർ മരണത്തിൽ കൂസലി ല്ലാതെ പട്ടാളക്കാരുടെ നേരെ പാഞ്ഞുചെല്ലുന്നതു കണ്ട പ്പോൾ പട്ടാളക്കാർ പരിഭ്രമിച്ചു ഓട്ടമായി. ഇതുനിമിത്തം ഒരു സുബേദാരും മൂന്നു പട്ടാളക്കാരും മരണപ്പെടുകയും കേപ്ടൻ ലീസർക്കും അഞ്ച് പട്ടാളക്കാർക്കും ഏഴു ശിപാ യിമാർക്കും കഠിനമായ മുറി പററുകയും ചെയ്തു.

ഏറനാട്ടിൽ പടിഞ്ഞാറൻ ദിക്കുകളിൽ മാപ്പിള ലഹള കൾ അധികം ഉണ്ടാവാറില്ല. എങ്കിലും മേൽവിവരിച്ച ലഹള അവിടെയാണ് നടന്നത്. 1843–ൽ ഉണ്ടായ മററൊരു

ലഹളയിൽ പാണ്ടിക്കാട്ട് ഒരു പ്രധാന ജന്മിയായ കറുകമണ്ണ മൂസ്സിനെ ലഹളക്കാർ കൊല്ലുകയും ക്ഷേത്രങ്ങളെ നാശപ്പെടുത്തുകയും ബിംബങ്ങാം ഉടയ്ക്കുകയും ചെയ്തു. ലഹളക്കാരായി പത്തുപേർ മാത്രമേ ഉണ്ടായിരുന്നുള്ളൂവെങ്കിലും അവരോടു എതിരിട്ട ഇരുനൂറ് പട്ടാളക്കാരുടെ നടുവിലേയ്ക്ക് അവർ പാഞ്ഞുചെന്ന് ഒരു നായകനെ കൊന്നു. അവസാനം എല്ലാവരും മരിക്കുകയും ചെയ്തു.

1849—ൽ ഉണ്ടായ മററൊരു ലഹളയാണ്, അക്കാലത്ത് നടന്ന ലഹളകളിൽവെച്ച് ഏററവും ഗൗരവമായിത്തീർന്നത്. തോരങ്ങൽ അത്തൻ, അത്തൻ കുരിക്കാം എന്നിവരും വേറെ ചില മാപ്പിളമാരുംകൂടി മരനാടു നമ്പൂതിരിപ്പാടിൻെറ ഒരു ഭൃത്യനേയും ഒരു തിയ്യനേയും കൊന്നു മഞ്ചേരിയിലുള്ള കുന്നത്തമ്പലത്തിൽ കയറി ക്ഷേത്രം ഏതാനും നശിപ്പിച്ചു. ലഹളക്കാർ എല്ലാവരുംകൂടി മുപ്പത്തിരണ്ടു പേരോളം ഉണ്ടായിരുന്നു. 43—ാം റജിമെൻറ് നാട്ടുപട്ടാളത്തോടുകൂടി കേപ്ററൻ വാട്ട് മലപ്പുറത്തുനിന്ന് മഞ്ചേരിക്ക് മാർച്ച് ചെയ്യുകയും എൻസൈൻവൈസ് എന്നാളെ ഒരു കമ്പനിയോടുകൂടി മഞ്ചേരി താലൂക്ക് കച്ചേരിക്കും കുന്നത്തമ്പലത്തിന്നും മദ്ധ്യേയുള്ള പാടത്തുകൂടി ലഹളക്കാരോട് എതിർക്കുവാൻ കല്പന കൊടുത്തയക്കുകയും ചെയ്തു. ശേഷം പട്ടാളക്കാർ തുക്കിടി, കേപ്ടൻ ഇവരോടു കൂടി കച്ചേരിക്കുന്നിന്മേൽ തന്നെ റിസർവായി നിന്നു. ലഹളക്കാരിൽ ഏതാനുംപേർ എൻസൈൻവൈസിൻെറ നേരെ പാഞ്ഞെത്തി. മുമ്പിൽ വന്ന ലഹളക്കാരനെ വൈസ് കൊന്നു. പക്ഷേ, കൂടെ ഉണ്ടായിരുന്ന പട്ടാളക്കാരിൽ നാല് പേർ ഒഴികെ ശേഷമുള്ള പട്ടാളക്കാർ എല്ലാം പേടിച്ചു പിന്നോക്കം ഓടുകയാൽ എൻസൈൻ വൈസും നാല് പട്ടാളക്കാരും ലഹളക്കാരാൽ മരണപ്പെടുകയാണ് ഉണ്ടായത്. ഇതു കണ്ടപ്പോാം കച്ചേരി കുന്നിന്മേൽ നില്ക്കുന്ന പട്ടാളക്കാരും ഓട്ടമായി. ലഹളക്കാർ ഇതു കഴിഞ്ഞതിനുശേഷം മഞ്ചേരിനിന്നു അങ്ങാടിപ്പുറം ഭഗവതിക്ഷേത്രത്തിലേയ്ക്കു പോയി. അതിന്നിടയിൽ കണ്ണൂർ നിന്നു വേറെ പട്ടാളം എത്തി. അവർ ലഹളക്കാരെ പിന്തുടർന്നു. കോഴിക്കോട്ടു നിന്ന് പെരിന്തൽമണ്ണയ്ക്കുള്ള റോഡിൽ 41—ാം നാഴികക്കല്ലിൻെറ അടുത്തുവെച്ചു ലഹളക്കാരും പട്ടാളക്കാരും തമ്മിൽ കൂട്ടിമുട്ടി. മഞ്ചേരി വെച്ച് പട്ടാളം തോററു ഓടിയതിനു ശേഷം ലഹളക്കാരുടെ എണ്ണം വർദ്ധിച്ച് അറുപത്തിനാലോളം ആയിരുന്നു. ഇവർ പട്ടാളത്തിന്നുനേരെ കുതിച്ചു പാഞ്ഞെത്തി. പട്ടാളക്കാരുടെ ബയനററിന്മേൽ വന്നു

വീണു. തങ്ങളുടെ കൈവശമുണ്ടായിരുന്ന വാളുകൊണ്ടു പട്ടാളക്കാരെ എതിർത്തു. മുറിയേററു വീണിട്ടുപോലും ഈ ലഹളക്കാർ പിൻമാറാതെ മുട്ടിന്മേൽ നിന്നു പട്ടാളക്കാരുമായി പൊരുതി. അരമണിക്കൂർ നേരംകൊണ്ട് അറുപത്തിനാല് പേരും സിദ്ധികൂടുകയും ചെയ്തു. ഈ കൂട്ടത്തിൽ മഞ്ചേരിവെച്ചു ഏഴ് ദിവസം മുമ്പുണ്ടായ യുദ്ധത്തിൽ തുടമുറിഞ്ഞുപോയിരുന്ന ഒരു മാപ്പിയുമുണ്ടായിരുന്നു. അയാളെ എടുത്തുകൊണ്ടാണ് ലഹളക്കാർ മഞ്ചേരി നിന്നു കൊണ്ടുപോന്നിരുന്നത്. അയാരം ഈ ദിവസങ്ങളിൽ അനുഭവിച്ച വേദന എത്രമാത്രമായിരുന്നുവെന്നു വർണ്ണിപ്പാൻ പ്രയാസം. എങ്കിലും യുദ്ധസമയത്ത് നൊണ്ടി നൊണ്ടിക്കൊണ്ടു ശത്രുക്കളെ ഒരു വെട്ടെങ്കിലും വെട്ടി മരിക്കുവാനുള്ള അതിമോഹത്തോടുകൂടി അയാളും കൂട്ടത്തിൽ പൊരുതുവാൻ കൂടിയിരുന്നു. ഈ യുദ്ധത്തിൽ പട്ടാളക്കാർക്ക് വലിയ ആരംനഷ്ടം പിണഞ്ഞില്ല. രണ്ടു പട്ടാളക്കാർ മാത്രം മരണപ്പെടുകയും രണ്ടു ഉദ്യോഗസ്ഥന്മാർക്കും നാലു പട്ടാളക്കാർക്കും കഠിനമായ മുറി പററുകയും ചെയ്തു.

1851—ൽ ഉണ്ടായ മറെറാരു ലഹളയാണ് കുളത്തൂർലഹളയെന്നു കുപ്രസിദ്ധി നേടിയ ലഹള. ഈ ലഹളയിൽ പല ഹിന്ദുക്കളേയും ലഹളക്കാർ കൊല്ലുകയും പല വീടുകളും തീവെച്ചു നശിപ്പിക്കുകയും ചെയ്തതിന്നു ശേഷം കുളത്തൂർ വാരിയരുടെ വാരിയത്തേയ്ക്കു ഇവർ പുറപ്പെട്ടു. വാരിയർ ഒരു പള്ളികെട്ടുന്ന കാര്യത്തിൽ എന്തോ വിരോധമായി ചിലത് പ്രവർത്തിച്ചിരുന്നു. ലഹളക്കാർ വാരിയത്ത് എത്തി. സ്ത്രീകളോടും കുട്ടികളോടും വീടുവിട്ടു പോകുവാൻ പറഞ്ഞു. അവരും വാരിയരുടെ രണ്ട് അനന്തരവൻമാരും രക്ഷപ്പെട്ടു. മൂപ്പിൽവാരിയർക്കു 79 വയസ്സു പ്രായമായിരുന്നു. അയാരം ഒരു മുറിയിൽ അടച്ചിരുപ്പായി. അപ്പോഴേയ്ക്ക് അവിടത്തുകാരായ ചില ഹിന്ദുക്കരം അപ്രദേശക്കാരായ മാപ്പിളമാരെ ശരണം പ്രാപിച്ചു. മാപ്പിളമാർ അമ്പതുപേരോളം വാരിയത്ത് എത്തി. പക്ഷേ, ഈ വന്നവരിൽതന്നെ ചിലർ ലഹളക്കാരോടുകൂടി ചേർന്നു വാരിയരെ ഉപദ്രവിക്കാൻ കൂടുകയാണ് ചെയ്തത്. വാരിയർ ചെറുപ്പംമുതല്ക്കുതന്നെ വളർത്തിക്കൊണ്ടുവന്ന ഒരു മാപ്പിളയായിരുന്നു അയാരം ഒളിച്ചിരുന്ന സ്ഥലം ലഹളക്കാർക്ക് കാണിച്ചുകൊടുത്തതും ലഹളക്കാർ പോയെന്ന് ഉപായം പറഞ്ഞു വാരിയരെ പുറത്തു വരുത്തിയതും. വാരിയരെ അടുത്തുള്ള പാടത്ത് ഇട്ടു വെട്ടിക്കൊന്നു. കുളത്തൂർവെച്ചു

ണ്ടായ ഈ സംഭവമാണ് മാപ്പിളമാരെപ്പററി ഹിന്ദുക്കളുടെ മനസ്സിൽ അവിശ്വാസം ജനിപ്പിക്കുന്നതിന്നു പ്രധാനമായി സഹായിച്ചിട്ടുള്ളത്.

ഈ ലഹളക്കാരോടു എതിർക്കുവാൻ അയച്ച പട്ടാളക്കാർ ലഹളക്കാർ ഉണ്ടായിരുന്ന വീട്ടിൻെറ നേരെ ഏതാനും വെടികാം വെച്ചപ്പോാം ലഹളക്കാരിൽ ഒമ്പതുപേർ പട്ടാളക്കാരുടെ നേരെ പാഞ്ഞെത്തി. മുന്നണിയിൽ ഉണ്ടായിരുന്ന പട്ടാളക്കാർ ഭയപ്പെട്ടു പുറകോട്ടു ഓടി. പിന്നിലുള്ളവരും പരിഭ്രമിച്ച് ഓട്ടമായി. ലഹളക്കാർ ഇവരെ പിന്തുടർന്നു; മൂന്നാളെ കൊന്നു; പട്ടാളക്കാരുടെ കൈവശത്തിലുള്ള വളരെ തോക്കുകാം കൈവശപ്പെടുത്തി. ഇതിന്നു ശേഷം കോഴിക്കോട്ടുനിന്നു വേറെ പട്ടാളം വന്നു. ലഹളക്കാരുമായി ഏററുമുട്ടിയതിൽ ആദ്യം അവരും ഭയപ്പെട്ടു പിന്നോക്കം വെച്ചുവെങ്കിലും രണ്ടാമതും ധൈര്യപ്പെട്ട ലഹളക്കാരോടു എതിർക്കയും ലഹളക്കാരെ കൊല്ലുകയും ചെയ്തു. പക്ഷേ, ഈ യുദ്ധത്തിലും നാലു യൂറോപ്യൻ പട്ടാളക്കാരും ഒരു നാട്ടുകാരൻ സുബേദാരും മരണപ്പെട്ടു.

1851—ൽ വടക്കേ മലയാളത്തിൽ കോട്ടയം താലൂക്കിൽ ഒരു മാപ്പിളലഹള നടന്നു. കളത്തിൽ കേശവൻ തങ്ങാം എന്ന പ്രമാണിയായ ഒരു ഹിന്ദു ജന്മിയുടെ വീടിനെ എട്ടൊമ്പത് ലഹളക്കാർ കൂടി വളഞ്ഞു. ആ വീട്ടിൽ ഉണ്ടായിരുന്ന പതിനെട്ടുപേരെ ലഹളക്കാർ കൊന്നു. അതിന്നു ശേഷം ചില ക്ഷേത്രങ്ങളെ ലഹളക്കാർ നശിപ്പിക്കുകയും വേറെയും ചിലരെ കൊല്ലുകയും ചെയ്തതിന്നുശേഷം കല്യാട്ട് ചാത്തുക്കുട്ടിനമ്പ്യാരുമായി ഏററുമുട്ടി. അതിനിടയിൽ ഇവരുടെ നേരെ യുദ്ധത്തിന്നായി കണ്ണൂരിൽ നിന്നു പട്ടാളം പുറപ്പെട്ടു. പക്ഷേ, പട്ടാളം എത്തുന്നതിന്നുമുമ്പായി കല്യാട്ടു നമ്പ്യാരുടെ ആാംക്കാർ ലഹളക്കാരെ കൊന്നു. ഹിന്ദുക്കാം ലഹളക്കാരുമായി പൊരുതി ലഹളക്കാരെ നശിപ്പിച്ചതിന്ന് ഈ ദൃഷ്ടാന്തം മാത്രമേ 1836—നു ശേഷം മാപ്പിളലഹളകളുടെ ചരിത്രത്തിൽ കാണുകയുള്ളൂ. അതു വടക്കെ മലബാറിൽ ആയിരുന്നുതാനും.

# തൃക്കളൂർസംഭവം

1836 മുതൽ 1852 വരെയുണ്ടായ ലഹളകളുടെ ചരിത്രമാണല്ലോ കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ചത്. മാപ്പിള ലഹളകൾ ഇത്ര അധികമായി വർദ്ധിച്ച അക്കാലത്ത് മലബാർ കലക്ടരായിരുന്ന മിസ്റ്റർ കൊനോല്ലി ലഹളയുടെ കാരണങ്ങളെപ്പററിയും മററും പൊതുവിൽ ഒരന്വേഷണം നടത്തുവാൻ ഗവർമ്മെണ്ടു ഒരു കമ്മിററിയെ നിശ്ചയിക്കേണ്ടതാണെന്നു ഗവർമ്മേണ്ടിലേയ്ക്ക് റിപ്പോർട്ടു ചെയ്തു. ഗവർമ്മേണ്ട് ഈ അഭിപ്രായത്തെ സ്വീകരിക്കുകയും മലബാറിൽ ഡിസ്ട്രിക്ട് ജഡ്ജിയായി പ്രവൃത്തി എടുത്തിരുന്ന സ്ട്രേഞ്ച് എന്ന ആളെ അക്കാര്യത്തിൽ ഒരു സ്പെഷ്യൽ കമ്മീഷണറായി നിശ്ചയിക്കുകയും ചെയ്തു. അക്കാലത്ത് മാപ്പിളമാരുടെ ഇടയിൽ അവരുടെ അളവററ ഭക്തിവിശ്വാസത്തിന്ന് പാത്രമായി തിരൂരങ്ങാടിയിൽ ഒരു തങ്ങളുണ്ടായിരുന്നു. അമാനുഷമായ പലേ ശക്തികളും ഈ തങ്ങൾക്കുണ്ടെന്നു മാപ്പിളമാർ പരക്കെ വിശ്വസിച്ചുവരികയും ചെയ്തിരുന്നു. ലഹളയ്ക്ക് ഒരുങ്ങുന്ന മാപ്പിളമാരെല്ലാം സെയ്ത് ഫസൂൽ എന്നു പേരായ ഈ തങ്ങളുടെ അനുഗ്രഹം വാങ്ങീട്ടാണ് ലഹളയ്ക്ക് ഒരുങ്ങാറുള്ളതെന്നായിരുന്നു ഗവർമ്മെണ്ടിന്നുണ്ടായിരുന്ന അറിവും വിശ്വാസവും. ഈ കാരണങ്ങളാൽ തങ്ങളെപ്പററി പ്രത്യേകമായ അന്വേഷണം നടത്തി റിപ്പോർട്ടു ചെയ്യേണ്ടതാണെന്നുകൂടി ഗവർമ്മേണ്ടു മിസ്റ്റർ സ്ട്രേഞ്ചിനെ ഉപദേശിച്ചു. പക്ഷേ, മി. സ്ട്രേഞ്ചിന്ന് ഈ കാര്യത്തിൽ വിശേഷിച്ചൊന്നും പ്രവർത്തിക്കേണ്ടതായി വന്നില്ല. കലക്ടർ മിസ്റ്റർ കൊനോല്ലിയും തങ്ങളുമായി ചില ആലോചനകൾ നടന്നതിൻെറ ഫലമായി തങ്ങൾ മലബാർ വിട്ടു അറേബ്യയിലേയ്ക്ക് പോയ്ക്കൊള്ളാമെന്നു സമ്മതിച്ചു. തങ്ങൾ പോകുവാൻ തീർച്ചപ്പെടുത്തിയ വിവരം മാപ്പിളമാർക്ക് അറിവാൻ ഇടവന്നപ്പോൾ പോകുന്ന ദിവസത്തേയ്ക്ക് അനേകം ജനങ്ങൾ തിരൂരങ്ങാടിയിലും പരപ്പനങ്ങാടിയിലും തടിച്ചുകൂടി. കലക്ടരോടു താൻ ചെയ്ത വാഗ്ദത്തത്തെ നിറവേററുവാൻ തങ്ങൾ കഴിയുന്നത്ര ശ്രമിച്ചു എന്നുമാത്രമല്ല, കോഴിക്കോട്ടുനിന്നു കപ്പൽ കയറുന്നതായാൽ അവിടെ എത്തുമ്പോഴേയ്ക്ക്

അനവധി പുരുഷാരം തന്നെ പിന്തുടർന്നേക്കാൻ ഇടയു ണ്ടെന്നു കരുതി തങ്ങരം പരപ്പനങ്ങാടിനിന്നുതന്നെ ഒരു തോണിയിൽ കയറി പന്ത്രണ്ടു നാഴികയോളം അതിൽ സഞ്ച രിച്ചു, തനിക്കുവേണ്ടി ഒരുക്കിനിർത്തിയിരുന്ന ഉരുവിൽ കയറി അറേബ്യയിലേയ്ക്കു പോയ്ക്കളഞ്ഞു. ഈ സംഭവം അടുത്ത അവസരത്തിൽ യാതൊരു ലഹളയും ഉണ്ടാക്കിത്തീർ ത്തില്ലെങ്കിലും കലക്ടർ കൊനോല്ലിയെ പിന്നീടു കൊലപ്പെ ടുത്തുവാനുള്ള ഹേതു ഇതായിരുന്നുവെന്നാണ് ഊഹിക്കേ ണ്ടുന്നത്. ആ സംഭവത്തിന്നുമുമ്പായി മിസ്റ്റർ സ്ട്രേഞ്ച്, തന്നെ ഭരമേല്പിച്ച പ്രവൃത്തി പൂർത്തിയാക്കി ഗവർമ്മേണ്ടി ലേയ്ക്കു റിപ്പോർട്ടയച്ചു. ജന്മികളുടെ ഉപദ്രവമല്ല, മതഭ്രാന്ത് തന്നെയാണ് ഈ ലഹളകരംക്ക് കാരണമെന്നായിരുന്നു മിസ്റ്റർ സ്ട്രേഞ്ചിൻെറ അഭിപ്രായം. യാതൊരു വിവരവു മില്ലെന്നു മാത്രമല്ല കുററം ചെയ്വാനുള്ള വാസന ധാരാളം ഉള്ളവരായ ഇവർ മതഭ്രാന്തന്മാരായ പുരോഹിതന്മാരുടെ ഉപ ദേശങ്ങരംക്ക് വഴിപ്പെട്ട്, അന്യമതസ്ഥന്മാരെ കൊല്ലുന്നത് പുണ്യമെന്നു തെററിദ്ധരിച്ചു, അതിനായി ഒരുങ്ങിപ്പുറ പ്പെടുന്നതിൻെറ ഫലമാണ് ഈ ലഹളകരം എന്നായിരുന്നു അയാളുടെ റിപ്പോർട്ടിൻെറ സാരം. ഈ ലഹളകരം ഇല്ലാതാ ക്കുവാൻ ചില നിയമങ്ങരം പാസ്സാക്കേണ്ടതാണെന്ന് മിസ്റ്റർ സ്ട്രേഞ്ച് അഭിപ്രായപ്പെട്ടു. ലഹളക്കാരുടെ വസ്തു ഗവർമ്മേണ്ടിലേയ്ക്കു അടക്കുക, ലഹള ഉണ്ടാകുന്ന സ്ഥലങ്ങ ളിലെ മാപ്പിളമാരുടെ പേരിൽ പരക്കെ പിഴ ചുമത്തുക, ലഹള ഉണ്ടാക്കുമെന്ന് സംശയിക്കപ്പെടുന്നവരെ നാടു കട ത്തുക, ആയുധം കൊണ്ടുനടക്കുന്നതിന്ന് തടസ്സം ചെയ്യുക ഇവയെല്ലാമായിരുന്നു മാപ്പിളലഹളകരംക്ക് മിസ്റ്റർ സ്ട്രേഞ്ച് കണ്ടുപിടിച്ച പ്രത്യൌഷധങ്ങരം. ഗവർമ്മേണ്ട് ഈ അഭിപ്രായങ്ങളെയെല്ലാം മിക്കവാറും സ്വീകരിച്ച് മാപ്പിള ആക്റ്റ് മുതലായ നിയമങ്ങളും പാസ്സാക്കി. കുറേ ക്കാലത്തേയ്ക്കു മാപ്പിളലഹളയ്ക്കുണ്ടായ ശമനം ഗവർമ്മേ ണ്ടിൻെറ മർദ്ദനനയം കൊണ്ടാണെന്നാണ് പലരും വിശ്വസി ച്ചുവരുന്നത്. അതു ശരിയോ തെറേറാ എന്നു ചരിത്രം തന്നെ ദൃഷ്ടാന്തപ്പെടുത്തുന്നതുകൊണ്ടും അതിനെപ്പററി വിശ ദമായി വേറെ സന്ദർഭത്തിൽ ഗുണദോഷനിരൂപണം ചെയ്യേ ണ്ടിവരുന്നതാകകൊണ്ടും ഈ അദ്ധ്യായത്തിൽ ഞാൻ ഒന്നും പറയുന്നില്ല.

1855 സപ്റ്റംബർ മാസം 12—ാംനു-യാണ് കലക്ടർ മിസ്റ്റർ കൊനോല്ലിയെ വരയ്ക്കൽ അദ്ദേഹം താമസിച്ചിരുന്ന ബങ്കളാ വിൽ വെച്ചു ഏററവും ക്രൂരമായ നിലയിൽ കൊലപ്പെ

ടുത്തിയത്. അക്കൊല്ലം ആഗസ്റ്റ് 4—ാംനു നാലു മാപ്പിള ത്തടവുകാർ കോഴിക്കോട്ടു ജെയിലിൽനിന്നു പുറത്തു ചാടി രക്ഷപ്പെട്ടു. അവർ ഒന്നാമതായി വള്ളുവനാട്ടേയ്ക്ക് പോയി. ഏതാനും ദിവസം അവിടെയും മററും അലഞ്ഞു തിരിഞ്ഞതിന്നുശേഷം കോഴിക്കോട്ടേയ്ക്ക് മടങ്ങി, സപ്തംബർ മാസം 12—ാംനു കലക്ടരുടെ ബങ്കളാവിൽ രാത്രി 8 മണിക്ക് പ്രവേശിച്ചു. കലക്ടരും ഭാര്യയുംകൂടി ബങ്കളാവിന്റെ ഉമ്മറത്ത് സാധാരണ പതിവു പ്രകാരം രണ്ടു സോഫയിൽ ഇരിക്കുകയായിരുന്നു. മാപ്പിളമാർ ഗൂഢമായി പിൻപുറ ത്തുകൂടി വന്നു കലക്ടരെ വെട്ടുന്നതുവരെ അവരെ ആരും കണ്ടില്ല. ആദ്യത്തെ വെട്ടുകഴിഞ്ഞപ്പോൾ കലക്ടരുടെ ഭാര്യ നി ലവിളിച്ചു. പക്ഷേ, സഹായത്തിനു ആരും വന്നില്ല. കൊല പാതകികൾ കലക്ടരെ തിരിച്ചും മറിച്ചും വെട്ടി. അദ്ദേഹ ത്തിന്റെ ദേഹത്തിന്മേൽ പിന്നീടു പരിശോധിച്ചപ്പോൾ, ഇരുപത്തേഴു പരിക്കുകളുള്ളതായി കണ്ടു.

ഈ കഠിനക്രിയ കഴിച്ചതിനുശേഷം ലഹളക്കാർ കോഴി ക്കോടു താലൂക്കിൽ പല ദിക്കിലും സഞ്ചരിച്ചു. അവ സാനം അവരെ ഒരു പുരയിൽവെച്ചു പട്ടാളവുംപൊലീസ്സും വളയുകയും അവർ വാതിൽ തുറന്നു പട്ടാളത്തിന്റെ നേരെ പാഞ്ഞുവരുന്ന വരവിൽ അവരെ വെടിവെച്ചു കൊല്ലു കയും ചെയ്തു.

ഈ സംഭവത്തിനുശേഷം ഉണ്ടായ ലഹളകളിൽ പ്രധാന മായത് 1873—ൽ ഉണ്ടായ ഒന്നാണ്. വള്ളുവനാടു താലൂ ക്കിൽ തൂതക്കൽക്കാരനായ ഒരു മുസലിയാരും വേറെ മൂന്നു പേരും കൂടി അവിടത്തെ ക്ഷേത്രത്തിലെ വെളിച്ചപ്പാടിനെ കൊന്ന് അന്നത്തെ മൂപ്പിൽ വാരിയരെ കൊല്ലുവാനായി കുളത്തൂർക്ക് പോയി. സംഗതിവശാൽ മൂപ്പിൽ വാരിയർ അവിടെ ഉണ്ടായിരുന്നില്ല. വാരിയത്ത് ഉണ്ടായിരുന്ന രണ്ടു അനന്തരവന്മാരിൽ ഒരാളെ മാപ്പിളമാർ കൊന്നു. മററെ ആൾ രക്ഷപ്പെടുകയും ചെയ്തു. ഈ വർത്തമാനം കേട്ട ഉടനെ ആ കാലത്തു മലപ്പുറം തുക്ടിയായിരുന്ന മിസ്റ്റർ വിൻറർ ബോത്തമും പട്ടാളവും അവിടെ എത്തി രണ്ടു ഭാഗങ്ങളിൽ കൂടി ലഹളക്കാരെ എതിർത്തു. ഇരുഭാഗത്തുനിന്നും തുരുതുരെ വെയ്ക്കുന്ന വെടികൾ വെറും മഴത്തുള്ളി എന്ന കണക്കിൽ ലഹളക്കാർ അഗണ്യമാക്കി, പട്ടാളക്കാരുടെ കുന്ത ത്തിന്മേൽ വന്നുവീണു. അതിധീരനായ ലഹളത്തലവൻ, മാറിൽ രണ്ടോ അതിലധികമോ ഉണ്ട കൊണ്ടിട്ടും അതിനെ തൃണവൽഗണിച്ച് കുന്തം ധരിച്ചിരുന്ന രണ്ടു പട്ടാളക്കാരെ

കഠിനമായ മുറി ഏല്പിച്ച് അവസാനം മറെറാരു പട്ടാളക്കാ രൻെറ കുന്തത്തിൽനിന്ന് ഒരു കുത്തുകൊണ്ടു മരണം പ്രാപിച്ചു.

1880—ൽ മേലാററൂരിൽ ഉള്ള രണ്ടു പ്രധാനജന്മികളായ അപ്പാദുര പട്ടരേയും കൃഷ്ണപിഷാരോടിയേയും കൊല്ലുവാ നുള്ള ഉദ്ദേശ്യത്തോടുകൂടി ചിലർ ലഹളയ്ക്കൊരുങ്ങി. പക്ഷേ, കൊല്ലുവാൻ ചെന്ന മാപ്പിളയെ പിഷാരോടിയുടെ പടികാ വൽക്കാരൻ വെടിവെച്ചു കൊല്ലുകയാൽ ലഹള പടർന്നു പിടിച്ചു വലുതാവാൻ സംഗതി വന്നില്ല.

ഈ സംഭവത്തിനുശേഷം അക്കാലത്ത് മദിരാശി ഗവർ ണ്ണറായിരുന്ന ബക്കിംഗാം പ്രഭുവിന്ന് ഒരു വാറോല കിട്ടി. അതിൽ മലബാറിലെ കൃഷിക്കാരുടെ സങ്കടങ്ങാം വിശദമായി എടുത്തു പറഞ്ഞിരുന്നുവെന്നു മാത്രമല്ല കോടതികളിൽ വസ്തു ഒഴിപ്പിക്കുവാനായി കൊടുത്തു നിലവിലുണ്ടായി രുന്ന അനവധി വ്യവഹാരങ്ങാം തല്ക്കാലം നിർത്തിവെച്ചു ജന്മികളുടെ പേരിൽ കുടിയാന്മാർക്കുള്ള ആക്ഷേപങ്ങാം കേട്ടു വേണ്ടുന്ന നിവൃത്തികാം ഗവർമ്മേണ്ടു ചെയ്യാത്തപക്ഷം അഭൂതപൂർവമായ ഒരു ലഹളയ്ക്ക് മാപ്പിളമാർ ഒരുങ്ങീട്ടു ണ്ടെന്നുകൂടെ പ്രസ്താവിക്കുകയും ചെയ്തിരുന്നു. ഈ ഹര ജിയെ പററി ഗൂഢമായി അന്വേഷണം ചെയ്യാൻ ഗവർ മ്മേണ്ട് ഡിസ്ത്രിക്ട് ജഡ്ജിയേയും കലക്ടർ മിസ്റ്റർ ലോഗ നേയും ഏല്പിച്ചു. ഇവർ രണ്ടുപേരുടേയും അഭിപ്രായം മാപ്പിളലഹളകാംക്ക് കൃഷിക്കാരുടെ സങ്കടം തീരെ കാരണമ ല്ലെന്ന് മിസ്റ്റർ സ്ട്രേഞ്ച് അഭിപ്രായപ്പെട്ടിരുന്നത് തെററാ ണെന്നായിരുന്നു. ഈ രണ്ടുപേർക്കും മലബാറിനെ പററിയും ലഹളകളെ പററിയും സൂക്ഷ്മമായ അറിവുണ്ടായി രുന്നതിനാൽ ഇവരുടെ അഭിപ്രായത്തെ ഗവർമ്മേണ്ടു വില വെച്ചു. എങ്കിലും ജില്ലയെ പററി വിവരമുള്ള മറെറാരാ ളുടെ അഭിപ്രായംകൂടെ അറിവാൻവേണ്ടി കുളത്തൂർ ലഹള ക്കാലത്തും മററും മലബാറിൽ ഉണ്ടായിരുന്ന ആളും വളരേ ക്കാലം മലബാറിൽ ഉദ്യോഗം ഭരിച്ചു മലബാറിനെപ്പററി പൂർണ്ണമായ അറിവുണ്ടായിരുന്ന ആളും ആയ അന്നത്തെ തിരുവിതാംകൂർ റസിഡണ്ട് മിസ്റ്റർ മെക്ക് ഗ്രഗറിനോടും ഗവർമ്മേണ്ട് ഈ കാര്യത്തിൽ അഭിപ്രായം ചോദിച്ചു. അദ്ദേ ഹവും ലോഗൻ മുതലായവരുടെ അഭിപ്രായത്തോടുയോജി ക്കുകയാണ് ചെയ്തത്. ഈ റിപ്പോർട്ടുകാം എല്ലാം കിട്ടിയ തിന്നുശേഷം ഗവർമ്മേണ്ട് മലബാറിൽ നടപ്പുള്ള കുടിയായ്മ സമ്പ്രദായത്തെപ്പററിയും വസ്തു ഒഴിപ്പിക്കുമ്പോാം കുടി യാന്ന് കിട്ടിവരുന്ന കുഴിക്കൂറ് വിലയെ പററിയും

പള്ളിക്ക് സ്ഥലം കൊടുക്കുന്ന കാര്യത്തെ പററിയും അന്വേഷിച്ചു റിപ്പോർട്ടു ചെയ്‌വാൻ മിസ്റ്റർ ലോഗനെ കമ്മീഷണറായി നിശ്ചയിച്ചു. ബ്രിട്ടീഷു കോടതികളും ഗവർമ്മേണ്ടും മലബാറിൽ പണ്ടുപണ്ടേ നടപ്പുള്ള കുടിയായ്മയെ എത്രമാത്രം തെററിദ്ധരിച്ചു വ്യാഖ്യാനിച്ചിട്ടുണ്ടെന്നും അതിൻെറ ഫലമായി എന്തെല്ലാം കുഴപ്പങ്ങരം മലബാറിൽ ഉണ്ടായിട്ടുണ്ടെന്നും മററും മിസ്റ്റർ ലോഗൻ വിശദമായി ഗവർമ്മേണ്ടിലേയ്ക്ക് റിപ്പോർട്ടു ചെയ്തു. ഇവയുടെ എല്ലാം അവസാനഫലമാണ് 1887—ൽ പാസ്സായ മലബാർ കുഴിക്കൂർ നിയമം.

മേൽ പറഞ്ഞ കമ്മീഷനെ നിശ്ചയിച്ചതിന്നു ശേഷം 1883—ന്നും 1885—ന്നും മദ്ധ്യേയായി 5 ലഹളകരം നടന്നു. ഇവയിൽ ഏററവും ഗൗരവമായ ഒന്നാണ് 1884—ൽ ഉണ്ടായ ലഹള. കണ്ണഞ്ചേരി രാമൻ എന്നു പേരായ ഒരു തിയ്യൻ മുമ്പു മാർഗത്തിൽ ചേർന്നിരുന്നുവെങ്കിലും വീണ്ടും ഹിന്ദുമതത്തിലേയ്ക്കുതന്നെ മടങ്ങിപ്പോയിട്ടുണ്ടായിരുന്നു. അയാരം മലപ്പുറത്ത് ബാറക്കിലേയ്ക്കു പ്രവൃത്തിയെടുപ്പാൻ പോകുന്ന സമയം രണ്ടു മാപ്പിളമാർ അയാളെ വഴിയിൽ തടുത്തുനിർത്തി കഠിനമായ മുറികരം ഏല്പിച്ചു. പക്ഷേ, അയാരം എങ്ങനെയോ രക്ഷപ്പെടുകയും തന്നെ മുറിവേല്പിച്ചവരുടെ പേർ വിവരം അധികാരസ്ഥന്മാരെ അറിയിക്കുകയും ചെയ്തു. അതിൻെറ ഫലമായി കുററക്കാരെ പിടിച്ചു വിചാരണ ചെയ്തു നാടുകടത്തി. ലഹളയുണ്ടായി എന്ന സംഗതിയാൽ മലപ്പുറത്തുകാരായ മാപ്പിളമാരിൽനിന്നു മാപ്പിള ആക്ട്പ്രകാരം ഗവർമ്മേണ്ട് 5000ക. യോളം പിഴ വസൂലാക്കുകയും അതിൽനിന്നു 1000ക. മേപ്പടി രാമന്നു കൊടുപ്പാൻ കല്പിക്കുകയും ചെയ്തു. ഗവർമ്മേണ്ടിൻെറ ഈ പ്രവൃത്തി മാപ്പിളമാരുടെയിടയിൽ വലുതായ ക്ഷോഭത്തിന്നിടയാക്കി. മാർഗം പൊളിച്ചവന്ന് മരണത്തിന്നു പകരം ഇനാം ലഭിക്കുക എന്നത് അവർക്ക് ക്ഷന്തവ്യമല്ലാത്ത അപരാധമായി തോന്നി. ഇസ്ലാംമതത്തിന്നു നേരിട്ടിട്ടുള്ള ഹാനിയെ പരിഹരിക്കുവാൻ ചെമ്പ്രശ്ശേരി അംശക്കാരായ ചില മാപ്പിളമാർ ഒരുങ്ങി പുറപ്പെട്ടു. ആകെ ഈ സംഘത്തിൽ 12 ആളുകരം ഉണ്ടായിരുന്നു. അവർ നേരിട്ടു മുൻപറഞ്ഞ രാമനെ തിരഞ്ഞു അയാളുടെ ജ്യേഷ്ഠൻ താമസിച്ചിരുന്ന വീട്ടിലേയ്ക്ക് ചെന്നു. രാമൻ അവിടെ ഉണ്ടായിരുന്നില്ല. അയാളുടെ ജ്യേഷ്ഠനേയും മകനേയും അവർ വെടി വെച്ചു പുരയ്ക്ക് തീ കൊളുത്തി. 'ബാങ്ക്' വിളിച്ചു. ഇതെല്ലാം മലപ്പുറം ബാറക്കിന്നു വളരേ അടുത്തുവെച്ചായിരുന്നു ചെയ്തത്.

പക്ഷേ, ആരും ഈ വെടിയുടെയും മററും ശബ്ദം അത്ര ഗണ്യമാക്കിയില്ല. ലഹളക്കാർ അതിന്നുശേഷം നേരിട്ടു വടക്കോട്ടുപോയി ചാലിയാർ കടന്ന് തൃക്കളൂർ ക്ഷേത്രത്തിൽ കയറി. സാധാരണ സമ്പ്രദായപ്രകാരം പട്ടാളക്കാരുടെ നേരെ ഓടിവന്ന് മരിക്കുവാനല്ല ഈ ലഹളക്കാരുടെ ശ്രമമുണ്ടായത്. ക്ഷേത്രത്തെ അവർ ഒരു കോട്ടയാക്കി അതിൻെറ ഉള്ളിൽനിന്നു പൊരുതുവാൻവേണ്ട ഏർപ്പാടുകളെല്ലാം ചെയ്തു. ഈ കാരണത്താൽ ഇവരെ കൊല്ലുവാൻ പട്ടാളക്കാർ അല്പം വിഷമിച്ചു. ലഹളക്കാരിൽ 11 പേരും അപ്പോഴം തന്നെ മരിച്ചു. പട്ടാളക്കാരുടെ ഭാഗത്ത് ഒരു പട്ടാളക്കാരൻ മരിക്കുകയും ഒരു ആഫീസ്സർക്കും ഒരു പട്ടാളക്കാരനും കഠിനമായ മുറി പററുകയും ചെയ്തു.

# കുന്നത്തമ്പലത്തിലെ ഏററുമുട്ടൽ

തൃക്കളൂർ വെച്ചുണ്ടായ സംഭവങ്ങളെപ്പററിയാണല്ലോ കഴിഞ്ഞ അദ്ധ്യായത്തിൽ അവസാനമായി പ്രസ്താവിച്ചത്. അതിന്നുശേഷം ഏറനാട്, കോഴിക്കോട്, വള്ളുവനാട് ഈ താലൂക്കുകളിലെ ജനങ്ങളുടെ കൈവശത്തിലുള്ള ആയുധങ്ങൾ എല്ലാം കരസ്ഥമാക്കുവാൻ ഗവർമ്മെണ്ട് തീർച്ചപ്പെടുത്തി. പുറത്തുനിന്ന് പട്ടാളത്തെ വരുത്തി പല ദിക്കുകളിലുമായി നിർത്തി. അല്പദിവസത്തിന്നുള്ളിൽ 20000 ആയുധങ്ങൾ ജനങ്ങളിൽനിന്ന് ശേഖരിച്ചു. ഇവയിൽ 9000 വും തോക്കുകളായിരുന്നു. സാധാരണയായി തകരാറുകൾ ഉണ്ടാവാത്ത പൊന്നാനി താലൂക്കിലും ഇതിന്നടുത്ത കാലത്ത് ഒരു ലഹളയുണ്ടായി. അതിൻെറ ഫലമായി അവിടുത്തുകാരുടെയും ആയുധങ്ങൾ ഗവർമ്മേണ്ട് അടക്കി.

ഇക്കഴിഞ്ഞ വമ്പിച്ച കലാപത്തിന്ന് മുമ്പായി കഴിഞ്ഞ 30 കൊല്ലത്തിന്നുള്ളിൽ 3 വലിയ ലഹളകളാണ് ഉണ്ടായിട്ടുള്ളത്. അതിൽ 1894—ൽ ഉണ്ടായ ലഹളയിൽ 32 പേരായിരുന്നു സംഘത്തിൽ ഉണ്ടായിരുന്നത്. അവർ പല അക്രമങ്ങളും ചെയ്തു. വളരെ വീടുകൾ ചുട്ടു ഭസ്മമാക്കി. വഴിയിൽകണ്ട ഹിന്ദുക്കളെ പലരേയും കൊന്നു. അവസാനം ക്ഷേത്രത്തിൽ സങ്കേതം പ്രാപിക്കയും അവിടെവെച്ച് പട്ടാളക്കാരുമായി ഏററുമുട്ടി വെടികൊണ്ട് മരണപ്പെടുകയും ചെയ്തു.

ഈ ഒടുവിൽ പറഞ്ഞ ലഹളയാണ് എൻെറ ഓർമ്മയിലുള്ള ഒന്നാമത്തെ ലഹള. അയൽവക്കത്ത് ലഹളക്കാർവന്ന് പല ലഹളകളും ചെയ്തുവെന്നുകേട്ട് വീട്ടിലുള്ളവർ നടുങ്ങിയതും രാത്രികളിൽ ഉറക്കമില്ലാതെ കഴിച്ചുകൂട്ടിയതും, വാസ്തവവും അവാസ്തവവുമായ ഊഹവർത്തമാനങ്ങളാൽ വ്യാകുലരായി ജനങ്ങൾ ഭയപ്പെട്ട് അമ്പരന്ന് നാൾ കഴിച്ചിരുന്നതും എനിക്ക് സ്വപ്നത്തിൽകണ്ട സംഭവംപോലെ ഇപ്പോഴും ഓർമ്മ തോന്നുന്നുണ്ട്.

1921—ന്ന് മുമ്പുണ്ടായ മാപ്പിളലഹളകളിൽവെച്ച് ലഹളക്കാരുടെ എണ്ണംകൊണ്ടും, ഭയങ്കരമായ പര്യവസാനംകൊണ്ടും ഏററവും ഗൌരവമായ 1896—ലെ ലഹളക്കാലത്ത്

ഞാൻ മഞ്ചേരി ബോർഡ് സെക്കണ്ടറി സ്കൂളിൽ രണ്ടാംഫോറത്തിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയായിരുന്നു. മാപ്പിളമാരുടെ നോമ്പുകാലത്ത് പട്ടാളക്കാരും റിസർവ്പോലീസും ചെറിയ ചെറിയ സംഘങ്ങളായി ലഹളപ്രദേശത്ത് അവിടവിടങ്ങളിൽ സ്ഥാനം ഉറപ്പിക്കുകയും അങ്ങുമിങ്ങും സഞ്ചരിക്കയും ചെയ്യാറുള്ള കൂട്ടത്തിൽ അക്കൊല്ലവും ഏതാനും പട്ടാളക്കാർ മഞ്ചേരി കോടതിവളപ്പിലും ഞങ്ങളുടെ സ്കൂളിന്നുചേർന്ന ജിംനാസ്റ്റിക്ക് ഷെഡ്ഡിലും കൂടാരം അടിച്ചു താമസം ഉറപ്പിച്ചിരുന്നു. ഖജാന പാറാവിന്ന് വേണ്ടി മഞ്ചേരിയിൽ തമ്പടിച്ചു താമസിക്കുന്ന ഇവർ അല്പം പേരേ ഉള്ളൂ. എങ്കിലും പട്ടാളക്കാർ അടുക്കൽ ഉണ്ടെന്ന ഒരു സമാധാനം അവരെയും ധീരന്മാരാക്കിത്തീർത്തിട്ടുണ്ട്. പല ശ്രമങ്ങൾ ചെയ്തിട്ടും ലഹളക്കാരെ പോലീസിന്നോ പട്ടാളത്തിന്നോ കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല. ലഹളക്കാരുടെ ഗതിയെപ്പററി യാഥാർത്ഥ്യത്തിന്നുനേരെ വിപരീതമായ ഊഹങ്ങളല്ലാതെ പോലീസുകാർക്കാകട്ടെ, നാട്ടുകാർക്കാകട്ടെ സാധാരണ കിട്ടാറില്ല. ആ പതിവനുസരിച്ച് വ്യാജങ്ങളായ ഊഹങ്ങൾ ലഹളക്കാരെ പിന്തുടരുന്ന സൈന്യത്തിന് നാട്ടിൽ എല്ലാം അലയുവാൻ അക്കൊല്ലവും ഇടയാക്കിയിരുന്നു. അങ്ങിനെ ഇരിക്കുമ്പോൾ ഒരു ഞായറാഴ്ച പുലർച്ചെ ലഹളക്കാർ, ആരും അറിയാതെ— കച്ചേരിയിൽ നിന്ന് രണ്ട് ഫർലോങ്ങുമാത്രം ദൂരെയുള്ള കുന്നത്ത് ഭഗവതി ക്ഷേത്രത്തിൽ വന്നുകയററി. മുമ്പൊരിക്കൽ പട്ടാളക്കാരെ തോല്പിച്ച് ഓടിച്ച സ്ഥലമായിരുന്നതിനാൽ ഈ സ്ഥലത്തോട് ലഹളക്കാർക്ക് ഒരു പ്രത്യേകവാത്സല്യവും ഭക്തിയും ഉണ്ട്. ക്ഷേത്രത്തിന്നു തൊട്ട കുന്നിന്നടിയിലുള്ള മഞ്ചേരി കോവിലകത്തുനിന്ന് ഭക്ഷണ സാധനങ്ങളെല്ലാം വരുത്തി. 'ബാങ്കു' കൊടുത്ത് സുഖമായി ഭക്ഷണം കഴിക്കാൻ വേണ്ടുന്ന ഏർപ്പാടുകൾ ചെയ്യുതുടങ്ങി. ക്ഷേത്രത്തിൽ ലഹളക്കാർ എത്തിയ വിവരം അറിഞ്ഞപ്പോൾ ഖജാന പാറാവുകാരായ പട്ടാളക്കാർ കച്ചേരിയിൽനിന്ന് കുന്നത്തമ്പലത്തിലേയ്ക്ക് മാപ്പിളമാരുടെ നേരെ വെടി തുടങ്ങി. ഉണ്ടയും, തിരയും ഇവരുടെ വശം അധികമുണ്ടായിരുന്നില്ല. അല്പനേരംകൊണ്ട് അതെല്ലാം ഒടുങ്ങി. വെടിയും അവസാനിച്ചു. പക്ഷേ, ലഹളക്കാർക്കു ഈ സംഗതി മനസ്സിലായില്ല. സാധാരണ ഒരു ലഹളയിലും ഇത്രയധികം ലഹളക്കാർ ഉണ്ടാകാറും പതിവില്ല. ഈ ലഹളയിൽ നൂറിൽ കുറയാതെ മാപ്പിളമാർ ചേർന്നിരുന്നു. മുൻ സമ്പ്രദായപ്രകാരം ഇവർ ക്ഷേത്രത്തിൽനിന്ന് കീഴ്പോട്ടി

റങ്ങി പട്ടാളക്കാരെ എതിർത്തിരുന്നുവെങ്കിൽ ഒരു പട്ടാളക്കാരനെങ്കിലും ശേഷിക്കുമായിരുന്നെന്നു തോന്നുന്നില്ല. പക്ഷേ, സാപ്പാടിന്നുള്ള ഒരുക്കത്തിൻെറ തിരക്കുകൊണ്ടോ എന്തോ അവർ ക്ഷേത്രം വിടാതെ അവിടെത്തന്നെ നിൽക്കുകയാണ് ചെയ്തത്. 9 മണിയായപ്പോഴേയ്ക്ക് കലക്ടരും പട്ടാളവും ബദ്ധപ്പെട്ട് മഞ്ചേരിയിൽ എത്തി. ക്ഷേത്രത്തിൻെറ തെക്കുകിഴക്കുഭാഗത്തുള്ള ഒരു കുന്നിന്മേൽ സ്ഥാനം ഉറപ്പിച്ചു. മഞ്ചേരിയിൽ കുന്നത്ത് ക്ഷേത്രം മനോഹരമായ ഒരു കുന്നിൻെറ മുകരംപ്പരപ്പിലാണ് സ്ഥിതി ചെയ്യുന്നത്. ക്ഷേത്രത്തിൻെറ ചുമരിന്നു പുറത്തുള്ള സ്ഥലം യാതൊരു മരവുമില്ലാതെ തീരെ ഒഴിഞ്ഞുകിടന്ന പരന്ന ഒരു സ്ഥലമാണ്. മാപ്പിളമാരുടെ കൈവശമുള്ള തോക്കിൽനിന്നുള്ള വെടി കുന്നിൻെറ പരിധികൂടി അതിക്രമിച്ചുപോകുന്നതല്ല. പട്ടാളക്കാരുടെ കൈവശമുള്ള തോക്കുകൾ ഒരു നാഴിക അകലെയുള്ള കുറിക്ക് കൊള്ളിക്കുവാൻ യാതൊരു വിഷമവുമില്ലാത്തവയായിരുന്നുതാനും. ഒഴിഞ്ഞ സ്ഥലം, പ്രതിക്രിയയ്ക്കുള്ള അശക്തി, മരിക്കുവാനുള്ള സന്നദ്ധത, എതിരാളികളുടെ ബലം, അവരുടെ ആയുധങ്ങളുടെ യോഗ്യത—ഇതെല്ലാം ഒത്തുചേർന്നാൽ സംഭവിക്കുന്ന ഫലം ഊഹിക്കാൻ വളരെ വിഷമമില്ലല്ലോ. മുഖത്തോടുമുഖം നിന്നു എതിരാളിയോട് പൊരുതുന്നതിന്ന് നിവൃത്തിയില്ലെന്നു കണ്ടപ്പോൾ അകലത്തുനിന്നു വരുന്ന ഉണ്ടയെ പൃഷ്ഠഭാഗംകൊണ്ട് ഇവർ എതിരേററു. ക്ഷണനേരം കൊണ്ട് 92 ലഹളക്കാർ സിദ്ധികൂടി. നിഷ്ഫലമെങ്കിൽകൂടി ലഹളക്കാരും പട്ടാളക്കാരുടെ നേരെ ഇടക്കിടെ വെടിവെച്ചുകൊണ്ടിരുന്നു. അല്പനേരം കഴിഞ്ഞപ്പോൾ ആ വെടിയും തീരെ അവസാനിച്ചു. ലഹളക്കാർ മിക്കതും മരണപ്പെട്ടുവെന്നു തീർച്ചപ്പെട്ടപ്പോൾ കലക്ടരും പട്ടാളക്കാരും ക്ഷേത്രത്തിലേയ്ക്ക് പുറപ്പെട്ടു. അമ്പലത്തിൽ എത്തിയപ്പോൾ അവർ കണ്ട കാഴ്ച അത്യന്തം ഭയങ്കരമായിരുന്നു. എത്രയോ ചുരുങ്ങിയ സ്ഥലത്ത് ആപാദചൂഡം കടും ചോരയണിഞ്ഞ 92 ദേഹങ്ങൾ തലങ്ങും വിലങ്ങും കിടന്നിരുന്നു. അധികം പേരും മരിച്ചിരിക്കുന്നുവെങ്കിലും അല്പം ചിലരുടെ ശ്വാസം തീരെ നിന്നിട്ടില്ല. 20—ൽപരം ലഹളക്കാരുടെ കഴുത്ത് വാളുകൊണ്ട് അറുത്തുവെച്ചതായിരുന്നു. വെടികൊണ്ട് ജീവൻ പോകാത്തവർ ശത്രുവിൻെറ കൈയിൽ അകപ്പെട്ടുപോകരുതെന്ന ഉദ്ദേശ്യത്തോടുകൂടി ലഹളക്കാർതന്നെ ചെയ്തതായിരുന്നു ഈ പ്രവൃത്തി. ലഹളകൾ മിക്കതും ചില ചില്ലറ കാരണങ്ങളാൽ പൊട്ടിപ്പുറപ്പെട്ട് മതഭ്രാന്തിൻേറയും അന്ധ

വിശ്വാസത്തിൻേറയും സഹായത്തോടുകൂടി വർദ്ധിച്ചുവരി കയാണല്ലോ സാധാരണ പതിവ്. ഈ ലഹളയ്ക്ക് അങ്ങിനെ ഒരു കാരണവും കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല. നോമ്പു കാലത്തു ഒരു ലഹളയ്ക്ക് ചിലർ ഏർപ്പാട് ചെയ്യുകയും അവരിൽ പ്രധാനികളായ നാലുപേരെ ഗവർമ്മേണ്ട് അറസ്റ്റ് ചെയ്കയും ചെയ്തു. അന്നുതന്നെ ചെമ്പ്രശ്ശേരിക്കാരായ 20 മാപ്പിളമാർ ആയുധപാണികളായി ലഹളയ്ക്കൊരുമ്പെട്ടു അയൽ പ്രദേശങ്ങളിലേയ്ക്ക് യാത്ര ചെയ്തു. വഴിക്ക് അവരുടെ സംഘം വർദ്ധിച്ചു. പല അക്രമങ്ങളും ഈ ലഹളക്കാർ ചെയ്തു. അനേകം ഹിന്ദുക്കളെ കൊല്ലുകയും നിർബ്ബന്ധിച്ച് മതംമാററുകയും ചെയ്തു. വീടുകരം കൊള്ള ചെയ്തു ചുട്ടു, ബിംബങ്ങരം ഉടച്ചു, ക്ഷേത്രങ്ങരം നശിപ്പിച്ചു, എന്നു വേണ്ട പലവിധ അഴിമതികരം ചെയ്തു. അവസാനം നോമ്പുകാലം അവസാനിക്കാറായപ്പോഴാണ് മരിക്കുവാൻ കാലം അതിക്രമിച്ചുവെന്ന നിലയിൽ കുന്നത്തമ്പലത്തിൽ ഇവർ വന്നുകയറി സ്ഥാനം ഉറപ്പിച്ചത്. ശേഷം ഉണ്ടായ സംഭവം മുമ്പു വിവരിച്ചുവല്ലോ.

1896–ലെ ലഹളയ്ക്കുശേഷം 1898–ൽ ഒരു ചില്ലറ ലഹളയുണ്ടായി. ലഹളക്കാർ ഒരു ജന്മിയെ കൊന്ന് പയ്യനാട്ടെ ഒരു ക്ഷേത്രത്തിൽ കയറി. അവരെ പിന്തുടർന്ന് സ്പെഷ്യൽ സേന അവിടെ എത്തി. പക്ഷേ, ആയുധപ്രയോഗം ഒന്നും വേണ്ടിവന്നില്ല. പയ്യനാടംശം മുൻകാലങ്ങളിൽ ലഹളയുടെ ഒരു മൂലസ്ഥാനമായിരുന്നു. കഴിഞ്ഞ കലാപത്തിൽ പ്രസിദ്ധനായിത്തീർന്ന വാരിയൻകുന്നൻ കുഞ്ഞഹമ്മദാജിയുടെ വീടുതന്നെ ഈ അംശത്തിന്നടുത്താണ്. പക്ഷേ, 1898–ൽ അപ്രദേശത്തുള്ള മാപ്പിളമാർ ലഹളക്കാർക്ക് യാതൊരു സഹായവും ചെയ്തില്ല എന്ന് മാത്രമല്ല അവരുടെ നേരെ വിരോധമായി തിരികയാണ് ചെയ്തത്. അതിന്നുശേഷം മലപ്പുറത്തുപൂക്കോയത്തങ്ങളുടെ ഉപദേശപ്രകാരവും മററും ലഹളക്കാർ ആയുധം വെച്ചു കീഴടങ്ങി.

ഇതിന്നുശേഷം 17 കൊല്ലത്തോളം യാതൊരു ലഹളയും ഏറനാടു താലൂക്കിനെ ശല്യപ്പെടുത്തിയില്ല. ലഹളയുടെ കേന്ദ്രസ്ഥാനമെന്ന് മുമ്പുപറഞ്ഞിട്ടുള്ള പന്തലൂർ, മുടിക്കോട്, തുവ്വൂർ, ചെമ്പ്രശ്ശേരി മുതലായ സ്ഥലങ്ങളിലൊഴികെയുള്ള മാപ്പിളമാർക്ക് അന്ധവിശ്വാസം ക്രമേണ നീങ്ങിപ്പോയിരുന്നു. അവർ ലഹളയ്ക്ക് ഒരുങ്ങുകയോ ലഹളക്കാർക്ക് വല്ല സഹായവും ചെയ്യുകയോ ചെയ്തിരുന്നില്ല. അങ്ങനെയുള്ള കാര്യങ്ങളിൽ ജനസാമാന്യത്തിൻെറ അഭിപ്രാ

യത്തിന്ˇ വളരെ ഫലവും ശക്തിയും ഉണ്ട്ˇ. മാപ്പിള സമുദായം പരക്കെ തങ്ങളുടെ പ്രവൃത്തികളെ അഭിനന്ദിക്കയോ, ഇഷ്ടപ്പെടുകയോ ചെയ്യുകയില്ലെന്നˇ അറിഞ്ഞപ്പോഠം ലഹളയ്ക്കˇ ഒരുങ്ങുന്നവരുടെ ബുദ്ധി മന്ദിച്ചു. ഉത്സാഹം കുറഞ്ഞു. ലഹളയ്ക്കˇ ചാടിപ്പുറപ്പെടുന്നതു കുറവായി.

1915—ൽ മാർഗം പൊളിച്ചു എന്ന ഒരു കേസ്സിനെ സംബന്ധിച്ച്ˇ അന്നു മലബാർ കലക്ടരായിരുന്ന മിസ്റ്റർ ഇന്നിസ്സിനോട്ˇ മാപ്പിളമാരിൽ ചിലർക്ക്ˇ അലോഗ്യമുണ്ടായി. അദ്ദേഹം സാധാരണ ഒരു സൈക്കിളിൽ കാളികാവ്ˇ വഴിക്ക്ˇ പോകുന്ന അവസരത്തിൽ വഴിക്കുവെച്ചു ചിലർ അദ്ദേഹത്തെ വെടിവെച്ചു. ദൈവഗത്യാ അദ്ദേഹത്തിന്ˇ വെടി പററിയില്ല, മുൻകാലങ്ങളിലാണെങ്കിൽ അത്ˇ വമ്പിച്ച ഒരു ലഹളയായി പരിണമിക്കുമായിരുന്നു. കാലത്തിൻേറയും അഭിപ്രായങ്ങളുടേയും മാററത്തോടുകൂടി ഈ സംഭവം മുളയിൽതന്നെ ക്ഷയിച്ചുപോവുകയാണ്ˇ ചെയ്തത്ˇ.

1919 ഫിബ്രവരിയിലാണ്ˇ കലാപത്തിന്ˇ മുമ്പുള്ള ഒടുവിലത്തെ ലഹളയുണ്ടായത്ˇ. മുമ്പും ലഹളയുടെ ഉത്ഭവസ്ഥാനമായിരുന്ന മങ്കട പള്ളിപ്പുറം പ്രദേശത്താണ്ˇ ഇതാരംഭിച്ചത്ˇ. പോലീസ്ˇ ഡിപ്പാർട്ടുമെൻറിൽനിന്ന്ˇ പിരിക്കപ്പെട്ട ഒരു ഹെഡ്ˇകോൺസ്റ്റബിഠം ചേക്കാജി എന്ന ആളായിരുന്നു ഈ ലഹളയ്ക്ക്ˇ കാരണഭൂതൻ. മങ്കട പള്ളിപ്പുറം ഏതാനും നമ്പൂതിരിമാരുടെ ഇല്ലങ്ങളുള്ള ഒരു സ്ഥലമാണെന്ന്ˇ മുമ്പൊരിക്കൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ചേക്കാജി അവിടെ ഒരു ഇല്ലത്തെ കുടിയാനായിരുന്നു. ഇല്ലത്തിന്ന്ˇ തൊട്ടാണ്ˇ ചേക്കാജി താമസിച്ചിരുന്ന പറമ്പ്ˇ. ചേക്കാജി ചെറുപ്പംമുതൽക്കുതന്നെ ഒരു വികൃതിയായിരുന്നു. പ്രായം 60 കഴിഞ്ഞിട്ടും തൻെറ സ്വഭാവത്തിനു വളരെ വ്യത്യാസം വന്നിരുന്നില്ല. പല ഉപദ്രവങ്ങളും ചേക്കാജിയിൽനിന്ന്ˇ ജന്മിയായ ഇല്ലക്കാർ അനുഭവിച്ചിട്ടുണ്ട്ˇ. പാട്ടവും, മിച്ചവാരവും കൊടുക്കുക എന്ന സമ്പ്രദായം ചേക്കാജിക്കുണ്ടായിരുന്നില്ല. അവസാനം ജന്മി ചേക്കാജിയുടെ കയ്യിലുള്ള വസ്തുക്കഠം ഒഴിപ്പിക്കാൻ അന്യായം കൊടുത്തു വിധിയാക്കി. നമ്പൂതിരിയെ കൊല്ലുവാൻ ചേക്കാജി തൻെറ മനസ്സിലും വിധി കല്പിച്ചു.

ഈ കാര്യത്തിൽ ജന്മിയിൽനിന്ന്ˇ കുടിയാനുണ്ടായതിനേക്കാഠം ഉപദ്രവം കുടിയാനിൽനിന്ന്ˇ, ജന്മിക്കായിരുന്നു സംഭവിച്ചിരുന്നത്ˇ. എങ്കിലും അവസാനം ജന്മി ചെയ്ത

ഒരു പ്രവൃത്തി, വാസ്തവമാണെങ്കിൽ അതിരുകടന്നതായിരുന്നു എന്നതിന്നും സംശയമില്ല. ചേക്കാജിയുടെ മകന്ന് ഒരു പെണ്ണ്കെട്ടു നിശ്ചയിച്ചിട്ടുണ്ടായിരുന്നു. കെട്ടുവാൻ നിശ്ചയിച്ച പെണ്ണിന്റെ 'ബാപ്പ'യെ സ്വാധീനിച്ചോ, ഭയപ്പെടുത്തിയോ നമ്പൂതിരി മുടക്കം ചെയ്യുവെന്നും അതിലുണ്ടായ ഈർഷ്യയുടെ ഫലമായിട്ടാണ് ചേക്കാജി നമ്പൂതിരിയെ കൊല്ലുവാൻ തീർച്ചപ്പെടുത്തിയത് എന്നും അക്കാലത്ത് അപ്രദേശത്ത് ബലമായ പ്രസ്താവം ഉണ്ടായിരുന്നു. ഏതു കാരണത്താലും ചേക്കാജി നമ്പൂതിരിയെ കൊല്ലുവാനും താൻ മരിക്കുവാനും ഉറച്ചു. അഞ്ചാറു ആളുകളെയും സ്വാധീനിച്ചു ചില ആയുധങ്ങളും കരസ്ഥമാക്കി നമ്പൂതിരിയെ കൊലപ്പെടുത്തുവാൻ ഒരുങ്ങിപ്പുറപ്പെട്ടു. അന്ന് അവിടെയുള്ള മറെറാരു ഇല്ലത്ത് ഒരു വേളിയായിരുന്നു. ജന്മി നമ്പൂതിരിയെ അദ്ദേഹത്തിന്റെ ഇല്ലത്ത് കാണായ്കയാൽ വേളിനടക്കുന്ന പയ്യപ്പുള്ളി ഇല്ലത്തെ പടിക്കൽ ശത്രുവായ് നമ്പൂതിരി പുറത്തേയ്ക്ക് വരുന്നതും കാത്ത് അവർ നില്പായി. ഏഴരനാഴിക പുലരാനുള്ളപ്പോഠം കുളിച്ച് നിത്യകർമ്മം കഴിപ്പാനായി മുടപുലാപ്പള്ളി നമ്പൂതിരിപ്പാടും മണ്ണാർക്കാട്ടുകാരനായ കാട്ടുമാടത്ത് നമ്പൂതിരിയും കൂടി വേളിസ്ഥലത്തുനിന്ന് പുഴക്കലേക്കിറങ്ങി പുറപ്പെട്ടു. പടിക്കൽ കാത്തിരുന്ന ലഹളക്കാരുടെ തോക്കിന്നും, വാളിന്നും ഏററവും നിരപരാധികളും അതിവിശിഷ്ടന്മാരുമായ ഇവരാണ് ഇരയാകുവാൻ ഇടയായത്. വെട്ടുകൊണ്ട് മറെറാരാഠം മുറിയോടുകൂടി വേളിസ്ഥലത്തേയ്ക്ക് പാഞ്ഞുചെന്നപ്പോഴാണ് വിവരം അവിടെ മനസ്സിലായത്. പിന്നീടുണ്ടായ പരിഭ്രമവും പരക്കംപാച്ചിലും വിവരിക്കാൻ പ്രയാസം. ലഹളക്കാർ ഈ കഠിനക്രിയയ്ക്കുശേഷം ഇല്ലത്തിന്റെ പടിക്കൽനിന്നു പുഴവഴിക്ക് പന്തലൂർക്ക് യാത്രതിരിച്ചു. പുഴയിൽ കുളിച്ചിരുന്ന ഒരു നമ്പൂതിരിയെയും, ഒരു എമ്പ്രാന്തിരിയെയും അവർ വെടിവെച്ചുകൊന്നു. പന്തലൂരിൽ അവർ നേരം പുലർന്നപ്പോഴേയ്ക്ക് എത്തി. റോഡിന്റെ വക്കത്തുനിന്നിരുന്ന നിരപരാധികളായിരുന്ന രണ്ട് നായന്മാരെ അവർ വെട്ടിക്കൊന്നു. നേരെ നെന്മിനിക്ക് പോയി. കയിലോട്ട് വാരിയത്ത് ചെന്നുകയറി. അപ്പോഴേയ്ക്കും പോലീസ്സും പട്ടാളവും വിവരം അറിയുകയും അവർ ലഹളക്കാരെ പിന്തുടർന്ന് നെന്മിനിയിൽ എത്തി ലഹളക്കാരെ വളഞ്ഞ് അവിടെവെച്ച് വെടിവെച്ചു നശിപ്പിക്കയും ചെയ്തു.

ഈ ഒടുവിലത്തെ ലഹളയിലും ലഹളക്കാർക്ക് പുറംദിക്കുകാരിൽനിന്ന് വലിയ സഹായമൊന്നും ലഭിച്ചില്ല. നെന്മിനിയിൽ എത്തിയപ്പോഴ് അവരുടെ സംഘത്തിൽ 9 പേർ മാത്രമേ ഉണ്ടായിരുന്നുള്ളു. പന്തലൂർ, മുടിക്കോട് എന്നീ പ്രദേശങ്ങളിൽ ഒന്നോ രണ്ടോ പേർ മാത്രമേ അവരുടെ സംഘത്തിൽ ചേരുകയുണ്ടായുള്ളൂ.

# ഖിലാഫത്തു പ്രസ്ഥാനവും ഹിന്ദുമുസ്ലിം മൈത്രിയും

ഏറനാട്, വള്ളുവനാട് ഈ താലൂക്കുകളിൽ നിവസിക്കുന്ന ഹിന്ദുക്കളും മുഹമ്മദീയരും ഒരു നൂററാണ്ടോളമായി ഏതു നിലയിൽ വർത്തിച്ചിരുന്നുവെന്നും അവർ തമ്മിലുള്ള ബന്ധത്തിന്നോ, മത്സരത്തിന്നോ, മൈത്രിക്കോ എത്ര മാത്രം ശക്തിയുണ്ടായിരുന്നുവെന്നും വിശദമാക്കുവാൻ പര്യാപ്തമാണല്ലോ മുമ്പു കഴിഞ്ഞ മാപ്പിള ലഹളകളുടെ ചരിത്രം. ലഹളകൾ കുറഞ്ഞതോടുകൂടി രാജ്യത്തു സമാധാനം വർദ്ധിക്കുകയും സമുദായങ്ങൾ തമ്മിലുള്ള രഞ്ജിപ്പിന് ശക്തി കൂടുകയും ചെയ്തു. മേലാൽ ലഹളകൾ ഉണ്ടാകയില്ല എന്ന വിശ്വാസം ജനങ്ങളുടെ മനസ്സിൽ വേരൂന്നുവാൻ തുടങ്ങി. ഈ വിശ്വാസത്തെ ചേക്കാജിയുടെ പ്രവൃത്തി അല്പം ഒന്നു ഇളക്കിത്തീർത്തുവെങ്കിലും തീരെ നശിപ്പിച്ചില്ല.

അങ്ങനെ ഇരിക്കുമ്പോഴാണ് ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ആരംഭം. ഈ പ്രസ്ഥാനത്തിന്റെ സ്വഭാവത്തെപ്പററിയും മലബാറിൽ അതിന്നുണ്ടായ വളർച്ചയെപ്പററിയും മറെറാരു അദ്ധ്യായത്തിൽ വിവരിക്കുന്നതാണെങ്കിലും കലാപത്തിന്നുമുമ്പ് ഏറനാട്, വള്ളുവനാട് താലൂക്കുകളിലെ ഹിന്ദുക്കളും മാപ്പിളമാരും തമ്മിലുള്ള ബന്ധത്തെ ഈ പ്രസ്ഥാനം ഏതുവിധം ഭേദപ്പെടുത്തിയെന്ന് ഈ അവസരത്തിൽ പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

ഖിലാഫത്ത് എന്നത് മുഹമ്മദീയരെ മാത്രം സംബന്ധിച്ച ഒരു കാര്യമാണ് എന്നതിന്ന് സംശയമില്ല. ഒരു ഹിന്ദുവിന്ന് ഹിന്ദുവിന്റെ നിലയിൽ ആ കാര്യത്തിൽ യാതൊരു തത്പരതക്കും അവകാശമില്ല. പക്ഷേ, ''ഇന്ത്യാരാജ്യത്തു നിവസിക്കുന്ന ഹിന്ദുക്കളും മുഹമ്മദീയരും ഏകമാതാവിന്റെ സന്താനങ്ങളാണ്. ഈ രണ്ടു സമുദായങ്ങൾ തമ്മിലുള്ള ബന്ധത്തിന്ന് ശക്തിവന്നാൽ മാത്രമേ ഇരു കക്ഷികൾക്കും അടിമത്തത്തിൽനിന്ന് മോചനം സിദ്ധിക്കുവാൻ സാധിക്കുകയുള്ളൂ. മതസംബന്ധമായ കാര്യങ്ങളാണ് ഈ രണ്ടു സമുദായങ്ങൾ തമ്മിലുള്ള പല കലഹങ്ങൾക്കും

കാരണം. അവനവൻെറ മതത്തിൽ പൂർണ്ണമായ വിശ്വാസവും പ്രശസ്തിയും ഉള്ള ഒരാരം അന്യമതസ്ഥനെ ദ്വേഷിക്കേണമെന്നോ, നിന്ദിക്കേണമെന്നോ ഇല്ല. എല്ലാ മതങ്ങളേയും ബഹുമാനിക്കണമെന്ന് ഹിന്ദുമതം സ്ഥാപിക്കുന്നു. ഇസ്ലാംമതത്തെ നശിപ്പിക്കുവാനോ രാജ്യത്തിൽനിന്ന് ബഹിഷ്കരിക്കുവാനോ ശ്രമിക്കുന്ന അന്യമതസ്ഥന്മാരെ മാത്രം ശത്രുക്കളായി കരുതിയാൽ മതിയെന്ന് ഇസ്ലാം മതവും ഘോഷിക്കുന്നു. അങ്ങിനെ ഈ രണ്ടു മതസ്ഥന്മാർ തമ്മിൽ കലഹിക്കുന്നത് എന്തിന്ന്? നേരെ മറിച്ച്, ഒരേ രാജ്യത്തു ജനിച്ചുവളർന്നു ജീവിക്കുന്നവരും ജീവിക്കേണ്ടവരുമായ ഇവർ പരസ്പരം സ്നേഹിച്ചും സഹകരിച്ചും അല്ലേ വർത്തിക്കേണ്ടത്? അവനവൻെറ മതത്തിന്നും വിശ്വാസത്തിന്നും ഭംഗം വരാത്ത നിലയിൽ അന്യമതത്തെ കൂടെ രക്ഷിക്കുന്നതിലും സഹായിക്കുന്നതിലും എന്തു വൈഷമ്യമാണുള്ളത്? ഖിലാഫത്തുകാര്യത്തിൽ മുഹമ്മദീയർക്ക് നേരിട്ട സങ്കടത്തിൽ ഹിന്ദുക്കരം സഹതപിക്കുകയും കാര്യനിവൃത്തിക്കായി അവരുമായി സഹകരിക്കുകയും ചെയ്താൽ ഈ രണ്ടു സമുദായങ്ങരം തമ്മിൽ മതസംബന്ധമായ പല സ്പർദ്ധകളും അവസാനിച്ചു. ആന്തരമായ വിശ്വാസം ജനിച്ചു. സ്നേഹം വർദ്ധിച്ചു. ഇരു കക്ഷികളുടെയും അടിമത്തം നശിച്ചു. ഇന്ത്യക്കു സ്വാതന്ത്ര്യം സിദ്ധിച്ചു.'' ഈ പരമതത്വത്തെ ആസ്പദമാക്കി ഇങ്ങിനെയുള്ള ഒരവസരത്തെ വൃഥാ കളയാതിരിക്കാനാണ് സഹോദരസ്നേഹം മൂർത്തിമത്തായി ലോകത്തിൽ അവതരിച്ചിട്ടുള്ള മഹാത്മാഗാന്ധി ഖിലാഫത്ത് കാര്യത്തിൽ ഹിന്ദുക്കരം മുഹമ്മദീയരെ സഹായിക്കേണമെന്ന് ഉപദേശിച്ചത്. മഹാത്മാഗാന്ധിയേക്കാരം തൻെറ മതത്തിൽ വിശ്വാസമുള്ള ഒരുഹിന്ദു വേറെയില്ല. ഹിന്ദുക്കളുടെ ആചാര്യന്മാരിൽവെച്ച് അതിശ്രേഷ്ഠന്മാരായ ദ്വാരകാപീഠം ശങ്കരാചാര്യസ്വാമി, സ്വാമി സത്യദേവ്, സ്വാമി ഗോവിന്ദാനന്ദ്, സ്വാമി ശ്രദ്ധാനന്ദ് മുതലായ വിശിഷ്ടപുരുഷന്മാരാണ് ഈ പ്രസ്ഥാനത്തിൻെറ തലവന്മാരായി പ്രവർത്തിച്ചതും.

തമ്മിൽ മത്സരിച്ച് നിന്നിരുന്ന ഇന്ത്യയിലെ ഈ രണ്ട് പ്രധാനസമുദായങ്ങരം തമ്മിൽ ഏതാനും സംവത്സരങ്ങളായി സൌഹാർദ്ദത്തോടുകൂടി വർത്തിക്കുവാൻ ആരംഭിച്ചിരുന്നു. പഞ്ചാബിലെ അഴിമതികരം ഈ യോജിപ്പിനെ പ്രബലപ്പെടുത്തുകയും ചെയ്തിരുന്നു. ഖിലാഫത്തു പ്രസ്ഥാനത്തിൻെറ ആരംഭത്തോടുകൂടി ഈ ഐക്യം പരിപൂർണ്ണാവസ്ഥയെ പ്രാപിച്ച നിലയിലാണ്. നിർഭാഗ്യവശാൽ ഈ മൈത്രിക്ക് ഇപ്പോരം പഞ്ചാബിലും മലബാറിലും മററും

ഗണ്യമായ ഹാനി സംഭവിച്ചിട്ടുണ്ടെങ്കിലും 1920—21 കൊല്ലങ്ങളിൽ ഇന്ത്യയിൽ പരക്കെ ഹിന്ദുക്കളും മുസൽമാൻമാരും തമ്മിലുണ്ടായിരുന്ന രഞ്ജിപ്പ് വിസ്മയനീയമായിരുന്നു.

കലാപത്തിന്നു മുൻപായി ഖിലാഫത്ത് പ്രസ്ഥാനം മലബാറിലെ ഹിന്ദുക്കളും മുസൽമാൻമാരും തമ്മിലുള്ള ബന്ധവും ഏതാണ്ട് ഭേദപ്പെടുത്തി. ഖിലാഫത്ത് പ്രസ്ഥാനത്തിൻെറ ആരംഭകാലത്ത് അതുസംബന്ധമായി കൂടിയ യോഗങ്ങളിൽ ഹിന്ദുക്കൾ വളരെ ദുർല്ലഭം പേർ മാത്രമേ ഹാജരുണ്ടായിരുന്നുള്ളൂ. കൌൺസിൽ ബഹിഷ്കരണം എന്ന വിഷയത്തെപ്പററി മാത്രമാണ് അക്കാലത്ത് പ്രധാനമായി ഖിലാഫത്തു പ്രവർത്തകന്മാർ പ്രസംഗങ്ങൾ നടത്തിയിരുന്നത്. കോഴിക്കോട് താലൂക്കിൽ കോഴിക്കോട് നഗരത്തിൽ മാത്രവും ഏറനാട് താലൂക്കിൽ തിരൂരങ്ങാടി, കൊണ്ടോട്ടി, മഞ്ചേരി, മമ്പാട്, മലപ്പുറം, കോട്ടയ്ക്കൽ, പുളിക്കൽ എന്നീ സ്ഥലങ്ങളിൽ മാത്രവും അക്കൊല്ലത്തിൻെറ അവസാനത്തിൽ ഞങ്ങളാൽ ചിലർ പ്രസംഗങ്ങൾ നടത്തുകയുണ്ടായിട്ടുണ്ട്. ഈ യോഗങ്ങളിലെല്ലാം വിശിഷ്ടന്മാരും, ജനസമ്മതന്മാരും ആയ മൌലവികൾ വിശുദ്ധ ഖുറാനിലെ വചനങ്ങളെ ആസ്പദമാക്കി ഹിന്ദുമുസ്ലീം മൈത്രിയെപ്പററി ശക്തിമത്തായ പ്രസംഗങ്ങൾ ചെയ്തിട്ടുണ്ടായിരുന്നു. ഈ പ്രസംഗങ്ങളാലും മററും മുഹമ്മദീയർ ഹിന്ദുക്കളെ തങ്ങളുടെ ബന്ധുക്കളായി കരുതുവാൻ തുടങ്ങി. ഏറനാട്ടിലെയും, വള്ളുവനാട്ടിലെയും ഹിന്ദുക്കൾ ഈ അവസരങ്ങളിൽ മുഹമ്മദീയരോട് വല്ല സഹതാപവും പ്രദർശിപ്പിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ പിന്നീടുണ്ടായ കലാപത്തിൻെറ പ്രകൃതം വളരെ വ്യത്യാസപ്പെടുമായിരുന്നു. വള്ളുവനാട്ടിലെ ഹിന്ദുക്കൾ 1922—ൻെറ ആരംഭത്തോടുകൂടി കോൺഗ്രസ്സ് ഖിലാഫത്ത് യോഗങ്ങളിൽ പങ്കുകൊള്ളുവാൻ തുടങ്ങി. അവിടത്തെ ഹിന്ദുക്കൾ ലഹളക്കാരുടെ പല അക്രമങ്ങൾക്കും പാത്രമായിത്തീർന്നുവെങ്കിലും ഏറനാട്ടിലെ ഹിന്ദുക്കളോളം കഷ്ടത അനുഭവിക്കേണ്ടിവന്നില്ല. പെരിന്തൽമണ്ണ മുതലായ സ്ഥലങ്ങളിൽ മാപ്പിളമാരായ ഖിലാഫത്ത് പ്രവർത്തകന്മാർ അവിടുത്തെ ഹിന്ദുക്കളെ ലഹളക്കാരിൽനിന്നും, കൊള്ളക്കാരിൽനിന്നും തീരെ രക്ഷിച്ചു. 1922—ൽ ഏറനാട് താലൂക്കിൽ ആകെ രണ്ടോ മൂന്നോ യോഗങ്ങൾ കൂടി പ്രസംഗങ്ങൾ നടത്തിയതല്ലാതെ കലാപത്തിന്നു മുൻപായി ഖിലാഫത്തുയോഗങ്ങളോ, പ്രസംഗങ്ങളോ ഉണ്ടായിട്ടില്ലെന്നത് പ്രസ്താവയോഗ്യമാണ്. ഒരുപക്ഷേ, അവിടെയും വള്ളുവനാട്ടിലെപോലെയോഗങ്ങൾ

കൂടിയിരുന്നുവെങ്കിൽ ഹിന്ദുക്കളും ക്രമേണ കാര്യം മനസ്സിലാക്കി മുഹമ്മദീയരോട് സഹകരിക്കുമായിരുന്നു. പക്ഷേ, അതിനൊന്നും അവസരമുണ്ടായില്ല. അതിനെപ്പററി പിന്നീട് പ്രസ്താവിച്ചുകൊള്ളാം.

ഖിലാഫത്തുപ്രസ്ഥാനവും അതു സംബന്ധമായി യോഗ്യന്മാരും, വിദ്വാന്മാരുമായ മൌലവികൾ ചെയ്യുന്ന പ്രസംഗങ്ങളും ഹിന്ദുക്കൾ മുഹമ്മദീയർക്ക് മതകാര്യത്തിൽ ചെയ്യുന്ന സഹായവും ഏറനാട്ടിലെയും മററും മാപ്പിളമാരുടെ മനസ്സിൽ ഹിന്ദുക്കളോടുള്ള വൈരം അഥവാ സ്നേഹമില്ലായ്മ തീരെ നശിപ്പിക്കുമെന്ന് ഞങ്ങളിൽ ചിലർ വിശ്വസിച്ചു. തന്മൂലം മാപ്പിളലഹളകൾ മേലിൽ ഉണ്ടാകാതെ ഏറനാട്ടിലെ ഹിന്ദുക്കളും മുഹമ്മദീയരും സഹോദരഭാവത്തിൽ വർത്തിക്കുവാൻ സംഗതിയായേക്കാമെന്നും ഞങ്ങളാശിച്ചു. പക്ഷേ, പിന്നീടുണ്ടായ കലാപം ''അന്യഥാ ചിന്തിതം കാര്യം, ദൈവമന്യത്ര ചിന്തയേത്'' എന്ന പ്രമാണത്തെ തെളിയിക്കുകയാണുണ്ടായത്.

കലാപം ഉണ്ടായിരുന്നില്ലെങ്കിൽ കാര്യം ഏതുനിലയിൽ കലാശിക്കുമായിരുന്നുവെന്ന് ഖണ്ഡിച്ചു പറയുവാൻ ഞാൻ ശക്തനല്ല. കോൺഗ്രസ്സും ഖിലാഫത്തും പ്രവൃത്തികൾ യാതോരു തടസ്സവും കൂടാതെ നടത്തുവാൻ ഞങ്ങളാൽ ചിലരെ അനുവദിച്ചിരുന്നുവെങ്കിൽ ഏറനാട്ടിലും, വള്ളുവനാട്ടിലും ഉള്ള ഹിന്ദുക്കളും മാപ്പിളമാരും പൂർണ്ണ സഹോദരഭാവത്തോടുകൂടി വർത്തിക്കുവാൻ സംഗതി വരുമായിരുന്നുവെന്ന് പറയുവാൻ മാത്രം എനിക്ക് ധാർഷ്ട്യവും ഇല്ല. എങ്കിലും അക്കാലങ്ങളിലുണ്ടായ ചില അനുഭവങ്ങളും മുഹമ്മദീയരുടെ മനോഭാവത്തിൽ പ്രത്യക്ഷപ്പെട്ട ഭേദഗതിയും ശുഭമായ ഒരു ഭാവിയെ സൂചിപ്പിച്ചിരുന്നു.

ഹിന്ദുക്കൾ പരക്കെ ഖിലാഫത്ത് കാര്യത്തിൽ മുഹമ്മദീയരോട് സഹതാപം പ്രദർശിപ്പിക്കാതിരുന്നതിനെപ്പററി അവരിൽ ചിലരുടെ മനസ്സിൽ അലോഗ്യമുണ്ടാകാതിരുന്നില്ല. എന്നല്ല, പൊന്നാനി താലൂക്കിൽ 'കൂട്ടായി' എന്ന സ്ഥലത്തുവെച്ച് കൂടിയ ഒരു യോഗത്തിൽവെച്ച് ഒരു മുഹമ്മദീയപ്രമാണി എന്റെ പ്രസംഗത്തിന്നുശേഷം പ്രസംഗപീഠത്തിൽ കയറി സദസ്യരോട് ഈവിധം പറഞ്ഞു: ''മാധവൻനായരവർകൾ ഹിന്ദു—മുസ്ലീം മൈത്രിയെപ്പററി പ്രസംഗിച്ചു. മൈത്രി വേണ്ടതുതന്നെ. സംശയമില്ല. പക്ഷേ, ആ മൈത്രി ഞാനിവിടെ കാണുന്നില്ല. ഈ യോഗംതന്നെ നോക്കുക. ഇവിടെ എത്ര ഹിന്ദുക്കൾ ഹാജരുണ്ട്. ഇങ്ങനെയിരിക്കെ നാം ഇച്ഛിക്കുന്ന ഹിന്ദു—

മുസ്ലീം മൈത്രി ഉണ്ടാക്കുവാൻ വഴിയുണ്ടോ''. അയ്യായിരമോ ആറായിരമോ മുഹമ്മദീയർ കൂടിയിരുന്ന ആ യോഗത്തിൽ ആകെ അഞ്ചോ ആറോ ഹിന്ദുക്കളിലധികം ഹാജരുണ്ടായിരുന്നില്ല. മേപ്പടി പ്രസംഗം സദസ്യർക്ക് വളരെ രുചിച്ചുവെന്ന് എനിക്കുതോന്നി. ഞങ്ങളുടെ പ്രസംഗങ്ങളെല്ലാം നിഷ്ഫലമായെന്നും ഒരു ഭയം എൻെറ മനസ്സിൽ ജനിച്ചു. അതിനാൽ അഗ്രാസനരുടെ അനുവാദത്തോടുകൂടി ഞാൻ ഇങ്ങനെ സമാധാനം പറഞ്ഞു: (ഈ സംഭവം അക്കാലങ്ങളിൽ മുഹമ്മദീയരുടെ മനസ്സിൽ ഉണ്ടായിരുന്ന വിചാരങ്ങളെ വിശദപ്പെടുത്തുന്നതു കൊണ്ടുമാത്രം ഞാൻ അല്പം വിവരിച്ചു പറയുന്നതാണ്): ''മി........പറഞ്ഞത് വാസ്തവമാണ്. ഇവിടെ ഹിന്ദുക്കാം എത്രയോ ചുരുക്കം പേരെ ഹാജരുള്ളൂ. അതിനെ നിങ്ങളാരും തെററിദ്ധരിക്കരുത്. ഇവിടത്തെ വിഷയം പ്രധാനമായി ഖിലാഫത്താണ്. ഹിന്ദുക്കാംക്ക് പരക്കെ ഖിലാഫത്തുകാര്യത്തിൽ യാതൊരു ശ്രദ്ധയ്ക്കും ഉത്സാഹത്തിന്നും വഴിയില്ല. ഹിന്ദുക്കളും മുഹമ്മദീയരും ഒരേ മാതൃഭൂമിയുടെ സന്താനങ്ങളാകയാൽ ഹിന്ദുക്കാം മുസൽമാന്മാരെ ഈ കാര്യത്തിൽ സഹായിക്കേണ്ടത് സഹോദരധർമ്മമാകകൊണ്ട് മാത്രമാണ് ഹിന്ദുക്കാം ഈ കാര്യത്തിൽ ഏർപ്പെട്ടിട്ടുള്ളത്.

ഇത് സാധാരണന്മാർക്ക് ഗ്രഹിപ്പാൻ വളരെ വിഷമമുണ്ട്. അത് ഗ്രഹിച്ചുവരുമ്പോാം ഹിന്ദുക്കളും ഖിലാഫത്ത് യോഗത്തിൽ സന്നിഹിതരായിക്കൊള്ളും. മുഹമ്മദീയർ ഇത്ര അധികമായി യോഗങ്ങളിൽ ഹാജരാകുന്നത് ഇക്കാര്യം മതസംബന്ധമാകുന്നതുകൊണ്ടാണ്. ഹോംറൂാം പ്രസ്ഥാനത്തിൻെറ കാലത്തു യോഗങ്ങളിൽ എത്രയോ ചുരുക്കംപേർ മാത്രമേ സഭകളിൽ ഹാജരുണ്ടായിരുന്നുള്ളൂ. മലബാറിലെ ജനങ്ങാംക്ക് രാഷ്ട്രീയമായ യാതൊരു വിദ്യാഭ്യാസവും ഉണ്ടായിട്ടില്ല. അന്യദിക്കുകളിൽ മുഹമ്മദീയരെക്കാാം അധികമായി ഖിലാഫത്തുകാര്യങ്ങളിൽ ഹിന്ദുക്കളാണ് പ്രവർത്തിച്ചു വരുന്നത്. മലബാറിലും ഖിലാഫത്തിന്നുവേണ്ടി ജീവിതത്തിന്നു വേണ്ടുന്ന സമ്പാദ്യത്തെ തീരെ ഉപേക്ഷിച്ചവരായി ഹിന്ദുക്കളിൽ മാത്രമേ അല്പം ചിലരെങ്കിലും ഉള്ളൂ എന്നത് സദസ്യർ ഓർക്കേണ്ടതാണ്.''

ഈ വിധത്തിലാണ് അക്കാലങ്ങളിൽ ഹിന്ദുക്കാം കാണിച്ചിരുന്ന അനാസ്ഥയ്ക്ക് ഞങ്ങളാൽ ചിലർ സമാധാനം പറഞ്ഞുവന്നിരുന്നത്. മേൽപറഞ്ഞ സംശയങ്ങാം ചിലർക്കുണ്ടായിരുന്നുവെങ്കിലും പൊതുവിൽ മുഹമ്മദീയരുടെ ഇടയിൽ അക്കാലത്തു ഹിന്ദുമുസ്ലിം മൈത്രിയെപ്പററി

വിശ്വാസം ജനിച്ചിരുന്നു എന്നതിന്നു സംശയമില്ല. ഇത് വെറും അഭിപ്രായമല്ല. എന്റെ സ്വന്തം അനുഭവമാണ്. ഒന്നാമതായി ഒററപ്പാലത്തുണ്ടായ സംഭവത്തെ വിവരിക്കാം.

1921 ഫിബ്രവരി 10–ാംനു- ഒററപ്പാലത്തുവെച്ച് ഒരു ഖിലാഫത്തുയോഗം കൂടി. ആ സഭയിൽ ഞാനും ഹാജരുണ്ടായിരുന്നു. യോഗം അവസാനിച്ചശേഷം ഒററപ്പാലത്തുള്ള ചില മുഹമ്മദീയ ഖിലാഫത്തു പ്രവർത്തകന്മാർ പി. രാമുണ്ണിമേനോന്റെ വീട്ടിൽ ഞങ്ങളെ കാണുവാൻ വന്നു. ഒററപ്പാലത്തിന്നടുത്തുള്ള ക്ഷേത്രത്തിൽ കൊല്ലംതോറും ഒരു പൂരം നടത്താറുണ്ട്. അതുസംബന്ധമായ കൊട്ടിയെഴുന്നള്ളത്ത് ഒററപ്പാലത്തുള്ള ഒരു പള്ളിയുടെ മുമ്പാകെയാണ് സാധാരണയായി പോകാറുള്ളത്. മുൻകാലങ്ങളിൽ അങ്ങനെ പോകുന്ന ഘോഷയാത്രയ്ക്ക് മുഹമ്മദീയർ യാതൊരു തടസ്സവും ചെയ്യാറില്ലായിരുന്നുവെങ്കിലും ഏതാനും കൊല്ലങ്ങളായി അവർ തടസ്സം ചെയ്കയും അതുനിമിത്തം ചില ലഹളകാം ഉണ്ടാവുകയും ചെയ്തിരുന്നുവത്രെ. അതിന്നുശേഷം പോലീസിന്റെ സഹായത്തോടുകൂടിയായിരുന്നു ഘോഷയാത്ര പള്ളിയുടെ മുമ്പിൽകൂടെ പോയിരുന്നത്. സഹകരണത്യാഗം ആരംഭിച്ച കാലത്തു ഗവർമ്മേണ്ട് ഉദ്യോഗസ്ഥന്മാരുടെ സഹായം കൂടാതെ നമ്മുടെ കാര്യം നാം തന്നെ നിർവഹിക്കേണ്ടതാണെന്നുള്ള മോഹം പലരുടെയും മനസ്സിൽ കടന്നുകൂടി. ഹിന്ദുക്കളും മുസൽമാന്മാരുംകൂടി യാതൊരു കലഹത്തിന്നും വഴികൊടുക്കരുതെന്ന ആഗ്രഹം ഈ മോഹത്തിന്നു ശക്തിയും കൊടുത്തു. ഈ കാരണങ്ങളാലാണ് ഒററപ്പാലത്തുള്ള മുഹമ്മദീയർ ചിലർ അക്കൊല്ലത്തെ എഴുന്നള്ളത്തിന്നു ഹിന്ദുക്കാം പോലീസുദ്യോഗസ്ഥന്മാരുടെ സഹായം അപേക്ഷിക്കരുതെന്നും യാതൊരു തകരാറും മാപ്പിളമാരിൽനിന്നുണ്ടാകാതെ കഴിപ്പാൻ അവർ വേണ്ടുന്ന എല്ലാ ഏർപ്പാടുകളും ചെയ്തുകൊള്ളാമെന്നും നിവൃത്തിയുള്ളപക്ഷം പള്ളിയുടെ മുൻഭാഗത്തുമാത്രം കൊട്ടു നിർത്തിച്ചു കിട്ടിയാൽ തരക്കേടില്ലെന്നും ഞങ്ങളോട് വന്ന് ആവശ്യപ്പെട്ടത്. ഹിന്ദുക്കാംക്ക് കൊട്ടേണമെന്ന് നിർബ്ബന്ധമുള്ളപക്ഷം അതിന്നുകൂടെ അവർ സമ്മതിക്കാമെന്നും പോലീസുദ്യോഗസ്ഥന്മാരുടെ സഹായം ആവശ്യപ്പെടാതിരുന്നാൽമാത്രം മതിയെന്നും അവർ ഞങ്ങളെ സ്വകാര്യമായി ധരിപ്പിച്ചു. ഇവർ പറഞ്ഞതെല്ലാം വളരെ ന്യായമെന്ന് തോന്നുകയാൽ രാമുണ്ണിമേനോനും ഞാനും മററും കൂടി പിറേറന്നു രാവിലെ ക്ഷേത്ര

ത്തിലെ ഊരാളന്മാരിൽ പ്രധാനികളായവരെ കണ്ടു ഇക്കാര്യം പറവാനുള്ള ഉദ്ദേശ്യത്തോടുകൂടി ഇറങ്ങി പുറപ്പെട്ടു. കാര്യ സാദ്ധ്യത്തിന്ന് ഊരാളന്മാരെ കാണുന്നതിനേക്കാരം ഊരാള ന്മാരുടെ പ്രത്യേക വിശ്വസ്തനും ഒററപ്പാലത്തു ഒരു വക്കീലും ആയ മി....റെ കാണുന്നതായിരിക്കും ഉത്തമം എന്ന വിവരം കിട്ടി. അതിനാൽ ഞങ്ങരം അദ്ദേഹത്തിൻെറ അടുക്കൽ ചെന്നു. മുഹമ്മദീയർ ഹിന്ദു—മുസ്ലിം മൈത്രിക്ക് വേണ്ടിയും സഹകരണ ത്യാഗത്തിന്നുവേണ്ടിയും ഇത്ര ത്തോളം പിന്മാറാമെന്നു പറയുന്ന സ്ഥിതിക്ക് പള്ളിയുടെ മുമ്പാകെയെങ്കിലും കൊട്ടാതെ പോവാൻ ഹിന്ദുക്കരം സമ്മ തിക്കുന്നത് യോഗ്യതയായിരിക്കും എന്ന് ഞങ്ങരം അദ്ദേഹ ത്തോടു പറഞ്ഞു. അദ്ദേഹം ഞങ്ങരം പറഞ്ഞത് കാര്യം തന്നെയെന്ന് സമ്മതിച്ചുവെങ്കിലും ഊരാളന്മാർ അതു സമ്മ തിക്കുന്നകാര്യം വിഷമമാണെന്നു ഞങ്ങളെ ധരിപ്പിച്ചു. പക്ഷേ, തകരാറൊന്നും ഉണ്ടാവുകയില്ലെന്ന് ഞങ്ങരം ഏല്ക്കു ന്നപക്ഷം പൊലീസിൻെറ സഹായം ആവശ്യപ്പെടാതെ കഴിച്ചുകൊള്ളാമെന്ന് അദ്ദേഹം ഞങ്ങളോട് പറഞ്ഞു. ഊരാ ളന്മാരെ നേരിട്ട് കണ്ടുകൊള്ളാമെന്ന് കരുതി വേറെ ചില തിരക്കുകരം ഉണ്ടായിരുന്നതിനാൽ ഞാൻ മടങ്ങി. ഇത് 1921 ഫിബ്രവരിമാസം 13—ാംനു- ആയിരുന്നു. പക്ഷേ, പിന്നീട് എനിക്ക് ഒററപ്പാലത്തുപോവാൻ സാധിച്ചില്ല. ഫിബ്രവരിമാസം 16—ാംനു- കണ്ണൂർക്കുള്ള യാത്രയാണ് എനിക്ക് വേണ്ടിവന്നത്. ഞാൻ ബന്ധനസ്ഥനായെങ്കിലും ഒററപ്പാലത്തു പിന്നീട് നടന്ന സംഭവം എനിക്ക് വളരെ ചാരിതാർത്ഥ്യത്തിന്നു കാരണമാക്കി. ഫിബ്രവരി അവസാ നത്തിലായിരുന്നു പൂരം അവിടെ നടന്നത്. ആ ദിവസം ഹിന്ദുക്കരം പതിവുപ്രകാരം പൊലീസുകാരുടെ സഹായം ആവശ്യപ്പെട്ടില്ല. പൂരയാത്ര പള്ളിയുടെ മുമ്പാകെ വാദ്യ ഘോഷത്തോടുകൂടെ പോയി. പള്ളിയിൽ അനേകം മുഹ മ്മദീയർ കൂടിയിരുന്നു. അവർ ഘോഷയാത്രയിൽ പങ്കു കൊണ്ടിരുന്ന ഹിന്ദുക്കരംക്ക് ഇളനീർ മുതലായതു കൊടുത്തു സൽക്കരിച്ച് സ്നേഹത്തോടും വളരെ സൗഹാർദ്ദ ത്തോടുംകൂടി പിരിഞ്ഞു. പള്ളിയിൽ നിസ്കാരം നടക്കുന്ന സമയത്ത് ആ നിസ്കാരത്തിന്നു പ്രതിബന്ധങ്ങളായ ശബ്ദ ങ്ങരം ഉണ്ടായിക്കൂടെന്നല്ലാതെ വല്ലപ്പോഴും വല്ലവരും യദൃച്ഛ യായി പള്ളിയുടെ മുമ്പാകെ കൊട്ടിക്കൊണ്ടുപോകുന്നതു മതത്തെയും പള്ളിയെയും ധിക്കരിക്കുന്നതല്ലെന്ന് ഒററപ്പാ ലത്തുള്ള മുഹമ്മദീയർക്ക് ബോദ്ധ്യപ്പെട്ടതിനാലും ഹിന്ദു— മുസ്ലിം മൈത്രിയെ പ്രബലപ്പെടുത്തുവാനുള്ള ഉദ്ദേശ്യ

ത്താലും മാത്രമാണ് അവർ ഇപ്രകാരം പ്രവർത്തിച്ചത്. അല്ലാതെ അവർക്ക് മതത്തോടും പള്ളിയോടും മററു മുഹമ്മദീയരെക്കാരം ഭക്തിക്കുറവുകൊണ്ടല്ല.

മേപ്പടി സംഭവം മുഹമ്മദീയർക്ക് മതകാര്യത്തിൽ വിശാലബുദ്ധി പ്രദർശിപ്പിക്കുവാൻ സാധിക്കുമെന്നും ഒററപ്പാലത്തെ ഹിന്ദുക്കളുടെ മേൽ അവിടത്തെ മുഹമ്മദീയർ പ്രശസ്തമായ ഒരു വിജയം നേടിയെന്നും തെളിയിക്കുന്നുണ്ടല്ലോ.

മലപ്പുറത്തിന്നടുത്തു നടന്ന മറെറാരു സംഭവവും ഖിലാഫത്തുപ്രസ്ഥാനം ഹിന്ദു—മുസ്ലീം മൈത്രിയെ എങ്ങിനെ സഹായിച്ചുവെന്നു വെളിപ്പെടുത്തുന്നുണ്ട്. ഈ ലേഖനം അല്പം ദീർഘിച്ചുപോയതിനാലും ആ സംഭവവും കുടിയാൻ പ്രക്ഷോഭവും തമ്മിൽ സംബന്ധപ്പെട്ടിട്ടുള്ളതിനാലും അതിനെപ്പററി മേപ്പടി പ്രക്ഷോഭത്തിൻെറ ചരിത്രം പ്രതിപാദിക്കുന്ന അദ്ധ്യായത്തിൽ പ്രസ്താവിച്ചുകൊള്ളാം.

# ഖിലാഫത്തും സഹകരണത്യാഗവും

ഏറനാട്, വള്ളുവനാട്, പൊന്നാനി, കോഴിക്കോട് ഈ നാലു താലൂക്കുകളേയും കഷ്ടിച്ച് ഒരു കൊല്ലത്തോളം കാലത്തേയ്ക്ക് അതികഠോരമായ അത്യാപത്തിൽ തള്ളിയിട്ട കലാപത്തിന് ഉരംപ്രദേശങ്ങളിൽ ഖിലാഫത്ത് എന്നുതന്നെ പലരും നാമകരണം ചെയ്തിരിക്കുന്നു. ഖിലാഫത്തുമായി സംബന്ധിച്ച ഞങ്ങളാൽ ചിലർക്ക് മാപ്പിളമാരിൽപോലും ചിലർ ലഹളക്കാർക്ക് ഖിലാഫത്തുകരം എന്ന സംജ്ഞ നൽകിയിരുന്നത് കേട്ടിരുന്നപ്പോരം വളരെ കർണ്ണശല്യമായി തോന്നിയിരുന്നു. ഖിലാഫത്ത്പ്രസ്ഥാനത്തിൻെറ ആരംഭകാലത്ത് ഖിലാഫത്തിൻെറ വൈരികളും അതിനെപ്പററി യാതൊരു ഗന്ധവുമില്ലാത്ത ഹിന്ദുക്കളും ഖിലാഫത്തിനെ പരിഹാസമായി 'കിലാപത്ത്', 'കുലാപത്ത്', 'കലാപത്ത്', 'അഖിലാപത്ത്' എന്നിങ്ങനെ അവരവരുടെ മനോധർമ്മത്തിന്നനുരൂപമായി വികൃതങ്ങളായ പല പേരുകളും പറഞ്ഞുവന്നിരുന്നു. പക്ഷേ, കലാപത്തിനുശേഷം ജനങ്ങരം കലാപത്തിന് ഖിലാഫത്ത് എന്നു നാമകരണം ചെയ്തിരുന്നത് പരിഹാസരസത്തിലായിരുന്നില്ല. ക്ഷാമനിവാരണപ്രവൃത്തിയെ സംബന്ധിച്ച് ഉരംപ്രദേശങ്ങളിൽ സഞ്ചരിക്കുവാൻ ഇടവന്നപ്പോരം നമ്മോട് യാതൊരു വൈരത്തിനും അവകാശമില്ലാത്ത സ്ത്രീകളും, കുട്ടികളും, വൃദ്ധന്മാരുംകൂടി ലഹളയെ ഖിലാഫത്തെന്നും ലഹളക്കാരെ ഖിലാഫത്തുകാരെന്നും സാധാരണ സംസാരത്തിൽകൂടെ പറഞ്ഞിരുന്നത് ഞാൻ പലപ്പോഴും കേട്ടിട്ടുണ്ട്. ഖിലാഫത്തും കലാപവും തമ്മിലുള്ള യഥാർത്ഥ ബന്ധത്തെപ്പററി വിവരമായി പ്രതിപാദിക്കുന്നതിന്ന് മുമ്പ് ഖിലാഫത്തിനെപ്പററിയും സഹകരണത്യാഗത്തെപ്പററിയും ഒരു ചുരുക്കവിവരം കൊടുക്കേണ്ടത് ആവശ്യമായിത്തീർന്നിരിക്കുന്നു. അതിനെപ്പററി വളരെപ്പേർക്കും പ്രത്യേകിച്ച് ഹിന്ദുക്കരംക്കും വളരെ വിവരമുള്ളതായി തോന്നുന്നില്ല.

1914 ആഗസ്റ്റ് 4—ാംനു- ലോകമഹായുദ്ധം ആരംഭിച്ചു. അധികം താമസിയാതെ തുർക്കി ജർമ്മനിയോട് കൂടിചേർന്ന് സങ്കലിതശക്തികളുടെ നേരെ യുദ്ധത്തിന്നൊരുമ്പെട്ടു. തുർക്കി സുൽത്താൻ മുഹമ്മദീയരാജാക്കന്മാരിൽ

അഗ്രഗണ്യനെന്നു മാത്രമല്ല, മുഹമ്മദ് മതത്തെ രക്ഷിക്കുവാൻ അർഹതയും, ബാദ്ധ്യതയും ഉള്ള 'ഖലീഫ' അല്ലെങ്കിൽ ''ദൈവപ്രതിനിധി''കൂടിയാണ്. ഏതൊരു മുഹമ്മദനും തൻെറ പ്രാർത്ഥനയിൽ ഖലീഫയുടെ പേർകൂടി ചേർത്തുവേണം പ്രാർത്ഥിക്കുവാൻ. ശത്രുക്കളിൽനിന്ന് മുഹമ്മദ്മതത്തിന്നോ മുഹമ്മദീയരുടെ പുണ്യസ്ഥലങ്ങൾക്കോ നേരിടുന്ന സകല ആപത്തിൽനിന്നും രക്ഷിപ്പാനും ശത്രുക്കളെ തടുക്കുവാനും ഉള്ള ശക്തി ഖലീഫയ്ക്കുണ്ടായിരിക്കേണ്ടതാണ്. നജാഫ്, കർബാലാ, കാസിമേയ്ൻ, സമാറാ, ബാഗ്ദാദ്, മക്ക, മെദീന, ജറൂസലം എന്നീ പുണ്യസ്ഥലങ്ങൾ അടങ്ങിയതും മൂന്നു ഭാഗം കടലും കിഴക്ക് യൂഫ്രിട്ടീസ്, ടൈഗ്രീസ് എന്നീ നദികളും ആയി ഇവയുടെ മദ്ധ്യേ കിടക്കുന്നതും ആയ അറബി അർദ്ധദ്വീപ് മുഹമ്മദീയശക്തികളുടെ കീഴിലല്ലാതെ അന്യാധീനത്തിൽ പെട്ടു പോകരുതെന്നാണ് മുഹമ്മദുമതം നിഷ്കർഷിക്കുന്നത്. ബ്രിട്ടനുമായി യുദ്ധമായപ്പോൾ ബ്രിട്ടീഷു രാജ്യങ്ങളിൽ അധിവസിക്കുന്ന മുഹമ്മദീയലോകം ധർമ്മസങ്കടത്തിൽപ്പെട്ടു. രാജ്യാധിപനും മതാധിപനും തമ്മിലുള്ള മത്സരത്തിൽ മതാഭിമാനികളായ മുഹമ്മദീയർക്ക് രാജഭക്തി പ്രദർശിപ്പിക്കുന്നത് ദൈവവിദ്വേഷമായിത്തീർന്നു. മുഹമ്മദീയരുടെ വിരോധം പാടില്ലെന്നു മാത്രമല്ല, അവരുടെ സഹായം കൂടാതെ യുദ്ധത്തിൽ വിജയം അസാധ്യമെന്ന് ബ്രിട്ടനു ബോധ്യപ്പെട്ടിരുന്നു. ആ സന്ദർഭത്തിലാണ് ബ്രിട്ടീഷ് ചക്രവർത്തിയുടെ പ്രതിനിധിയായ ഇന്ത്യാ വൈസ്രോയി ഇവിടെ വന്നത്. 1914—ൽ ഒരു വിളംബരം പ്രസിദ്ധപ്പെടുത്തിയതിൽ തുർക്കിയുടെ യുദ്ധം മതസംബന്ധമായ ഒരു യുദ്ധമാർഗമല്ലെന്നും മുഹമ്മദീയരുടെ പുണ്യസ്ഥലങ്ങൾക്കു യാതൊരു ഹാനിയും നേരിടുന്നതല്ലെന്നും വൈസ്രോയി ചെയ്ത വാഗ്ദാനം ഇന്ത്യയിലെ മുഹമ്മദീയർക്ക് വളരെ ആശ്വാസകരമായിത്തീർന്നു. ബ്രിട്ടീഷ് ഭരണക്രമത്തിൽ ഇന്ത്യാനിവാസികൾക്ക് അത്യന്തം അസംതൃപ്തി ഉണ്ടായിരുന്നുവെങ്കിലും പ്രകൃത്യാ രാജഭക്തന്മാരായ ഇന്ത്യാ നിവാസികൾ ദേഹംകൊണ്ടും ധനംകൊണ്ടും കഴിയുന്ന സഹായം തങ്ങളുടെ ചക്രവർത്തിക്ക് ചെയ്തുകൊടുക്കുവാൻ അത്യുത്സാഹത്തോടെ ഇറങ്ങി പുറപ്പെട്ടു. ഇപ്പോൾ സഹകരണത്യാഗികളായി ബ്രിട്ടീഷ് രാജ്യഭരണരീതിയെ ഉടച്ചു വാർക്കുവാൻ കച്ചകെട്ടി പുറപ്പെട്ടിട്ടുള്ള പലരും അക്കാലത്ത് പത്രങ്ങളിലൂടെയും പ്രസംഗമണ്ഡപങ്ങളിലൂടെയും ബ്രിട്ടനെ സഹായിപ്പാൻ ജനങ്ങളെ പ്രോത്സാഹി

പ്പിച്ചുകൊണ്ട് പ്രസംഗങ്ങൾ വർഷിച്ചിരുന്നു. മുഹമ്മദീയർ യാതൊരു വൈമനസ്യവും കാണിക്കാതെ ബ്രിട്ടീഷ് ചക്രവർത്തിയുടെ സൈന്യത്തിൽ ചേർന്നു തങ്ങളുടെ സുൽത്താനോട് പോരാടി. അളവററ ധനം യുദ്ധഫണ്ടിലേയ്ക്കു ദാനം ചെയ്തു. യുദ്ധാനന്തരം ഇന്ത്യാനിവാസികൾക്കു ബ്രിട്ടീഷ് ഗവർമ്മെണ്ടിനോടുള്ള അതൃപ്തി തിളച്ചുമറിഞ്ഞ് ബ്രിട്ടീഷ് ശക്തിയെ കീഴ്മേൽ മറിക്കുന്ന ഒരു മഹാവിപ്ലവമായി പരിണമിക്കുമെന്ന് ആശിച്ചിരുന്ന ജർമ്മൻ ചക്രവർത്തിക്ക് അവരുടെ രാജഭക്തിയും ഉത്സാഹവും ഗവർമ്മെണ്ടുമായുള്ള സഹകരണവും കണ്ടപ്പോൾ ഹൃദയം വെന്തുപോയി. മുഹമ്മദീയരുടെ മനസ്സിൽ തെററിദ്ധാരണകളും സംശയങ്ങളും വരാതിരിക്കാൻ ഇടയ്ക്കിടെ വൈസ്രോയിയും ഇംഗ്ലണ്ടിലെ മന്ത്രിമാരും, പ്രധാന മന്ത്രിയും ഖലീഫയുടെ അധികാരങ്ങൾക്ക് യാതൊരു ഭംഗവും തങ്ങൾ വരുത്തുകയില്ലെന്ന് വീണ്ടും വീണ്ടും വാഗ്ദത്തം ചെയ്തു. 1918—ൽ പ്രധാനമന്ത്രി ലോയ്ഡ്ജോർജ്ജ് ഈ വാഗ്ദത്തങ്ങളെല്ലാം ഒന്നുകൂടി പ്രബലപ്പെടുത്തി പ്രഖ്യാപിച്ചു.

പക്ഷേ, യുദ്ധാവസാനത്തോടുകൂടി പ്രധാനമന്ത്രിയും, വൈസ്രോയിയും മററുള്ളവരും ചെയ്ത വാഗ്ദത്തങ്ങളെല്ലാം ജലരേഖപോലെ മാഞ്ഞുപോയി. ശത്രുക്കളുടെ ബലമെല്ലാം തളർന്നു. ലോകമാസകലം കിടുകിടെ വിറപ്പിച്ച കൈസർ രാജ്യഭ്രഷ്ടനായി, ജീവരക്ഷയ്ക്ക് അന്യരാജ്യത്തു അഭയം പ്രാപിച്ചു. ചിറകററു വീഴുന്ന പക്ഷികളെ പോലെ ആസ്ത്രിയയും തുർക്കിയും ഐക്യകക്ഷികളുടെ പാദങ്ങളിൽ ശരണം പ്രാപിച്ചു. വിജയലഹരിയാൽ മദോന്മത്തരായ പാശ്ചാത്യശക്തികളെ ദുർമ്മോഹമെന്ന പിശാചും പിടികൂടി. പരാജിതരായ ശക്തികളോട് സത്യവും, നീതിയും പാലിക്കേണ്ടതില്ലെന്നു അവർ തീർച്ചപ്പെടുത്തി. അഞ്ചു കൊല്ലം അതിഘോരമായ യുദ്ധം നടത്തി അനേകം ജീവനും, ധനവും നഷ്ടംവന്ന ബ്രിട്ടന്ന് ഇവയ്ക്കെല്ലാം പ്രതിഫലമായി മണ്ണെണ്ണ വിളയുന്ന മെസപൊട്ടോമ്യാ കരസ്ഥമാക്കുന്നതു അക്രമമായിരുന്നില്ല. ക്രൈസ്തവരാജഹംസങ്ങളുടെ ഇടയിൽ ഒരു മുഹമ്മദീയകാകന്നു ഇരിക്കാൻ ഇടം കൊടുക്കുന്നതാണെങ്കിൽ തന്നെ ഇതിന്ന് പറക്കുവാൻ ചിറകോ, ഇരിക്കാൻ കാലോ, കൊത്തുവാൻ കൊക്കോ പാടില്ലെന്നു അവർ വിധിച്ചു, അറബി ദ്വീപിൽ ബ്രിട്ടൻമാത്രം കൈവയ്ക്കുന്നതു പക്ഷേ, അനീതിയായിരിക്കാം! അതിനാൽ സിറിയ ഫ്രാൻസിന്നും, അനറേറാളിയ ഇററലിക്കും കൊടുത്തു. യുദ്ധത്തിൽ പങ്കുകൊണ്ടിട്ടില്ലെങ്കിലും ഗ്രീസിന്നു ത്രേയ്സും

സ്വർണയും ദാനം ചെയ്തു. പാലസ്റ്റൈൻ രണ്ടുമൂന്നു സഹസ്ര സംവത്സരം മുമ്പു ജൂതന്മാരുടെ അധീനത്തിലായിരുന്നു വല്ലോ. അത് അവർക്ക് മടക്കിക്കൊടുക്കുവാൻ തീർച്ചപ്പെടുത്തി. തുർക്കിക്കു യൂറോപ്പിൽ ഇരിക്കുവാൻ മാത്രം ഇടം കൊടുക്കുന്നതല്ലാതെ അവർക്കു പറയത്തക്ക സൈന്യമോ ശക്തിയോ പാടില്ലെന്ന് ഐക്യകക്ഷികൾ തീർച്ചപ്പെടുത്തി. തുർക്കിയിൽ താമസിക്കുന്ന വിദേശീയരുടെ മേൽ നീതിന്യായം നടത്തുവാൻപോലും സുൽത്താന് പൂർണ്ണാധികാരം പാടില്ലെന്ന് അവർ സ്ഥാപിച്ചു. ഈ നിലയിലായിരുന്നു സ്വാതന്ത്ര്യസംരക്ഷണത്തിന്നും ചെറിയ രാജ്യങ്ങളുടെ രക്ഷയ്ക്കും വേണ്ടിചെയ്ത ഗംഭീര യുദ്ധത്തിന്റെ പര്യവസാനം. സമാവകാശം, സ്വാതന്ത്ര്യം മുതലായവയെ ശാശ്വതമായി പരിരക്ഷിക്കത്തക്കവിധം യുദ്ധാവസാനത്തിൽ ഉണ്ടാകുന്ന ഉടമ്പടി 14 പരമതത്ത്വങ്ങളെ ആസ്പദിച്ചു തീർച്ചപ്പെടുത്തുന്നതാണെന്ന് അമേരിക്കയിലെ പ്രസിഡണ്ടായിരുന്ന വിൽസൺ സായ്വ് ഘോഷിച്ചതെല്ലാം അത്‌ലാൻറിക് സമുദ്രത്തിന്നടിയിൽ ആണ്ടുപോയി. മുഹമ്മദ്മതത്തെ ശത്രു ആക്രമണത്തിൽനിന്നു രക്ഷിപ്പാനുള്ള ത്രാണി, മുഹമ്മദീയരുടെ പുണ്യസ്ഥലങ്ങളുടെ മേലുള്ള ആധിപത്യം, അറബി, സിറിയ, പാലസ്റ്റൈൻ, മെസപൊട്ടേമ്യ മുതലായ രാജ്യങ്ങൾ അടങ്ങിയ ''അറബി ദ്വീപിന്റെ'' മേൽക്കോയ്മാവകാശം— ഇവ മൂന്നാണ് ഖിലാഫത്ത് അധികാരത്തിൽ നിർദ്ദേശിക്കപ്പെടുന്നത്. ഇവ മൂന്നിനേയും 1920—ാം സംവത്സരത്തിന്റെ മദ്ധ്യത്തിൽ തുർക്കി ഒപ്പിടാൻ നിർബ്ബന്ധിതമായ ഉടമ്പടി അടിച്ചുടച്ചു. മുഹമ്മദീയലോകം ചെയ്ത അപേക്ഷകളേയും അയച്ച ഹരജികളേയും പ്രതിനിധികൾ മൂലം ബോധിപ്പിച്ച സങ്കടങ്ങളേയും എല്ലാം തൃണവൽക്കരിച്ചാണ് സങ്കലിതശക്തികൾ ഉടമ്പടി തെയ്യാറാക്കിയത്. സത്യത്തേയോ, ന്യായത്തേയോ, തങ്ങൾ ചെയ്ത വാഗ്ദത്തത്തേയോ, ലോകത്തിന്റെ ക്ഷേമത്തെയോ പ്രധാനപ്പെട്ട ഒരു മതക്കാരുടെ മനസ്താപത്തേയോ വിശ്വാസത്തേയോ ഒന്നും ഗണ്യമാക്കാതെ ശാഠ്യത്തിന്റെ പൈശാചികത്വം മൂർത്തിമത്തായ നിലയിൽ പ്രത്യക്ഷമായ ഈ ഉടമ്പടി, മതാസക്തരായ മുഹമ്മദീയരുടെ മനസ്സിൽ കൂർത്തുമൂർത്ത വിഷശരങ്ങളെപ്പോലെ തറച്ചു പീഡിപ്പിച്ചതിൽ എന്താണത്ഭുതം? തങ്ങളുടെ മതത്തേയും ഖിലാഫത്തധികാരത്തേയും ജീവനെപോലും ബലികൊടുത്തു രക്ഷിക്കേണ്ടത് എല്ലാമുഹമ്മദീയന്റെയും ഒന്നാമത്തെ കടമയാണ്. അതോ, തങ്ങൾ ചെയ്തില്ല. പ്രത്യുത, മതത്തിന്റെ തലവനും ദൈവത്തിന്റെ പ്രതിനി

ധിയും ആയ ഖലീഫയെ യുദ്ധംചെയ്തു പരാജിതനാക്കി. അതിൻെറ ഫലമായി മതത്തെ സംരക്ഷിക്കുവാനുള്ള അദ്ദേഹത്തിൻെറ ത്രാണി നശിച്ചു, ശക്തി ക്ഷയിച്ചു. രാജ്യം നഷ്ടപ്പെട്ടുവെന്നു മാത്രമല്ല, മുഹമ്മദീയ പുണ്യസ്ഥലങ്ങളുടേയും അറബിദ്വീപിൻേറയും മേലുള്ള ആധിപത്യവും അവസാനിച്ചു. ഇതിലധികം കഠിനമായ ഒരു മതദ്വേഷം എന്താണു ചെയ്യുവാനുള്ളത്? ഇതെല്ലാം പ്രധാനമന്ത്രിയുടേയും വൈസ്രോയിയുടേയും വാഗ്ദത്തത്തെ വിശ്വസിച്ചതിനാൽ സംഭവിച്ച ആപത്തുകളല്ലേ? ഈവിധമുള്ള ചിന്തകളും സങ്കടങ്ങളുമാണ് മുഹമ്മദീയ ലോകത്തിൽ അളവററ ക്ഷോഭത്തെ ഉണ്ടാക്കിത്തീർത്തത്. ഹരജികളെക്കൊണ്ടും അപേക്ഷകളെക്കൊണ്ടും പ്രസംഗങ്ങാംകൊണ്ടും യാതൊരു സാധ്യവുമില്ലെന്ന് തങ്ങാംക്ക് ബോധ്യപ്പെട്ടു. 1919 ജനവരി മുതൽ 1920 ജൂൺ വരെ ചെയ്ത സമസ്ത ശ്രമങ്ങളും നിഷ്ഫലമായി കണ്ടപ്പോഠം അക്രമവും അനീതിയും പ്രവർത്തിച്ച ഗവർമ്മേണ്ടുമായി സഹകരണം പാപകരമെന്ന നിലയിൽ മുഹമ്മദീയരും അവരോടു സഹതാപമുള്ള ഹിന്ദുക്കളും സഹകരണത്യാഗം എന്ന വ്രതത്തെ അനുഷ്ഠിക്കുവാൻ തീർച്ചയാക്കി.

1920 മേയ് 28-ാംനു- ബോംബായിൽവെച്ചും ജൂൺ ആദ്യത്തിൽ അലഹബാദിൽവെച്ചും കൂടിയ യോഗങ്ങളിൽ അനേകം ഹിന്ദു പ്രമാണികളും ഹാജരുണ്ടായിരുന്നു. നാലു ഘട്ടങ്ങളായി വിഭജിക്കപ്പെട്ട സഹകരണത്യാഗപ്രസ്ഥാനങ്ങളുടെ ആവശ്യകതയെപ്പററിയും അതിനെ നയിക്കേണ്ട മാർഗങ്ങളെ പററിയും മഹാത്മാഗാന്ധി ഗൗരവമായ ഒരു പ്രസംഗം ചെയ്തു. അക്രമരഹിതമായ സഹകരണത്യാഗമല്ലാതെ മുഹമ്മദീയ സമുദായത്തിന് നേരിട്ട ആപത്തിന് പരിഹാരമില്ലെന്ന് അദ്ദേഹം യുക്തിയുക്തമായി വാദിച്ചു. സദസ്സിൽ ഹാജരുണ്ടായിരുന്ന ഷൗക്കത്താലി മുതലായ മുഹമ്മദീയ നേതാക്കന്മാർ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൻ കീഴിൽ അഹിംസാപരമായ സഹകരണത്യാഗം നിർവഹിക്കുവാൻ തീർച്ചപ്പെടുത്തി. 1920 ജൂൺമാസം ഒടുവിൽ ഇന്ത്യാരാജ്യത്തിലെ എല്ലാ സംസ്ഥാനങ്ങളിൽനിന്നും തൊണ്ണൂറോളം മുഹമ്മദീയപ്രമാണിമാർ ഒപ്പിട്ട ഒരു ഖിലാഫത്ത് സന്ദേശം വൈസറോയി അവർകഠംക്കയച്ചു. തുർക്കിയുമായി ചെയ്ത സമാധാന ഉടമ്പടി ഭേദപ്പെടുത്തിക്കിട്ടുവാൻ വൈസറോയി കൂടി ശ്രമിക്കേണമെന്നും അങ്ങനെയുള്ള ശ്രമങ്ങാം സഫലമാകാത്തപക്ഷം ഉയർന്ന ഉദ്യോഗം രാജിവെച്ചിട്ടെങ്കിലും മുഹമ്മദീയരുടെ ഇടയിലുള്ള ക്ഷോഭത്തിൻെറ

ശക്തി പാർലിമെൻടിനേയും മന്ത്രിമാരേയും ഗ്രഹിപ്പിക്കേണമെന്നും അങ്ങനെ ചെയ്യാൻ വൈസറോയി അവർകൾ ഒരു ഞാത്തപക്ഷം ആഗസ്റ്റ് 15—ാംനു മുതൽ ഗവർമ്മേണ്ടായിട്ടുള്ള സഹകരണം വേർപെടുത്തുവാൻ തങ്ങൾ നിർബ്ബന്ധിതരാകുമെന്നും മററുമായിരുന്നു മേപ്പടി സന്ദേശത്തിന്റെ താല്പര്യം. മഹാത്മാഗാന്ധിയും ഈ നിലയിൽ തന്നെ വൈസറോയിക്ക് ഒരു കത്തെഴുതി. പക്ഷേ, അതുകൊണ്ടൊന്നും യാതൊരു ഫലവുമുണ്ടായില്ല. ആഗസ്റ്റ് മാസം 1—ാംനു ഇന്ത്യാരാജ്യം മുഴുവൻ ഖിലാഫത്ത് ദുഃഖദിനമായി അനുഷ്ഠിച്ചു. മഹാത്മാഗാന്ധിയും ഷൗക്കത്താലിയുംകൂടി ഇന്ത്യാരാജ്യം ആകപ്പാടെ ചുററി. തങ്ങൾ ആരംഭിച്ച പുതിയ പ്രസ്ഥാനത്തിന്റെ സ്വഭാവത്തെ ജനങ്ങളെ മനസ്സിലാക്കി. അവരുടെ സഞ്ചാരത്തിൽ ആഗസ്റ്റ്മാസം 18—ാംനു അവർ കോഴിക്കോട്ടുവന്നു. സപ്തംബർ മാസത്തിൽ കല്കത്തയിൽ കൂടിയ കോൺഗ്രസ്സിന്റെ പ്രത്യേകയോഗത്തിൽ സഹകരണത്യാഗത്തെ സംബന്ധിച്ച പ്രമേയം മഹാത്മാഗാന്ധി സമർപ്പിച്ചു. ഗൗരവമായ വാദപ്രതിവാദങ്ങൾ കഴിഞ്ഞശേഷം കോൺഗ്രസ്സ് സഹകരണത്യാഗത്തെ അംഗീകരിച്ചു. 1920 ഡിസംബറിൽ നാഗപൂരിൽ കൂടിയ യോഗത്തിൽ ഈ പ്രമേയത്തെ ഒന്നുകൂടെ സ്ഥിരപ്പെടുത്തി.

ഈ തീർപ്പുകളിൽനിന്ന് ഹിന്ദു—മുസ്ലിം മൈത്രിയും അക്രമരാഹിത്യവുമാണ് സഹകരണത്യാഗത്തിന്റെ തറക്കല്ലുകൾ എന്ന് പ്രത്യക്ഷപ്പെടുന്നതാണ്. എന്തുതന്നെ ഉപദ്രവമേററാലും അതെല്ലാം സഹിക്കുകയെന്നല്ലാതെ മനസാ വാചാ കർമ്മണാ യാതൊരക്രമവും പ്രവർത്തിച്ചുപോകരുതെന്നാണ് സഹകരണത്യാഗിയുടെ ഒന്നാമത്തെ പ്രതിജ്ഞ. അതിന് വിപരീതമായി പ്രവർത്തിക്കുന്നവൻ സഹകരണത്യാഗി എന്ന പേരിന് ഒരു കാലത്തും അർഹനല്ല. എല്ലാ സമുദായങ്ങൾ തമ്മിലും ഐക്യം, താണജാതിക്കാരോട് അനുകമ്പ, അവരെ താണവരെന്ന നിലയിൽ പെരുമാറുന്ന അനാചാരങ്ങളെ നശിപ്പിക്കൽ, സ്നേഹം, ക്ഷമ, ലഹരിസാധനങ്ങളെ പരിത്യജിക്കൽ, തൊഴിലാളികളുടെ ഉന്നമനം, ദാരിദ്ര്യമാകുന്ന ദുർദേവതയെ ഖദർവസ്ത്രപ്രയോഗത്താൽ ദൂരീകരിക്കുക, അടിമത്തത്തെ ഒഴിപ്പിക്കുക, പഞ്ചാബിൽ നടത്തിയ അഴിമതികൾക്ക് പ്രതിശാന്തി നടത്തുക മുതലായവയാണ് സഹകരണത്യാഗത്തിന്റെ ഉദ്ദേശ്യങ്ങൾ. ലോകത്തിൽവച്ച് ഏററവും വിശിഷ്ടനെന്ന് ജനസമ്മതനായ മഹാത്മാഗാന്ധിയാണ് ഇതിന്റെ നേതാവ്. രാജ്യത്തിന്നുവേണ്ടി സർവസ്വവും ഉപേക്ഷിക്കാൻ സന്നദ്ധരായവർ ആണ്, ഇതിലെ

പ്രവർത്തകന്മാർ. മാതൃഭൂമിയിൽ അധിവസിക്കുന്ന ഏതെങ്കിലും ഒരു സമുദായത്തിന്നോ മതക്കാർക്കോ ആപത്തു നേരിടുന്ന അവസരത്തിൽ അവരോട് അന്യസമുദായങ്ങളും മതക്കാരും സഹതപിച്ച് അവരെ സഹായിക്കുക എന്നതാണ് അതിൽ അന്തർഭവിച്ചിട്ടുള്ള സഹോദരസ്നേഹം. അടിമത്തത്തെ നശിപ്പിക്കുന്നതും സ്വാഭിമാനത്തെ വർദ്ധിപ്പിക്കുന്നതുമാണ് ഇതിൻെറ അവസാനഫലം.

11

# മലബാറും ഖിലാഫത്ത് പ്രസ്ഥാനവും

## മഞ്ചേരി കോൺഫറൻസ്

ഖിലാഫത്ത് എന്ന ശബ്ദം മലബാറിൽ പൊതുജനങ്ങൾ അധികമായി അറിയാൻ തുടങ്ങിയത് മഞ്ചേരിയിൽവെച്ച് 1920 ഏപ്രിൽ മാസത്തിൽ നടന്ന കോൺഫറൻസ് മുതൽക്കാണ്. കക്ഷികളുടെ വാശികൊണ്ടും വാദവിഷയങ്ങളുടെ ഗൌരവംകൊണ്ടും പിന്നീടുണ്ടായ സംഭവങ്ങൾകൊണ്ടും മഞ്ചേരി കോൺഫറൻസ്, മലബാർ ഡിസ്ട്രിക്ട് കോൺഫറൻസുകളിൽവെച്ച് ഏററവും സ്മരണീയമായ ഒന്നായിത്തീർന്നിട്ടുണ്ട്. രാജ്യഭരണരീതിയെ സംബന്ധിച്ച് 1919 അവസാനത്തിൽ ബ്രിട്ടീഷ് പാർലിമെൻറ് പാസ്സാക്കിയ മോൺടേഗു ചെംസ്ഫോർഡ് പരിഷ്കാരങ്ങളെപ്പററി സ്വയംഭരണകാംക്ഷികൾ രണ്ടു കക്ഷികളായി പിരിഞ്ഞുകഴിഞ്ഞിരുന്നു. പുതിയ പരിഷ്കാരങ്ങൾ തൃപ്തികരമെന്നു ഒരു കക്ഷിയും അല്ലെന്നു മറെറാരു കക്ഷിയും തമ്മിലുള്ള തർക്കം മൂർദ്ധന്യത്തിലെത്തിയിരുന്നു. സ്വയംഭരണപ്രസ്ഥാനത്തിൻെറ നേതൃത്വം വഹിച്ചു അതിശക്തിയോടും ധൈര്യത്തോടും കൂടി ഗവർമ്മെണ്ടുമായി പൊരുതിയ ആനിബസൻറ് മദാമ്മ പുതിയ പരിഷ്കാരങ്ങൾ തൃപ്തികരമെന്നു സ്ഥാപിക്കുവാൻ ഭഗീരഥപ്രയത്നം ചെയ്തുവന്നു. പൊതുജനങ്ങളിൽ ഭൂരിപക്ഷവും മദാമ്മയുടെ അഭിപ്രായത്തിന്നു പ്രതികൂലികളായിത്തീർന്നിരുന്നു. മദിരാശി സംസ്ഥാനത്തെ സംബന്ധിച്ച് ഈ കാര്യത്തെ പററി തീർപ്പുചെയ്യുവാൻ അർഹതയുള്ള സംസ്ഥാന കോൺഫറൻസ് തിരുന്നൽവേലി ജില്ലയിൽവെച്ച് കൂടുവാൻ അധികം താമസമില്ല. ആ അവസരത്തിലാണ് മഞ്ചേരിവെച്ച് മലബാർ ഡിസ്ട്രിക്ട് കോൺഫറൻസ് കൂടുവാൻ നിശ്ചയിച്ചിരുന്നത്. മഞ്ചേരി കോൺഫറൻസിൽ തൻെറ വാദം ജനങ്ങൾ സ്വീകരിക്കുന്നപക്ഷം ആ തീർപ്പ് സംസ്ഥാന കോൺഫറൻസിൽ തൻെറ വാദത്തിന്നു പ്രബലമായ സഹായമായിത്തീരുമെന്ന ബോദ്ധ്യത്താൽ മദാമ്മ മഞ്ചേരി കോൺഫറൻസിൽ ഹാജരാകുവാൻ തീർച്ചപ്പെടുത്തിയിരുന്നു. മദാമ്മയുടെ അനുഗാമികളിൽ അദ്വിതീയനും മലബാറിൽ

വളരെ സ്വാധീനശക്തിയുള്ള ആളുമായ മഞ്ചേരി രാമയ്യർ തനിക്കു സഹജമായ വാശിയോടുകൂടി വിജയസിദ്ധിക്ക് കൊണ്ടുപിടിച്ചു ശ്രമിച്ചിരുന്നു. എതിർഭാഗത്തു പരിശ്രമിക്കുവാൻ എണ്ണപ്പെട്ട യോഗ്യന്മാരാരുമില്ല. സ്വയംഭരണ പ്രസ്ഥാനത്തിൽ രാമയ്യരോടുകൂടെ പ്രവർത്തിച്ചിരുന്ന ചില ചെറുപ്പക്കാർ മാത്രമാണ് എതിർഭാഗത്തു ചില ചില്ലറ ശ്രമങ്ങരം ചെയ്തുവന്നിരുന്നത്. പുതിയ പരിഷ്കാരങ്ങളെ അംഗീകരിക്കുന്നതിലും ഉപയോഗപ്പെടുത്തുന്നതിലും ഇരുകക്ഷികളും തമ്മിൽ യാതൊരഭിപ്രായവ്യത്യാസവും ഉണ്ടായിരുന്നില്ല. പരിഷ്കാരങ്ങരം അതൃപ്തികരവും ആശാഭംഗകരവുമാണെന്നു പറയുന്നതിലായിരുന്നു ബെസൻറ് മദാമ്മയ്ക്കുണ്ടായിരുന്ന ആക്ഷേപം മുഴുവനും. അമൃതസരസ്സിൽവെച്ചു നടന്ന ഭാരത മഹാജനസഭയിൽ പാസ്സാക്കിയ പ്രമേയത്തിന്നു എതിരായി മലബാർ ജില്ലാ കോൺഫറൻസ് ഒരു തീർപ്പു പാസാക്കുവാൻ ഇടയാകുന്നത് ദേശീയകക്ഷികരംക്ക് വളരെ സങ്കടമായിത്തോന്നി. ഇതാണ് ഈ രണ്ടു കക്ഷികളും തമ്മിൽ ഉണ്ടായ ഭിന്നിപ്പിന്നു കാരണം.

ഈ സന്ദർഭത്തിൽ മററൊരു വാദവിഷയം കൂടെ ഉത്ഭവിച്ചു. അതാണ് ഒടുവിലത്തെ ലേഖനത്തിൽ വിവരിച്ച ഖിലാഫത്ത് കാര്യം. ഖിലാഫത്ത് കാര്യത്തിൽ ബസൻറ് മദാമ്മയ്ക്ക് സഹതാപമുണ്ടായിരുന്നുവെങ്കിലും അതിൻെറ നിവൃത്തിമാർഗത്തെ പററി മദാമ്മയും മഹാത്മാഗാന്ധി മുതലായവരും തമ്മിൽ വലുതായ അഭിപ്രായവ്യത്യാസമുണ്ടായിത്തീർന്നു. ഹരജികളും മെമ്മോറാണ്ടങ്ങളും, പ്രതിനിധികരം ചെയ്ത അപേക്ഷകളും എല്ലാം നിഷ്ഫലമായിത്തീർന്നതുകൊണ്ടാണ്, വേണ്ടിവരുന്ന പക്ഷം, ഖിലാഫത്ത്കാര്യത്തിൽ സഹകരണത്യാഗത്തിന്നു മഹാത്മജി മുതലായവർ തുനിഞ്ഞത്. പക്ഷേ, 1916—ൽ ഗവർമ്മേണ്ടുമായി അതിവാശിയോടുകൂടി പൊരുതിയ മദാമ്മയുടെ മനോഗതിയിലും അഭിപ്രായത്തിലും ഗണ്യമായ ഭേദഗതികരം വന്നിരുന്നു. അതിനാൽ മദാമ്മ, മഹാത്മജി മുതലായവരോടു ഇക്കാര്യത്തിൽ അശേഷം യോജിച്ചില്ല. സഹകരണത്യാഗം ഇന്ത്യയ്ക്കു നാശകരമായിത്തീരുമെന്നു മദാമ്മ അഭിപ്രായപ്പെട്ടു. അതിനെതിരായി ലേഖനങ്ങരം വർഷിച്ചു. പ്രസംഗങ്ങരം നടത്തി. ഈ ഘട്ടത്തിലാണ് മഞ്ചേരി കോൺഫറൻസുണ്ടായത്. രാമയ്യരുടെ ഉത്സാഹത്താൽ തിരൂർ, ഫറൂക്ക്, കോഴിക്കോട് മുതലായ പ്രദേശങ്ങളിൽനിന്ന് മോട്ടോർ ലോറികളിൽ അനവധി പ്രതിനിധികരം മഞ്ചേരിയിൽ എത്തിച്ചേർന്നു. ഒരുറുപ്പിക കൊടുത്താൽ വളരെ വിഷമംകൂടാതെ

ആരേയും പ്രതിനിധിയാക്കുവാൻ സാധിച്ചിരുന്ന അക്കാലത്തു പണം ചെലവുചെയ്യാൻ ഒരുക്കമുള്ള കക്ഷിക്കു കോൺഫറൻസിൽ വിജയം നേടുവാൻ ഒട്ടുംതന്നെ പ്രയാസമുണ്ടായിരുന്നില്ല. അവനവൻെറ ഭാഗത്തു വോട്ടുചെയ്യുന്ന പ്രതിനിധികളെ കഴിയുന്നേടത്തോളം മഞ്ചേരിയിൽ എത്തിക്കുന്നത് ഒരു വിധത്തിലും തെററാണെന്നു പറവാൻ തരമില്ല. ഈ നിലയ്ക്കു അന്നത്തെ കോൺഫറൻസിൽ വിജയം രാമയ്യരുടെ കക്ഷിയ്ക്കാകുവാനേ തരമുള്ളുവെന്ന് എതൃകക്ഷികളും പൊതുജനങ്ങളും ധരിച്ചതിൽ അശേഷം അതിശയമില്ലല്ലോ.

മഞ്ചേരി കോൺഫറൻസിൽ സുമാർ ആയിരത്തോളം പ്രതിനിധികരം ഹാജരുണ്ടായിരുന്നു. ഇതിൽ ഗണ്യമായ ഒരു ഭാഗം മാപ്പിളമാരും ആയിരുന്നു. അരീക്കോടു മുതലായ ദിക്കുകളിൽ രാമയ്യർ പോയി പ്രസംഗിച്ചതിൻെറ ഫലമായി അവിടങ്ങളിൽനിന്നു അനേകം മാപ്പിളപ്രതിനിധികരം ഘോഷയാത്രയായി മഞ്ചേരിക്കുവന്നു. മദിരാശി സംസ്ഥാനത്തിൽ ദേശീയകക്ഷിയുടെ നേതാവും, ഹിന്ദുപത്രത്തിൻെറ പത്രാധിപരുമായ കസ്തൂരിരങ്കയ്യങ്കാരവർകളായിരുന്നു കോൺഫറൻസിൽ ആദ്ധ്യക്ഷ്യം വഹിച്ചത്. എ. രങ്കസ്വാമി അയ്യങ്കാർ, എൻ. എസ്. രാമസ്വാമി അയ്യങ്കാർ, എം. കെ. കൃഷ്ണമാചാരി മുതലായ യോഗ്യന്മാരും അദ്ധ്യക്ഷനോടുകൂടി കോൺഫറൻസിനായി വന്നിരുന്നു. പ്രതിനിധികരം കൂട്ടംകൂട്ടമായി പല ദിക്കുകളിൽ നിന്നും വന്നുചേർന്നിരുന്നു. ഉത്സാഹത്തിന്നും വാശിക്കും കണക്കില്ല. കോൺഫറൻസിൻെറ തലേദിവസം മുതൽക്കുതന്നെ പന്തലിന്നു ചുററും അകത്തും വെച്ചു പല മാന്യന്മാരും പ്രസംഗങ്ങരം ചെയ്തിരുന്നു. കോൺഫറൻസ് ആരംഭിക്കുന്നതിനു മുമ്പായിത്തന്നെ പന്തൽ മുഴുവനും പ്രതിനിധികളാലും സന്ദർശകന്മാരാലും നിറയപ്പെട്ടിരുന്നു. തനിക്കു പോകുവാൻ ബദ്ധപ്പാടുള്ളതിനാൽ ഭരണപരിഷ്കാരത്തെ പററിയുള്ള പ്രമേയത്തിൻെറ വാദപ്രതിവാദം ഒന്നാമതായി കഴിക്കേണമെന്ന് ബെസൻറ് മദാമ്മ ആവശ്യപ്പെട്ടിരുന്ന പ്രകാരം ആ പ്രമേയമാണ് ഒന്നാമതായി കാര്യപരിപാടിയിൽ ചേർത്തിയിരുന്നത്. പക്ഷേ, ഖിലാഫത്തിനെസംബന്ധിച്ച പ്രമേയം ഒന്നാമതായി സഭ മുമ്പാകെ കൊണ്ടുവരേണ്ടതാണെന്ന് ഒരു പ്രതിനിധി അഭിപ്രായപ്പെട്ടു. കോൺഫറൻസിലെ ഭൂരിപക്ഷം അതിനെ പിന്താങ്ങി. അതിന്നനുസരിച്ചു ഖിലാഫത്ത് പ്രമേയത്തെപ്പററിയുള്ള വാദപ്രതിവാദം ഒന്നാമതായി തുടങ്ങി.

ഖിലാഫത്ത് കാര്യം മുഹമ്മദീയരുടെ അപേക്ഷ കൾക്കും മതവിശ്വാസങ്ങൾക്കും വിപരീതമായി ബ്രിട്ടീഷ് ഗവർമ്മേണ്ടു തീർച്ചപ്പെടുത്തുന്നപക്ഷം ഗവർമ്മേണ്ടുമായി അക്രമരഹിതമായ സഹകരണത്യാഗം തുടങ്ങേണ്ടതാണെന്നാ യിരുന്നു അതിനെ സംബന്ധിച്ച പ്രമേയം. ഖിലാഫത്ത് കാര്യത്തിൽ ഐക്യകക്ഷികളുടെ നടപടിയെപ്പററി മദാമ്മ ബലമായി ആക്ഷേപിച്ചു. മുഹമ്മദീയരുടെ വാദം എത്രയോ ശരിയാണെന്നു യുക്തിയുക്തമായി സ്ഥാപിച്ചു. പക്ഷേ, പിന്നെയും പിന്നെയും അപേക്ഷിക്കുകയല്ലാതെ സഹകര ണത്യാഗനയം ഒരിക്കലും സ്വീകരിക്കരുതെന്നായിരുന്നു മദാമ്മ അഭിപ്രായപ്പെട്ടത്. ഈ അഭിപ്രായം കാര്യസിദ്ധി ക്കുതകുന്നതല്ലെന്നും മഹാത്മാഗാന്ധി, മൌലാന മുഹമ്മ ദാലി, മൌലനാ ഷൌക്കത്താലി ഇവരുടെ അഭിപ്രായ ങ്ങൾക്കു വിപരീതമാണെന്നും മനസ്സിലായപ്പോൾ രാമയ്യ രുടെ ശ്രമത്തിൻെറ ഫലമായി കോൺഫറൻസിൽ ഹാജരായി രുന്ന മിക്കവാറും മാപ്പിളമാരുടെ വോട്ടുകൾ പൊടുന്നനവേ ഭാഗം മറിഞ്ഞു. പ്രമേയം കോൺഫറൻസിൽ ഭൂരിപക്ഷാ ഭിപ്രായപ്രകാരം പാസ്സാകുകയും ചെയ്തു, ഭരണപരിഷ്കാ രത്തെ പററിയുള്ള പ്രമേയമാണ് പിന്നീടാലോചനയ്ക്കു വന്നത്. അതു മദാമ്മയുടെ അഭിപ്രായത്തിന്നെതിരായി കോൺഫറൻസ് പാസ്സാക്കി. രാമയ്യർക്കും കക്ഷികൾക്കും മഞ്ചേരി കോൺഫറൻസിനോടു കഠിനമായ വിരോധവു മായി.

മലബാറിലെ മാപ്പിളലഹളയ്ക്ക് ആദികാരണം മഞ്ചേരി കോൺഫറൻസും അധികം മാപ്പിളമാർ കൂടിയിരുന്ന ആ കോൺഫറൻസിൽവെച്ച് ഖിലാഫത്തിനെ പററി ചില ചെറുപ്പക്കാർ ചെയ്ത പ്രസംഗങ്ങളുമായിരുന്നുവെന്ന് രാമ യ്യരും മററും ഘോഷിക്കാറുണ്ട്. അതാതു കാലത്ത് പൊതുജനങ്ങളുടെ ഇടയിൽ പ്രമാദമായി നടക്കുന്ന സമസ്ത രാഷ്ട്രീയ കാര്യങ്ങളെ പററിയും പ്രമേയങ്ങൾ ഇപ്രകാരമുള്ള കോൺഫറൻസിൽ പാസ്സാക്കുന്നത് സാധാരണ പതിവാണ്. ഖിലാഫത്ത് കാര്യം അങ്ങനെയുള്ള ഒന്നാണെന്നു ആരും നിഷേധിക്കുമെന്നു തോന്നുന്നില്ല. 1919—ൽ വടകരവച്ച് നിലമ്പൂർ ഇളയ തിരുമുൽപാടവർകളുടെ (ഇപ്പോഴത്തെ വലിയ തിരുമുൽപാട്) പ്രതിനിധിയായി വക്കീൽ മിസ്റ്റർ സി. അച്യുതമേനോൻ കോൺഫറൻസിനെ മഞ്ചേരിക്കു ക്ഷണിച്ചപ്രകാരമാണു 1920—ൽ മഞ്ചേരിവെച്ച് കോൺഫ റൻസ് കൂടുവാൻ ഇടയായത്. അതല്ലാതെ ഏറനാടിനു തീ കൊളുത്തുവാൻ ഉത്സാഹിച്ചവരെന്നു പറയുന്നവരുടെ

ആവശ്യപ്രകാരമല്ല മഞ്ചേരിവെച്ചു കോൺഫ്രൻസു കൂടു വാൻ സംഗതിയായത്. അങ്ങനെ കൂടിയ കോൺഫ്രൻ സിൽ മുഹമ്മദീയരുടെ മനസ്സിനെ അത്യധികം ശല്യപ്പെടു ത്തിയിരുന്ന ഖിലാഫത്ത് കാര്യത്തെപററി പ്രതിപാദിക്കാ തിരിക്കാൻ വഴിയുണ്ടായിരുന്നില്ലെന്ന് ആരും സമ്മ തിക്കും. വിവരമില്ലാത്ത ഏറനാട്ടിലെ മാപ്പിളമാരെ 'ഖിലാ ഫത്ത്' എന്ന ശബ്ദംതന്നെ കേൾപ്പിക്കരുതായിരുന്നുവെന്നോ മഞ്ചേരി കോൺഫ്രൻസില്ലെങ്കിൽ ആ ശബ്ദം അവർ കേൾക്കു കതന്നെയില്ലായിരുന്നുവെന്നോ രാമയ്യർ മുതലായവർ പറ യുന്നതാണെങ്കിൽ ആ കുററത്തിന്നും രാമയ്യരും നിലമ്പൂർ തിരുമുൽപാടവർകളും തന്നെയായിരുന്നു ഉത്തരവാദിക ളെന്നു വ്യക്തമാണ്. കോൺഫ്രൻസുണ്ടായാൽ ഖിലാ ഫത്തു തീർച്ചയായും പ്രതിപാദ്യ വിഷയമായിത്തീരുന്ന സ്ഥിതിക്ക് അതിനോടു വിരോധമുള്ളവർ കോൺഫ്രൻസി ല്ലാതാക്കുകയായിരുന്നു ഒന്നാമതായി ചെയ്യേണ്ടിയിരു ന്നത്. അതിനു കോൺഫ്രൻസിനെ ക്ഷണിച്ച ആളും സ്വാഗതസംഘാദ്ധ്യക്ഷനുമായിരുന്ന തിരുമുൽപാടവർ കൾക്ക് സുസാദ്ധ്യമായിരുന്നു. തിരുമുൽപാടവർകളുടെ ഉത്സാഹത്താൽ കോൺഫ്രൻസു കൂടി. അദ്ദേഹത്തിന്റെ ആത്മമിത്രമായ രാമയ്യരുടെ പ്രയത്നത്താൽ അനവധി മാപ്പിള മാരും അവിടെ ഹാജരായി. മുഹമ്മദീയർക്കു നേരിട്ട സങ്ക ടത്തിന്നു നിവൃത്തിമാർഗം സഹകരണത്യാഗമല്ലെന്നും അതു ദോഷകരമാണെന്നും മദാമ്മ വാദിച്ചുവെങ്കിലും ബ്രിട്ടീഷ് ഗവർമ്മേണ്ടിന്റെ പ്രവൃത്തി വളരെ അനീതിയാണെന്നും മുഹമ്മദീയരുടെ ആക്ഷേപം വളരെ ശരിയാണെന്നും മദാമ്മ ശക്തിമത്തായ ഒരു പ്രസംഗം അവിടെവെച്ചു ചെയ്തു. ഉദ്യോഗം രാജികൊടുക്കുക, വക്കീലന്മാർ പ്രാക്ടീസ് നിർത്തിവെയ്ക്കുക, വിദ്യാർത്ഥികൾ വിദ്യാലയങ്ങളെ ബഹി ഷ്കരിക്കുക മുതലായവ ചെയ്യേണമെന്നു വാദിക്കുന്നതും അതുപ്രകാരം സംഭവിക്കുമെന്നു പറയുന്നതും എല്ലാം വെറും ഉണ്ടയില്ലാത്ത വെടിയാണ് എന്നു രാമയ്യർ പ്രസം ഗിച്ചു. ഡയർ, ഒഡയർ എന്നിവരുടെ ഉണ്ടയുള്ള വെടിക്ക് ദുർബലന്മാരായ ഇന്ത്യക്കാർക്ക് സത്യാഗ്രഹമാകുന്ന ഉണ്ടയി ല്ലാത്ത വെടി തന്നേ ആധാരമുള്ളുവെന്ന് ഒരു പ്രാസംഗികൻ മറുപടി പറഞ്ഞു. ഉടനെ ഉണ്ടാകുവാൻ പോകുന്ന ഉടമ്പടി മുഹമ്മദീയരുടെ അപേക്ഷയ്ക്കു വിപരീതമായി കലാശിക്കു ന്നതാകയാൽ അക്രമരഹിതമായ സഹകരണത്യാഗനയം അംഗീകരിക്കുവാൻ ഇന്ത്യക്കാർ നിർബന്ധിതരാകുന്ന പ്രമേ യത്തെ പററി വോട്ടുചെയ്തപ്പോൾ അതിന്നനുകൂലമായി

വോട്ടു ചെയ്തവർ ഉയർത്തിയ കൈകളുടെ കൂട്ടത്തിൽ ഏററവും മീതെ കണ്ടത് ഇപ്പോഴത്തെ വലിയ നിലമ്പൂർ തിരുമുൽപ്പാടവർകളുടെ കയ്യായിരുന്നു. സഹകരണത്യാഗം അന്നു മുതൽക്ക് നടപ്പിൽ വരുത്തേണ്ടതാണെന്ന് മഞ്ചേരി കോൺഫ്രൻസിൽവെച്ച് യാതൊരു പ്രമേയവും പാസ്സായിട്ടില്ല. 1920 ആഗസ്റ്റ് 1-ാം തിയ്യതി മുതല്ക്കു മാത്രമാണ് സഹകരണത്യാഗം ഇന്ത്യയിൽ തന്നെ ഒന്നാമതായി നടപ്പായത്. മഞ്ചേരി കോൺഫ്രൻസ് കൂടിയത് 1920 ഏപ്രിൽ മാസത്തിലുമായിരുന്നു. മേൽ പ്രസ്താവിച്ച രീതിയിലുള്ള ഒരു പ്രമേയംമാത്രമാണ് ആ കോൺഫ്രൻസിൽവെച്ച് പാസ്സായത്. രാജദ്രോഹകരമായോ അക്രമപ്രവൃത്തിക്ക് ജനങ്ങളെ ഉത്സാഹിപ്പിക്കുന്നതായോ യാതൊരു പ്രസംഗവും അവിടെ വെച്ചു നടന്നിട്ടില്ല. ആ കോൺഫ്രൻസ് സംബന്ധമായി യാതൊരു പ്രാസംഗികൻെറ പേരിലും ഗവർമ്മേണ്ട് യാതൊരു നടപടിയും എടുത്തിട്ടുമില്ല. ഖിലാഫത്ത് വിത്ത് ഏറനാട്ടിൽ വിതച്ചത് ആ കോൺഫ്രൻസാണെന്നും ഖിലാഫത്ത് മൂലമാണ് മലബാർ കലാപം ഉണ്ടായതെന്നും അതിനാൽ മഞ്ചേരി കോൺഫ്രൻസാണ് മാപ്പിളലഹളക്കു കാരണമെന്നും രാമയ്യരവർകളെപ്പോലെയുള്ളവർ ശഠിക്കുന്നുണ്ടെങ്കിൽ അതിനുള്ള ഉത്തരവാദിത്വത്തിൻെറ മുക്കാലെ മുണ്ടാണിയും ഭാഗം രാമയ്യരവർകളും അദ്ദേഹത്തിൻെറ ആത്മമിത്രവും തന്നെ വഹിക്കേണ്ടതാണ്. മഞ്ചേരി കോൺഫ്രൻസുണ്ടായിരുന്നില്ലെങ്കിൽ മലബാറിലെ മാപ്പിളമാർ ഖിലാഫത്തിനു നേരിട്ട ന്യൂനതയെപററി അറിയുകയില്ലായിരുന്നുവെന്നും അതിനെപ്പററി ക്ഷോഭിക്കുവാൻ തരമില്ലായിരുന്നുവെന്നും വല്ലവരും പറയുന്നുണ്ടെങ്കിൽ അതു ശുദ്ധമേ അസംബന്ധമെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. ഈ സ്ഥിതിക്കു മാപ്പിളലഹളയുടെ കാരണം മഞ്ചേരി കോൺഫ്രൻസിൻെറയും ബസൻറു മദാമ്മയുടെ എതൃകക്ഷികളുടേയും പേരിൽ ആരോപിക്കുന്നതിൽ എത്രത്തോളം ന്യായമുണ്ടെന്നു പൊതുജനങ്ങൾ തന്നെ തീർച്ചപ്പെടുത്തട്ടെ.

# മലബാറും ഖിലാഫത്ത് പ്രസ്ഥാനവും

(തുടർച്ച)

1920 ജൂൺമാസത്തിൽ പാരീസ്സിൽവെച്ചുണ്ടായ ഉടമ്പടി തുർക്കിയുടെ ഖിലാഫത്ത് അധികാരത്തിന് ഗൗരവമായ ഹാനിവരുത്തി. മുഹമ്മദീയരുടെ ഇടയിൽ ഈ ഉടമ്പടി കഠിനമായ ക്ഷോഭത്തിന്നു കാരണമായിത്തീർന്നു. തുർക്കിയുടെ പരാജയത്തിന്നു ഏതാണ്ടു കാരണഭൂതന്മാരായ ഇന്ത്യയിലെ മുഹമ്മദീയരുടെ മനസ്സിൽ പ്രത്യേകിച്ചും ഐക്യകക്ഷികളുടെ ഈ തീർപ്പ് കൂർത്ത ബാണംപോലെ തറച്ചു. നീതിക്കും വാസ്തവത്തിന്നും വിപരീതമായ സങ്കലിതശക്തികൾ ചെയ്ത ഈ പ്രവൃത്തിയെപ്പററി വ്യസനിച്ചതിന്നും വിലപിച്ചതിന്നും കൂടി മുഹമ്മദീയരെ അപരാധികളാക്കുന്ന ചില മിതവാദികൾ നമ്മുടെ നാട്ടിലുണ്ട്. ഖിലാഫത്ത് പ്രക്ഷോഭത്താൽ മാത്രമാണ് കലാപം മലബാറിൽ ഉണ്ടായതെന്നും അതിനാൽ കലാപത്തിനുള്ള ഉത്തരവാദിത്വം മുഴുവനും ഖിലാഫത്ത് വഹിക്കേണമെന്നും പറയുന്നവർ ചവിട്ടിയവനെ ഒഴിവാക്കി ചവിട്ടുകൊണ്ടു മുറവിളി കൂട്ടുന്നവനെ പഴിക്കുകയാണെന്നു തീരെ ഓർക്കുന്നില്ല. വെളുത്ത മനുഷ്യൻെറ ചവിട്ടുതന്നെ ഒരനുഗ്രഹമോ മഹോത്സവമോ ആണെന്ന മനോഭാവമുള്ളവരോട് യാതൊരു സമാധാനവുമില്ല. ആ മനോഭാവം ഇല്ലാത്തവർ മലബാറിലോ മററുദിക്കിലോ ഉണ്ടായ വല്ല സംഭവങ്ങൾക്കും ഖിലാഫത്ത് പ്രക്ഷോഭംതന്നെ കാരണമായിട്ടുണ്ടെങ്കിൽക്കൂടി അവർക്കുള്ള ഉത്തരവാദിത്വം അനീതി ചെയ്തവരുടെ പേരിൽ ചുമത്തുന്നതിനുപകരം അനീതികൊണ്ടു വേദന അനുഭവിച്ചവരുടെ പേരിൽ ചുമത്തുന്നത് എത്രത്തോളം ന്യായമാണെന്നു ആലോചിക്കേണ്ടതാണ്. മതസംബന്ധമായ ഒരു വിഷയത്തിൽ സങ്കലിതശക്തികൾ സങ്കടപ്പെടുത്തിയ മുഹമ്മദീയസമുദായം ക്ഷുഭിതരായിത്തീർന്നപ്പോൾ ആ ക്ഷോഭം അക്രമത്തിൽ കലാശിക്കാതെ കാര്യനിവൃത്തി വരുത്തുവാനുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് മഹാത്മാഗാന്ധി അക്രമരഹിതമായ സഹകരണത്യാഗം അംഗീകരിക്കുവാൻ ഇന്ത്യാനിവാസി

കളെ ഉപദേശിച്ചത്. മതാസക്തന്മാരായ മുഹമ്മദീയർ, മതത്തിന്റെ തറക്കല്ലുതന്നെ പൊളിച്ചതായ ഖിലാഫത്ത് കാര്യത്തിൽ എന്തെല്ലാം സാഹസപ്രവൃത്തികൾ ചെയ്യുവാൻ ഇടയുണ്ടായിരുന്നുവെന്ന് ഊഹിപ്പാൻ വളരെ പ്രയാസമില്ല. അതിലും വിശേഷിച്ചു വെറും ഒരു മതപരിവർത്തനം നിമിത്തം തീയിൽ വീഴുന്ന ശലഭംപോലെ മരിക്കുവാൻ ചാടിപ്പുറപ്പെടുന്നവരുടെ കഥ പറയേണ്ടതുമില്ലല്ലോ. ഇവരുടെ എല്ലാം കോപവും വ്യസനവും ബീഭത്സങ്ങളായ രൂപങ്ങൾ അവലംബിച്ച് രാജ്യം മുഴുവനും കുട്ടിച്ചോറാക്കുന്നതിന്നുമുമ്പായി അവയെ സാത്വികമായ മാർഗത്തിൽകൂടെ ചരിപ്പിച്ചു ശാന്തവും മനോഹരവുമായ വിധത്തിൽ വേഷാന്തരപ്പെടുത്തി മോചനം കൊടുക്കുന്നതിനുള്ള യുക്തി കണ്ടുപിടിച്ച ആ മഹാത്മജിക്കു നമ്മുടെ നാട്ടുകാർ മാത്രമല്ല ബ്രിട്ടീഷു ഗവർമ്മെണ്ടുതന്നെ നിരന്തരം ദണ്ഡനമസ്കാരം ചെയ്വാൻ ബാദ്ധ്യതപ്പെട്ടവരാണ്. സഹകരണത്യാഗപ്രസ്ഥാനത്തെ മലിനപ്പെടുത്തുന്നതായ ഒരു ചൌരീചൌരയോ അഥവാ ഒരു ഏറനാടു കലാപമോ ആ പ്രസ്ഥാനത്തിന്റെ ദോഷശക്തിയെയല്ല ഗുണപൌഷ്കല്യത്തെയാണ് നമുക്കു കാട്ടിത്തരുന്നത്. സഹകരണത്യാഗപ്രസ്ഥാനമില്ലായിരുന്നുവെങ്കിൽ ഇന്ത്യാരാജ്യം മുഴുവനും ചൌരീ ചൌരയും ഏറനാടുമായി കലാശിക്കുമായിരുന്നു. ഏറനാടും സഹകരണത്യാഗവും തമ്മിലുള്ള ബന്ധത്തെപ്പററി പിന്നീടു വിവരിക്കാം. എങ്കിലും നിസ്സാരമായ സംഗതിക്കുകൂടി ഹാലിളകി മരിക്കുവാൻ ചാടിപ്പുറപ്പെടുന്ന എന്റെ നാട്ടുകാർ ഒരു കൊല്ലത്തോളം പലവിധ മർദ്ദനങ്ങളും സഹിച്ച്, പലവിധ കല്പനകളും അനുസരിച്ച്, പലവിധ വിരഹങ്ങളും അഗണ്യമാക്കി അവസാനം മമ്പറംപള്ളി വെടിവെച്ചു തകർത്തുവെന്ന പ്രസ്താവം നാടെല്ലാം പരക്കുന്നതുവരെ ക്ഷമയോടും ശാന്തതയോടും വർത്തിച്ചത് അക്രമരഹിതമായ സഹകരണത്യാഗത്തിന്റെ നിയന്ത്രണശക്തിയാൽ മാത്രമാണെന്ന് ഖണ്ഡിച്ചു പറയാം. അതിരിക്കട്ടെ.

മഞ്ചേരി കോൺഫ്രൻസിന്നുശേഷം നാലഞ്ചുമാസത്തേയ്ക്ക് മലബാറിൽ ഖിലാഫത്ത് സംബന്ധമായ പ്രവൃത്തികൾ വിശേഷിച്ചു യാതൊന്നും നടന്നില്ല. കോഴിക്കോട്ടുള്ള ചില മാപ്പിളമാർ ഒരു ഖിലാഫത്ത് കമ്മിററി സ്ഥാപിച്ചു; കൊണ്ടോട്ടിയിലും ഒരു കമ്മിററി സ്ഥാപിക്കുകയുണ്ടായി. ഇതു രണ്ടും അതാതു ദിക്കിലെ മാപ്പിളമാരുടെ ഉത്സാഹത്താൽ മാത്രമായിരുന്നു. ഖിലാഫത്ത് ദുഃഖദിനങ്ങളായി ഇന്ത്യാരാജ്യമാസകലം ആചരിക്കുന്ന ദിവസ

ങ്ങളിൽ കോഴിക്കോട്ടും ഹർത്താലും യോഗങ്ങളും ഉണ്ടായി രുന്നു. ഖിലാഫത്ത് കാര്യത്തിൽ ബ്രിട്ടീഷ് ഗവർമ്മെണ്ട് നിവൃത്തിമാർഗമുണ്ടാക്കാത്തപക്ഷം വൈസറോയി രാജി കൊടുക്കേണ്ടതാണെന്ന് ഇന്ത്യയിലെ പല പൌരപ്രമാണി കാകൂടി വൈസറോയിയോടപേക്ഷിക്കുകയും അങ്ങനെ ചെയ്യാത്തപക്ഷം 1920 ആഗസ്റ്റ് 1—ാംനു- മുതൽ സഹകരണ ത്യാഗപ്രസ്ഥാനമാരംഭിക്കുന്നതാണെന്ന് ആ സന്ദേശത്തിൽ പ്രസ്താവിക്കയും ചെയ്തിരുന്നു. അതുപ്രകാരം സഹകരണ ത്യാഗപ്രസ്ഥാനത്തെ നാട്ടിൽ പരത്തുവാനായി മഹാത്മാ ഗാന്ധിയും മൌലാനാ ഷൌക്കത്താലിയുംകൂടി ഇന്ത്യാ രാജ്യം മുഴുവനും സഞ്ചരിപ്പാൻ തുടങ്ങി. പല സ്ഥലങ്ങ ളേയും അവർ സന്ദർശിച്ചു. പഞ്ചാബിൽ നടന്ന അക്രമ പ്രവൃത്തികളെപ്പററിയും ഖിലാഫത്ത് കാര്യത്തിൽ ബ്രിട്ടീഷ് ഗവർമ്മെണ്ട് ചെയ്ത അനീതിയെപ്പററിയും അവർ ശക്തി മത്തായ പല പ്രസംഗങ്ങളും ചെയ്തു. ആഗസ്റ്റ് 18—ാംനു- യാണെന്നു തോന്നുന്നു, അവർ കോഴിക്കോട്ടെത്തിയത്. കടപ്പുറത്തുവെച്ച് ഇരുപതിനായിരത്തോളം ജനങ്ങാ കൂടിയ ഒരു യോഗത്തിൽ ഇവർ രണ്ടുപേരും ജനങ്ങാ സഹ കരണത്യാഗത്തെ അംഗീകരിക്കേണ്ടതാണെന്നു ഉപദേശിച്ചു. കോഴിക്കോട്ടുള്ള പൌരന്മാർ 2500—ക. യുടെ ഒരു സഞ്ചി ഖിലാഫത്ത് ഫണ്ടിലേയ്ക്കു സമ്മാനിച്ചു. പക്ഷേ, ഇവരുടെ ശ്രമങ്ങളും ഉപദേശങ്ങളും പ്രസംഗങ്ങളും കോഴിക്കോട്ടുകാ രോട് അശേഷം ഫലിച്ചില്ല. ഒരു വക്കീലെങ്കിലും പ്രാക്ടീസ് നിർത്തുകയോ, ഒരു വിദ്യാർത്ഥിയെങ്കിലും സ്കൂറം വിടുകയോ കൌൺസിലിലേയ്ക്കുള്ള ഒരു സ്ഥാനാർത്ഥിയെ ങ്കിലും പിൻവലിക്കുകയോ ചെയ്തില്ല. പ്രസംഗത്തിൻെറ ഫലമായി ഞങ്ങളാൽ ചിലരുടെ മനസ്സിൽ തെല്ലൊരു ചഞ്ച ലത്വം ഉണ്ടായില്ലെന്നില്ല. എങ്കിലും അഗോചരവും അന്ധ കാരമയവും ആയ ഭാവിയെ ഓർത്ത് ജീവിതവൃത്തിയെ ഉപേ ക്ഷിപ്പാൻ തീരെ ധൈര്യം വന്നില്ലെന്നു പറഞ്ഞാൽ കഴി ഞ്ഞല്ലോ. കാര്യനിവൃത്തിക്കും സ്വാഭിമാനരക്ഷയ്ക്കും സഹക രണത്യാഗമല്ലാതെ മററൊരു മാർഗവുമില്ലായിരുന്നുവെന്ന് ഞങ്ങളാൽ ചിലർക്കു പൂർണ്ണബോദ്ധ്യമുണ്ടായിരുന്നു. പക്ഷേ, സഹകരണത്യാഗം വിജയപ്രദമായി കലാശിക്കുമോ എന്ന കാര്യത്തിൽ വളരെ സന്ദേഹവും തോന്നിയിരുന്നു. പക്ഷേ, ആ സന്ദേഹംകൊണ്ടല്ല, ധൈര്യക്ഷയംകൊണ്ടുതന്നെ യാണ് അക്കാലത്ത് ഈ ലേഖകൻ സഹകരണത്യാഗിയാകാ തിരുന്നതെന്നു തുറന്നുപറഞ്ഞുകൊള്ളട്ടെ. മഹാത്മാഗാന്ധി കോഴിക്കോട്ടു വന്നുപോയതിൻെറ ഒരു മാസത്തിനുള്ളിൽ

കൽക്കത്തയിൽ വെച്ച് കോൺഗ്രസ്സിൻെറ ഒരു പ്രത്യേക യോഗം കൂടി. ആ കോൺഗ്രസ്സ് മഹാത്മാഗാന്ധിയുടെ സഹകരണത്യാഗസിദ്ധാന്തം സ്വീകരിച്ചു. കോൺഗ്രസ്സിൻെറ ഈ തീർപ്പ് സഹകരണത്യാഗപ്രസ്ഥാനത്തിന്നു വലുതായ ശക്തിവരുത്തി. കൌൺസിലുകളിലേയ്ക്കു സ്ഥാനാർത്ഥികളായി നിന്ന പല കോൺഗ്രസ്സുകാരും അതിൽനിന്നു പിൻവലിച്ചു; ആ കൂട്ടത്തിൽ മലബാറിലെ സ്ഥാനാർത്ഥികളിൽ പ്രധാനിയായിരുന്ന കെ.പി. രാമമേനോനും പിൻവലിച്ചു. അങ്ങിനെ ഇരിക്കുമ്പോഴാണ് ശ്രീമാൻ രാജഗോപാലാചാരിയും മുത്തുസാസാഹിബും ടി. എസ്. രാജനും ഒക്ടോബർ മാസത്തിൽ കോഴിക്കോട്ടു വന്നത്. കോഴിക്കോട്ടു കടപ്പുറത്തുകൂടിയ ഒരു വമ്പിച്ച യോഗത്തിൽവെച്ച് കൌൺസിൽ ബഹിഷ്കരണത്തെപ്പററി ഇവർ ഗംഭീരമായ ചില പ്രസംഗങ്ങളം ചെയ്തു. മഹാത്മാഗാന്ധിയുടെ ആഗമനത്തിനുശേഷം ഒക്ടോബർ മാസത്തിൽ ഇവർ വരുന്നതുവരെ കോഴിക്കോട് വക്കീലായ യു. ഗോപാലമേനോൻ മാത്രമേ മലബാറിൽ ഖിലാഫത്ത് കാര്യത്തിൽ കാര്യമായി വല്ലതും പരിശ്രമിച്ചിരുന്നുള്ളൂ. സഹകരണത്യാഗത്തെപ്പററിയുള്ള കോൺഗ്രസ്സ് തീർപ്പുപ്രകാരം മുഴുവൻ പ്രവർത്തിപ്പാൻ ഒരുക്കമില്ലാതിരുന്ന എന്നെപ്പോലെയുള്ള ചിലർ കൌൺസിൽ ബഹിഷ്കരണത്തെപ്പററിമാത്രം പ്രസംഗം ചെയ്യുന്നതും ഉത്സാഹിക്കുന്നതും ഭംഗിയല്ലെന്നുള്ള വിചാരത്താൽ യാതൊന്നും പ്രവർത്തിക്കാതിരിക്കുകയായിരുന്നു ചെയ്തിരുന്നത്. ഉത്തമന്മാരായ സഹകരണത്യാഗികളാവാൻ സാധിക്കയില്ലെങ്കിലും പ്രവർത്തിപ്പാൻ ഒരുക്കമുള്ളേടത്തോളം പ്രസംഗിക്കുന്നതിൽ യാതൊരു വിരോധവുമില്ലെന്ന് രാജഗോപാലാചാരി യുക്തിയുക്തമായി ബോദ്ധ്യപ്പെടുത്തിയതിനാൽ അന്നുമുതൽ ഈ ലേഖനകർത്താവും കൌൺസിൽ ബഹിഷ്കരണത്തെപ്പററി ചില പ്രസംഗങ്ങളം നടത്തുവാൻ തീർച്ചപ്പെടുത്തി. അതിൻെറ ഫലമായി താനൂർ, വേങ്ങര, പുളിക്കൽ, തിരൂർ, തിരൂരങ്ങാടി, കോട്ടയ്ക്കൽ, കോടൂർ, പൊന്നാനി, മലപ്പുറം, മഞ്ചേരി, മമ്പാട്, ഈ സ്ഥലങ്ങളിലായി യോഗങ്ങളം കൂടുകയും കൗൺസിൽ ബഹിഷ്കരണത്തെപ്പററി പലരും പ്രസംഗങ്ങളം നടത്തുകയും ചെയ്തു. ഈ യോഗങ്ങളെ അതാതുദിക്കിലെ മാപ്പിളമാരുടെ ഉത്സാഹത്താലാണ് വിളിച്ചുകൂട്ടിയിരുന്നത്. അടുത്തും ദൂരത്തുമുള്ള അനേകായിരം മാപ്പിളമാർ ഈ ഖിലാഫത്ത് യോഗങ്ങളിൽ പങ്കുകൊണ്ടിരുന്നു. ഹിന്ദുക്കളം പ്രായേണ ഈ യോഗങ്ങളെ വർജ്ജിച്ചും വന്നിരുന്നു. ഇങ്ങനെ യോഗ

ങ്ങൾ കൂടുന്നതിൽ അത്യുത്സാഹം പ്രദർപ്പിച്ചിരുന്ന മാപ്പിളമാരെ അക്രമരഹിതമായ മാർഗത്തിൽകൂടെ നയിപ്പിക്കാതിരുന്നാൽ പല അനർത്ഥത്തിന്നും സംഗതിയാകുമെന്ന ബോധം ഉണ്ടായിരുന്ന ഞങ്ങളാൽ ചിലർ ഈ യോഗങ്ങളിലെല്ലാം സന്നിഹിതരായി ഹിന്ദു മുസ്ലിം ഐക്യത്തെപ്പററിയും അക്രമരാഹിത്യത്തിൻെറ ആവശ്യകതയെപ്പററിയും ജനങ്ങളെ ഉപദേശിച്ചുകൊണ്ടിരുന്നു. അക്കാലത്ത് യാതൊരക്രമങ്ങളും യാതൊരു ദിക്കിലും സംഭവിച്ചതായി കേട്ടിട്ടുമില്ല. ഖിലാഫത്ത് കാര്യത്തെപ്പററിയും സഹകരണത്യാഗപ്രസ്ഥാനത്തെപ്പററിയും ജനങ്ങൾക്കു പരക്കെ മനസ്സിലാവാൻ ഈ യോഗങ്ങൾ സഹായിച്ചുവെന്നല്ലാതെ കൗൺസിൽ ബഹിഷ്ക്കരണകാര്യത്തിൽ ഈ യോഗങ്ങൾകൊണ്ട് പ്രത്യേകമായ ഗുണമൊന്നുമുണ്ടായില്ല. മുഹമ്മദീയരായ കൗൺസിൽ മെമ്പർമാരെ അന്നു തിരഞ്ഞെടുപ്പാൻ അവസരം വന്നിരുന്നുവെങ്കിൽ തീർച്ചയായും ആ തിരഞ്ഞെടുപ്പിൽ എത്രയോ ചുരുക്കം മാപ്പിളമാർ മാത്രമേ ഏർപ്പെടുകയുണ്ടായിരുന്നുള്ളുവെന്ന് ഖണ്ഡിച്ചു പറയാം. പക്ഷേ, രണ്ടു സ്ഥാനങ്ങളും അതിനു രണ്ടു സ്ഥാനാർത്ഥികളുമുണ്ടായിരുന്നതിനാൽ തിരഞ്ഞെടുപ്പിൻെറ ആവശ്യകത നേരിട്ടില്ല. ഹിന്ദുക്കളുടെ ഇടയിൽ സഹകരണത്യാഗപ്രസ്ഥാനം പ്രവേശിച്ചിട്ടുമുണ്ടായിരുന്നില്ല. അതിനാൽ കൗൺസിൽ ബഹിഷ്ക്കരണത്തെ സംബന്ധിച്ചിടത്തോളം ഈ ശ്രമങ്ങൾ എത്രത്തോളം ഫലപ്രദമായെന്ന് തെരഞ്ഞെടുപ്പിൻെറ ഫലംകൊണ്ടു പരിഗണിക്കുവാൻ സാധിക്കാതെ വന്നു.

1920 ഡിസംബറിൽ നാഗപ്പൂരിൽവെച്ചു കൂടിയ കോൺഗ്രസ്സിൻെറ ശേഷമുണ്ടായ സംഭവങ്ങൾ മറെറാരു അദ്ധ്യായത്തിൽ വിവരിക്കാം.

# നാഗപ്പൂർ കോൺഗ്രസ്സിനു ശേഷം

1920 ഡിസംബറിൽ നാഗപ്പൂരിൽവെച്ചു കൂടിയ കോൺഗ്രസ്സ് യോഗംവരെ മലബാറിൽ ഖിലാഫത്ത് പ്രസ്ഥാനത്തെ സംബന്ധിച്ചു ചെയ്ത പ്രവൃത്തികളെപ്പററി മുൻഅദ്ധ്യായത്തിൽ വിവരിച്ചുകഴിഞ്ഞു. മേപ്പടി കോൺഗ്രസ്സിന്നുശേഷമുള്ള ചരിത്രത്തെയാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുവാൻ ഉദ്ദേശിക്കുന്നത്.

ഭാഷയെ ആസ്പദിച്ചു ഇന്ത്യാരാജ്യം മുഴുവനും അനേകം കോൺഗ്രസ്സ് സംസ്ഥാനങ്ങളായി വിഭജിച്ച കൂട്ടത്തിൽ കൊച്ചി, തിരുവിതാംകൂർ, മലബാർ ഇവ മൂന്നുംകൂടി കേരളമെന്ന ഒരു സംസ്ഥാനമാക്കി. നാഗപ്പൂരിൽവെച്ചു കൂടിയ കോൺഗ്രസ്സ് യോഗം ഒരു തീർപ്പ് പാസ്സാക്കിയിരുന്നു. അന്നത്തെ കോൺഗ്രസ്സിലെ വിഷയനിരൂപണക്കമ്മിററിയിൽ മലബാറിൽനിന്നു ഞാൻ മാത്രമേ മെമ്പറായി ഉണ്ടായിരുന്നുള്ളൂ. തമിഴ്നാട്ടുകാരനായ മിസ്റ്റർ സത്യമൂർത്തി, രങ്കസ്വാമി അയ്യങ്കാർ മുതലായവർ ഈ പ്രമേയത്തെ കലശലായി എതിർത്തു. പക്ഷേ, മഹാത്മാഗാന്ധിയുടെയും സി. രാജഗോപാലാചാരിയുടെയും സഹായത്താൽ ഈ പ്രമേയം കോൺഗ്രസ്സ് യോഗം പാസ്സാക്കി. കേരളം ഒരു സംസ്ഥാനമാക്കിയതോടുകൂടി മലബാറിലെ കോൺഗ്രസ്സ് പ്രവർത്തകന്മാരുടെ ഭാരവാഹിത്വം വർദ്ധിച്ചു. എല്ലാ അംശങ്ങളിലും കോൺഗ്രസ്സ് കമ്മിററികഠം സ്ഥാപിക്കുന്നതും എല്ലാ ജനങ്ങളേയും കോൺഗ്രസ്സിൽ അംഗങ്ങളാക്കി ചേർക്കുന്നതും കോൺഗ്രസ്സ് പ്രവൃത്തിയുടെ മുഖ്യഭാഗമായിത്തീർന്നു. കൌൺസിലുകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പു അവസാനിച്ചതോടുകൂടി സഹകരണത്യാഗപ്രസ്ഥാനത്തിൽ സ്കൂഠം ബഹിഷ്കരണവും കോടതി ബഹിഷ്കരണവും ജാഗ്രതയിൽ നടത്തേണ്ടുന്ന ഘട്ടവുമെത്തി. വക്കീൽ പ്രവൃത്തിയും കോൺഗ്രസ്സ് പ്രവൃത്തിയും രണ്ടുംകൂടി നടത്തുന്നതു അസാദ്ധ്യമായി പരിണമിച്ചു. നാഗപ്പൂർ കോൺഗ്രസ്സിൽ ഹാജരുണ്ടായിരുന്ന പാലക്കാട് വക്കീൽ ടി. ആർ. കൃഷ്ണസ്വാമി അയ്യർ വക്കീൽ പ്രവൃത്തിയിൽനിന്നു വിരമിച്ച് കോൺഗ്രസ്സ് പ്രവൃത്തിക്കായി മുതിർന്നു. 1921 ജനവരി 15-ാംനു- കോഴിക്കോട്ട് കടപ്പുറത്തുവെച്ചു കൂടിയ ഒരു യോഗത്തിൽവെച്ച്

താൻ വക്കീൽ പ്രവൃത്തി നിർത്തിവെച്ചതായി ഈ ലേഖകനും പ്രസ്താവിച്ചു. ഖിലാഫത്ത് കാര്യത്തിൽ അത്യദ്ധ്വാനം ചെയ്തിരുന്ന യു. ഗോപാലമേനോനും അധികം താമസി യാതെ തൻെറ പ്രാക്ടീസും നിർത്തി. കേരള സംസ്ഥാന ത്തിന്നു പൊതുവിൽ ഒരു കമ്മിററി സ്ഥാപിപ്പാനും സിക്ര ട്ടറിമാരെ തിരഞ്ഞെടുപ്പാനും 1921 ജനവരി 30—ാംനു- കോഴിക്കോട്ടുവെച്ച് കോൺഗ്രസ്സ് കമ്മിററിയിലെ പ്രതിനി ധികളുടെ ഒരു യോഗംകൂടി. ആ യോഗത്തിൽ യു. ഗോപാ ലമേനോനെയും എന്നെയും സംസ്ഥാന കാര്യദർശിമാരായി തെരഞ്ഞെടുത്തു. മലബാറിൽ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ കോൺഫ്രൻസുകരംകൂടി കോൺഗ്രസ്സും ഖിലാഫത്തും കമ്മി ററികരം സ്ഥാപിക്കുവാൻ ഞങ്ങരം തീർച്ചപ്പെടുത്തി. അതി ന്നായി ഒരു കാര്യപരിപാടി തെയ്യാറാക്കി. വടക്കെ മലബാ റിൽ യു. ഗോപാലമേനോനും തെക്കെ മലയാളത്തിൽ ഞാനും പ്രവൃത്തി നടത്തുവാൻ നിശ്ചയിച്ചു. ഈ വിവര ങ്ങരം ജില്ലാധികാരികളെ അസ്വസ്ഥരാക്കിത്തീർത്തു. ഫിബ്രവരി 5—ാംനു- മലയാം കലക്ടർ മിസ്റ്റർ തോമസ്, യു. ഗോപാലമേനോൻെറയും. ഈ ലേഖകൻെറയും പേരിൽ താഴെ കാണിക്കുന്ന നോട്ടീസ് നടത്തി:

''ഏറനാട് താലൂക്കിൽ തുടർച്ചയായി അനേകം ഖിലാ ഫത്ത് സഭകരം കൂടുവാൻ ആലോചനയുണ്ടെന്നും, അതിൻെറ ഫലമായി അറിവില്ലാത്ത മാപ്പിളമാർക്ക് ഗവർ മ്മേണ്ടിൻെറ നേരെ മാത്രമല്ല ഹിന്ദു ജന്മികളുടെ നേരെയും വിദ്വേഷം വർദ്ധിക്കുവാൻ ഇടയുണ്ടെന്നും അതു നിമിത്തം സമാധാനലംഘനം മാത്രമല്ല ലഹളകരംക്കും ജീവനാശ ത്തിന്നും കൂടെ സംഗതിയുണ്ടാകുന്നതാണെന്നും ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്നു അറിവായിരിക്കുന്നു. ഏറനാടു താലൂക്കി നെപ്പററിയും അവിടത്തെ നിവാസികളായ മാപ്പിളമാരുടെ സ്വഭാവത്തെപ്പററിയും തനിക്കുള്ള അറിവിൽനിന്നു ഈ റിപ്പോർട്ടുകരം അവാസ്തവമല്ലെന്നുള്ള ഡിസ്ട്രിക്ട് മജിസ്ട്രേ ട്ടിൻെറ അഭിപ്രായത്തെ ഇതിൽ പ്രവർത്തിക്കന്നവരിൽ ഒരാരം പാരമ്പര്യമായി ലഹളയിൽ ഏർപ്പെട്ടിട്ടുള്ള ഒരു കുടുംബ ത്തിലെ അംഗവും മുമ്പു ലഹളയിൽ സംബന്ധിക്കപ്പെട്ടിട്ടു ണ്ടെന്നു സംശയിക്കപ്പെട്ടവനും ആയ വാരിയങ്കുന്നൻ കുഞ്ഞ ഹമ്മതാജിയാണെന്ന വാസ്തവം പ്രബലപ്പെടുത്തുന്നുമുണ്ട്. മേൽ പറഞ്ഞ സഭകരം വിളിച്ചുകൂട്ടുവാൻ ഉത്സാഹിക്കുന്ന ശേഷംപേർ വക്കീലുദ്യോഗം വിട്ടിട്ടുള്ളവരും ഗുണദോഷമെ ന്തായാലും ഇങ്ങനെയുള്ള പ്രക്ഷോഭത്താൽ ജീവിതവൃത്തിക്കു മാർഗം നോക്കുവാൻ നിർബന്ധിതരായിട്ടുള്ളവരും ആണ്.

ഈ മാസം 9—ാംനു- നെല്ലിക്കുത്ത് എന്ന ഒരു സ്ഥലത്ത് ഒരു സഭ കൂടുവാൻ തീർച്ചപ്പെടുത്തീട്ടുണ്ടെന്ന് അറിയുന്നതിനാലും ഇതു അടിയന്തര കാര്യമാകയാലും ഏറനാടു താലൂക്കിൽ യാതൊരു പൊതുയോഗങ്ങളിലും വാരിയങ്കുന്നത്ത് കുഞ്ഞഹമ്മതാജിയോ, കെ. മാധവൻനായരോ, യു. ഗോപാലമേനവനോ സ്ഥലത്തെ മററു ഖിലാഫത്തു നേതാക്കന്മാരോ—അവരാരായാലും വേണ്ടതില്ല—പ്രസംഗിച്ചുപോകരുതെന്നും അവിടങ്ങളിൽ യാതൊരു സഭയും അവർ വിളിച്ചുകൂട്ടിപ്പോകരുതെന്നും ഇതിനാൽ കല്പിച്ചിരിക്കുന്നു.''

വാരിയങ്കുന്നൻ കുഞ്ഞഹമ്മതാജിയെ ഗോപാലമേനോനോ ഞാനോ ആ തിയ്യതിവരെ അറിഞ്ഞിരുന്നില്ല, കേട്ടിട്ടുപോലുമുണ്ടായിരുന്നില്ല. നെല്ലിക്കുത്ത് എന്ന സ്ഥലത്ത് വല്ല സഭയും വിളിച്ചുകൂട്ടുവാൻ ആലോചനയുള്ളതായും ഞങ്ങളറിഞ്ഞിരുന്നില്ല. ഖിലാഫത്ത് പ്രസ്ഥാനമാരംഭിച്ചിട്ടു അപ്പോഴേയ്ക്ക് നാലഞ്ചുമാസം കഴിഞ്ഞിരുന്നു. യാതൊരു ലഹളയോ യാതൊരു സമാധാനലംഘനമോ അതുവരെ സംഭവിച്ചിരുന്നില്ല; എന്നു മാത്രമല്ല ഏറനാടു മുതലായ താലൂക്കുകളിൽ മാപ്പിളമാരും ഹിന്ദുക്കളും തമ്മിൽ വല്ല കാലത്തും ഐക്യവും സ്നേഹവും വിശ്വാസവും ഉണ്ടാവാൻ ഭാവിച്ചിരുന്നുവെങ്കിൽ അത് അക്കാലത്തു മാത്രമായിരുന്നു. മാപ്പിളമാർക്ക് ഏററവും ബഹുമാനമുണ്ടായിരുന്ന മൌലവികളായിരുന്നു പ്രസംഗപീഠങ്ങളിൽനിന്ന് കൊറാനെ ആസ്പദമാക്കി ഹിന്ദുക്കളെ മുസൽമാൻമാർ സ്നേഹിക്കേണ്ടതാണെന്നു ശക്തിമത്തായി പ്രസംഗം ചെയ്തിരുന്നത്. അക്രമരാഹിത്യത്തെപ്പററിയായിരുന്നു അവർ സകലരേയും ഉപദേശിച്ചിരുന്നത്. നേതാക്കന്മാർ ചെയ്യുന്ന സകല ഉപദേശത്തേയും അനുസരിപ്പാൻ മാപ്പിളമാർ തയ്യാറായിരുന്നു. അക്രമംകൊണ്ടു യാതൊരു ഫലവും സിദ്ധിക്കുന്നതല്ലെന്നു അവർക്ക് ക്രമേണ ബോദ്ധ്യപ്പെടുവാൻ തുടങ്ങിയിരുന്നു. പക്ഷേ, ഖിലാഫത്തിനെപ്പററി വലുതായ വേദനയും അവരുടെ മനസ്സിനെ പീഡിപ്പിച്ചിരുന്നു. അങ്ങിനെയിരിക്കുന്ന അവസരത്തിലാണ് അക്രമരാഹിത്യവ്രതം സ്വീകരിച്ചിട്ടുള്ള പ്രവർത്തകന്മാരാരും എറനാട്ടിൽ യാതൊരു പ്രവൃത്തിയും ചെയ്തുപോകരുതെന്നു ഡിസ്ത്രിക്ട് മജിസ്ത്രേട്ട് നിരോധിച്ച കല്പനയുണ്ടായത്. ഏറനാട്ടിലെ മാപ്പിളമാർ പ്രായേണ വിവരമില്ലാത്തവരാണെന്നോ ലഹളയ്ക്കു വാസനയില്ലാത്തവരാണെന്നോ സ്ഥാപിക്കാൻ ഞാൻ തയ്യാറില്ല. ഡിസ്ത്രിക്ട് മജിസ്ത്രേട്ടിൻെറ കല്പനയിൽ അവരെപ്പററി സൂചി

പ്പിച്ച ഭയം തീരെ അസ്ഥാനത്തിലാണെന്നും പറയാൻ തരമില്ല. ഡിസ്ട്രിക്ട് മജിസ്ട്രേട്ടിൻെറ പ്രവൃത്തി ഉത്തമ വിശ്വാസവിഹീനമായിരുന്നുവെന്നും ഞാൻ ശഠിക്കുന്നില്ല. വാസ്തവവും അവാസ്തവവുമായ റിപ്പോർട്ടുകൾ അദ്ദേഹത്തെ ഭയവിഹ്വലനാക്കിത്തീർത്തിട്ടുണ്ടായിരിക്കാം. ഖിലാഫത്തായിരുന്ന തീപ്പൊരി ഏറനാട്ടിനെ ആകമാനം ഭസ്മീകരിക്കത്തക്ക കൊടുംതീയായി കലാശിക്കുമെന്ന് അദ്ദേഹം യഥാർത്ഥത്തിൽ ധരിച്ചിട്ടുണ്ടായിരിക്കാം. ഈ ആപത്തിൽനിന്നു ഏറനാട്ടിനെ രക്ഷപ്പെടുത്തുവാൻ 144—ാം വകുപ്പാകുന്ന മതിൽക്കെട്ടുകെട്ടിയാൽ മതിയാകുമെന്നദ്ദേഹം ആത്മാർത്ഥമായി വിശ്വസിച്ചിട്ടുമുണ്ടായിരിക്കാം. 144—ാം വകുപ്പിൻെറ പ്രയോഗത്താൽ ഏറനാടും ലോകത്തിൻെറ ശേഷം ഭാഗങ്ങളും തമ്മിലുള്ള സകലബന്ധങ്ങളും വേർപെടുത്തി ആ താലൂക്ക് അടച്ചുപൂട്ടിയ ഒരു മുറിപോലെ ബന്തോവസ്സായി വെയ്ക്കുവാൻ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്നു സാധിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിൻെറ ഉദ്ദേശ്യം ഈ പ്രവൃത്തിയാൽ ഏതാണ്ട് സഫലമായിത്തീർന്നേക്കാമായിരുന്നു. എന്നാൽ വർത്തമാനപത്രങ്ങളും ഗതാഗതമാർഗങ്ങളും പുറംദേശക്കാരുമായി സഹവാസസൗകര്യങ്ങളും നശിപ്പിക്കുവാനോ ഈ കല്പനയ്ക്കുമുമ്പ് ജനസാമാന്യം ഗ്രഹിച്ചിട്ടുണ്ടായിരുന്ന സംഗതികളെ അവരുടെ മനസ്സിൽനിന്നു ഉന്മൂലം നശിപ്പിച്ചുകളവാനോ ശക്തിയില്ലാത്ത ഡിസ്ട്രിക്ട് മജിസ്ട്രേട്ടിൻെറ ഈ കല്പന ഖിലാഫത്ത പ്രസ്ഥാനത്താൽ സംഭവിച്ചേക്കാവുന്ന അപകടങ്ങളെ നിവാരണം ചെയ്തില്ലെന്നു മാത്രമല്ല ആ പ്രസ്ഥാനത്തെ സമാധാനപരമായ മാർഗത്തിൽക്കൂടി നയിക്കുന്നതിൽ അക്രമരാഹിത്യം അംഗീകരിച്ച പ്രവർത്തകന്മാരെ തീരെ തടസ്സപ്പെടുത്തുകയും ചെയ്തു. മതത്തിന്നു ഹാനിതട്ടിയെന്ന വിശ്വാസം മതപ്രസക്തരായ ഒരു സമുദായത്തിൽ പരന്നിരിക്കുക; അതിൻെറ സൂക്ഷ്മസ്വഭാവവും അക്രമരഹിതമായ മാർഗത്തിൽകൂടെ അതിനുള്ള നിവൃത്തിമാർഗവും ആ സമുദായത്തെ ധരിപ്പിക്കുവാൻ ഉത്തരവാദിത്വബോധമുള്ള പ്രവർത്തകന്മാർക്കു സാധിക്കാതിരിക്കുക; വിവരമില്ലാത്തവരും അക്രമരാഹിത്യം സ്വീകരിച്ചിട്ടില്ലാത്തവരുമായ ചിലർ പള്ളികളിൽവെച്ചോ വേറെ വല്ല സ്ഥലങ്ങളിൽ വെച്ചോ ജനങ്ങളെ ക്ഷുഭിതരാക്കി അക്രമത്തിന്നു പ്രോത്സാഹിപ്പിക്കുക; അവരുടെ ശ്രമങ്ങളെ തടുക്കുവാൻ ഗവർമ്മേണ്ടിന്നോ സഹകരണത്യാഗികൾക്കോ സാധിക്കാതിരിക്കുക; ഉള്ളിൽ കവിയുന്ന സങ്കടത്തെ പുറത്തു പ്രദർശിപ്പിക്കുവാനുള്ള ന്യായമായ സകല മാർഗങ്ങളേയും തടയുക; പ്രസ്ഥാ

നത്തിൽ പങ്കുകൊണ്ടിട്ടുണ്ടെന്നു സംശയിക്കുന്നവരെ പല വിധത്തിലും ദ്രോഹിക്കുക; നേതാക്കന്മാരെ തടവിലിടുക; പ്രവർത്തകന്മാരെ പോലീസ്സുകാരെക്കൊണ്ടു അടിപ്പിക്കുക— ഇങ്ങനെയുള്ള പല സംഗതികളും കൂടിച്ചേർന്നാൽപ്പിന്നെ യുള്ള ഭവിഷ്യത്താണ് മലബാറിൽ നമുക്കനുഭവിപ്പാൻ ഇട വന്നത്.

ഡിസ്ട്രിക്ട് മജിസ്ട്രേട്ടിൻെറ മേൽപ്രസ്താവിച്ച കല്പനയ്ക്കു ശേഷം ഫെബ്രുവരി 10—ാംനു-യോ 11—ാനു-യോ മലപ്പുറം തുക്കിടി ഏറനാട്ടിലും വള്ളുവനാടിൻെറ വടക്കെ ഭാഗത്തും കോൺഗ്രസ്സ്, ഖിലാഫത്ത് സംബന്ധമായി യാതൊരു സഭ കളും കൂടരുതെന്നു മറെറാരു കല്പന പാസ്സാക്കി. മലബാർ ജില്ല മുഴുവനും 144—ാം വകുപ്പുകൊണ്ടു ബന്ധിച്ചിടുവാൻ കലക്ടർ മദിരാശി ഗവർമ്മെണ്ടിനോട് അനുവാദം ചോദിച്ചു. പക്ഷേ, പ്രത്യേകയോഗങ്ങളെ നിരോധിച്ചാൽ മാത്രം മതി യെന്നു ഗവർമ്മെണ്ട് മറുപടി കൊടുത്തതിനാൽ മിസ്റ്റർ തോമസ്സിന്നു തൻെറ സ്വേച്ഛാധികാരം മലബാറിൽ മുഴു വനും ഒരു കല്പനകൊണ്ടുതന്നെ നടത്തുവാൻ സാധിച്ചില്ല. ഏറനാടും വള്ളുവനാടിൻെറ വടക്കുഭാഗവും ഒഴികെ, ശേഷം സ്ഥലങ്ങളിൽ നടത്തുന്ന യോഗങ്ങളെ വെവ്വേറെ കല്പനകൊണ്ടു നിരോധിക്കുവാൻ കലക്ടർ ആരംഭിച്ചു. ഫെബ്രവരി 14—ാംനു- കോട്ടക്കലിനടുത്തു പറപ്പൂരും, 15—ാംനു-താനൂരും, 16—ാംനു- കോഴിക്കോട്ടും ഖിലാഫത്ത്യോഗങ്ങൾ കൂടുവാൻ ഏർപ്പാടു ചെയ്തിരുന്നു. കോഴിക്കോട്ട് 16—ാംനു- കൂടുന്ന യോഗത്തിന്നു തക്കവണ്ണം മദിരാശിയിൽ നിന്ന് ജനാബ് യാക്കൂബ് ഹുസ്സൈൻ വരുവാൻ നിശ്ചയി ച്ചിട്ടുണ്ടായിരുന്നു. വളരെ അധ്വാനിച്ചും പണച്ചെലവു ചെയ്തും വിളിച്ചുകൂട്ടുന്ന യോഗങ്ങൾ പൊടുന്നനവെ മുട ക്കുന്നതുകൊണ്ട് മാപ്പിളമാരുടെ ഇടയിൽ വർദ്ധിച്ച ക്ഷോഭം അസാമാന്യമായിരുന്നു. ''കല്പനകൾ എല്ലാം അനുസരി ക്കണം'' എന്നു ഞങ്ങളാൽ ചിലർ ചെയ്ത ഉപദേശം അവരനു സരിച്ചിരുന്നുവെങ്കിലും അത് പൂർണ്ണ മനസ്സോടെയായിരു ന്നില്ല. എന്നു മാത്രമല്ല ഇങ്ങനെ ഞങ്ങൾ ഉപദേശിച്ചിരു ന്നത് ഞങ്ങളുടെ ഭീരുത്വംകൊണ്ടാണെന്നുകൂടി ചിലർ വ്യാഖ്യാനിച്ചിരുന്നു. ഗവർമ്മെണ്ടോ പോലീസ്സുകാരോ എന്തക്രമം പ്രവർത്തിച്ചാലും എന്തു കല്പന പാസ്സാക്കിയാലും അതുകൊണ്ടൊന്നും ക്ഷോഭിക്കാതെ ക്ഷമയോടും സമാധാന ത്തോടും വർത്തിക്കേണമെന്ന് മാപ്പിളമാരെ ഉപദേശിപ്പാനും കോൺഗ്രസ്സിൽ മാപ്പിളമാരിൽ ചിലർക്കുണ്ടായിരുന്ന അവി ശ്വാസത്തെ നീക്കുവാനുമുള്ള ഉദ്ദേശ്യത്തോടുകൂടിയായിരുന്നു

യാക്കൂബ് ഹുസ്സൈനെ മലബാറിലേക്കു ക്ഷണിച്ചിരുന്നത്. അദ്ദേഹം 15–ാംനു- കോഴിക്കോട്ടെത്തുന്നതാകകൊണ്ട് അന്നത്തെ ദിവസം താനൂരിൽവെച്ച് കൂടുന്ന യോഗത്തിൽ പങ്കുകൊള്ളുവാനും ആലോചിച്ചിരുന്നു. 15–ാംനു- രാവിലെ ക്രിമിനൽ പ്രൊസീഡ്യർ കോഡ് 108–ാം വകുപ്പുപ്രകാരം നല്ലനടപ്പിനു ജാമ്യം ചോദിച്ചുകൊണ്ട് ഒരു കല്പന യു. ഗോപാലമേനവന്റെ പേരിൽ നടത്തി. 15–ാംനു- മെയിൽ വണ്ടിക്കു വന്നിരുന്ന യാക്കൂബ് ഹുസ്സൈനെ ഗോപാലമേനവനും ഞാനുംകൂടി തിരൂരിൽ വെച്ചു എതിരേററു. അവിടെനിന്നു പോരുന്ന വഴിക്ക് താനൂർ അന്നു കൂടുവാൻപോകുന്ന യോഗത്തെ മുടക്കിയതായി ഒരു കല്പന പുറപ്പെട്ടിട്ടുണ്ടെന്നു ഞങ്ങൾക്കു വിവരം കിട്ടി. കല്പന കിട്ടിയാൽ അനുസരിക്കണമെന്ന് താനൂർ സ്റ്റേഷനിൽ യാക്കൂബ് ഹുസ്സൈനെ എതിരേൽക്കുവാൻ വന്നവരോടു ഞങ്ങൾ ഉപദേശിച്ചു. കോഴിക്കോട്ടു എത്തിയ ഉടനെ, താനൂരും കോഴിക്കോട്ടും വെച്ച് 15–ഉം 16–ഉം തിയ്യതികളിൽ കൂടുവാൻ നിശ്ചയിച്ച യോഗങ്ങളെ മുടക്കിയതായി 144–ാം വകുപ്പു പ്രകാരം ചില കല്പനകൾ ഞങ്ങളുടെ പേരിലെല്ലാം നടത്തി. വൈകുന്നേരം 4–5 മണി സമയമായപ്പോൾ താനൂർ യോഗം മുടക്കിയതായ കല്പന അവിടെ യോഗം ഭാരവാഹികൾക്കു കിട്ടീട്ടുണ്ടെന്നും അനേകായിരം ജനങ്ങൾ യോഗത്തിൽ സന്നിഹിതരായിട്ടുണ്ടെന്നും യോഗം പിരിയേണ്ടതാണെങ്കിൽ കമ്പിയായി മറുപടി അയക്കേണ്ടതാണെന്നും യാക്കൂബ് ഹുസ്സൈനും എനിക്കും ഓരോ കമ്പി കിട്ടി. യോഗം ഉടനെ പിരിയേണ്ടതാണെന്നു ഞങ്ങൾ രണ്ടുപേരും അതിന്നു മറുപടി അയച്ചു. താനൂര് നടത്തുവാൻ നിശ്ചയിച്ചിരുന്ന സഭ വളരെ ദിവസത്തെ അദ്ധ്വാനത്തിന്റെ ഫലമായിരുന്നു. ഖിലാഫത്തുകാര്യത്തിൽ അത്യുത്സാഹം പ്രദർശിപ്പിച്ചിരുന്ന താനൂർ നിവാസികൾ സഭ വിജയപ്രദമായി കലാശിക്കുവാൻ വളരെ പണവും ചെലവു ചെയ്തിട്ടുണ്ടായിരുന്നു. എത്രയോ ദൂരദിക്കുകളിൽനിന്ന് ഘോഷയാത്രയായി ഈ സഭയ്ക്കു ജനങ്ങൾ വന്നു ചേർന്നിരുന്നു. ഇരുപതിനായിർത്തിൽ കുറയാതെ ജനങ്ങൾ ആ സഭയ്ക്കു ഹാജരുണ്ടായിരുന്നു എന്നാണ് ഞങ്ങൾക്കു പിന്നീട് കിട്ടിയ വർത്തമാനം. അങ്ങനെയുള്ള ഒരു യോഗം പൊടുന്നനവെ മുടക്കിയാൽ ജനങ്ങളുടെ ഇടയിൽ ഉണ്ടാകാവുന്ന ക്ഷോഭം വിവരിക്കുന്നതിനേക്കാൾ ഭേദം ഊഹിക്കുന്നതാണല്ലോ. 144–ാം വകുപ്പുപ്രകാരമുള്ള ഈ കല്പനകളെപ്പററി പൊതുവായും കോഴിക്കോട്ടുവെച്ചു കൂടുവാൻ നിശ്ച

യിച്ച യോഗത്തെപ്പററി പ്രത്യേകമായും എന്തു പ്രവർത്തിക്കേണമെന്നു യാക്കൂബ് ഹുസ്സൈനും ഗോപാലമേനോനും ഞാനുംകൂടി ഗൗരവമായി ആലോചനകഠം നടത്തി. 16-ാംനു- കോഴിക്കോട്ടുവെച്ച് രണ്ടു യോഗങ്ങഠം കൂടുവാനായിരുന്നു ഏർപ്പാടു ചെയ്തിരുന്നത്. അതിൽ ഒന്ന് ഒരു ഫണ്ട് പിരിക്കുവാനും മററുമായി കോൺഗ്രസ്സ് കമ്മിററികളുടെ ഈരണ്ടു പ്രതിനിധികഠം അടങ്ങിയ ഒരു യോഗവും മറേറതു കടപ്പുറത്തുവെച്ച് ഒരു പൊതുയോഗവുമായിരുന്നു. ആദ്യത്തെ യോഗം ജൂബിലി ടൌൺഹാളിൽവെച്ച് ടിക്കററുള്ളവർക്കുമാത്രം പ്രവേശനമുള്ളതായിരുന്നു. നോട്ടീസു കൊണ്ടു രണ്ടാമത്തെ യോഗം മാത്രം തടസ്സപ്പെടുത്തിയതായിട്ടാണ് ഞങ്ങഠം കരുതിയത്. അതു തെററായിരുന്നുവെന്ന് പിന്നീടു ഞങ്ങഠംക്കു ബോദ്ധ്യപ്പെട്ടു. കടപ്പുറത്തുവെച്ചു കൂടുന്ന യോഗത്തെപ്പററിയാണ് ഞങ്ങഠം അന്ന് ആലോചന നടത്തിയത്. തുടർച്ചയായി സകലയോഗങ്ങളും തടസ്സപ്പെടുത്തുന്ന കല്പനകഠം നിമിത്തം സംസാരസ്വാതന്ത്ര്യത്തിന്നു നേരിട്ട ഹാനിയാലും ക്ഷുഭിതരായിത്തീർന്ന ജനങ്ങളെ സമാധാനിപ്പിക്കുന്നതു മുഖ്യാവശ്യമായി വന്നതിനാലും അക്രമരാഹിത്യത്തെപ്പററിമാത്രം യാക്കൂബ്ഹുസ്സൈൻ കടപ്പുറത്തു വെച്ചു സംസാരിക്കേണ്ടതാണെന്നായിരുന്നു അന്നത്തെ ആലോചനയിൽ കൂടിയവരിൽ ഭൂരിപക്ഷം അഭിപ്രായപ്പെട്ടത്. യോഗ്യനായ ഒരു നേതാവ് കല്പനയെ അനാദരിക്കുന്നത് വിവരമില്ലാത്ത ജനങ്ങഠംക്ക് ചീത്തയായ ദൃഷ്ടാന്തമായിത്തീരുമെന്നും പിന്നീടു കല്പനകഠം അനുസരിക്കേണമെന്നു ഞങ്ങളാൽ ചിലർ ഉപദേശിക്കുന്ന ഉപദേശങ്ങഠം അവർ കൈക്കൊള്ളാതെ വരുന്നതാണെന്നും ഞാൻ വാദിച്ചു നോക്കി. പക്ഷേ, ഭൂരിപക്ഷാഭിപ്രായത്തിന്നു ഞാനും വഴിപ്പെടുകയാണുണ്ടായത്. യാക്കൂബ് ഹുസ്സൈനല്ലാതെ മററാരും കല്പനയെ ലംഘിക്കേണ്ടതില്ലെന്നുകൂടി അപ്പോഠം തീർച്ചപ്പെടുത്തി. ഈ വിവരം പിറേറന്നു രാവിലെ പത്രങ്ങളിലേയ്ക്കു കമ്പിമൂലം അറിയിച്ചു. അന്നു വൈകുന്നേരം കടപ്പുറത്തുവെച്ച് യാക്കൂബ് ഹുസ്സൈൻെറ പ്രസംഗം ഉണ്ടാകുന്നതാണെന്നും ഖിലാഫത്തു കമ്മിററിക്കാർ ചെണ്ട മുട്ടി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

ഫിബ്രവരി 16-ാംനു- നേരം ഏകദേശം 12 മണിയായിരിക്കുന്നു. യാക്കൂബ് ഹുസ്സൈൻ താമസിച്ചിരുന്ന സ്ഥലത്ത് കോൺഗ്രസ്സ് പ്രവർത്തകന്മാരും കമ്മിററിയുടെ പ്രതിനിധികളും മററു പല മാന്യന്മാരും വന്നു ചേർന്നിരിക്കുന്നു. ജൂബിലി ടൗൺഹാളിൽവെച്ചു കൂടുവാൻ നിശ്ച

യിച്ച യോഗം യാക്കൂബ് ഹുസ്സൈൻെറ വസതിയിൽവെച്ചു തന്നെ കൂടുവാൻ തീർച്ചപ്പെടുത്തിയ പ്രകാരം അതിന്നുള്ള ഒരുക്കങ്ങരം ചെയ്തുവരുന്നു. അങ്ങനെ ഇരിക്കുമ്പോഴാണ് ഡെപ്യൂട്ടി സൂപ്രഡണ്ട് ആമുവും ഇൻസ്പെക്ടർ കിടാവും മററുംകൂടി യൂനിഫോറം ധരിച്ചു അവിടെ എത്തിച്ചേർന്നത്. യാക്കൂബ് ഹുസ്സൈനെയും യു. ഗോപാലമേനോനെയും പി. മൊയ്തീൻകോയയേയും എന്നെയും ഡിസ്ത്രിക്ട് മജിസ്ത്രേട്ടിൻെറ മുമ്പാകെ പിടിച്ച് ഹാജരാക്കുവാനുള്ള വാറണ്ടോടുകൂടിയായിരുന്നു ഈ പൊലീസുദ്യോഗസ്ഥന്മാർ വന്നിരുന്നത്. സമാധാനവിരോധം ഉണ്ടാക്കാതിരിപ്പാൻ ജാമ്യം കൊടുക്കേണ്ടതാണെന്നു ക്രി. പ്രൊ. കോഡ് 107—ാം വകുപ്പുപ്രകാരമുള്ള നോട്ടീസും ഞങ്ങളുടെ പേരിൽ അവർ നടത്തി. വാറണ്ടുപ്രകാരം ഡിസ്ത്രിക്ട് മജിസ്ത്രേട്ടിൻെറ മുമ്പാകെ സുമാർ രണ്ടുമണിക്കു ഞങ്ങരം ഹാജരാക്കപ്പെട്ടു. ഞങ്ങളെ പിടിച്ചതുകൊണ്ട് യാതൊരു ബഹളവും ജനങ്ങരം ഉണ്ടാക്കിത്തീർക്കരുതെന്നും യാതൊരക്രമവും ജനങ്ങരം പ്രവർത്തിക്കാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കേണ്ടതാണെന്നും പിടിച്ചസ്ഥലത്തു കൂടിയിരുന്നവരോട് അപേക്ഷിച്ചും ഉപദേശിച്ചുംകൊണ്ടാണ് ഞങ്ങരം അവിടെനിന്നു പോന്നിരുന്നത്. അതിനാൽ ഒന്നോ രണ്ടോ സ്നേഹിതന്മാരൊഴികെ ഹജൂർ കച്ചേരിയിലേക്കുതന്നെ ആരും വന്നിരുന്നില്ല. ഞങ്ങളെ പിടിച്ചതോ വിചാരണ ചെയ്തതോ ആയ വർത്തമാനവും നഗരത്തിലധികംപേരും അറിഞ്ഞിരുന്നില്ല. ഞങ്ങളെ പിടിച്ചു ഹാജരാക്കിയസമയം മിസ്റ്റർ തോമസ് വേറെ എന്തോ പ്രവൃത്തി ചെയ്യുകയോ ചെയ്കയാണെന്നു നടിക്കുകയോ ചെയ്തിരുന്നു. സ്വതവേ മര്യാദക്കാരനും ശുദ്ധനുമായ മിസ്റ്റർ തോമസ് കോപംകൊണ്ടും പരിഭ്രമംകൊണ്ടും മര്യാദമാത്രമല്ല വേണ്ടതും വേണ്ടാത്തതുമെല്ലാം മറന്നിരിക്കുന്നു. സഹകരണത്യാഗം മൂർദ്ധന്യത്തിലെത്തിയ കാലത്തുകൂടി സർവ്വേന്ത്യാ നേതാക്കന്മാരെ ഗൗരവമായ കുററത്തിന്നു വിചാരണ ചെയ്തിരുന്ന ജഡ്ജിമാർ വിചാരണ സമയത്ത് അവരെ വെറും തടവുകാരെപ്പോലെ നില്ക്കുവാൻ നിർബന്ധിക്കാതെ ഇരിക്കുവാനെങ്കിലും അനുവദിക്കുക പതിവായിരുന്നു. പക്ഷേ, അങ്ങനെയുള്ള മര്യാദയൊന്നും മിസ്റ്റർ യാക്കൂബ് ഹുസ്സൈനോട് മിസ്റ്റർ തോമസ് കാണിച്ചില്ല. തനിക്കു യാതൊരു പരിഭ്രമവുമില്ലെന്ന് നടിക്കുവാൻ മിസ്റ്റർ തോമസ് വളരെ ശ്രമിച്ചിരുന്നുവെങ്കിലും പരിഭ്രമം അദ്ദേഹത്തിൻെറ ഓരോ വാക്കിലും പ്രവൃത്തിയിലും പ്രത്യക്ഷമായി പ്രകാശിച്ചു. സർവശക്തനായ ഒരു

കലക്ടറുടെ ആജ്ഞയെ നിർലക്ഷ്യം നിരസിക്കുവാനുള്ള ധൈര്യവും ധിക്കാരവും ഒരിന്ത്യക്കാരനുണ്ടാവുമെന്ന് അദ്ദേഹം സ്വപ്നത്തിൽപോലും ആലോചിച്ചിട്ടില്ല. യാക്കൂബ് ഹുസ്സൈൻ അന്നു കടപ്പുറത്തുവച്ചു സംസാരിച്ചാൽ രാജ്യത്തെ ഗവർമ്മെണ്ടിൻെറ സകല അധികാരവും അസ്തമിച്ചു എന്ന് അദ്ദേഹം ആത്മാർത്ഥമായി വിശ്വസിച്ചു. അതുകൊണ്ടാണ് കല്പന അനാദരിച്ചതിനുശേഷം അതിനു വേണ്ടുന്ന നടപടി നടത്തുന്നതിന്നു പകരം ആ അനാദരവിനെ മുൻകൂട്ടി തടുക്കുവാൻ മിസ്റ്റർ തോമസ് ഈവിധം പ്രവർത്തിപ്പാൻ സംഗതിയായത്.

വിചാരണമുറിയിൽ മിസ്റ്റർ തോമസ്സിനെ കൂടാതെ വേറെ രണ്ടുപേർകൂടി ഹാജരുണ്ടായിരുന്നു. അതു മലബാർ പൊലീസ് സൈന്യത്തിൻെറ തലവനായ ഡിസ്ട്രിക്ട് സൂപ്രഡെണ്ട് മിസ്റ്റർ ഹിച്ച്കോക്കും ഗവർമ്മേണ്ടു വക്കീലായിരുന്ന എ. വി. ഗോവിന്ദമേനോനുമായിരുന്നു. ലഹളയെ സംബന്ധിച്ചു സകല പ്രവൃത്തികളിലും മിസ്റ്റർ തോമസ്സിൻെറ ആലോചനാബുദ്ധിയായി ജോലിനോക്കിയിരുന്ന മിസ്റ്റർ ഹിച്ച്കോക്കിനെ ഒരു സാധാരണ മനുഷ്യനായി ആർക്കും കരുതുവാൻ തരമില്ല. ദേഹബലം, ബുദ്ധിശക്തി, കാര്യപ്രാപ്തി, ജാഗ്രത, ചൊടി, ചൊറുചൊറുക്ക്, ആരെയും കൂസലില്ലായ്മ, എന്തും ചെയ്യാനുള്ള ധൈര്യം മുതലായ പലവിധ ഗുണങ്ങളുടേയും ആസ്ഥാനമായ ഈ ഉദ്യോഗസ്ഥൻ ബ്രിട്ടീഷു ഗവർമ്മേണ്ടിൻെറ ഈ നയത്തേയും അധികാരത്തേയും നിലനിർത്തുന്നതിൽ മിസ്റ്റർ തോമസ്സിൻെറ ശുദ്ധത, ദയാലുത്വം മുതലായ ദോഷങ്ങൾകൊണ്ട് സംഭവിക്കാവുന്ന ന്യൂനതകളെ അതാതു സമയം പരിഹരിച്ച് ഗവർമ്മെണ്ടിൻെറ പ്രീതിക്കും പൊലീസിൻെറ ബഹുമാനത്തിന്നും നാട്ടുകാരുടെ ശാപത്തിന്നും ഒരുപോലെ പാത്രമായി പരിശോഭിച്ചു. അന്നത്തെ ദിവസം ഒരാളുടെ പരിഭ്രമത്തെയും മററൊരാളുടെ ശാന്തതയെയും ഒരു ഉദ്യോഗസ്ഥൻെറ ഇടയിളക്കത്തെയും നെഞ്ചുറപ്പിനെയും കാണേണ്ടതുതന്നെയായിരുന്നു. ഏറനാടു കലാപമാകുന്ന മഹാനാടകത്തിലെ പ്രധാന നടന്മാരായ ഈ രണ്ടുപേരുടേയും രംഗപ്രവേശമായിരുന്ന ആ അവസരത്തിൽത്തന്നെ ഇവർ രണ്ടുപേരുടെയും വേഷചാതുര്യത്തിൻെറ യോഗ്യതകളും ഗുണങ്ങളും ഞങ്ങൾക്കു കണ്ടറിവാൻ ഇടയായി.

കുപ്രസിദ്ധമായ ടൗൺഹാൾ ലഹളയ്ക്കുശേഷം മലബാറിലെ പൊതുജനങ്ങൾക്കു ഒരുവിധം നല്ലവണ്ണം അറിവാൻ ഇടവന്നിട്ടുള്ള എ. വി. ഗോവിന്ദമേനോനായിരുന്നു അന്ന്

ഞങ്ങളുടെ പേരിൽ കേസ്സു നടത്തുവാൻ ഹാജരായിരുന്ന ഗവർമ്മേണ്ടു വക്കീൽ. റാവുബഹദൂർ എന്ന സ്ഥാനം ഇദ്ദേഹത്തിന്നു നൽകിയ അവസരത്തിൽ യാതൊരു വാദവും വാദിക്കുകയോ പ്രതി സാക്ഷിയെ വിസ്തരിക്കുകയോ ചെയ്യാതെ ജയിലിൽ പോകാൻ സമ്മതിച്ച യാക്കൂബ് ഹുസ്സൈന്റെ പേരിലുള്ള കേസ് ഗവർമ്മേണ്ട് വക്കീലിന്റെ നിലയിൽ നടത്തീട്ടുള്ളതാണ് ഇദ്ദേഹത്തിന്റെ ഒരു പ്രധാന യോഗ്യതയായി കലക്ടർ മിസ്റ്റർ തോറൺ പ്രസ്താവിച്ചുകണ്ടത്. ഗവർമ്മേണ്ടു വക്കീലാണെങ്കിൽ കൂടി ഇങ്ങനെയുള്ള ഒരു കല്പന നടത്തുവാൻ സാധാരണക്കാർ വൈമുഖ്യം കാണിക്കുവാൻ ഇടയുണ്ടെന്നും മിസ്റ്റർ ഗോവിന്ദമേനോനെ അങ്ങനെ യാതൊരു ചാഞ്ചല്യവും ബാധിച്ചില്ലെന്നും ആയിരിക്കാം കുശാഗ്രബുദ്ധിയായ മിസ്റ്റർ തോറൺ ഈ പ്രശംസയിൽ ധ്വനിപ്പിച്ചത്. ലഹളസംബന്ധമായി പ്രധാനപ്പെട്ട പല കേസ്സുകളും നടത്തി, ഒടുവിൽ നിരപരാധിയായ എം. പി. നാരായണമേനോന്റെ അപ്പീൽകേസ്സിൽ കൂടെ ഹൈക്കോടതിയിൽ ചെന്നു അന്യായഭാഗത്തേയ്ക്ക് അത്യാവശ്യവും, പക്ഷേ, പ്രതിഭാഗത്തുനിന്നു തീരെ ഇല്ലെന്നു വാദിക്കുന്നതും എങ്ങും തിരഞ്ഞിട്ടും കണ്ടുകിട്ടാത്തതും ആയ ഒരു റിപ്പോർട്ട് താൻ കലക്ടരുടെ സ്വകാര്യ ഫയലിൽ കണ്ടിട്ടുണ്ടെന്നു പ്രസ്താവിച്ച മിസ്റ്റർ ഗോവിന്ദമേനോൻ ഞങ്ങളുടെ പേരിലുണ്ടാക്കിയ കേസ് ഗവർമ്മേണ്ടിന് ഏററവും ഉപയോഗമുള്ളതാക്കിത്തീർത്ത ഒരു ഗവർമ്മേണ്ടു വക്കീലാണ്; കലാപത്തിനെ സംബന്ധിച്ചുണ്ടായ കേസ്സുകളുടെ ചരിത്രത്തിൽ ഒരു പ്രധാന വേഷക്കാരനുമാണ്.

കലക്ടർ മിസ്റ്റർ തോമസ് ഞങ്ങളുടെ പേരിലുള്ള ചാർജ്ജു വായിച്ചതിന്നുശേഷം അദ്ദേഹത്തിന്റെ കല്പനകരം ഞങ്ങരം ലംഘിക്കുവാൻ വിചാരിക്കുന്നുണ്ടോ എന്നു ചോദിക്കുകയും അതിന്നു യാക്കൂബ് ഹുസ്സൈൻ താൻ അക്രമരാഹിത്യത്തെപററി സംസാരിപ്പാൻ വിചാരിക്കുന്നുണ്ടെന്നും ശേഷംപേരായ ഞങ്ങരം കല്പനയെ ആദരിക്കുവാൻ ഒരുക്കമാണെന്നു പറയുകയും ചെയ്തു. കല്പന അനുസരിക്കുന്നതാണെന്ന് ഒരു കച്ചീട്ട് കൊടുക്കേണമെന്ന് ഞങ്ങളോടാവശ്യപ്പെട്ടപ്പോരം ഞങ്ങളുടെ വാക്കുതന്നെയാണ് ഞങ്ങളുടെ കച്ചീട്ട് എന്നു മറുപടിപറയുകയും കച്ചീട്ടോ ജാമ്യമോ കൊടുപ്പാൻ തയ്യാറില്ലെന്നു ഞങ്ങരം ഖണ്ഡിച്ചുപറകയും ചെയ്തു.

ഒരു മണിക്കൂർ നേരം പിന്നേയും ആലോചിപ്പാൻ ഞങ്ങരംക്ക് ഇടതന്നു. എന്നിട്ടും ഞങ്ങരം വഴിപ്പെടായ്ക

യാൽ മിസ്റ്റർ തോമസ് ആറു മാസം വെറും തടവുശിക്ഷ ഞങ്ങൾക്കു കല്പിച്ചു. അതുപ്രകാരം അന്നു വൈകുന്നേരം ഞങ്ങളെ കോഴിക്കോടു ജയിലിലേയ്ക്ക് കൊണ്ടുപോയി. അവിടെനിന്നു പിറേറന്നുതന്നെ കണ്ണൂർക്കും കൊണ്ടു പോയി. ശിക്ഷിക്കുന്നതിനു മുമ്പു മിസ്റ്റർ തോമസ്, യാക്കൂബ് ഹുസ്സൈനോട് വല്ല അപമര്യാദയും പ്രവർത്തി ച്ചിട്ടുണ്ടായിരുന്നുവെങ്കിൽ അതെല്ലാം ശിക്ഷ കഴിഞ്ഞതിനു ശേഷമുള്ള അദ്ദേഹത്തിൻെറ പ്രവൃത്തി പരിഹരിച്ചു. ജയിലി ലേയ്ക്കു കൊണ്ടുപോകുമ്പോഴും അതിന്നു ശേഷവും ജയിൽ റൂളുകൾ അനുവദിക്കുന്നേടത്തോളമുള്ള സകല സൗകര്യ ങ്ങളും അദ്ദേഹം ഞങ്ങൾക്കു ഏർപ്പാടുചെയ്തുതന്നു. ഞങ്ങളെ ജയിലിലയച്ചതിനുശേഷമുള്ള ചരിത്രത്തെ മറെറാരദ്ധ്യായ ത്തിൽ വിവരിക്കാം.

# ലഹളയ്ക്കു മുമ്പുള്ള ഖിലാഫത്ത് പ്രസ്ഥാനം

യാക്കൂബ്ഹുസ്സൈനേയും മററും ജയിലിൽ അയച്ചതിൻെറ ഫലമായി കോൺഗ്രസ്സ്, ഖിലാഫത്ത് ഈ പ്രസ്ഥാനങ്ങൾക്കു സിദ്ധിച്ച ശക്തി അവർണ്ണനീയമായിരുന്നു. അതുവരെ ഉറങ്ങിക്കിടന്നിരുന്ന മലബാർ പൊടുന്നനവേ ഉണർന്നു. ഹോംറൂൾ പ്രസ്ഥാനത്തിന്നു വേണ്ടി അശ്രാന്തമായി പരിശ്രമിച്ച്, മലബാർ നിവാസികളുടെ ശാശ്വതമായ സ്നേഹബഹുമാനങ്ങൾക്ക് പാത്രമായി ഭവിച്ചിരുന്ന ബാരിസ്റ്റർ കെ. പി. കേശവമേനോൻ മദിരാശിയിലുള്ള തൻെറ പ്രാക്ടീസ് ഉപേക്ഷിച്ച് മലബാറിൽ കോൺഗ്രസ്സ് പ്രവൃത്തി ചെയ്വാനായി കോഴിക്കോട്ടു വന്നുചേർന്നു. വക്കീൽമാരായി പ്രാക്ടീസുചെയ്തിരുന്ന പി. അച്യുതൻ, കെ. വി. ഗോപാലമേനോൻ, എ. കരുണാകരമേനോൻ, പി. രാമുണ്ണിമേനോൻ, ഇ. രാമസ്വാമിഅയ്യർ, എസ്. ചിദംബരനാഥ്—ഇവർ തങ്ങളുടെ പ്രാക്ടീസു നിർത്തി കോൺഗ്രസ്സ്പ്രവൃത്തിയിൽ പ്രവേശിച്ചു. ഏതാനും കൊല്ലങ്ങളോളം സ്കൂൾമാസ്റ്ററായി അവസാനം എൽ. എൽ. ബി. പരീക്ഷയ്ക്കു പഠിച്ചിരുന്ന ആളും സമുദായസേവനത്തിൽ വളരെ പരിശീലിച്ച ഒരു ഉത്തമ ദേശഭക്തനും ആയ കെ. കേളപ്പൻനായർ ബോംബെ വിട്ട് മലബാറിലെത്തിച്ചേർന്നു. ഓക്സ്ഫോർഡിൽ വിദ്യാർത്ഥിയായിരുന്ന എ. കെ. പിള്ള ഭൗതികമായ തൻെറ ഭാവിശ്രേയസ്സിനെ തൃണവൽക്കരിച്ച് ഇന്ത്യയിലേയ്ക്കു മടങ്ങി തിരുവിതാംകൂർ കോൺഗ്രസ്സ് പ്രവൃത്തി തകൃതിയായി നടത്തി. കെ. പി. രാമുണ്ണിമേനോൻ, ഇഗ്നേഷ്യസ്, മാത്തുണ്ണി, എം. ഗോപാലമേനോൻ, ദേവേശൻ മുതലായി പല വിദ്യാർത്ഥികളും സ്കൂൾ ബഹിഷ്കരിച്ച് കോൺഗ്രസ് പ്രവൃത്തിക്കു ഇറങ്ങിപ്പുറപ്പെട്ടു.

സർവ്വേന്ത്യാ നേതാക്കന്മാരായ സി. രാജഗോപാലാചാരി, പ്രകാശം മുതലായവർ മലബാറിൽ എത്തി പ്രവർത്തകന്മാർക്കു വേണ്ടുന്ന ഉപദേശം ചെയ്തുവന്നു. ഏറനാട്ടിലും വള്ളുവനാട്ടിൻെറ വടക്കുഭാഗത്തും ഒഴികെ മററെല്ലാ സ്ഥലങ്ങളിലും അനേകം കമ്മിററികൾ സ്ഥാപിക്കയും അനേകം

പേരെ കോൺഗ്രസ്സിൽ അംഗങ്ങളായി ചേർക്കുകയും ചെയ്തു. ലേഖനങ്ങളും ലഘുപത്രികകളും സഭകളും ഹർത്താലുകളും ഘോഷയാത്രകളും പ്രസംഗങ്ങളും 144–ാം വകുപ്പു പ്രകാരമുള്ള നോട്ടീസ്സുകളും ജാമ്യക്കേസ്സുകളും ശിക്ഷകളും എല്ലാം കൂടി കേരളം ആകമാനം ഒന്നിളകിമറിഞ്ഞു. ഖദർ വസ്ത്രം നാട്ടിൽ പരന്നു; മദ്യപാനികൾ അമ്പരന്നു; കള്ളുഷാപ്പുകൾ മുറവിളി തുടങ്ങി; ഉദ്യോഗസ്ഥന്മാർ പരിഭ്രമിച്ചു. കോൺഗ്രസ്സ്പ്രവൃത്തിയിൽ കേരളം മററു സംസ്ഥാനങ്ങൾക്ക് ഒരു മാതൃകയായിത്തീർന്നു.

ഞങ്ങളാൽച്ചിലരെ ബന്ധനസ്ഥരാക്കിയാൽ കോൺഗ്രസ്സുപ്രസ്ഥാനം തന്നത്താൻ നശിച്ചുപോകുമെന്നുള്ള ജില്ലാധികാരസ്ഥന്മാരുടെ വിചാരം തെററായി കലാശിച്ചുവെന്നു മാത്രമല്ല, മേപ്പടി പ്രസ്ഥാനത്തിന്ന് പതിന്മടങ്ങ് ശക്തി വർദ്ധിച്ചു. പൊന്നാനിയിലും തിരൂരങ്ങാടിയിലും തളിപ്പറമ്പിലുമുള്ള ചില ഖിലാഫത്തുപ്രവർത്തകന്മാരുടെ പേരിൽ ഒന്നുരണ്ടു നല്ലനടപ്പു കേസ്സുകൾ നടത്തി അവരെ ശിക്ഷിച്ചതുകൊണ്ടും 144–ാം വകുപ്പു പ്രകാരമുള്ള കല്പന ലംഘിച്ചുവെന്ന നിലയ്ക്ക് കേളപ്പൻ നായർ, ബാലകൃഷ്ണമേനോൻ ഇവരെ ജയിലിലയച്ചതുകൊണ്ടും പ്രസ്ഥാനത്തിനു ശക്തി കൂടുന്നതല്ലാതെ കുറയുന്നില്ലെന്നു പ്രത്യക്ഷപ്പെട്ടതോടുകൂടി അറസ്റ്റുകളും കേസ്സുകളും അധികൃതന്മാർ തല്ക്കാലം നിർത്തിവെച്ചു. കോഴിക്കോട്, ഏറനാട്, വള്ളുവനാട്, പൊന്നാനി—ഈ താലൂക്കുകളിൽ 144–ാം വകുപ്പിനെ ന്യായരഹിതമായി പ്രയോഗിച്ച് പ്രചാരപ്രവൃത്തിയേയും പ്രസംഗങ്ങളേയും തടസ്സപ്പെടുത്തുവാനാണ് അവർ പിന്നീടു ശ്രമിച്ചത്. അതു ഏതാണ്ട് ഫലിച്ചു. അതുകൊണ്ടുണ്ടായ ദോഷത്തെ മുൻസൂചിപ്പിച്ചിട്ടുണ്ട്. കോഴിക്കോട് നഗരത്തിൽക്കൂടി കോൺഗ്രസ്സ്–ഖിലാഫത്തുസംബന്ധമായി യോഗങ്ങൾ നടത്തുന്നതിനെ അധികൃതന്മാർ നിരോധിച്ചു. അങ്ങനെയുള്ള നിരോധകല്പനകളാൽ മെയ്മാസം വരെ ഏറനാട്ടിലും വള്ളുവനാട്ടിൻെറ വടക്കുഭാഗത്തും മററു പല സ്ഥലങ്ങളിലും യാതൊരു യോഗങ്ങളും കൂടുവാനോ അക്രമരാഹിത്യത്തെപ്പററി ജനങ്ങളെ ഉപദേശിപ്പാനോ കോൺഗ്രസ്സ് പ്രവർത്തകന്മാർക്കു സാധിച്ചില്ല.

144–ാം വകുപ്പിന്നുപുറമേ ഖിലാഫത്ത് പ്രസ്ഥാനത്തെ ഉടയ്ക്കുവാനായി പോലീസ്സുദ്യോഗസ്ഥന്മാർ പ്രയോഗിച്ച മറെറാരു നയം ഭീഷണിയും പ്രഹരവുമായിരുന്നു. തിരൂരങ്ങാടിയും മലപ്പുറത്തും വെച്ചു നടത്തിയ പ്രഹരങ്ങൾ ഒരുവിധം കുപ്രസിദ്ധമാണ്. മാപ്പിളമാരുടെ സ്വഭാവം

സൂക്ഷ്മമായി പരിശോധിച്ചാൽ അതു ഭീരുത്വത്തിൻെറയും ധൈര്യത്തിൻെറയും ഒരു കലർപ്പാണെന്നു ദൃഷ്ടാന്തപ്പെടുന്നതാണ്. മലപ്പുറം സത്രത്തിൽവെച്ച് ഒരു ഖിലാഫത്ത്പ്രവത്തകനെ ഒരു പോലീസ്സുദ്യോഗസ്ഥൻ ഒന്നോ രണ്ടോ പ്രഹരിച്ചുവെന്ന വർത്തമാനം നാട്ടിൽ പരന്നതോടുകൂടി ഖിലാഫത്ത് എന്ന ശബ്ദംപോലും അപ്രദേശങ്ങളിൽ കേൾക്കാതെയായി. 144—ാം വകുപ്പു പ്രകാരമുള്ള നിരോധനകല്പനകളുടെ അവധികഠം കഴിഞ്ഞതിന്നുശേഷം എം. പി. നാരായണമേനോനും മുഹമ്മദ്മുസലിയാരുംകൂടി കോൺഗ്രസ്സ്—ഖിലാഫത്ത് കമ്മിററികഠം സ്ഥാപിക്കുവാനായി ഏറനാട്ടിൽ സഞ്ചരിച്ചപ്പോഠം അവരെ വീട്ടിൽ പ്രവേശിപ്പിപ്പാനും ഭക്ഷണം കൊടുപ്പാനുംകൂടി ജനങ്ങഠം അതിയായ ഭയം പ്രദർശിപ്പിച്ചിരുന്നു. ഹിന്ദുക്കളുടെ ഭീരുത്വത്തെപ്പററി പ്രത്യേകിച്ചു പറയേണ്ട ആവശ്യമില്ല. അവരുടെ സ്വഭാവത്തിൽ യാതൊരു കലർപ്പുമില്ല. തനിച്ച ഭീരുത്വം തികഞ്ഞു പ്രകാശിക്കുന്ന ഏറനാട്ടിലെ ഹിന്ദുക്കളുടെ നടപടിയിൽ യാതൊരത്ഭുതവും ആർക്കും തോന്നാനവകാശമില്ല. സ്വതവെ ധീരന്മാരായ മാപ്പിളമാർപോലും മർദ്ദനനയത്തിൻെറ ആവിർഭാവത്തിൽ പ്രദർശിപ്പിച്ച ഭീരുത്വത്തെയാണ് ഞാൻ ഉദാഹരിക്കുന്നത്. ഖിലാഫത്തുകമ്മിററിയിൽ മുന്നിട്ടു പ്രവർത്തിച്ചിരുന്ന പലരും അതിൽനിന്നു പിന്മാറി. ബോർഡുകളും കൊടികളും ചർക്കകളും അട്ടങ്ങളിലും ഇരുട്ടറകളിലും സങ്കേതം പ്രാപിച്ചു. അങ്ങനെയിരിക്കുന്ന കാലത്താണ് ഒററപ്പാലത്തുവെച്ച് സംസ്ഥാന കോൺഫ്രൻസു കൂടിയത്. ഭയംകൊണ്ടോ മററു കാരണങ്ങഠം കൊണ്ടോ അടങ്ങിയിരുന്നിരുന്ന ജനങ്ങളുടെ ഉത്സാഹം തീരെ നശിച്ചിരുന്നില്ലെന്നു ഈ കോൺഫ്രൻസ് പ്രത്യക്ഷപ്പെടുത്തി. പ്രസിദ്ധ നേതാവായ മിസ്റ്റർ പ്രകാശത്തിൻെറ അദ്ധ്യക്ഷതയിൽ കൂടിയ ഈ യോഗം ഏററവും വിജയകരമായി കലാശിച്ചുവെങ്കിലും എതിർകക്ഷികളെ ധിക്കരിക്കാതെ അവരുടെ അഭിപ്രായങ്ങളെ ബഹുമാനിക്കുന്ന മനോഭാവവും അക്രമരാഹിത്യവും ജനസാമാന്യം വശപ്പെടുത്തീട്ടുണ്ടായിരുന്നില്ലെന്നുകൂടെ അവിടെ വെച്ചുനടന്ന ചില യോഗങ്ങളിലെ നടപടികഠം ദൃഷ്ടാന്തപ്പെടുത്തിയിരുന്നു. സംസ്ഥാന കോൺഫ്രൻസ് അവസാനിക്കുന്നതുവരെ പോലീസ്സുകാരുടെ യാതൊരുപദ്രവവും ജനങ്ങഠം അനുഭവിക്കേണ്ടിവന്നില്ല. കോൺഫ്രൻസ് ആരംഭിക്കുന്നതിനുമുമ്പായിത്തന്നെ മലപ്പുറം സ്പെഷ്യൽഫോർസ് അവിടെ ക്യാമ്പടിച്ചു താമസിച്ചിരുന്നു. അതിൻെറ ഉപയോഗം കോൺ

ഫ്രൻസ് അവസാനിച്ചതിനുശേഷം മാത്രമാണ് ജനങ്ങൾക്കു മനസ്സിലായത്. കോൺഫ്രൻസ് അവസാനിച്ച് ആ പന്തലിൽ വെച്ചു വിദ്യാർത്ഥി കോൺഫ്രൻസ് കൂടുന്ന അവസരത്തിലാണ് കോൺഫ്രൻസിൽ സംബന്ധിച്ചിരുന്ന വളണ്ടിയർ ക്യാപ്റ്റൻ മുതലായവരെ പോലീസ്സുകാർ കഠിനമായി അടിച്ചു പരുക്കേല്പിക്കുന്നുണ്ടെന്ന വർത്തമാനം പന്തലിൽ കേട്ടത്. ഉടനെത്തന്നെ കോൺഫ്രൻസ് സിക്രട്ടരി പി. രാമുണ്ണിമേനോൻ സ്ഥലത്തേക്കു ചെന്നു. അദ്ദേഹത്തെ പോലീസ്സുകാർ കഠിനമായി അടിക്കയും അപമാനിക്കയും ചെയ്തു. പല അക്രമങ്ങളും പോലീസ്സുകാർ അന്നവിടെ നടത്തിയെങ്കിലും യാതൊരു പ്രതിക്രിയയും ആരും പ്രവർത്തിച്ചില്ല. ഒററപ്പാലത്തു മാപ്പിളമാരുടെ ഇടയിൽ ഇതു വലിയ ക്ഷോഭം ഉണ്ടാക്കി. പക്ഷേ, അവരെയെല്ലാം കോൺഗ്രസ്സ് നേതാക്കന്മാർ സമാധാനിപ്പിച്ചു. രാമുണ്ണിമേനോൻ അക്രമരാഹിത്യത്തിൻെറ ഒരു അവതാരമൂർത്തിയെപ്പോലെ ജനങ്ങളുടെ ഇടയിൽ പരിശോഭിച്ചു. ഒററപ്പാലം, പോലീസ്സുകാരുടെ അക്രമത്തിൻേറയും കോൺഗ്രസ്സുകാരുടെ ക്ഷമാബലത്തിൻേറയും ഒരു വിജയസ്തംഭമായി പരിണമിക്കുകയും ചെയ്തു.

ഒററപ്പാലം കോൺഫ്രൻസിന്നുശേഷം കോൺഗ്രസ്സ്—ഖിലാഫത്ത് പ്രസ്ഥാനങ്ങൾക്ക് വീണ്ടും ഒരുണർവുണ്ടായി. നിരോധനകല്പനകളുടെ അവധികളും അവിടവിടങ്ങളിൽ അവസാനിച്ചുതുടങ്ങി. തിരൂരങ്ങാടിയിൽ സ്ഥാപിച്ചിരുന്ന ഖിലാഫത്തുകമ്മിററിയുടെ ബോർഡ് രണ്ടാമതും പുറത്തുകാണുവാൻ തുടങ്ങി. ഖിലാഫത്തു കൊടിയും ആപ്പീസിൻെറ മുകളിൽ പറക്കുവാനാരംഭിച്ചു. ഇതൊന്നും പോലീസ്സുകാർക്ക് ഒട്ടുംതന്നെ രുചിച്ചില്ല. മലപ്പുറം സ്പെഷൽ ഫോർസിലെ ഏതാനും അംഗങ്ങൾ തിരൂരങ്ങാടിക്കു മാർച്ച് ചെയ്തുവന്നു ബോർഡ് തച്ചുപൊളിച്ചു. ചർക്കകൾ ഛിന്നഭിന്നമാക്കി. ഖിലാഫത്തുകൊടി താഴത്തു വലിച്ചിട്ടു ബൂട്സ്കൊണ്ടു ചവുട്ടിത്തേച്ചു. ഈ പ്രവൃത്തികൾ മാപ്പിളമാരുടെ ഇടയിൽ വലുതായ ക്ഷോഭമുണ്ടാക്കി. ഖിലാഫത്തുകൊടിയെ ചവുട്ടിത്തേച്ചതു ക്ഷന്തവ്യമല്ലാത്ത ഒരു മതനിന്ദയായി അവർക്കു തോന്നി. തിരൂരങ്ങാടിയിലുള്ള ഖിലാഫത്തുകാരുടെ ഇടയിൽ അക്രമരാഹിത്യം സ്വീകരിച്ചവരും സ്വീകരിക്കാത്തവരും ആയ രണ്ടു കക്ഷികൾ മുമ്പുതന്നെ ഉണ്ടായിരുന്നു. കോൺഗ്രസ്സ് പ്രവർത്തകന്മാർക്ക് അവിടെ സ്വാതന്ത്ര്യമായി പ്രവേശിച്ച് പ്രചാരപ്രവൃത്തി നടത്തുവാൻ സാധിച്ചിരുന്ന കാലത്ത് അക്രമകക്ഷികൾക്കു പറയത്തക്കതായ സ്വാധീനശക്തി ഉണ്ടാ

യിരുന്നില്ല. പക്ഷേ, നിരോധന കല്പനകളുടെ ഫലമായി ഈ കക്ഷിയുടെ ശക്തി വർദ്ധിക്കുകയും അക്രമരാഹിത്യ കക്ഷിയുടെ ശക്തി ക്ഷയിക്കയും ചെയ്തുവന്നിരുന്നു. ലഹളത്തലവനായി പിന്നീട് പേർകേട്ട ആലിമുസലിയാരായിരുന്നു അക്രമകക്ഷികളുടെ നേതാവ്. കുഞ്ഞലവി, ലവക്കുട്ടി എന്ന രണ്ടു മാപ്പിള യുവാക്കന്മാരായിരുന്നു മുസലിയാരുടെ അനുചരന്മാരിൽ പ്രധാനികൾ. പോലീസ്സുകാരുടെ അഴിമതികൾ നിമിത്തം കുപിതരായിരുന്ന മാപ്പിളമാരുടെ ഇടയിൽ ആലിമുസലിയാരുടെ ഉപദേശങ്ങൾ ക്ഷണത്തിൽ ഫലിക്കുവാൻ തുടങ്ങി. കുഞ്ഞലവിയും ലവക്കുട്ടിയും ഖഡ്ഗപാണികളായി ജനങ്ങളുടെ ഇടയിൽ സഞ്ചരിച്ചു ഒരു ലഹളയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്തുതുടങ്ങി. ഈ വർത്തമാനം ഏറനാട്ടിൻെറ കിഴക്കൻ പ്രദേശങ്ങളിൽ പ്രചാരക പ്രവൃത്തി ചെയ്തിരുന്ന എം. പി. നാരായണമേനോൻെറയും മുഹമ്മദ് മുസലിയാരുടേയും ചെവികളിൽ പതിഞ്ഞു. അവർ ഉടനെ തിരൂരങ്ങാടിയിലെത്തി ആലിമുസലിയാരുമായി കണ്ട് ഒന്നു രണ്ടു ദിവസം നടത്തിയ വാദപ്രതിവാദത്തിൻെറ ഫലമായി ആലിമുസലിയാർ അക്രമപ്രവൃത്തിയിൽനിന്ന് പിൻമാറുവാൻ സമ്മതിച്ചു. ലഹളയ്ക്ക് ഒരുങ്ങുന്നില്ലെന്ന് വാഗ്ദത്തവും ചെയ്തു. ഇതെല്ലാം നടന്നത് ജൂൺമാസത്തിലായിരുന്നു.

ഇതിനിടയിൽ കല്പകഞ്ചേരി വെച്ചു അതിഗംഭീരമായ ഒരു ഖിലാഫത്ത് യോഗം കൂടുകയുണ്ടായി. ഇരുപതിനായിരത്തിൽപ്പുറം ജനങ്ങൾ ഈ യോഗത്തിൽ സന്നിഹിതരായിരുന്നു. കെ. പി. കേശവമേനോൻ മുതലായവർ ഈ യോഗത്തിൽ സഹകരണത്യാഗത്തെപ്പററിയും അക്രമരാഹിത്യത്തെപ്പററിയും സാരവത്തായ പ്രസംഗങ്ങൾ ചെയ്തു. അതിന്നുശേഷമാണ് പൊന്നാനിവെച്ചു മറെറാരു യോഗം കൂടിയത്. ഈ യോഗം ഖിലാഫത്തു പ്രസ്ഥാനം ദുഷിച്ചുപോയതിൻെറ പല ലക്ഷണങ്ങളും വെളിവാക്കി. ദൂരദിക്കിൽനിന്നു ഘോഷയാത്രയായി വളരെ മാപ്പിളമാർ ഈ യോഗത്തിൽ ഹാജരായിരുന്നു. അതിൽ വളണ്ടിയർമാർ എന്നു പേർ പറഞ്ഞിരുന്ന ചിലർ ആയുധപാണികളായി വന്നിരുന്നുവെന്നാണ് സൂക്ഷ്മമായി അറിയുന്നത്. ഇവർ പോലീസ്സുകാരുടെ നേരെ ചില അക്രമങ്ങളും പ്രവർത്തിച്ചു. പക്ഷേ, ആ സന്ദർഭത്തിൽ പോലീസ്സുകാർ ഇവരുടെ അക്രമപ്രവൃത്തിയെ ക്ഷമിക്കുകയാണുണ്ടായത്. പോലീസ്സുകാർ ഒററപ്പാലത്തു പ്രകടിപ്പിച്ച മനോഭാവം പൊന്നാനി പ്രദർശിപ്പിച്ചിരുന്നുവെങ്കിൽ പൊന്നാനി ഒരു വമ്പിച്ച ലഹളയുടെ

രംഗമായിത്തീരുവാൻ സംഗതി വരുമായിരുന്നു. ഈ വർത്തമാനം പിന്നീടറിവാൻ ഇടവന്ന ചില കോൺഗ്രസ്സ് പ്രവർത്തകന്മാർ പൊന്നാനിയിൽ പ്രത്യക്ഷപ്പെട്ട ദോഷചിഹ്നങ്ങളെ ശരിയായി മനസ്സിലാക്കി, അവയെ ഉന്മൂലഛേദം ചെയ്യാൻ വേണ്ടുംവണ്ണം പരിശ്രമിച്ചില്ലെന്നു പശ്ചാത്തപിച്ചതായി ഞാൻ അറിഞ്ഞിട്ടുണ്ട്.

ഏറനാടു താലൂക്കിൽ പ്രചാരകപ്രവൃത്തി ചെയ്തിരുന്നത് എം. പി. നാരായണമേനോനും മുഹമ്മദ് മുസലിയാരുമാണെന്ന് മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. മെയ്മാസം ഒടുവിലാണ് അവർ ഈ പ്രവൃത്തിയാരംഭിച്ചത്. ഏറനാടിന്റെ വടക്കും കിഴക്കും പ്രദേശങ്ങളിലായിരുന്നു ഇവർ ഈ പ്രവൃത്തി നടത്തിവന്നിരുന്നത്. പ്രസംഗങ്ങൾ 144-ാം വകുപ്പിനെ ക്ഷണിച്ചുവരുത്തുമെന്ന വിശ്വാസത്താലോ മറ്റോ യാതൊരു പ്രസംഗങ്ങളും ഇവർ നടത്തിയിരുന്നില്ല, ഏതാനും ചില ഉത്സാഹികളെ വിളിച്ചുകൂട്ടി കോൺഗ്രസ്—ഖിലാഫത്ത് കമ്മിററികൾ സ്ഥാപിക്കുകയായിരുന്നു ഇവർ ചെയ്തിരുന്നത്. ഈ കമ്മിററികൾ മുഖാന്തരം കോൺഗ്രസ്സിലും ഖിലാഫത്തിലും വളരെ അംഗങ്ങളെ ചേർക്കുവാൻ ഇവർക്കു സാധിച്ചിരുന്നു. പക്ഷേ, ഭാരവാഹികളായി തിരഞ്ഞെടുത്തവരുടെ ഗുണദോഷങ്ങൾ ശരിയായി മനസ്സിലാക്കുവാൻ ഇവർക്കു കഴിയാതിരുന്നതിനാൽ ഈ കമ്മിററികൾ ഉത്തമരീതിയിലുള്ളവയായിരുന്നുവെന്ന് പറവാൻ തരം കാണുന്നില്ല. പിന്നീട് അവയിലെ മെമ്പർമാരിൽ പലരുടേയും നടപടികൊണ്ടു അവർ സഹകരണത്യാഗത്തിന്റെ തത്ത്വം ശരിയായി ധരിച്ചിരുന്നില്ലെന്ന് ഊഹിപ്പാനും വഴിയുണ്ട്.

ജൂൺമാസം 30—ാംനു-യായപ്പോഴേക്കും കേരളത്തിൽ സുമാർ 200 കോൺഗ്രസ്സ് കമ്മിററികളും അതിൽ ഇരുപതിനായിരത്തോളം അംഗങ്ങളും ഉണ്ടായിരുന്നുവെന്നത് പ്രസ്താവയോഗ്യമാണ്.

ജൂൺമാസത്തിലാണ് തിലക് സ്വരാജ്യനിധിയിലേയ്ക്കു പണം ശേഖരിപ്പാൻ ആരംഭിച്ചത്. അല്പദിവസത്തിന്നുള്ളിൽ ഇരുപതിനായിരത്തോളം ഉറുപ്പിക കോൺഗ്രസ്സ് കമ്മിററിക്കു പിരിക്കുവാൻ സാധിച്ചുവെന്നത് അക്കാലത്തു ജനങ്ങൾക്ക് കോൺഗ്രസ്സിലുണ്ടായിരുന്ന വിശ്വാസത്തിന്റെയും ഉത്സാഹത്തിന്റെയും ഒരു ലക്ഷണമാണ്.

ശേഷമുള്ള ചരിത്രം ലഹളയുടെ ആരംഭങ്ങൾ എന്ന അദ്ധ്യായത്തിൽ വിവരിക്കുന്നതാകകൊണ്ട് ലഹളയ്ക്കു മുമ്പുള്ള ഖിലാഫത്ത്പ്രസ്ഥാനചരിത്രം ഇവിടെ നിർത്തട്ടെ.

## 15

# കുടിയാൻ പ്രക്ഷോഭം

മലബാറിലെ മാപ്പിള ലഹളകൾക്കും അവിടെ നടപ്പുള്ള ജന്മികുടിയാൻ സമ്പ്രദായത്തിന്നും തമ്മിലുള്ള സംബന്ധത്തെപ്പററി മുമ്പു കഴിഞ്ഞ ലഹളയുടെ ചരിത്രത്തിൽ ഏതാണ്ടു സൂചിപ്പിച്ചിട്ടുണ്ട്. മുമ്പുണ്ടായിട്ടുള്ള സകല ലഹളകൾക്കും കാരണം കുടിയാന്മാരുടെ സങ്കടങ്ങളും ജന്മികളുടെ അക്രമവുമാണെന്ന് പറയുന്നതിനോടു ഞാൻ തീരെ യോജിക്കുന്നില്ല. പക്ഷേ, മേച്ചാർത്തുകളും ജന്മികളിൽനിന്നുള്ള ഉപദ്രവങ്ങളും ഏതാനും ലഹളകളെ മുളപ്പിക്കുകയും പോഷിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നതിന്നു സംശയമില്ല.

ജീവിതത്തിലുള്ള കൊതിയും ദാരിദ്രത്തിലുള്ള ദുഖവും തമ്മിലുള്ള മത്സരത്തിൽ മതഭ്രാന്ത് ദാരിദ്ര്യദുഃഖത്തിന്ന് സഹായിയായിത്തീർന്ന് മരണത്തിന്നുള്ള ഭയത്തെ വേരറുക്കുവാൻ സഹായിക്കുന്നതിന്റെ ഫലമാണ് മിക്കവാറും മാപ്പിളലഹളകൾ. മലബാറിലുണ്ടായ മാപ്പിളലഹളകളിൽ ധനികന്മാരായ മാപ്പിളമാർ എത്രയോ ചുരുക്കംപേർ മാത്രമേ പങ്കുകൊള്ളുകയോ സഹായിക്കുകയോ ചെയ്തിട്ടുള്ളുവെന്നത് ഇതിന്നു ദൃഷ്ടാന്തമാണ്. ഏറനാട്ടിലെ മാപ്പിളമാർ പ്രായേണ ദരിദ്രന്മാരാണ്. ഇവരിൽ വളരെപ്പേരും വെറുമ്പാട്ടകൃഷികൊണ്ടാണ് ഉപജീവനം കഴിച്ചുവരാറുള്ളത്. കാണക്കാരായും ഇവരിൽ ചിലരുണ്ടെങ്കിലും അവരിലും അധികംപേർ ദരിദ്രന്മാർ തന്നെയാണ്. ഇരിക്കുന്നതോ നടപ്പുള്ളതോ ആയ വസ്തുവിൽ ഇവർക്കു സ്ഥിരാവകാശമില്ല. വസ്തുവിലുണ്ടാകുന്ന വിളവിൽനിന്നു കാണക്കാരന്നോ ജന്മിക്കോ വെറുംപാട്ടം കൊടുത്തുകഴിഞ്ഞാൽ അഹോവൃത്തിക്കു കഷ്ടിച്ചു ശേഷിച്ചുവെന്നും ശേഷിച്ചില്ലെന്നും വരാം. വർദ്ധിച്ച കുടുംബമുള്ളവന്ന് മിക്കവാറും പട്ടിണിതന്നെയാണ് ആധാരം. കാലക്കേടുകൊണ്ടോ മററോ വിളയ്ക്കു നഷ്ടംവരാതിരുന്നാൽ വെറുംപാട്ടകൃഷിക്കാരന്നു കൂലിവേലയ്ക്കുള്ള പ്രതിഫലം കിട്ടും. ചുരുക്കം ആദായം കൂടെ കിട്ടിയാൽ അവന്റെ ഭാഗ്യം. വിളമോശമായാൽ അവന്റെ അവസ്ഥ ദയനീയംതന്നെ. തനിയ്ക്കു ഭക്ഷണവും നാസ്തി, വസ്തു ഉടമസ്ഥന്നു പാട്ടവും നാസ്തി.

കടംവാങ്ങി ചെലവു നടത്തുവാനോ പാട്ടം കൊടുപ്പാനോ അവന്നു സാധിക്കുന്നതല്ല. വസ്തുവിൽ സ്ഥിരാവകാശമി ല്ലാത്തവന്നു യാതൊരാളും കടം കൊടുക്കുകയില്ല. പാട്ടവും മിച്ചവാരവും ബാക്കിവെയ്ക്കുമ്പോൾ ഉടമസ്ഥൻ അവൻെറ കയ്യിൽനിന്നു വസ്തു ഒഴിപ്പിച്ചെടുക്കുന്നു. പാട്ടബാക്കിക്ക് വിധി സമ്പാദിക്കുന്നു. വളരെക്കാലം അരിഷ്ടിച്ചു വല്ലതും അവൻ സമ്പാദിച്ചിട്ടുണ്ടെങ്കിൽ അതെല്ലാം വിധി ഉടമസ്ഥൻ വില്പിച്ചു കരസ്ഥമാക്കുന്നു. പാട്ടം ബാക്കിവെ ക്കാത്ത കുടിയാനെപ്പോലും നിസ്സാരകാരണത്തിന്മേലോ ദുർ മ്മോഹത്താലോ ചില കാണക്കാരും ജന്മികളും ഒഴിപ്പിക്കാറി ല്ലെന്നുമില്ല. ജീവിതത്തിന്നാധാരമായ കൃഷിയും കൃഷിനട പ്പുള്ള വസ്തുവും വെടിയേണ്ടിവരുന്ന കൃഷിക്കാരൻ ദാരിദ്ര്യ ദുഃഖത്താൽ നിരാശയ്ക്കു വശഗനായിത്തീരുന്നു. അദ്ധ്വാനി ക്കാത്ത ഉടമസ്ഥന്നു സുഖാനുഭോഗവും അദ്ധ്വാനിക്കുന്ന തനിക്ക് പട്ടിണിയും അനുഭവമായിക്കാണുമ്പോൾ അവൻ പ്രപഞ്ചത്തേയും പ്രത്യേകിച്ച് വസ്തു ഉടമസ്ഥന്മാരേയും വെറുക്കുവാൻ തുടങ്ങുന്നു. ജീവിതത്തേക്കാൾ ഭേദം മരണ മാണെന്നു അവന്നു ബോദ്ധ്യം വന്നുതുടങ്ങുന്നു. മതത്തി ന്നുവേണ്ടി മരിച്ചാലുള്ള സ്വർഗാനുഭൂതി അവനെ വ്യാമോ ഹിപ്പിക്കുന്നു, അന്ധവിശ്വാസങ്ങളുടെ ഫലമായി മത ത്തിൻെറ പേരിൽ അവൻ മരിക്കുവാനും ഒരുമ്പെടുന്നു.

ഇക്കഴിഞ്ഞ വമ്പിച്ച ലഹളയ്ക്കു കാരണം ജന്മികളുടെ ഉപദ്രവമാണെന്നു ചിലർ വാദിക്കുന്നതായി എനിക്കറിയാം. ലഹളയ്ക്ക് അടുത്ത മുമ്പ് പൂക്കോട്ടൂരിൽ നടന്ന ചില സംഭ വങ്ങളും ലഹള ആരംഭിച്ച ദിവസം ലഹളയ്ക്കൊരുമ്പെട്ട മാപ്പി ളമാർ പൂക്കോട്ടൂരിൽനിന്നു പടിഞ്ഞാറോട്ടു തിരൂരങ്ങാ ടിക്കു പോകാതെ കിഴക്കോട്ട് 20 നാഴിക അകലെയുള്ള നിലമ്പൂർ കോവിലകത്തേയ്ക്കു പോയതും സാരമായ സംഗ തിതന്നെ. അതിനെപ്പററി പിന്നീട് വിവരമായി പ്രസ്താവി ക്കേണ്ടിവരും. പക്ഷേ, ഏതെങ്കിലും ജന്മിയുടേയോ ജന്മി കളുടേയോ പ്രത്യേകമായ ഉപദ്രവത്താലാണ് ഈ ലഹള ഉൽ ഭവിച്ചതെന്ന ലഹളയെപ്പററി സൂക്ഷ്മവിവരമുള്ളവർ ആത്മാർ ത്ഥമായി വാദിക്കുമെന്ന് എനിക്കു തോന്നുന്നില്ല. പക്ഷേ, മുമ്പു വിവരിച്ച ദാരിദ്ര്യവും ജന്മികുടിയാൻ സമ്പ്രദായ ത്തിൻെറ ദോഷവും വസ്തു ഉടമസ്ഥന്മാരോടു പൊതുവെ യുള്ള വെറുപ്പും ലഹളയുടെ ശക്തിക്കും നിലനിൽപ്പിന്നും കാരണമായിട്ടുണ്ടെന്നുള്ളതിന്നു സംശയമില്ല.

ലഹള ആരംഭിച്ചതും നാടെല്ലാം പടർന്നുപിടിച്ചതും തിരൂരങ്ങാടി പള്ളി പട്ടാളക്കാർ വെടിവെച്ചു തകർത്തു

വെന്ന വ്യാജപ്രസ്താവം നാട്ടിൽ വ്യാപിച്ചപ്പോഴാണ്. അതുകൊണ്ടു മാപ്പിളമാർക്കു ഗവർമ്മേണ്ടിനോടല്ലാതെ ഹിന്ദുക്കളോടു യാതൊരു വിരോധത്തിന്നും അവകാശമില്ലായിരുന്നു. എങ്കിലും പിറെറന്നു മുതൽക്കു ഏറനാട്ടിന്റെ കിഴക്കൻ പ്രദേശങ്ങളിലും മററു ചിലേടങ്ങളിലും മാപ്പിളമാർ ഹിന്ദുക്കളുടെ വീടുകളിൽ കയറി പരക്കെ കൊള്ള നടത്തിയതിന്ന് എന്താണ് കാരണം? ഹിന്ദുക്കൾ പട്ടാളക്കാരെയും പോലീസ്സുകാരെയും സഹായിച്ചതിന്റെ ഫലമാണ് മാപ്പിളമാർ ഹിന്ദുക്കൾക്ക് ഏല്പിച്ച ഉപദ്രവത്തിന്നു കാരണമെന്നു ചിലർ വാദിക്കാറുണ്ട്. ലഹള ആരംഭിച്ചു പതിനഞ്ചുദിവസം കഴിഞ്ഞതിനുശേഷം മാത്രമേ പട്ടാളക്കാരും പോലീസ്സുകാരും ഉൾനാടുകളിൽ പ്രവേശിച്ചിട്ടുള്ളൂ. അവരുടെ പ്രതിക്രിയ തുടങ്ങിയതിന്നുശേഷം മാപ്പിളമാരിൽനിന്നു ഹിന്ദുക്കൾക്ക് നേരിട്ട ഉപദ്രവത്തിന്ന് ഹിന്ദുക്കൾ പട്ടാളക്കാരെ സഹായിച്ചിരുന്നുവെന്നത് യുക്തിപൂർവ്വമായ ഒരു കാരണമാണ്. പക്ഷേ, ആഗസ്റ്റ് 21—ാംനു- മുതൽ 25—ാംനു- വരെ പോലീസ്സുകാരെയോ പട്ടാളക്കാരെയോ ഉൾനാടുകളിൽ കണികാണുവാൻപോലും ഉണ്ടായിരുന്നില്ല. പട്ടാളക്കാരുടെ ആഗമനത്തിന്നുശേഷം ലഹളക്കാർ മാപ്പിളമാരിൽപോലും പലരേയും ഉപദ്രവിച്ചിട്ടും കൊന്നിട്ടുമുണ്ട്. പക്ഷേ, ലഹളയുടെ ആരംഭദിവസങ്ങളിൽ മാപ്പിളമാർ മാപ്പിളമാരുടെ വീടുകളിൽ കൊള്ളനടത്തിയിട്ടുള്ളത് എത്രയോ അപൂർവമാണ്. സാധാരണ ദുർമാർഗികളായി നടക്കുന്നവർ മാത്രമേ ഈ കൊള്ളയിൽ ഏർപ്പെട്ടിട്ടുള്ളുവെന്ന് പറയുന്നതും ശരിയല്ല. മര്യാദക്കാരെന്നു അതുവരെ വിശ്വസിച്ചിരുന്ന പല മാപ്പിളമാരും കൊള്ളക്കാരുടെ കൂട്ടത്തിൽ ചേരുകയോ അവരെ സഹായിക്കുകയോ കൊള്ള ചെയ്ത മുതൽ പങ്കിട്ടെടുക്കുകയോ ചെയ്തിട്ടുണ്ട്. വള്ളുവനാടിന്റെ തെക്കെ പകുതി, ഏറനാടിന്റെ പടിഞ്ഞാറെ പകുതി മുതലായ പ്രദേശങ്ങളിലൊഴികെ കൊള്ള നടന്നിരുന്ന മററു ദിക്കുകളിൽ ദുർലഭം ചില മാപ്പിള പ്രമാണികളൊഴികെ മററുള്ളവർ കൊള്ളയിൽ നേരിട്ടു ഏർപ്പെട്ടിട്ടില്ലെങ്കിലുംകൂടി കൊള്ളയെ നിർത്തുവാൻ ആത്മാർത്ഥമായി ശ്രമിച്ചിട്ടില്ലെന്നുള്ളത് പ്രസ്താവയോഗ്യമാണ്. ലഹളയുടെ ആരംഭദിവസങ്ങളിൽ പള്ളികളിൽ പലപ്പോഴും അതാതു ദിക്കിലെ മാപ്പിളമാർ യോഗംകൂടാറുണ്ടായിരുന്നു. ലഹളയെ പ്രോത്സാഹിപ്പിക്കുവാനല്ലാതെ തടസ്സം ചെയ്വാൻ അവർ ശ്രമിച്ചതായി ഫലംകൊണ്ടു മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. പെരിന്തൽമണ്ണ മുതലായ സ്ഥലങ്ങളിൽ

മാപ്പിളമാർ കൊള്ള നിർത്തുവാൻ ചെയ്ത ശ്രമങ്ങളെ ഞാൻ വിസ്മരിക്കുന്നില്ല. മേൽ പറഞ്ഞതിൽ നിന്നു കൊള്ള നടന്ന പ്രദേശങ്ങളിൽ പ്രത്യേകകാരണം യാതൊന്നും കൂടാതെ മാപ്പിളമാരിൽ ഒരു വലിയ ഭാഗം, ഹിന്ദുക്കളെ പൊതുവിൽ ഉപദ്രവിച്ചുവെന്ന് തെളിവാകുന്നു. പക്ഷേ, കാരണമില്ലാതെ കാര്യമില്ല. മതസംബന്ധമായി ഹിന്ദുക്കളിൽ നിന്ന് മാപ്പിളമാർക്ക് ആ അവസരത്തിൽ യാതൊരു ഉപദ്രവവും നേരിട്ടിരുന്നില്ല. അതിനാൽ മതസംബന്ധമായ സംഗതികൊണ്ടല്ല, ഈ കൊള്ള നടന്നതെന്നു വരുന്നു. നാട്ടിൽ അരാജകത്വം ബാധിച്ചത് ഈ കൊള്ളയ്ക്കു സഹായമായിത്തീർന്നിട്ടുണ്ട്. പക്ഷേ, ഒരു വിധം മര്യാദക്കാരും കഴിയുവാൻ മുതലുള്ളവരും കൂടെ ഈ കൊള്ളയിൽ ഏർപ്പെട്ടിരുന്നതുകൊണ്ടും ഒരു വർഗക്കാരെ കൊള്ളക്കാർ ഒഴിവാക്കി നിർത്തിയിരുന്നതുകൊണ്ടും അരാജകത്വത്തിന്റെ ഫലം മാത്രമായി ഈ കൊള്ള നടന്നുവെന്ന് അനുമാനിക്കാൻ ന്യായമില്ല. പൂക്കോട്ടൂർ മുതലായ ചുരുക്കം സ്ഥലങ്ങളിൽ ഇസ്ലാംമതത്തിൽ ചേരുവാൻ ഒരുങ്ങിയ ഹിന്ദുക്കളുടെ വീടുകരം കൊള്ളയിൽനിന്നു ലഹളക്കാർ ഒഴിവാക്കീട്ടുണ്ട്. പക്ഷേ, മററു പ്രദേശങ്ങളിൽ കൊള്ള നടത്തിയിരുന്നവർ അക്കാലത്ത് മതപരിവർത്തനം ആവശ്യപ്പെട്ടിരുന്നതേയില്ല.

കൊള്ളയുടെ പ്രധാനകാരണം മതഭ്രാന്തും അരാജകത്വവും ദുർമാർഗപ്രസക്തിയുമല്ലെങ്കിൽ, പിന്നെയെന്താണ്? അഥവാ ഇതു ദരിദ്രന്മാരും ധനികന്മാരും തമ്മിലുള്ള ഒരു പോരാട്ടമാണെങ്കിൽ, എന്തുകൊണ്ടു മാപ്പിളമാരിൽ ധനികന്മാരായവർ ഈ കൊള്ളയിൽനിന്നു ഒഴിവാക്കപ്പെട്ടു? സൂക്ഷ്മം ആലോചിച്ചാൽ ഈ കൊള്ള വർഗീയമത്സരത്തിന്റെ ഒരു പ്രത്യക്ഷ പ്രകടനമായിരുന്നുവെന്നതിന് സംശയമില്ല. സാമുദായികമായും മതവിഷയമായും തന്നെ ഈ രണ്ടു വർഗങ്ങരം തമ്മിൽ ഉള്ളിൽ തട്ടിയ സ്നേഹം മുമ്പുതന്നെയില്ല. വസ്തുസംബന്ധമായ മറെറാരു സംഗതി ഈ വർഗീയമത്സരത്തെ പ്രബലപ്പെടുത്തി. ലഹളപ്രദേശങ്ങളിൽ വലിയ വസ്തു ഉടമസ്ഥന്മാരെല്ലാം, അവർ ജന്മികളായാലും വേണ്ടതില്ല, കാണക്കാരായാലും വേണ്ടതില്ല, ഹിന്ദുക്കളാണ്. ഹിന്ദുക്കളിൽത്തന്നെ ദരിദ്രന്മാരും വെറുമ്പാട്ടക്കാരും ധാരാളമുണ്ട്. എങ്കിലും മാപ്പിളയുടെ ദൃഷ്ടിയിൽ തന്റെ അധ്വാനത്തിന്റെ ഫലം അനുഭവിക്കുന്നത് വസ്തു ഉടമസ്ഥരായ ഹിന്ദുക്കളായിരുന്നു. വർഗവ്യത്യാസമാകുന്ന മനോഭാവം ബാധിച്ചിട്ടുള്ള ഒരുവന്ന് തനിക്കു അനിഷ്ടം തോന്നുന്ന വർഗക്കാർ മുഴു

വനും അപരാധികളോ എന്ന പരിശോധനയ്ക്കു ക്ഷമയില്ല. ഒരു സമുദായത്തിലെ ഏതെങ്കിലുമോ ഏതാനുമോ അംഗങ്ങൾ പ്രവർത്തിക്കുന്ന അപരാധത്തിന്ന് ഹിന്ദുക്കൾ മുസൽമാന്മാരെ പരക്കെയും, മുസൽമാന്മാർ ഹിന്ദുക്കളെ പരക്കെയും കുററപ്പെടുത്തുന്ന സമ്പ്രദായം നാം കണ്ടുവരാറുള്ളതാണല്ലോ. ദുഃഖാനുഭവിക്കു സുഖാനുഭവിയുടെ സുഖമാർഗം നിയമപ്രകാരം ന്യായമോ അന്യായമോ എന്ന ആലോചനയും ചെല്ലുകയില്ല. അധ്വാനിക്കുന്ന താൻ പട്ടിണി കിടക്കുകയും അധ്വാനിക്കാത്ത അന്യവർഗക്കാരനായ അപരൻ സുഖം അനുഭവിക്കയും ചെയ്യുന്നതു കാണുമ്പോൾ അവന്ന് ആ അപരൻെറ പേരിൽ വെറുപ്പു തോന്നുന്നു. അവൻെറ മുതൽ അപഹരിക്കുന്നതിലും കൊള്ള ചെയ്യുന്നതിലും അവർ വലിയ തെററൊന്നും കാണുന്നില്ല, നിയമത്തിലുള്ള ഭീതിയും അക്രമത്താൽ സംഭവിക്കാവുന്ന കഷ്ടതകളും അവനെ തടഞ്ഞുനിർത്തുന്നതുകൊണ്ട് സാധാരണ കാലങ്ങളിൽ അവൻ തൻെറ അഭിപ്രായത്തിന്നും മോഹത്തിന്നും അനുസരിച്ചു പ്രവർത്തിക്കുന്നില്ല എന്നേ ഉള്ളൂ. ബ്രിട്ടീഷു ഗവർമ്മെണ്ടിൻെറ ശക്തി ക്ഷയിച്ചുവെന്നും നീതിന്യായ നടപടികൾ അസ്തമിച്ചുവെന്നും തെററിദ്ധരിച്ചപ്പോൾ ആ അവസരം സ്വാർത്ഥലാഭത്തിന്നും പ്രതിക്രിയയ്ക്കും അവൻ ഉപയോഗിച്ചതിൻെറ ദൃഷ്ടാന്തമാണ് ലഹളയുടെ ആരംഭകാലത്ത് നടന്ന കൊള്ള. അതല്ലാതെ പ്രത്യേകിച്ച് ഒരു ജന്മിയോ, ജന്മികളും കാണക്കാരും പരക്കെയോ, കല്പിച്ചുകൂട്ടി ചെയ്ത വല്ല ദുഷ്പ്രവൃത്തികളുടേയും ഫലമായിട്ടല്ല ഈ ലഹള ഉണ്ടായതും കൊള്ളകൾ നടന്നതും. എങ്കിലും മലബാറിൽ നടപ്പുള്ള ജന്മികുടിയാൻ സമ്പ്രദായം വർഗീയമത്സരത്തേയും ഈ ലഹളയേയും പോഷിപ്പിക്കുവാൻ നല്ല ഒരു വളമായിത്തീർന്നിട്ടുണ്ടായിരുന്നുവെന്നതിന്നു സംശയമില്ല.

മലബാറിൽ കുടിയാൻപ്രക്ഷോഭം ആരംഭിച്ചിട്ട് വളരെ കാലമായെങ്കിലും ലഹളയ്ക്കു ഒരു കൊല്ലംമുമ്പു തുടങ്ങി അതിന്നു വലിയ ശക്തികൂടിവന്നിട്ടുണ്ടായിരുന്നു. മലബാറിൽ ഡിസ്ട്രിക്ട് കോൺഫ്രൻസുകൾ കൂടുവാൻ തുടങ്ങിയത് 1916 മുതല്ക്കാണ്. അന്നുമുതല്ക്കു തന്നെ ജന്മികുടിയാൻ കാര്യത്തെപ്പററി ഒരു പ്രമേയം ഡിസ്ട്രിക്ട് കോൺഫ്രൻസിൽ പാസ്സാക്കേണമെന്ന് കുടിയാൻ കക്ഷിക്കാർ ആവശ്യപ്പെട്ടിരുന്നു. ജന്മിയും കുടിയാനും തമ്മിലുള്ള വഴക്കിൽ കോൺഫ്രൻസ് കുട്ടിച്ചോറാകുമെന്നു കരുതി കോൺഫ്രൻസിൻെറ ഭാരവാഹികൾ കുടിയാൻകാര്യം വാദപ്രതിവാദങ്ങ

ളുടെ കൂട്ടത്തിൽനിന്നു ഒഴിവാക്കുവാൻ ഭഗീരഥപ്രയത്നം ചെയ്തുവന്നതും ആ പ്രയത്നങ്ങരം സഫലമായി കലാശിച്ചിരുന്നതും എല്ലാവർക്കും അറിയാവുന്ന ഒരു സംഗതിയാണ്. 1920—ൽ മഞ്ചേരിവെച്ചു നടന്ന കോൺഫ്രൻസിലാണ് ഒന്നാമതായി ജന്മി കുടിയായ്മയെ വ്യവസ്ഥപ്പെടുത്തുന്ന ഒരു നിയമം ആവശ്യമാണെന്നുള്ള ഒരു പ്രമേയം പാസ്സാക്കിയത്. കെ. പി. രാമൻമേനോൻ ആയിരുന്നു ഈ പ്രമേയം സഭ മുമ്പാകെ ഹാജരാക്കിയത്. ജന്മികരം ഇതിനെ കലശലായി എതിർത്തു. എങ്കിലും കോൺഫ്രൻസിൽ ആ പ്രമേയം പാസ്സായി. അതിന്നുശേഷം കെ. പി. രാമൻമേനോന്റെയും മററും ഉത്സാഹത്താൽ കോഴിക്കോട്ടുവെച്ച് ഒരു കുടിയാൻ സംഘം സ്ഥാപിക്കുകയും മലബാറിൽ എല്ലാ സ്ഥലത്തും കുടിയാൻ സംഘങ്ങരം ഏർപ്പെടുത്തുവാൻ തീർച്ചപ്പെടുത്തുകയും ചെയ്തു. കെ. വി. ഗോപാലമേനോനും, പി.കെ. കുഞ്ഞിരാമമേനോനും, സി. കെ. നായരുമായിരുന്നു ഈ സംഘത്തിന്റെ സിക്രട്ടറിമാർ. ഇപ്പോരം പ്രസിദ്ധമായിത്തീർന്നിട്ടുള്ള കുടിയാൻ പ്രതിജ്ഞ അന്നു രൂപീകരിച്ച കുടിയാൻ സംഘം അംഗീകരിച്ച പ്രതിജ്ഞയാണ്. ഏതാനും കുടിയാൻ സംഘങ്ങരം അന്നു മലബാറിൽ സ്ഥാപിതങ്ങളായി. അങ്ങനെ ഇരിക്കുമ്പോഴാണ് ''സാമൂതിരി എസ്റ്റേററ് കുടിയാൻ സങ്കടനിവാരണ സംഘം'' എന്ന ഒരു കുടിയാൻ സംഘം കോട്ടയ്ക്കലിനടുത്തു ഒരു പ്രദേശത്ത് അവിടുത്തെ മാപ്പിളമാരുടെ ഉത്സാഹത്താൽ സ്ഥാപിക്കപ്പെട്ടത്. പൊളിച്ചെഴുത്തവകാശവും മിച്ചവാരവും അതിരുകവിഞ്ഞു വർദ്ധിപ്പിക്കുന്നു എന്ന ഒരാക്ഷേപം എസ്റ്റേററിന്റെ പേരിൽ എസ്റ്റേററിൻകീഴിലുള്ള കുടിയാന്മാർക്കു പരക്കേ ഉണ്ടായിരുന്നു. ന്യായമായി മിച്ചവാരം കൊടുത്തുവന്നിരുന്ന കോട്ടയ്ക്കൽകാരൻ ഒരു കുടിയാനെ എസ്റ്റേററിൽനിന്നു ഒഴിപ്പിച്ചു. ആ വസ്തു യാതൊരാളും കൃഷി ചെയ്തുപോകരുതെന്ന് ആ പ്രദേശത്തുള്ള കുടിയാന്മാർ തീർച്ചപ്പെടുത്തി. വസ്തുവിലെ വിളകൊയ്യുവാനോ കൃഷി നടപ്പാനോ കൂലിക്കാരെപ്പോലും കിട്ടാതെ എസ്റ്റേററു കഷ്ടത്തിലായി. ആ പ്രദേശത്തു ചില കുടിയാൻ യോഗങ്ങളും അക്കാലത്തു കൂടീട്ടുണ്ടായിരുന്നു. അതിൽ ഒന്നു രണ്ടു യോഗത്തിൽ ഞാനും സന്നിഹിതനായിരുന്നു. കോട്ടയ്ക്കൽ വെച്ച് 1920 സപ്തംബറിൽ കൂടിയ ഒരു യോഗത്തിലാണ് ഒന്നാമതായി ഞാൻ പങ്കുകൊണ്ടത്. അയ്യായിരത്തിൽ കുറയാതെ മാപ്പിളമാരും ഏതാനും ഹിന്ദുക്കളും ഹാജരുണ്ടായിരുന്ന ആ യോഗത്തിൽ കുടിയാന്മാരുടെ സങ്കടങ്ങളെപ്പററി

ഇംഗ്ലീഷു വിദ്യാഭ്യാസം യാതൊന്നും സിദ്ധിച്ചിട്ടില്ലാത്ത ചില മാപ്പിളമാർ ചെയ്ത പ്രസംഗങ്ങൾ അകൃത്രിമവും ആന്തരവുമായ വാഗ്‌വിലാസത്തിൻെറ ഉത്തമ ദൃഷ്ടാന്തങ്ങളായിരുന്നുവെന്നു മാത്രമല്ല കുടിയാന്മാരുടെ കഷ്ടതകളുടെ കാഠിന്യത്തെയും സൂചിപ്പിച്ചിരുന്നു. ജനങ്ങളുടെ ഉത്സാഹവും ഏതു ബുദ്ധിമുട്ടും അനുഭവിപ്പാനുള്ള അവരുടെ ഒരുക്കവും ഉറപ്പും ഞങ്ങളാൽ ചിലരെ സാമാന്യത്തിലധികം വിസ്മയിപ്പിച്ചു. കുടിയാൻ സംഘം സിക്രട്ടറിയായിരുന്ന കെ. വി. ഗോപാലമേനോനും ആ സഭയിൽ ഹാജരുണ്ടായിരുന്നു. പക്ഷേ, ആ യോഗം വിളിച്ചുകൂട്ടിയതും അതിന്നു വേണ്ടുന്ന സകല ഒത്താശകൾ ചെയ്തിരുന്നതും ആ പ്രദേശത്തുകാർ തന്നെയായിരുന്നു. മര്യാദക്കാരായ ജന്മികളോട് കുടിയാന്മാർക്ക് യാതൊരു വിരോധവും ഉണ്ടായിരുന്നില്ലെന്നും കുടിയാൻ സംഘത്തിൻെറ ഉദ്ദേശ്യം ജന്മികളുടെ സകല അവകാശങ്ങളേയും നശിപ്പിക്കുകയല്ലായിരുന്നുവെന്നും ആ സദസ്സിൽവെച്ച് കോട്ടയ്ക്കൽ കിഴക്കെകോവിലകത്തെപ്പററി ചെയ്ത പ്രശംസാ വർഷങ്ങളും കുടിയാൻപ്രതിജ്ഞ അവിടെ കൂടിയിരുന്നവർ മടികൂടാതെ ഒപ്പിട്ടതും മററും പ്രത്യക്ഷമാക്കിയിരുന്നു. എസ്റ്റേററിൻെറ ഭരണക്രമത്തിലുള്ള ആക്ഷേപം നിമിത്തം ഉത്ഭവിച്ച ഈ സംഘം പൊതുവിൽ കുടിയാന്മാരുടെ സങ്കടനിവൃത്തിക്കുള്ള സംഘമായി പരിണമിക്കുകയും ആ സംഘത്തിൻെറ ആഭിമുഖ്യത്തിൽ വമ്പിച്ച കുടിയാൻ യോഗങ്ങൾ കോടൂർ, പൊന്മള, കുറുവ മുതലായ പല ദിക്കുകളിലും കൂടുകയും കുടിയാൻ പ്രക്ഷോഭത്തിന്നു അഭൂതപൂർവമായ ശക്തിയും വ്യാപ്തിയും സിദ്ധിക്കയും ചെയ്തു. പെരിന്തൽമണ്ണ വക്കീലായി പ്രാക്ടീസ് ചെയ്തിരുന്ന ആളും, ധൈര്യം, കാര്യപ്രാപ്തി, സ്വരാജ്യസ്നേഹം മുതലായ ഗുണങ്ങളാൽ അദ്വിതീയനുമായ എം. പി. നാരായണമേനോൻ തൻെറ പ്രാക്ടീസിനെ ഉപേക്ഷിച്ച് കുടിയാന്മാരുടെ സങ്കടനിവാരണത്തിനുവേണ്ടി പരിശ്രമിക്കുവാൻ ഒരുങ്ങിപ്പുറപ്പെട്ടു. ഇംഗ്ലീഷുഭാഷാപരിജ്ഞാനമില്ലെങ്കിലും ബുദ്ധികൂർമ്മതകൊണ്ടും അപാരമായ ശാസ്ത്രപരിജ്ഞാനംകൊണ്ടും പ്രസംഗപാടവംകൊണ്ടും സുപ്രസിദ്ധനായ കട്ടിലശ്ശേരി മുഹമ്മത് മുസലിയാർ തൻെറ ആത്മമിത്രമായ നാരായണമേനോനോടുകൂടി കുടിയാൻ കാര്യത്തിന്നുവേണ്ടി അത്യദ്ധ്വാനം ചെയ്തു. കല്ലടി മൊയ്തുകുട്ടി സാഹിബ് മുതലായവർ ഉള്ളിൽനിന്നു ഇവരെ പ്രോത്സാഹിപ്പിച്ചു. 'കുടിയാൻ' എന്ന ഒരു പത്രം ആരംഭിക്കുവാൻ നാരായണമേനോൻ ചില പരിശ്രമങ്ങൾ ചെയ്തു.

കുടിയാൻ പ്രക്ഷോഭത്തിൻെറ ഫലമായി മേച്ചാർത്തും അക്രമമായ വസ്തു ഒഴിപ്പിക്കലും ആ പ്രദേശങ്ങളിൽ അസ്തപ്രായമായി. ഒഴിപ്പിച്ചിരുന്ന വസ്തുക്കരം മുൻകുടിയാന്മാർക്കു തന്നെ ചാർത്തിക്കൊടുപ്പാൻ ജന്മികരം സമ്മതിച്ചുതുടങ്ങി. ജന്മികുടിയാൻ കാര്യം വ്യവസ്ഥപ്പെടുത്തുവാനുള്ള നിയമം അത്യാവശ്യമാണെന്ന് ജന്മികരം തന്നെ ആവശ്യപ്പെടത്തക്ക ഒരു ഘട്ടത്തെ ഈ പ്രക്ഷോഭം സൂചിപ്പിച്ചുതുടങ്ങി.

1921 ജനവരിയിലാണ് പൂക്കോട്ടൂരിന്നടുത്ത് എട്ടുതറ എന്ന സ്ഥലത്തുവെച്ച് ഒരു വമ്പിച്ച കുടിയാൻ യോഗം കൂടിയത്. ഈ സഭയുടെ ഭാരവാഹികരം ഖിലാഫത്തുകാര്യവും കുടിയാൻ കാര്യവും രണ്ടും സഭയുടെ ആലോചനാവിഷയങ്ങളാക്കിവെച്ചിരുന്നു. എത്രയോ ആയിരം ജനങ്ങരം ഈ സഭയിൽ ഹാജരായിരുന്നു. മഞ്ചേരിക്കാരൻ ഒരു പരദേശി ബ്രാഹ്മണൻ ഒരു മാപ്പിള കുടിയാൻെറ കൈവശത്തിലുള്ള ഭൂമിയെ മേച്ചാർത്തു കൊടുക്കുകയോ ഒഴിപ്പിക്കുകയോ ചെയ്തിരുന്നു. ഒഴിപ്പിക്കപ്പെട്ട കുടിയാൻെറ കൈയിൽ യാതൊരു തെററും ഉണ്ടായിരുന്നില്ലെന്നും ഈ ജന്മിയുടെ പ്രവൃത്തി അക്രമമായിരുന്നുവെന്നും ആ പ്രദേശത്തുകാർ വിശ്വസിക്കയും ഒഴിപ്പിച്ച വസ്തു യാതൊരാളും നടന്നുപോകരുതെന്നു അവർ തീർച്ചപ്പെടുത്തുകയും ചെയ്തു. കുടിയാന്മാരുടെ ഈ നിശ്ചയത്തിന്ന് ശക്തിവരുത്തുവാൻവേണ്ടിയാണ് മേൽപറഞ്ഞ യോഗം തദ്ദേശവാസികരം അവിടെ വിളിച്ചുകൂട്ടിയത്. അക്കാലത്തു ഖിലാഫത്തുകാര്യത്തിലും ജനങ്ങരം അതിയായ ഉത്സാഹം പ്രദർശിപ്പിച്ചിരുന്നതുകൊണ്ടു ഈ രണ്ടു കാര്യങ്ങളും കൂട്ടിച്ചേർത്ത ഒരു യോഗമാണ് അവിടെ കൂടിയത്. ഈ യോഗത്തിൽ ഹാജരാകുവാൻ പ്രധാനികളായ കോൺഗ്രസ്സ് ഖിലാഫത്തു നേതാക്കന്മാർക്കും സാധിച്ചിരുന്നില്ല. അക്രമരാഹിത്യത്തെപ്പററി അവിടെ കൂടിയ ജനങ്ങളെ ശരിയായി മനസ്സിലാക്കുന്നതായ പ്രസംഗങ്ങളും അവിടെവെച്ചു വല്ലവരും ചെയ്തിട്ടുണ്ടോ എന്നും സംശയമാണ്. ഈ യോഗത്തിന്നു ശേഷം പൂക്കോട്ടൂരിൽ കുടിയാൻ പ്രസ്ഥാനത്തിന്നും ഖിലാഫത്തു പ്രസ്ഥാനത്തിന്നും വലുതായ ശക്തിസിദ്ധിച്ചു. പക്ഷേ, അവയുടെ ഗതി അക്രമത്തിലേയ്ക്കായിരുന്നുവെന്നു ലഹളയ്ക്കു മുമ്പു നടന്നതും പിന്നീടു വിസ്തരിക്കുന്നതുമായ പല സംഭവങ്ങളും ദൃഷ്ടാന്തപ്പെടുത്തിയിരുന്നു. മഞ്ചേരിക്കാരൻ പട്ടരും കുടിയാന്മാരും തമ്മിലുള്ള വഴക്കിൽ പൂക്കോട്ടൂർ ചേരിക്കൽകാര്യം നോക്കി അവിടെ കോവിലകത്തു താമസി

ച്ചിരുന്ന അന്നത്തെ നിലമ്പൂർ ആറാം തിരുമുല്പാട് പട്ടർക്കു വേണ്ടി ആദ്യം ശിപാർശി പറയുകയും പിന്നീട് കുടിയാന്മാരെ ഭീഷണിപ്പെടുത്തുകയും ചെയ്യുവെങ്കിലും അതുകൊണ്ടൊന്നും യാതൊരു ഫലവുമുണ്ടായില്ലെന്നു മാത്രമല്ല കുടിയാന്മാരിൽ വളരെ അനുഭാവമുള്ള ഒരു ജന്മിയാണെന്നു പ്രത്യേകിച്ചു ഖ്യാതി സമ്പാദിക്കാതിരുന്ന ആറാം തിരുമുൽപ്പാടവർകൾ ഈ കാരണത്താലും മററും മാപ്പിളമാരുടെ അധികരിച്ച അതൃപ്തിക്കു പാത്രമായിത്തീരുകയുമാണ് ചെയ്തത്. വേറെ ഒരു സംഗതിയിലും ആറാം തിരുമുൽപ്പാട് മാപ്പിളമാരുടെ അനിഷ്ടം സമ്പാദിച്ചു. അതു പക്ഷേ, കുടിയായ്മ സംബന്ധമായ ഒരു കാര്യമല്ലായ്കയാൽ അതിനെപററി മററൊരവസരത്തിൽ പ്രസ്താവിച്ചുകൊള്ളാം.

ഖിലാഫത്തു പ്രസ്ഥാനം ചിലേടങ്ങളിൽ ദുഷിച്ചിരുന്നതിൻെറ സൂചനകളെപ്പററി മുമ്പൊരു ലേഖനത്തിൽ ഞാൻ വിവരിച്ചിട്ടുണ്ടായിരുന്നുവല്ലോ. അതുപോലെ കുടിയാൻ പ്രസ്ഥാനത്തേയും ചില കുടിയാന്മാർ ജന്മികളെ ന്യായരഹിതമായി ഉപദ്രവിക്കുവാൻ ഉപയോഗിച്ചിരുന്നുവെന്ന് സമ്മതിക്കാതെ കഴികയില്ല. അക്രമരാഹിത്യം സ്വീകരിച്ചു ഖിലാഫത്തു പ്രസ്ഥാനത്തിൽ ഏർപ്പെട്ടിരുന്ന ചില പ്രവർത്തകന്മാർപോലും ഗവർമ്മേണ്ടിനോടു മാത്രമല്ല സഹകരണ ത്യാഗത്തിന്നു വിരോധമായി പ്രവർത്തിച്ചിരുന്ന നാട്ടുകാരോടുപോലും സഹകരണത്യാഗം അനുഷ്ഠിക്കേണ്ടതാണെന്നു ശഠിച്ചതായും പ്രസംഗിച്ചതായും അതുനിമിത്തം തലശ്ശേരി, തിരൂരങ്ങാടി മുതലായ പ്രദേശങ്ങളിൽ നാട്ടുകാരിൽ ചിലർക്കു ഉപദ്രവങ്ങൾ നേരിട്ടതായും വായനക്കാരിൽ ചിലർ അറിഞ്ഞിട്ടുണ്ടായിരിക്കാം. മഹാത്മാഗാന്ധി ഈ വിധം ബഹിഷ്കരണത്തിന് തീരെ വിരോധിയായിരുന്നുവെങ്കിലും വാശിയും ഉത്സാഹവും ഖിലാഫത്ത് കാര്യത്തിലുള്ള പ്രസക്തിയും ഒതുക്കിനിർത്തുവാൻ സാധിക്കാത്തതുകൊണ്ടോ, അജ്ഞതകൊണ്ടോ ഇതും സഹകരണത്യാഗത്തിൽ പെട്ടതാണെന്നു ചിലർ അന്ധാളിച്ചതുപോലെ കുടിയാൻ പ്രക്ഷോഭസംബന്ധമായി നടന്ന സഹകരണത്യാഗവും ജന്മികളെ ഏതുവിധത്തിലും ഉപദ്രവിക്കാനുള്ള ഒരു മാർഗമായി ഉപയോഗിക്കാവുന്നതാണെന്ന് ചിലർ മനസ്സിലാക്കി. അക്രമമായി ഒഴിപ്പിച്ചെടുക്കുന്ന വസ്തു കുടിയാന്മാരാരും കൃഷി ചെയ്യരുതെന്നല്ലാതെ അങ്ങനെ ഒഴിപ്പിക്കുന്ന ജന്മിയെ സമുദായത്തിൽ നിന്നോ പൗരസ്ഥാനത്തിൽനിന്നോ ബഹിഷ്കരിച്ചു നിർത്തേണ്ടതാണെന്നു കുടിയാൻ സംഘം ആവശ്യ

പ്പെട്ടിരുന്നില്ല. പക്ഷേ, കുടിയാൻ പ്രക്ഷോഭം ബലമായി നടന്നിരുന്ന കോട്ടൂർ, കുറുവ മുതലായ സ്ഥലങ്ങളിൽ ജന്മി കളുടെ നിത്യജീവിതംപോലും അസാദ്ധ്യമാക്കിത്തീർക്കുന്ന രീതിയിലുള്ള സഹകരണത്യാഗമാണ് ചില കുടിയാന്മാർ ആരംഭിച്ചത്. കുടിയാൻ സംഘത്തിന്റെ ബലംകൊണ്ടും പ്രക്ഷോഭത്തിന്റെ ശക്തികൊണ്ടും ഇതു ശക്തനായ ജന്മിയെ പ്പോലും സാമാന്യത്തിലധികം ബുദ്ധിമുട്ടിച്ചിട്ടുണ്ട്. പക്ഷേ, കുടിയാന്മാരുടെ ഈ പ്രവൃത്തി അധർമ്മമായിരുന്നു വെന്ന് അവർ മനസ്സിലാക്കിയില്ല. വസ്തുസംബന്ധമായ യാതൊരക്രമവും ചെയ്യാത്ത ഒരു ജന്മിയുടെ നേരെ ഒരു കുടി യാൻ സഹകരണത്യാഗം പ്രയോഗിച്ചു കഷ്ടത്തിലാക്കുകയും അക്കാര്യം അറിഞ്ഞു ഞാൻ സ്ഥലത്തു പോകുകയും സൂക്ഷ്മ മായ അന്വേഷണം നടത്തിയതിൽ തെററു കുടിയാന്റെ വശ മാണെന്ന് എനിക്കു ബോദ്ധ്യപ്പെടുകയും ചെയ്തു. പ്രസ്താ വത്തിലെ കുടിയാന്റെ പ്രവൃത്തിക്ക് കുടിയാൻ സംഘം യാതൊരു വിധത്തിലും, ഉത്തരവാദിയല്ലെന്നും അപ്രകാര മുള്ള സഹകരണത്യാഗത്തെ കുടിയാൻ സംഘം പ്രതികൂലി ക്കുന്നതാണെന്നും ആ കുടിയാനെ ഞാൻ ധരിപ്പിച്ചപ്പോറം താൻ ചെയ്തതു തെററാണെന്നു അയാറം സമ്മതിച്ചു. പിന്നീടു ജന്മിയെ ഉപദ്രവിച്ചില്ല.

മേൽപ്രകാരം ചില ദോഷങ്ങറം കുടിയാൻ പ്രക്ഷോഭ ത്തേയും ബാധിച്ചിരുന്നുവെങ്കിലും കുടിയാന്മാരുടെ ഉദ്ദേ ശ്യസിദ്ധിക്ക് കുടിയാൻ പ്രതിജ്ഞക്കനുസരിച്ചു പ്രവർത്തി ക്കുന്നതു തന്നെയായിരുന്നു ഉത്തമവും എളുപ്പവുമായ മാർഗമെന്നുള്ളതു പലർക്കും ബോദ്ധ്യപ്പെട്ടു. അപ്പോഴാണ് മിസ്റ്റർ തോമസ് കുടിയാൻ പ്രസ്ഥാനത്തേയും ഖിലാഫത്ത് പ്രസ്ഥാനത്തേയും ഒരടിക്കു നശിപ്പിക്കുവാനുള്ള ഉദ്ദേശ്യ ത്തോടുകൂടി 144—ാം വകുപ്പു പ്രകാരമുള്ള ചില കല്പനകറം പുറപ്പെടുവിച്ചത്. കുടിയാന്മാരുടെ സങ്കടങ്ങറംക്ക് അക്ര മരഹിതമായ മാർഗത്തിൽകൂടെ നിവൃത്തി കിട്ടുവാൻ മാർഗ മുണ്ടെന്ന് മാപ്പിളമാർക്ക് ബോദ്ധ്യപ്പെട്ടിരുന്നിടത്തോളം കാലം അവർ യാതൊരക്രമവും പ്രവർത്തിച്ചിരുന്നില്ല. അക്രമരഹിതമായ മാർഗത്തിൽ വല്ല അധർമ്മവും മേൽ വിവ രിച്ചപ്രകാരം അവർ വിവരമില്ലാതെ പ്രവർത്തിച്ചിരുന്നു, എങ്കിൽകൂടെ കാര്യം മനസ്സിലാകുമ്പോറം അവർ അതിൽ നിന്നു പിൻവലിയുകയും ചെയ്തിരുന്നു. എന്നാൽ യാതൊരു സഭകളോ പ്രസംഗങ്ങളോ പാടില്ലെന്ന് അധികാര സ്ഥന്മാർ കല്പിച്ചതോടുകൂടി മാപ്പിളമാരായ കുടിയാന്മാർ

നിരാശയ്ക്കു വശഗരായിത്തീരുകയും അക്രമരാഹിത്യത്തിലുള്ള വിശ്വാസം അവർക്കു കുറഞ്ഞുവരികയും ചെയ്തു. നേർവഴിയിൽ അവരെ നയിക്കുവാൻ ഉത്തരവാദിത്വബോധമുള്ള പ്രവർത്തകന്മാർക്കു സ്വാതന്ത്ര്യവും ഇല്ലാതായി. ഇതുനിമിത്തമാണ് പൂക്കോട്ടൂർ മുതലായ സ്ഥലങ്ങളിൽ കുടിയാന്മാർ അക്രമത്തിന്നു ഒരുങ്ങിയത്.

# കലാപത്തിൻെറ ആരംഭം

ഖിലാഫത്ത് പ്രസ്ഥാനം, കുടിയാൻ പ്രക്ഷോഭം, അധികൃതന്മാരുടെ മർദ്ദനനയം, പോലീസുകാരുടെ ഉപദ്രവം എന്നിങ്ങനെ പല കാരണങ്ങളും മലയാളത്തിൻെറ പ്രശാന്തതയ്ക്കു ഗൗരവമായ ഭംഗം വരുത്തിയിരിക്കുന്നു. ജനങ്ങളുടെ വ്യസനത്തേയും കോപത്തേയും വർദ്ധിപ്പിക്കുന്ന പല സംഗതികളും ഇടയ്ക്കിടയ്ക്കുണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ഇവയ്ക്കു ശമനം വരുത്തുവാനോ അക്രമരഹിതമായ ഒരു പ്രക്ഷോഭമായി ഈ വികാരങ്ങളെ രൂപാന്തരപ്പെടുത്തുവാനോ അധികൃതന്മാരുടെ അധികാരപ്രയോഗത്താൽ നേതാക്കന്മാർക്കു സാധിക്കാതായിത്തീർന്നിരിക്കുന്നു. കോൺഗ്രസ്സ് കാര്യപരിപാടിക്കനുസരിച്ചു ഓരോ അംശങ്ങളിലും കോൺഗ്രസ്സ് സംഘങ്ങൾ സ്ഥാപിച്ചിട്ടില്ലെന്നു മാത്രമല്ല അനേകം അംശങ്ങൾക്കുകൂടി പൊതുവായി സംഘങ്ങൾ സ്ഥാപിപ്പാൻ പോലും കോൺഗ്രസ്സ് ഭാരവാഹികൾക്ക് സാധിച്ചിരുന്നില്ല. ആ പ്രവൃത്തിക്ക് ആരംഭിച്ചപ്പോഴാണ് ജനാബ് യാക്കൂബ് ഹുസ്സൈനേയും മററും കലക്ടർ മിസ്റ്റർ തോമസ് ബന്ധനസ്ഥരാക്കിയതെന്നും 144–ാംവകുപ്പു പ്രയോഗിച്ചു യോഗങ്ങൾ മുടക്കിയതെന്നും മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. സഹകരണത്യാഗപ്രസ്ഥാനം നിമിത്തം ഗവർമ്മെണ്ടിലുള്ള ഭയം ജനങ്ങൾക്കു വളരെ ചുരുങ്ങിയിരുന്നു. അക്രമരാഹിത്യത്തെപ്പററി നേതാക്കന്മാർ പ്രസംഗിച്ചിരുന്നത് വെറും നയം മാത്രമായിരുന്നുവെന്നും യഥാർത്ഥത്തിൽ ഗവർമ്മെണ്ടിനോട് അക്രമം പ്രവർത്തിക്കുന്നത് തെററല്ലെന്നും ഏതാനും ചിലർ തെററിദ്ധരിച്ചിട്ടുണ്ടായിരുന്നു. ജർമ്മൻ യുദ്ധംകൊണ്ട് ബ്രിട്ടീഷുകാരുടെ പട്ടാളങ്ങൾ ഒട്ടുമുഴുവനും ഒടുങ്ങിയിരിക്കുന്നുവെന്നും അവരുടെ ശക്തിക്കു വലുതായ ന്യൂനത പററിയിരിക്കുന്നുവെന്നും പലരും വിശ്വസിച്ചിരുന്നു. മലപ്പുറം മുതലായ സ്ഥലങ്ങളിൽ നിർത്തിയിരുന്ന പട്ടാളത്തെ നീക്കം ചെയ്തതു ഈ വിശ്വാസത്തെ പ്രബലപ്പെടുത്തി. മലപ്പുറം ബാറക്കിലുള്ള സാമാനങ്ങൾ പോലും ലേലംചെയ്തു വിററതു കണ്ടപ്പോൾ ഗവർമ്മേണ്ടിന്ന് പണത്തിന്നുപോലും ക്ഷാമമായിരിക്കുന്നുവെന്നു ചില മാപ്പിളമാർ വിശ്വസിച്ചു. കോൺഗ്രസ്സു വകയായും ഖിലാഫത്തു വകയായും വളണ്ടിയർമാരെ ചേർത്തിരുന്നത് ഗവർമ്മേണ്ടിനോടു യുദ്ധത്തിന്നൊരുങ്ങുന്ന

തിന്നുള്ള സംരംഭമാണെന്നു ചില മൂഢർ വിശ്വസിച്ചു. അക്രമരാഹിത്യത്തിൽ വിശ്വാസമില്ലാത്ത ആലി മുസലിയാരെപ്പോലെയുള്ള ഉപദേഷ്ടാക്കളുടെ ഉപദേശങ്ങൾ ഫലവത്താകുവാൻ തുടങ്ങി. മെസപ്പൊട്ടേമ്യയിൽനിന്ന് പിരിച്ചയക്കപ്പെട്ടവരും തന്നിമിത്തം ജീവിതമാർഗം നശിച്ച് ഗവർമ്മെണ്ടിനോട് അതൃപ്തരായിത്തീർന്നിട്ടുള്ളവരുമായ മാപ്പിളപ്പട്ടാളക്കാർ അക്രമബീജത്തെ നാട്ടിൽ വിതച്ചു. താമരശ്ശേരി, പൂക്കോട്ടൂർ മുതലായ സ്ഥലങ്ങളിൽ കണ്ട അക്രമങ്ങളുടെ ചില പ്രത്യക്ഷചിഹ്നങ്ങൾ കോൺഗ്രസ്സ്, ഖിലാഫത്ത് ഇവയോടു സംബന്ധപ്പെട്ടവയല്ലെന്നു കോൺഗ്രസ്സ് നേതാക്കന്മാർ കരുതി അവയെ മുളയിൽതന്നെ നുള്ളിക്കളവാനായി തങ്ങളാൽ ആവുന്നേടത്തോളമുള്ള ശ്രമങ്ങൾ ചെയ്യാതെ, മനഃപൂർവമല്ലെങ്കിലും നിർഭാഗ്യകരമായ ഉപേക്ഷ കാണിച്ചു. ഇങ്ങനെയുള്ള പല സംഗതികളും അധികൃതന്മാരുടെ അപനയമാകുന്ന തീപ്പൊരിയിൽ ഉൽഭൂതമായ കൊടുംതീയിന്ന് ശക്തിയും വ്യാപകത്വവും ഉണ്ടാക്കുവാൻ ഏറെക്കുറെ സഹായിച്ചു.

1921 ആഗസ്റ്റ് 21—ാംനു-യാണല്ലോ കലാപത്തിൻെറ ആരംഭം. ഇതിന്നു സുമാർ രണ്ടുമാസം മുമ്പു മുതല്ക്കു തന്നെ പ്രത്യക്ഷപ്പെട്ട ചില ദുർലക്ഷണങ്ങളെപ്പററി തെല്ലൊന്നു പ്രസ്താവിക്കാം.

ഏറനാടു താലൂക്കിൽ മലപ്പുറത്തുനിന്ന് നാലഞ്ചു നാഴിക വടക്കുപടിഞ്ഞാറായും മഞ്ചേരിനിന്ന് നാലഞ്ചു നാഴിക തെക്കുപടിഞ്ഞാറായും പൂക്കോട്ടൂർ എന്നൊരു സ്ഥലമുണ്ട്. ഇവിടുത്തെ നിവാസികളിൽ ഒട്ടുമുക്കാലും പേർ മാപ്പിളമാർതന്നെയാണ്. നിലമ്പൂർ കോവിലകം വക സ്വത്തുക്കൾ ധാരാളം ഈ പ്രദേശത്തുള്ളതുകൊണ്ട് അവയുടെ മേലന്വേഷണത്തിന്നും മററുമായി ആ കുടുംബത്തിലെ ഒരംഗം സ്ഥിരമായി താമസിച്ചുവരുന്ന ഒരു കോവിലകവും ഇവിടെയുണ്ട്. കലാപത്തിൽ നടന്ന പല സംഭവങ്ങളാലും ഇവിടുത്തെ മാപ്പിളമാർ സാധാരണയിൽ കവിഞ്ഞ മതഭ്രാന്തുള്ളവരായിരുന്നുവെന്ന് പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ആലി മുസലിയാർ വളരെക്കാലം ഇവിടെ വേദം പഠിപ്പിക്കുവാൻ താമസിച്ചിട്ടുള്ളതിൻെറ ഫലമായി അദ്ദേഹത്തിൻെറ അനവധി ശിഷ്യന്മാർ ഇവിടെ ഉണ്ടായിരുന്നു. മലപ്പുറം നേർച്ചക്കുവരുന്ന പെട്ടികളിൽവെച്ച് ഏററവും പ്രധാനമായ പെട്ടി പുറപ്പെട്ടുവരുന്ന പൊടിയാട് എന്ന സ്ഥലത്തേക്ക് ഇവിടെനിന്ന് രണ്ടുനാഴിക ദൂരം മാത്രമേയുള്ളൂ. കുടിയാൻ പ്രക്ഷോഭത്തെപ്പററി വിവരിച്ചപ്പോൾ

അതു സംബന്ധമായി സഹകരണത്യാഗം അനുഷ്ഠിച്ചതായി പറഞ്ഞ സ്ഥലങ്ങളിൽ ഒന്നാണിത്. ഖിലാഫത്ത് സംബന്ധമായും ഒരു വമ്പിച്ച യോഗം ഇവിടെ കൂടുകയുണ്ടായിട്ടുണ്ട്. പോലീസുകാരുടെയും മററു അധികൃതന്മാരുടേയും ഇഷ്ടത്തിന്നും സംപ്രീതിക്കുംവേണ്ടി ജനസാമാന്യത്തിൻെറ അഭിപ്രായത്തിന്ന് വിപരീതമായി എന്തു കാര്യവും പ്രവർത്തിപ്പാൻ സന്നദ്ധരായ ചുരുക്കം ചില മാപ്പിളമാരിൽവെച്ച് അഗ്രഗണ്യനായ തിരൂരങ്ങാടി അധികാരി മൂസക്കുട്ടി അവർകളെ കഴിച്ചാൽ ആകൃതികൊണ്ടും പ്രകൃതികൊണ്ടും ഏകദേശം തുല്യത്വമുള്ള പേരാപ്പുറവൻ അഹമ്മദുകുട്ടി അധികാരി പ്രവൃത്തി നിർവഹിച്ചു വന്നിരുന്ന വള്ളുവമ്പുറം അംശത്തിലേയ്ക്ക് ഈ സ്ഥലത്തുനിന്ന് രണ്ടുനാഴിക മാത്രമേ ദൂരമുള്ളു. ഈ അധികാരി ഖിലാഫത്ത് പ്രസ്ഥാനത്തിന്ന് ആദ്യം മുതല്ക്കുതന്നെ വിരോധിയായിരുന്നു. വള്ളുവമ്പുറം അംശത്തിൽ പുല്ലാര എന്ന ഒരു സ്ഥലമുണ്ട്. ഈ സ്ഥലത്തുവെച്ച് കൊല്ലംതോറും മാപ്പിളമാർ ഘോഷമായ രീതിയിൽ ഒരു നേർച്ച കഴിച്ചുവരാറുണ്ട്. വാദ്യഘോഷം മുസൽമാന്മാർ പ്രായേണ അധമമായി കരുതാറുണ്ടെങ്കിലും മലപ്പുറം നേർച്ച, പുല്ലാര നേർച്ച മുതലായ ചില നേർച്ചകളിൽ, ''മുട്ടലും വിളിയും'' (ചെണ്ടകൊട്ടലും കുഴൽ വിളിയും) പ്രധാനമായ എണ്ണങ്ങളായിരുന്നു. 1921 മെയ്, ജൂൺ ഈ കാലത്താണ് അക്കൊല്ലത്തെ നേർച്ച പുല്ലാരവെച്ച് കൊണ്ടാടിയത്. ഖിലാഫത്തിന്ന് ന്യൂനത നേരിട്ടിരിക്കുന്ന സംഗതിയാൽ വ്യസനസൂചകമായി ''മുട്ടലും വിളിയും'' വർജ്ജിക്കേണമെന്ന് പൂക്കോട്ടൂർകാർ അഭിപ്രായപ്പെട്ടു. അതുപേക്ഷിക്കുവാൻ പാടില്ലെന്നു പേരാപ്പുറവനും അയാളുടെ കക്ഷിയിൽപെട്ടവരും വാദിച്ചു. അതിനെ സംബന്ധിച്ചു വലിയ വാശിയും വഴക്കുമായി. നിലമ്പൂർ കോവിലകം വക പൂക്കോട്ടൂർ ചേരിയിൽ ഒരു പിരിവുകാരനായിരുന്നവനും പിന്നീടു ആ പ്രവൃത്തിയിൽനിന്ന് പിരിക്കപ്പെട്ടവനും ആയിരുന്ന കളത്തിങ്ങൽ മമ്മത് എന്ന ആളായിരുന്നു പൂക്കോട്ടൂർ കക്ഷിയിൽ പ്രധാനി. ഖിലാഫത്ത് കാര്യത്തിലും ഈയാാം വളരെ ഉത്സാഹിച്ചു പ്രവർത്തിച്ചിരുന്നുവത്രെ. നേർച്ചയെ സംബന്ധിച്ചുണ്ടായ ഈ കക്ഷിമത്സരം നിമിത്തം അല്പം ചില തകരാറുകളെല്ലാമുണ്ടായി. എന്നാൽ അധികൃതന്മാർ കാലേക്കൂട്ടി വേണ്ടുന്ന ഒത്താശകരം ചെയ്തു വന്നിരുന്നതിനാൽ വലിയ ലഹളകളൊന്നും കൂടാതെ നേർച്ച കഴിഞ്ഞുകൂടി. എങ്കിലും നേർച്ച സംബന്ധിച്ച്

വിത്തിട്ട വഴക്ക് വിവിധങ്ങളായ രൂപത്തിൽ പുറത്തേയ്ക്കു പ്രവേശിപ്പാൻ തുടങ്ങി. പൂക്കോട്ടൂർ കോവിലകത്തുനിന്ന് ജൂലായ് 28–ാംനു- ഒരു തോക്കു കളവുപോയിയെന്ന് ഒരു കേസ്സുൽഭവിച്ചു. അതു കളത്തിങ്ങൽ മമ്മതിന്റെ വീട്ടിലുണ്ടെന്ന സംശയത്തിന്മേൽ അയാളുടെ വീട്ടിൽ പോലീസ് പരിശോധന നടത്തി. ഈ കളവും പരിശോധനയും തന്നെ ഉപദ്രവിപ്പാനായി വള്ളുവമ്പുറം അധികാരിയും പൂക്കോട്ടൂർ കോവിലകത്ത് താമസിച്ചിരുന്ന (അന്നത്തെ) ആറാം തിരുമുൽപാടുംകൂടി കല്പിച്ചുകൂട്ടി ഉണ്ടാക്കിയതാണെന്ന് മമ്മതും കൂട്ടാളികളും വിശ്വസിച്ചു. ആ വിശ്വാസത്തിന്ന് എത്രത്തോളം അടിസ്ഥാനമുണ്ടായിരുന്നുവെന്ന് പറവാൻ എന്നാൽ സാദ്ധ്യമല്ല. എങ്കിലും മമ്മതും അയാളുടെ കക്ഷികളും ഇതു പൂർണ്ണമായി വിശ്വസിച്ചിരുന്നുവെന്നതിന്ന് യാതൊരു സംശയവുമില്ല. ഇതുനിമിത്തം പൂക്കോട്ടൂരുള്ള മാപ്പിളമാർക്ക് ആറാം തിരുമുൽപാടിനോടു മുമ്പു തന്നെ ഉണ്ടായിരുന്ന ദ്വേഷത്തിന്നു പതിന്മടങ്ങു ശക്തിയുണ്ടായി. അവർ അദ്ദേഹത്തിന്റെ നേരെ ലഹളയ്ക്കു ശ്രമങ്ങൾ ചെയ്തുതുടങ്ങി. വാൾ മുതലായ ആയുധങ്ങൾ ഉണ്ടാക്കുവാനും ശേഖരിപ്പാനും തുടങ്ങി. ജൂലായിമാസം ഒടുവിൽ ഒരു ദിവസം കളത്തിങ്ങൽ മമ്മതും അനവധി മാപ്പിളമാരും സംഘം ചേർന്ന് ആയുധപാണികളായി പൂക്കോട്ടൂർ കോവിലകം ആക്രമിച്ചു. താൻ പിരിവുകാരനായ കാലത്ത് തനിക്കു കോവിലകത്തുനിന്നു കിട്ടുവാനുണ്ടെന്നു പറഞ്ഞ മാസപ്പടി ബാക്കിയും മററും തൽക്ഷണം തരേണമെന്ന് ആറാം തിരുമുൽപാടിനെ നിർബ്ബന്ധിച്ചു. തൽക്കാലം പണമില്ലെന്നും അതെല്ലാം പിന്നീടു തീർച്ചപ്പെടുത്തിത്തരാമെന്നും അദ്ദേഹം പറഞ്ഞ സമാധാനവാക്കുകളെല്ലാം നിരസിച്ചു മാപ്പിളമാർ അക്രമത്തിന്നു ആരംഭിച്ചു. അവസാനം അയൽവാസിയും ധനികനുമായ ഒരു മാപ്പിളയെ വരുത്തി അയാളോടു പണമോ പണ്ടമോ വാങ്ങി ഇവർക്കു കൊടുത്ത് ഒരു വിധത്തിൽ തകരാറുകളൊന്നും കൂടാതെ ബലമായി വന്ന മാപ്പിളമാരെ തിരുമുൽപാട് പിരിച്ചയച്ചു. ഈ സംഭവം അധികൃതന്മാരുടെ ചെവിയിലെത്തി. അവർ സ്ഥലത്തുചെന്ന് അന്വേഷണങ്ങൾ നടത്തി. 1921 ആഗസ്റ്റ് 1–ാംനു- മഞ്ചേരി സർക്കിളിൻസ്പെക്ടറായി പ്രവൃത്തി നോക്കിയിരുന്ന ആളും, എം. പി. നാരായണമേനോന്റെ പേരിൽ കേസ്സു ചാർജ്ജുവെയ്ക്കുകയും അദ്ദേഹത്തെ ശിക്ഷിപ്പിക്കുകയും ചെയ്തതിന്ന് പാരിതോഷികമായി ഡെപ്യൂട്ടി സുപ്രഡേണ്ടായി കയററം കിട്ടിയ ആളും ആയ മി. എം.നാരായണ

മേനോൻ ഇക്കാര്യത്തെപ്പററിയും മററും അന്വേഷിക്കുവാനായി പൂക്കോട്ടൂരെത്തി കളത്തിങ്ങൽ മമ്മതിനോടും മററും കോവിലകത്തേയ്ക്ക് വരുവാൻ ആവശ്യപ്പെട്ട് ആളെ അയച്ചു. എന്നാൽ ഉടനെ മമ്മത് കോവിലകത്തേയ്ക്ക് ചെന്നില്ല. തൻെറ സന്നാഹങ്ങളെല്ലാം ശേഖരിച്ചു ഒരു യുദ്ധത്തിന്നു പോകുന്ന നിലയിൽ വാളും, കത്തിയും, വടിയും മററായുധങ്ങളും ധരിച്ച 200—ൽ അധികം ആളുകളോടുകൂടിയാണ് മമ്മത് ഇൻസ്പെക്ടരുടെ അടുക്കലേയ്ക്ക് ചെന്നത്. ഇൻസ്പെക്ടർ അധികാരം പ്രയോഗിപ്പാൻ ഒരുങ്ങുന്നപക്ഷം ഇൻസ്പെക്ടരുടെ കഥ കഴിച്ചേക്കാമെന്നുള്ള ഉറപ്പോടും മുൻകരുതലോടുംകൂടിയാണ് ഇവർ പോയിട്ടുണ്ടായിരുന്നത്. പക്ഷേ, സമർത്ഥനായ നാരായണമേനോൻ പല തന്ത്രങ്ങളും പ്രയോഗിച്ചു ഇവരെ ഒരു വിധത്തിൽ മടക്കി അയച്ചു. ഈ സംഭവത്തിൻെറ വൃത്താന്തം നാടെല്ലാം മുഴങ്ങി. 'മദിരാശി മെയിൽ' മുതലായ പത്രങ്ങൾ അതിനെപ്പററി ലേഖനങ്ങളും മുഖപ്രസംഗങ്ങളും വർഷിച്ചു. അധികൃതന്മാർ കോപാന്ധരായി. ഹിച്ചുകോക്ക് പല്ലിറുമ്മി. കലക്ടർ തോമസ്സിന്ന് ബുദ്ധി ഭ്രമിച്ചു. ഏറനാട്ടിലെ മാപ്പിളമാരെ ഒരു പാഠം പഠിപ്പിക്കേണമെന്ന് അവർ തീർച്ചപ്പെടുത്തി. വിവേകത്തെ കെട്ടിവെച്ചു. പ്രതിക്രിയാദുർദ്ദേവതയെ അഴിച്ചുവിട്ടു. അതിൻെറ ഫലം അവരും നാട്ടുകാരും ഉടൻ തന്നെ അനുഭവിക്കേണ്ടിവരികയും ചെയ്തു.

പൂക്കോട്ടൂരിലുണ്ടായ തകരാറുകളുടെ ഫലമായി അധികൃതന്മാർ കുപിതരായിത്തീർന്നുവെന്ന് വിവരിച്ചുവല്ലോ. എങ്കിലും ആ തകരാറുകൾ പ്രവർത്തിച്ചവരുടെ നേരെ വേണ്ടുന്ന നടപടികൾ നടത്തുവാനായി അവർ ഏതാനും ദിവസത്തേയ്ക്കു യാതൊന്നും പ്രവർത്തിച്ചതായി കാണുന്നില്ല. മുൻ അദ്ധ്യായത്തിൽ വിവരിച്ച ഗൌരവമായ സംഭവങ്ങൾ ആഗസ്ത് 1—ാംനു-യാണല്ലോ പൂക്കോട്ടൂരിൽ നടന്നത്. എങ്കിലും ആഗസ്ത് 17—ാംനു- വരെ ഈ സംഭവത്തിലേർപ്പെട്ടവരെ യാതൊരാളെയും അറസ്റ്റ് ചെയ്തിരുന്നില്ല എന്നു മാത്രമല്ല അവരെ പിടിക്കുവാനായി യാതൊരു വാറണ്ടും പുറപ്പെടുവിച്ചതായിപ്പോലും അറിയുന്നില്ല; ലഹളയുടെ ആരംഭത്തിനുശേഷം ഗവർമ്മേണ്ടും ഡിസ്ത്രിക്ട് മജിസ്ട്രേട്ടും പ്രസിദ്ധം ചെയ്ത ചില പ്രഖ്യാപനങ്ങളിൽ ഡിസ്ത്രിക്ട് മജിസ്ട്രേട്ടിൻെറ തിരൂരങ്ങാടി യാത്രയ്ക്കു പൂക്കോട്ടൂർ സംഭവങ്ങൾ ഒരു പ്രധാനകാരണമായി പ്രസ്താവിച്ചു കാൺമാനുണ്ട്. എങ്കിലും തിരൂരങ്ങാടി യാത്രയ്ക്കുള്ള തൽക്കാലകാരണം അതായിരുന്നുവെന്ന് തോന്നുന്നില്ല. അങ്ങനെയായിരു

ന്നുവെങ്കിൽ ആഗസ്റ്റ് 17–ാംനു- ക്കു മുമ്പായിത്തന്നെ അവർ വല്ലതും പ്രവർത്തിപ്പാൻ സംഗതിയുണ്ടാകുമായിരുന്നു. എന്നാൽ ആഗസ്റ്റ് 17–ാംനു- വരെ അവർ യാതൊന്നും പ്രവർത്തിച്ചു കാണുന്നില്ല. പൂക്കോട്ടൂർ മാപ്പിളമാരിൽ പ്രധാനികളുടെ പേരിൽപോലുമുള്ള വാറണ്ടുകരം മിസ്റ്റർ തോമസ് ഒപ്പിട്ടിട്ടുള്ളത് ആഗസ്റ്റ് 18–ാംനു-യാണ്. ശേഷം ചിലരുടെ പേരിൽ 17, 18 തിയ്യതികളിലാണ് വാറണ്ട് ഒപ്പിട്ടിട്ടുള്ളത്. മേപ്പടി വാറണ്ടുകരം ആഗസ്റ്റിൽ എം. പി. നാരായണമേനോൻെറ കേസ്സിൽ സി. മുതൽ എൽ. വരെയുള്ള രേഖകളായി ഫയൽ ചെയ്തിട്ടുണ്ട്. ആ വാറണ്ടുകളിൽ കാണിച്ച പേരും തിയ്യതിയും താഴെ കാണിക്കുന്നു:

| പേർ വിവരം | വാറണ്ട് ഒപ്പിട്ട തിയ്യതി |
|---|---|
| എം. പി. നാരായണമേനോൻ | 18–8–21 |
| ചെമ്പ്രശ്ശേരി കുഞ്ഞിക്കോയതങ്ങരം | 18–8–21 |
| ചെമ്പ്രശ്ശേരി കാരാടൻ മൊയ്തീൻ | 17–8–21 |
| തിരൂരങ്ങാടി കട്ടിലശ്ശേരി മുഹമ്മത് മുസലിയാർ | 18–8–21 |
| തിരൂരങ്ങാടി കാരാട് മൊയ്തീൻകുട്ടി ഹാജി | 18–8–21 |
| ലവക്കുട്ടി | 17–8–21 |
| പൂക്കോട്ടൂർ കെ. അബ്ദുഹാജി | 18–8–21 |
| വള്ളുവമ്പുറം ആലി മുസലിയാർ തിരൂരങ്ങാടി | 17–8–21 |

മേപ്പടി പേരുകളിൽ കാരാട് മൊയ്തീൻകുട്ടിഹാജിയും കെ. അബ്ദുഹാജിയും പൂക്കോട്ടൂർ ഖിലാഫത്ത് കമ്മിററിയിലെ പ്രധാനികളാണ്. പൂക്കോട്ടൂർ സംഭവങ്ങളിൽ സംബന്ധിക്കപ്പെട്ടവരായി ഇവരെയല്ലാതെ മേൽപറഞ്ഞവരിൽ ആരും സംശയിക്കപ്പെടുവാൻ വഴിയില്ല. ചെമ്പ്രശ്ശേരി തങ്ങരം പൂക്കോട്ടൂരിൽനിന്നു 20 നാഴിക കിഴക്കു താമസിക്കുന്ന ആളാണ്. കാരാടൻ മൊയ്തീൻ തിരൂരങ്ങാടി ഖിലാഫത്ത് കമ്മിററിയിലെ ഒരു പ്രധാന അംഗമായിരുന്നു; അപ്രകാരംതന്നെ ആലി മുസലിയാരും ലവക്കുട്ടിയും തിരൂരങ്ങാടി സ്ഥിരതാമസക്കാരാണ്. മുഹമ്മത് മുസലിയാർ ഖിലാഫത്ത് കമ്മിററി പ്രസിഡണ്ടും എം. പി. നാരായണമേനോൻ ഏറനാടു താലൂക്ക് കോൺഗ്രസ്സ് കാര്യദർശിയുമായിരുന്നു. സഹകരണത്യാഗപ്രസ്ഥാനത്തിന്നുശേഷം ഗവർമ്മെണ്ടിൻെറ ശ്രദ്ധ സമാധാനപരിപാലനത്തേക്കാരം ഈ പ്രസ്ഥാനത്തെ നശിപ്പിക്കുന്നതിലായിരുന്നു പതിഞ്ഞിരുന്നത് എന്നത് കുപ്രസിദ്ധമാണല്ലോ. അതി

നാൽ ആ പ്രസ്ഥാനവുമായി ബന്ധപ്പെട്ടവരെന്നു സംശയിക്കപ്പെട്ടവരുടെ പേരിൽ തീരെ അവാസ്തവമായ കുററങ്ങരം ആരോപിച്ചു അവരെ ബന്ധനസ്ഥരാക്കിയിരുന്നതു അക്കാലത്തു സർവസാധാരണമായിരുന്നു. എന്തു കാരണത്താലോ രാജ്യത്തു വല്ല തകരാറും അക്കാലത്ത് ഉണ്ടായിക്കണ്ടാൽ അതിനെ ഈ പ്രസ്ഥാനവുമായി സംഘടിപ്പിച്ചു പ്രസ്ഥാനത്തെ നശിപ്പിക്കുവാൻ ഉപയോഗിക്കുന്നതും പ്രത്യേകിച്ച് ഒരു മാമൂലായിത്തീർന്നിരുന്നു. ഈ മനോഭാവമാണ് പൂക്കോട്ടൂരിലുണ്ടായ തകരാറുകരംക്കുശേഷം മലബാറിൽ പ്രത്യക്ഷപ്പെട്ടു കണ്ടത്. ലഹളയുടെ ആരംഭത്തിന്നുശേഷം ലഹളയുടെ കാരണങ്ങളെപ്പററി ഗവർമ്മെണ്ടു പ്രസിദ്ധം ചെയ്ത പ്രഖ്യാപനങ്ങരം സൂക്ഷ്മമായി പരിശോധിച്ചു നോക്കിയാൽ ഡിസ്ത്രിക്ട് മജിസ്രേട്ടു പുറപ്പെടുവിച്ച വാറണ്ടുകരംക്കും അവ നടത്തുവാനായി താൻ തന്നെ പുറപ്പെട്ടിറങ്ങിയതിന്നും മൂന്നു കാരണങ്ങളാണ് പ്രസ്താവിച്ചുകാണുന്നത്: (ആഗസ്റ്റ് 22—ാംനു-ത്തെ 'മദിരാശി മെയിലി'ൽ നോക്കുക)

1. 1894—ൽ ലഹളയിൽ കൊല്ലപ്പെട്ട മാപ്പിളമാരെ തിരൂരങ്ങാടിയിൽ മറചെയ്ത സ്ഥലത്തു പ്രാർത്ഥന നടത്തിയത്.

2. അന്യായമായി പൂക്കോട്ടൂരിലുള്ള ഒരു മാപ്പിളക്കുടിയാൻെറ വീടു ശോധനചെയ്തുവെന്ന നാട്യത്തിന്മേൽ ആ കുടിയാൻെറ ജന്മിയോടു പണം അപഹരിച്ചതും ഇൻസ്പെക്ടറെ കൊലപ്പെടുത്തുവാനായി ശ്രമിച്ചതും.

3. തിരൂരിന്നടുത്തുള്ള താനാളൂരിൽ കള്ളു ചെത്തുന്നവരെ അടിച്ചുപദ്രവിക്കുകയും കുടങ്ങരം ഉടയ്ക്കുകയും ചെയ്തവരെ പിടിക്കുന്നതിൽ പൊലീസിനെ തടസ്സപ്പെടുത്തിയത്.

ഈ സംഭവങ്ങരം ചില സംഘങ്ങളുടെ പ്രേരണ നിമിത്തമാണെന്ന് ഡിസ്ത്രിക്ട് മജിസ്രേട്ടിന് ബോദ്ധ്യം വന്നിരിക്കയാൽ അതിൻെറ തലവന്മാരെ മാപ്പിള ആക്ട് പ്രകാരം പിടിച്ച് വേണ്ട നടപടികരം നടത്തുവാനായിട്ടാണ് ഡിസ്ത്രിക്ട് മജിസ്രേട്ട് തിരൂരങ്ങാടിക്കു പോയതെന്നാണ് ഈ കമ്യൂണിക്കെയിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ളത്. ഇവയിൽ താനാളൂരിലുണ്ടായെന്നു പറയുന്ന സംഭവം കോൺഗ്രസ്സിൻെറ കാര്യപരിപാടിയിൽ അടങ്ങീട്ടുള്ള മദ്യപാനനിരോധവുമായി സംബന്ധമുള്ളതായി കരുതാമായിരിക്കാം. എന്നാൽകൂടി അക്രമരാഹിത്യത്തെ അംഗീകരിച്ചു പ്രവർത്തിക്കുന്ന കോൺഗ്രസ്സ്—ഖിലാഫത്ത് പ്രവർത്തകന്മാർ അടികലശലിന്നും മദ്യകുംഭം ഉടയ്ക്കുന്നതിന്നും പോലീസ്സിനെ ഉപദ്ര

വിക്കുന്നതിന്നും ഒരിക്കലും അനുകൂലികളാണെന്നു സംശയിക്കപ്പെടുവാൻ തരമില്ല. അഥവാ അങ്ങനെ സംശയിക്കപ്പെടാമെന്നിരിക്കിൽക്കൂടി പൊന്നാനി താലൂക്കിൽ യാതൊരു കോൺഗ്രസ്സ് പ്രവൃത്തിയും ചെയ്യിട്ടില്ലാത്ത നാരായണമേനവൻ ഇതിന്നു ഏതു വിധത്തിലും ഉത്തരവാദിയാകുവാൻ തരമില്ല. പൂക്കോട്ടൂരിലുള്ള തകരാറുകൾ ഒരു കുടിയാനും ജന്മിയും തമ്മിലുള്ള സ്വരച്ചേർച്ചയില്ലായ്മയുടെ ഫലമായിരുന്നുവെന്ന് ഗവർമ്മേണ്ടുതന്നെ ഏതാണ്ടു സമ്മതിക്കുന്നു. അതിന്നു മുഹമ്മത് മൗലവിയും നാരായണമേനവനും ചെമ്പ്രശ്ശേരി തങ്ങളും ഒരുവിധത്തിലും ഉത്തരവാദിയാകുവാനും വഴിയില്ല. തിരൂരങ്ങാടിയിൽ നടത്തിയെന്നു പറയുന്ന പ്രാർത്ഥനകളും ഇരുവരുമായും യാതൊരു ബന്ധവുമില്ല. എന്നു മാത്രമല്ല, മേപ്പടി പ്രാർത്ഥനകൾ എങ്ങനെയാണ് കുററകരമാകുന്നതെന്ന് മനസ്സിലാകുന്നതുമില്ല. ആലി മുസലിയാരുടെ കേസിൽ മേപ്പടി പ്രാർത്ഥനകൾ ഒരു കുററമായി ജഡ്ജിമാർ സ്വീകരിച്ചതുമില്ല. എന്നാൽ മേൽപറഞ്ഞ എട്ടു പേരും ഖിലാഫത്തുമായി ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ ബന്ധപ്പെട്ടവരായിരുന്നു. 'ചുക്കില്ലാതെ കഷായമില്ല' എന്ന പഴമൊഴിക്കനുസരിച്ചു ഖിലാഫത്തില്ലാതെ യാതൊരു കരാറുമില്ലെന്ന് വിശ്വസിക്കുകയോ, വിശ്വസിച്ചിരുന്നുവെന്ന് നടിക്കുകയോ ചെയ്യിരുന്ന മിസ്റ്റർ തോമസ്സിൻെറ ദൃഷ്ടിയിൽ മേൽപറഞ്ഞ സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെട്ട വ്യാധിക്കു ഖിലാഫത്തുമായി ബന്ധപ്പെട്ടവരെ പിടിച്ചു ബന്ധിക്കുന്നതല്ലാതെ മററു യാതൊരു മാററുമരുന്നും കാണുവാൻ സാധിച്ചിരുന്നില്ല. അതുതന്നെ കണ്ടുപിടിക്കുവാൻ ആഗസ്റ്റ് 17—ാംനു-വരെ മിസ്റ്റർ തോമസ് കാക്കേണ്ടിവന്നു. എന്നിട്ടും പോലീസ്സിന്നു തടസ്സം നേരിട്ട പൂക്കോട്ടൂർക്കോ താനാളൂർക്കോ അല്ല ഡിസ്ട്രിക്ട് മജിസ്ട്രേട്ട് സൈന്യസമേതം യാത്രചെയ്യത്. ഖിലാഫത്ത് പ്രസ്ഥാനത്തിന്ന് ആദ്യകാലം മുതല്ക്കുതന്നെ ശക്തിയുണ്ടായിരുന്ന തിരൂരങ്ങാടിയാണ്, തൻെറ യുദ്ധസംരംഭങ്ങൾക്ക് ലക്ഷ്യമായി ഭവിച്ചത്. ഈ താമസവും കോങ്കണ്ണൻെറ ദൃഷ്ടി പോലെ ഒരു ദിക്കിലേയ്ക്കു നോക്കിയ നോട്ടം മറെറാരു ദിക്കിൽ പതിഞ്ഞതും കുററക്കാരെ പിടിക്കുന്നതിന്നു പകരം കുററവുമായി യാതൊരു ബന്ധവുമില്ലാത്തവരെ തൻെറ വാറണ്ടുകൾക്കു ലാക്കാക്കിയതും മററും ആലോചിക്കുമ്പോൾ കമ്യൂണിക്കേകളിൽ പ്രസ്താവിച്ച സംഗതികൾ പൂർണ്ണമായി വിശ്വസിക്കുവാൻ വഴികാണുന്നില്ല. ഈ സംഭവങ്ങളും കലക്കരുടെ തിരൂരങ്ങാടി യാത്രയും തമ്മിൽ

യാതൊരു ബന്ധവുമില്ലെന്നു ഞാൻ ശഠിക്കുന്നില്ല. എന്നാൽ ഈ വാറണ്ടുകളെല്ലാം 17, 18 തിയ്യതികളിലായി തെയ്യാറാക്കുവാനും അവ നടത്തുവാനായി താൻ തന്നെ ചാടിപ്പുറപ്പെടുവാനും ഉള്ളിൽ നീറിക്കിടന്നിരുന്ന തീ പെട്ടെന്നു കത്തിജ്വലിക്കുവാനും ചില പ്രത്യേക കാരണങ്ങൾകൂടി ആഗസ്റ്റ് 15, 16, 17 തിയ്യതികളിൽ ഉണ്ടായിട്ടുണ്ട്. അവ ഖിലാഫത്തും സഹകരണത്യാഗവുമായി ഏററവും അടുത്തു സംബന്ധമുള്ളവയും തനിക്കു പ്രത്യേകിച്ചു വെറുപ്പിന്ന് ഇടയാക്കിയവയും ആയിരുന്നുതാനും.

ന്യായരഹിതമായി ജെയിലിലയച്ച യു. ഗോപാലമേനോൻ മുതലായവരുടെ ആറുമാസത്തെ ശിക്ഷയുടെ അവധി അവസാനിക്കുന്ന ദിവസമായിരുന്നു ആഗസ്റ്റ് 15–ാംതിയ്യതി. കണ്ണൂർ ജെയിലിൽനിന്നു ഇവരെ വിട്ടപ്പോൾ അവരെ സ്വീകരിപ്പാനും എതിരേല്പാനും കണ്ണൂർ, തലശ്ശേരി, കോഴിക്കോട് ഈ സ്ഥലങ്ങളിൽ കാലേക്കൂട്ടിത്തന്നെ പല ഒരുക്കങ്ങളും ചെയ്തുവന്നിരുന്നു. 15–ാംനു കണ്ണൂരിലും, 16–ാംനു തലശ്ശേരിയിലും ഉണ്ടായ വമ്പിച്ച ഘോഷയാത്രയിലും പൊതുജനയോഗങ്ങളിലും പങ്കുകൊണ്ട് 17–ാംനു ഇവർ കോഴിക്കോട്ടു വന്നിറങ്ങി. 1920–ൽ മഹാത്മാഗാന്ധി കോഴിക്കോട്ടു വന്നപ്പോൾ ഉണ്ടായ ആഘോഷത്തിനു ഏകദേശമെങ്കിലും തുല്യതവമുണ്ടായിരുന്നു അന്നത്തെ ആഘോഷം; ഇത് ഖിലാഫത്ത് പ്രസ്ഥാനത്തിൽ ജനസാമാന്യത്തിനുണ്ടായിരുന്ന തല്പരതയേയും കലക്ടർ തോമസ്സിൻെറ പ്രവൃത്തിയിൽ ജനങ്ങൾക്കുണ്ടായിരുന്ന നീരസത്തേയും വെളിവാക്കി. മുളയിൽത്തന്നെ നുള്ളിക്കളയാമെന്ന ഉദ്ദേശ്യത്തോടുകൂടി താൻ ചെയ്ത പ്രവൃത്തിക്കു പൊതുജനങ്ങൾ നൽകിയ സാക്ഷ്യപത്രം മിസ്റ്റർ തോമസ്സിനെ എത്രമാത്രം ക്ഷുഭിതനാക്കിത്തീർത്തിരിക്കണമെന്നത് ഊഹനീയമാണ്. കൊടികളാലും തോരണങ്ങളാലും അലങ്കരിക്കപ്പെട്ടിരുന്ന നഗരവീഥികളിൽക്കൂടി സൈ്വരസഞ്ചാരം ചെയ്തുകൊണ്ടുള്ള ഘോഷയാത്ര ഏകദേശം ഉച്ചയോടുകൂടി കലക്ടരുടെ ആസ്ഥാനമായ ഹജൂർ കച്ചേരിയുടെ മുന്നിലെത്തി. സന്തോഷത്താൽ ഉന്മത്തമായിരുന്ന ജനക്കൂട്ടം മിസ്റ്റർ തോമസ് ഹജൂർ കച്ചേരിയുടെ മുകളിലുള്ള വരാന്തയിൽ നില്ക്കുന്നതു കണ്ടപ്പോൾ മതിമറന്നു കൈകൊട്ടി ആർത്തു. അതു ഞങ്ങളിൽ ചിലർക്കു അത്യന്തം വ്യസനത്തിന്നും ലജ്ജയ്ക്കും കാരണമായി. ജനങ്ങളോട് വളരെ താണു തൊഴുതപേക്ഷിച്ച് ഈ കൈകൊട്ടൽ ഞങ്ങൾ ഉടനെ

നിർത്തി. എങ്കിലും ഈ നിന്ദ അഭിമാനിയായ കലകൂരുടെ ഹൃദയത്തിൽ കൂർത്തുമൂർത്ത ബാണംപോലെ തറച്ചിരിക്കണമെന്നതിനു സംശയമില്ല.

അന്നു വൈകുന്നേരം 4 മണിക്കു കോഴിക്കോട്ട് കടപ്പുറത്തുവെച്ച് അനേകായിരം ജനങ്ങൾ കൂടിയ ഒരു പൊതുയോഗം നടന്നു. അതിൻെറ അവസാനത്തിൽ ഒരു വിശേഷ സംഭവമുണ്ടായി. കോൺഗ്രസ്സ് പ്രവൃത്തിയുടെ ഫലമായി ഖദർവസ്ത്രം ഇവിടെ ധാരാളമായി പ്രചരിക്കുവാൻ തുടങ്ങിയിരുന്നുവെങ്കിലും വിദേശവസ്ത്രദഹനം മലബാറിലെങ്ങും നടത്തിയിരുന്നില്ല. ഈ കാര്യത്തിൽ അന്നത്തെ ജനങ്ങളുടെ ഉത്സാഹത്തെ സഭാ ഭാരവാഹികൾ ഉപയോഗിപ്പാൻ തീർച്ചപ്പെടുത്തി. അന്നും തലേന്നുമായി നഗരത്തിൽ നിന്നു വളരെ വിദേശ വസ്ത്രങ്ങൾ ശേഖരിച്ചിരുന്നു. കടപ്പുറത്ത് അതെല്ലാം ഒരുക്കൂട്ടി തീ കൊടുത്തു. സഭയിൽ ഹാജരുണ്ടായിരുന്നവരുടെ ദേഹത്തിലുള്ള വിദേശവസ്ത്രങ്ങളെല്ലാം ആ തീയിൽ ഇടുവാൻ പ്രസംഗമണ്ഡപത്തിൽനിന്നു പലരും വിളിച്ചുപറഞ്ഞു. പിന്നീടുണ്ടായ കാഴ്ച അന്നു കണ്ടവരാരും മറക്കില്ല. അടുത്തുനിന്നും അകലെനിന്നും നാനാഭാഗത്തുനിന്നും പലവിധങ്ങളായ വസ്ത്രങ്ങൾ ചിതയിലേയ്ക്കു പറന്നുവന്നു തുടങ്ങി. പലവിധം തൊപ്പികളും തലപ്പാവുകളും ഷോളുകളും ഉറുമാലുകളും വേഷ്ടികളും പാവുകളും കോട്ടുകളും ഷർട്ടുകളും ടൈകളും കോളറുകളും കൂട്ടംകൂട്ടമായി പ്രത്യേകരൂപത്തിലുള്ള വലിയ വലിയ ശലഭങ്ങൾ പോലെ തീ കുണ്ഡത്തിൽ വന്നുപതിച്ചു. കോട്ടും ഷർട്ടും തലപ്പാവും അങ്കവസ്ത്രവും മററും ധരിച്ചുവന്ന അധികം പേരും ഏകവസ്ത്രധാരികളും അർദ്ധനഗ്നന്മാരുമായി വീട്ടിലേക്കു മടങ്ങിപ്പോയി. അന്നുണ്ടായ എല്ലാ സംഭവങ്ങളെക്കാളും ഈ വഹ്നി അധികൃതന്മാരുടെ കോപവഹ്നിയെ ജ്വലിപ്പിക്കുവാൻ സഹായിച്ചു.

ആഗസ്റ്റ് 17–ാം തിയ്യതി കോഴിക്കോട്ടു നടന്ന സംഭവങ്ങൾ ശാന്തപ്രകൃതനെന്നു അധികമായ പ്രശസ്തി നേടീട്ടില്ലാത്ത മിസ്റ്റർ തോമസ്സിനെ എത്രമാത്രം ക്ഷോഭവിഹ്വലനാക്കിത്തീർത്തിരിക്കണമെന്ന് അദ്ദേഹത്തെ പരിചയമുള്ളവർക്ക് ഊഹിച്ചറിവാൻ വളരെ പ്രയാസമില്ല. മിസ്റ്റർ തോമസ് പ്രകൃത്യാ ഒരു ദുഷ്ടനല്ല. കടുംകയ്യുകൾ ചെയ്യുവാൻ അദ്ദേഹത്തിന്നു വളരെ മടിയാണ്. സ്വതവേ ദയാലുവും ശുദ്ധനുമായ ഇദ്ദേഹത്തിന്നു കാര്യങ്ങളുടെ ഭവിഷ്യത്തുകളെപ്പററി ദീർഘമായി ആലോചിച്ചു വേണ്ടതു ചെയ്യാനുള്ള പാടവം വളരെ

യുണ്ടെന്നു പറവാൻ തരമില്ല. മുൻകോപവും അധികാര വലിപ്പത്തിൽ അതിരുകവിഞ്ഞ വിശ്വാസവുമുള്ള മിസ്റ്റർ തോമസ് ദുരുപദേഷ്ടാക്കളുടെ വലയിൽപ്പെട്ട് അപകടങ്ങളും പ്രവർത്തിച്ചിട്ടുണ്ട്. നിസ്സഹകരണപ്രസ്ഥാനത്തെ ചെറുക്കുന്നതോ അതിനെ നിസ്സാരമെന്ന നിലയിൽ വകവെയ്ക്കാതിരിക്കുന്നതോ ഏതാണ് ഉത്തമമായ മാർഗമെന്ന് വൈസ്റോയിയും ഗവർണ്ണരും മററും ഗാഢമായി ആലോചിച്ചു സാഹസമായി ഒന്നും പ്രവർത്തിപ്പാൻ ഒരുങ്ങാതിരുന്ന അവസരത്തിലാണ് ഒരു ജില്ലാ കലക്ടർ മാത്രമായ തോമസ് പ്രസ്ഥാനത്തെ മുളയിൽതന്നെ നുള്ളിക്കളവാൻ (To Scotch the movement) തീർച്ചപ്പെടുത്തി സർവേന്ത്യാ നേതാക്കന്മാരിലൊരു പ്രധാനിയായ മിസ്റ്റർ യാക്കൂബ് ഹുസൈനെ പിടിച്ചു ജയിലിലയച്ചത്. താൻ പുറപ്പെടീച്ച കല്പന യഥാർത്ഥത്തിൽ നിരസിക്കുന്നുണ്ടോ എന്നറിയുന്നതുവരെ കാക്കുവാൻ പോലും മിസ്റ്റർ തോമസ്സിന്നു ക്ഷമയുണ്ടായില്ല. അഥവാ നിരസിക്കുന്നപക്ഷം അതിൽ പരം തൻെറ അധികാരശക്തിക്കു ഒരു ഭംഗം വരുവാനില്ല എന്ന ധാരണയാലാണ് മിസ്റ്റർ യാക്കൂബ് ഹൂസ്സൈന്നു, മിസ്റ്റർ തോമസ് നേരിട്ടു നോട്ടീസ്സയച്ചത്. നോട്ടീസ്സ് കണ്ടാൽ മിസ്റ്റർ യാക്കൂബ് ഹൂസ്സൈൻ നടുങ്ങി മലബാർ വിട്ടോടുമെന്ന് അന്ധാളിച്ച മിസ്റ്റർ തോമസ് തൻെറ നോട്ടീസ്സിൻെറ മാനം പരിപാലിപ്പാൻ വേണ്ടി യാക്കൂബ്ഹുസ്സൈനെയും മററും ജെയിലിലയയ്ക്കുവാൻ നിർബ്ബന്ധിതനായി. 107–ാം വകുപ്പുപ്രകാരം ഒരു നോട്ടീസ്സയയ്ക്കുന്നതിനുപകരം മിസ്റ്റർ ഹുസ്സൈനെ സ്വകാര്യമായി വിളിച്ചു രണ്ടു വാക്കു പറയുവാൻ മിസ്റ്റർ തോമസ്സിന്നു ക്ഷമയോ വിവേകമോ ഉണ്ടായിരുന്നുവെങ്കിൽ യാക്കൂബ് ഹുസൈൻ അതിനു തീർച്ചയായും വഴിപ്പെടുമായിരുന്നു. മുൻകോപം, അവിവേകം, അധികാരപ്രമത്തത എന്നീവക ദുർദേവതകളുടെ ഒരു വിളയാട്ടമാണ് 1921 ഫെബ്രുവരി 16–ാംനു- കോഴിക്കോട്ടു പ്രത്യക്ഷപ്പെട്ടത്. ഇവതന്നെയാണ് ആറു മാസം കഴിഞ്ഞതിനുശേഷം വീണ്ടും രംഗപ്രവേശം ചെയ്ത ദുർമ്മൂർത്തികരം. കള്ളപ്പുള്ളികളെപ്പോലെ താൻ ശിക്ഷിച്ച മൂന്നു പിള്ളരെ (ജനാബ് മൊയ്തീൻകോയയും മേനവനും ക്ഷമിക്കണം) ജനങ്ങരം രാജാക്കന്മാരെപ്പോലെ ബഹുമാനിച്ചു. ഇന്ത്യാ ചക്രവർത്തിയുടെ പ്രതിനിധിയായ ജില്ലാധിപതിയെ ജനസാമാന്യം അപഹസിച്ചു. ഏതൊരു പ്രസ്ഥാനത്തെ ഒരു തൂവൽതുണ്ടിൻെറ അരനിമിഷത്തെ പ്രയോഗംകൊണ്ടു നാമാവശേഷമാക്കിക്കളയാമെന്നു താൻ അഭിമാനിച്ചുവോ ആ

പ്രസ്ഥാനം നാടെല്ലാം പടർന്നുപിടിച്ച് ഗവർമ്മെണ്ടിൻെറ ശക്തിയെ ഉന്മൂലനം ചെയ്യത്തക്ക പ്രാബല്യത്തോടുകൂടി സുസ്ഥിരമായി പ്രതിഷ്ഠിക്കപ്പെട്ടു. ഇതെല്ലാം മിസ്റ്റർ തോമസ്സിനേക്കാരം പതിന്മടങ്ങു പാകവും ഗാംഭീര്യവും ഉള്ളവരെപ്പോലും താളം തെററിക്കുവാൻ മതിയായിട്ടുള്ളതായിരുന്നു. പിന്നെ മിസ്റ്റർ തോമസ്സിൻെറ കഥ പറയേണമോ? തൻെറ ഭയങ്കരമായ വിശ്വരൂപം കോൺഗ്രസ്സുകാർക്കും ഖിലാഫത്തുകാർക്കും അവരെ പൂജിക്കുന്ന മാപ്പിളമാർക്കും മററു നാട്ടുകാർക്കും ഒന്നു കാട്ടിക്കൊടുപ്പാൻ മലയാംകലക്ടർ തീർച്ചപ്പെടുത്തി. വാറണ്ടുകരം തയ്യാറാക്കി ഒപ്പിട്ടു. സൈന്യത്തെ ശേഖരിച്ചു. മലപ്പുറത്തുനിന്നു സ്പെഷൽ ഫോർസിന്നു തിരൂരങ്ങാടിക്കു വരുവാൻ കല്പന കൊടുത്തു. ഉള്ളിലടങ്ങാതെ തള്ളിപ്പുറപ്പെടുന്ന കടുംകോപത്തിൻെറ കോമരമായി അക്ഷമത്വം മൂർത്തീകരിച്ച മിസ്റ്റർ തോമസ് തൻെറ വാറണ്ടുകരം താൻതന്നെ നടത്തുവാൻ 19—ാംനു- രാത്രി ഗൂഢമായി സൈന്യസമേതം തിരൂരങ്ങാടിക്കു യാത്രയുമായി.

# മിസ്ററർ തോമസ്സിൻെറ അവിവേകം

ആഗസ്റ്റ് 17—ാംനു- കോഴിക്കോട്ടു നടന്ന ആഘോഷങ്ങളും ജനസാമാന്യത്തിൻെറ അളവററ ഉത്സാഹവും നേരിട്ടു കണ്ടപ്പോഴാണ് സഹകരണത്യാഗപ്രസ്ഥാനത്തിന്നു സിദ്ധിച്ചിട്ടുണ്ടായിരുന്ന ശക്തിയും വ്യാപ്തിയും മിസ്റ്റർ തോമസ്സിന്ന് ഒരുവിധം ശരിയായി മനസ്സിലാക്കുവാൻ സാധിച്ചത്. ഖിലാഫത്ത് യോഗങ്ങളെപ്പററി പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തി കാണുന്ന റിപ്പോർട്ടുകൾ പ്രായേണ താൻ വിശ്വസിച്ചിട്ടുണ്ടായിരിക്കയില്ല. എന്നാൽ താൻ നേരിട്ടു കണ്ട കാഴ്ച നൈരാശ്യത്തിന്നും കോപത്തിന്നും കാരണമായിത്തീർന്നു. താൻ ഒപ്പിട്ട വാറണ്ടുകളിൽ കാണിച്ച ആളുകളിൽ അധികം പേരേയും പിടിപ്പാൻ വലുതായ പ്രയാസമൊന്നുമുണ്ടായിരുന്നില്ല. വാറണ്ടുകൾ നടത്തുവാൻ പോലീസ്സുദ്യോഗസ്ഥന്മാരെ ഭരമേല്പിക്കുന്ന സാധാരണസമ്പ്രദായത്തിൽനിന്ന് വ്യത്യസ്തമായ ഒരു നടപടി ഈ ഹരജികളുടെ കാര്യത്തിലംഗീകരിപ്പാൻ ഡിസ്ത്രിക്ട് മജിസ്ത്രേട്ടിന്നു പറയത്തക്ക യാതൊരു സംഗതിയുമുണ്ടായിരുന്നില്ല. വാറണ്ടു നടത്തുവാൻ പോലീസ്സിന്നു സാധിക്കയില്ലെന്ന വിശ്വാസം അദ്ദേഹത്തിന്നുണ്ടാകുവാൻ അവസരമോ കാരണമോ ഉണ്ടായിട്ടുമില്ല. മാപ്പിളമാരുടെ ലഹളസ്വഭാവം തനിക്കു നല്ലവണ്ണം അറിയാമെന്നും സമാധാനരക്ഷയ്ക്കായി മാത്രമാണ് താൻ കാംക്ഷിക്കുന്നതെന്നും ഗോപാലമേനോന്നും മററും മിസ്റ്റർ തോമസ്സ് 107—ാം വകുപ്പുപ്രകാരം അയച്ച നോട്ടീസ്സിൽ ഘോഷിച്ചിരുന്നതെല്ലാം ആ നോട്ടീസ്സിൻെറ ആവശ്യത്തിന്നുമാത്രം പറഞ്ഞിരുന്നതാണെന്നതിന്നു യാതൊരു സംശയവുമില്ല. മാപ്പിളമാരുടെ സ്വഭാവം മിസ്റ്റർ തോമസ്സിന്നു അറിയാമായിരുന്നുവെങ്കിൽ ചെമ്പ്രശ്ശേരിയിലും പൂക്കോട്ടൂരും തിരൂരങ്ങാടിയിലും മററുമുള്ള പലരേയും കൂട്ടി ഒന്നായി പിടിക്കുവാൻ വാറണ്ടെഴുതി ഏറനാടു മുഴുവനുംകൂടി ഒരുമിച്ചിളക്കുവാൻ അദ്ദേഹം ഒരിക്കലും ധൈര്യപ്പെടുകയില്ലായിരുന്നു. എന്നു മാത്രമല്ല, മാപ്പിളമാരുടെ നേരെ ഒരു യുദ്ധത്തിന്നു പോകുന്നുവെന്നു ആർക്കും തോന്നത്തക്കവണ്ണമുള്ള ഒരുക്കങ്ങളോടുകൂടി സൈന്യസമേതം അവരുടെ പള്ളിവളഞ്ഞ് ശോധന ചെയ്യാനും അയാൾ ഒരുങ്ങുകയില്ലായിരുന്നു. അക്രമപ്രവൃ

ത്തിയിൽ ഏർപ്പെട്ടവരെന്നു കുപ്രസിദ്ധി നേടിയിട്ടുണ്ടായിരുന്ന പൂക്കോട്ടൂർകാരുടെ നേരെ മിസ്റ്റർ തോമസ് ഒരു സൈന്യത്തോടുകൂടിത്തന്നെ പോകയാണെങ്കിൽകൂടി ആ യാത്രയുടെ ഉദ്ദേശ്യം മാപ്പിളമാർ തെററിദ്ധരിക്കയില്ലായിരുന്നു. നേരെ മറിച്ചു അടുത്ത കാലത്തൊന്നും യാതൊരു തകരാറും ഉണ്ടായിട്ടില്ലാതിരുന്ന തിരൂരങ്ങാടിക്കു കലക്ടർ പട്ടാളത്തോടുകൂടി പോയെന്നും പള്ളി വളഞ്ഞെന്നും കേട്ട മാപ്പിളമാർ കാരണം കാണാതെ അന്ധാളിച്ചതിലും തങ്ങളുടെ വർഗത്തോടു യുദ്ധത്തിന്നായി ഗവർമ്മെണ്ട് ഒരുങ്ങിയിരിക്കുന്നുവെന്ന് തെററിദ്ധരിച്ചതിലും എന്താണത്ഭുതം! വാറണ്ടുകൾ നടത്തുവാൻ വിഷമമായി വരികയോ ഇന്നിന്നവർ ഇന്നിന്നദിവസം തന്റെ മുമ്പാകെ ഹാജരാകേണമെന്നു വിളംബരം ചെയ്ത പ്രകാരം ഹാജരാവാതിരിക്കുകയോ ചെയ്തതിന്നുശേഷമാണ് മിസ്റ്റർ തോമസ് ഈ വിധം സന്നാഹങ്ങൾ കൂട്ടിയിരുന്നതെങ്കിൽ അതിനെപ്പററി വലിയ തെററു പറയാൻ പാടില്ല. പക്ഷേ, പൊടുന്നനവെ ഉണ്ടായ കോപത്തിന്നു പൊടുന്നനവെതന്നെ ഉപശാന്തി വേണ്ടതാകയാൽ സാവകാശത്തിൽ കാര്യം സാധിക്കുന്നതിന്നു മിസ്റ്റർ തോമസ്സിനെ തന്റെ മനസ്സ് അനുവദിച്ചില്ല. സമാധാന പരിപാലനത്തേയും മിസ്റ്റർ തോമസ് അത്ര കാര്യമാക്കീട്ടുണ്ടായിരുന്നില്ല. ബ്രിട്ടീഷ് ഗവർമ്മെണ്ടിന്റെ നയം സൂക്ഷ്മമായി പരിശോധിച്ചാൽ അവർ തങ്ങളുടെ ശക്തിക്കു ഭംഗം നേരിടീക്കുന്നതോ തങ്ങളുടെ ഭരണ പ്രവൃത്തിക്കു തടസ്സം നേരിടീക്കുന്നതോ ആയ ദേശീയ പ്രസ്ഥാനങ്ങളെയാണ് വമ്പിച്ച ലഹളകളെക്കാളും ഭയപ്പെടുന്നതെന്ന് ദൃഷ്ടാന്തപ്പെടുന്നതാണ്. കോഴിക്കോട്ടുണ്ടായ ടൌൺഹാൾ ലഹളയോ ഒററപ്പാലത്തു പോലീസ്സുകാർ ചെയ്ത അഴിമതികളോ പൂക്കോട്ടൂരിൽ നടന്ന സംഭവത്തേക്കാൾ ഒട്ടും ഗൌരവം കുറഞ്ഞവയല്ലായിരുന്നു. ഗൌരവമായ സമാധാനഭംഗം വരുത്തിയ ഈ രണ്ടു കാര്യത്തിലും സമാധാനരക്ഷയിൽ അത്യാസക്തന്മാരെന്നു ഘോഷിക്കുന്ന മിസ്റ്റർ തോമസ്സും മററധികൃതന്മാരും സമാധാനലംഘകന്മാരോടു പെരുമാറിയ രീതി മലബാറിലുള്ളവർക്കെല്ലാവർക്കും അറിയാവുന്നതാണ്. പൂക്കോട്ടൂരും താനാളൂരും നടന്ന സംഭവങ്ങളുടെ ഗൌരവം മിസ്റ്റർ തോമസ് ആഗസ്റ്റ്മാസം 17, 18 തിയ്യതികളിൽ മാത്രമേ ഗ്രഹിച്ചുള്ളുവെന്നതിൽനിന്നു സമാധാന പരിപാലനമല്ല തിരൂരങ്ങാടി യാത്രയുടെ മുഖ്യോദ്ദേശ്യമെന്ന് വ്യക്തമാകുന്നുണ്ട്. തന്റെ പ്രവൃത്തി നിമിത്തം ചില തകരാറുകൾ ഉണ്ടായേയ്ക്കാമെന്ന് മിസ്റ്റർ തോമസ്തന്നെ ഊഹിച്ചിരുന്നി

രിക്കണം. 1921 സപ്തമ്പർ 12–ാംനു-ത്തെ 'മദ്രാസ് മെയിലിൽ' ഏറനാട്ടിലെ ഒരു തോട്ടക്കാരൻ സായ്‌വ് "Away from the Moplas" (മാപ്പിളമാരിൽനിന്നുള്ള ഓട്ടം) എന്ന ഒരു ലേഖനം പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. അതിൽ സായ്‌വന്മാരുടെ പേരുമാത്രം മാററിച്ചേർത്തിട്ടുള്ളതല്ലാതെ മററുള്ള സംഗതികളെല്ലാം ശരിയായി നടന്ന സംഗതികളാണ്. ആഗസ്റ്റ് 22, 23 തിയ്യതിയോടുകൂടി ലഹളയുണ്ടാവാൻ വഴിയുണ്ടെന്നും അതിനാൽ മദാമ്മമാരെ അവിടെനിന്നു ഉടനെ നീക്കം ചെയ്യുകയാണ് നല്ലതെന്നും കലക്ടർ ഈ തോട്ടക്കാർ സായ്‌വന്മാരെ ലഹളയ്ക്ക് അടുത്ത മുമ്പ് അറിയിച്ചിരുന്നുവത്രെ. അതുപ്രകാരം ഒരു മദാമ്മയെ കോഴിക്കോട്ടേയ്ക്ക് കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. അതിൽ പറയുന്ന മൂന്നു സായ്‌വന്മാർ മെസ്സേർസ് ഈററൻ, കോംബ്രൂക്ക്, ബ്രൌൺ—ഇവരാണെന്നാണ് ഊഹിക്കേണ്ടിയിരിക്കുന്നത്. 20–ാംനു- തിരൂരങ്ങാടിയിലുള്ള ശോധനകളും അറസ്റ്റുകളും കഴിഞ്ഞ്, പിന്നെ പൂക്കോട്ടൂർക്കു പോയി അവിടത്തെ അറസ്റ്റുകളും കഴിച്ച് ചെമ്പ്രശ്ശേരി തങ്ങളെ പിടിപ്പാൻ ചെമ്പ്രശ്ശേരി എത്തുമ്പോഴേയ്ക്ക് 22, 23 തിയ്യതിയാകുമെന്ന് കലക്ടർ ആലോചിച്ചിട്ടായിരിക്കണം തോട്ടക്കാർക്കു ഈ വിധം മുന്നറിവു കൊടുത്തത്. കരുവാരകുണ്ട്, ചെമ്പ്രശ്ശേരി ഈ പ്രദേശങ്ങൾ മുമ്പുതന്നെ ലഹളയ്ക്കു കേൾവിപ്പെട്ടവയായിരുന്നതിനാൽ അവിടത്തെ പ്രമാണിമാരെ പിടിക്കുമ്പോൾ ചില തകരാറുകൾ ഉണ്ടായേയ്ക്കാമെന്നു മാത്രമേ കലക്ടർ ധരിച്ചിരുന്നുള്ളൂ. അതല്ലാതെ തിരൂരങ്ങാടിയിൽ വല്ല തകരാറുമുണ്ടാകുമെന്നോ തൻെറ പ്രവൃത്തി നാലു താലൂക്കുകളിൽ ആറു മാസത്തേയ്ക്ക് ബ്രിട്ടീഷ് ഗവർമ്മേണ്ടിൻെറ ശക്തി നശിക്കത്തക്ക ഒരു മഹാവിപ്ലവമായി പരിണമിക്കുമെന്നോ തോമസ് സ്വപ്നേപി വിചാരിച്ചതായി തോന്നുന്നില്ല. ശോധനകളും അറസ്റ്റുകളും നടത്തുകയോ സ്വയരക്ഷയ്ക്ക് സൈന്യത്തെ ഉപയോഗിക്കുകയോ ചെയ്യുന്നതല്ലാതെ മററു കടുംകൈകളൊന്നും ചെയ്യുവാൻ മിസ്റ്റർ തോമസ് ഒരിക്കലും ആലോചിച്ചിട്ടുണ്ടായിരുന്നില്ല. ഖിലാഫത്ത് നേതാക്കന്മാരെയെല്ലാം പിടിച്ച് ആ പ്രസ്ഥാനത്തെ നശിപ്പിക്കണമെന്നും മാപ്പിളമാർക്കു തൻെറ 'പവർ' ('Power') ഒന്നു കാണിക്കാമെന്നും മാത്രമേ മിസ്റ്റർ തോമസ് ആലോചിച്ചിരുന്നുള്ളു. ഏറനാട്ടിൽ പോയി രണ്ടു വെടി പൊട്ടിച്ചാൽ ഖിലാഫത്തുകാരും മാപ്പിളമാരും പേടിച്ചരുളുമെന്നു തൻെറ വിശ്വസ്തനായ ഒരു ഉദ്യോഗസ്ഥൻ മിസ്റ്റർ തോമസ്സിനെ ഉപദേശിക്കയുണ്ടായെന്നു ഒരു കിംവദന്തി

യുണ്ട്. തൻെറ കൂടെ ഉണ്ടായിരുന്ന പോലീസ്സുദ്യോഗസ്ഥന്മാരുടെ മനോഗതിയെയോ മാപ്പിളമാരുടെ സ്വഭാവത്തെയോ തൻെറ പ്രവൃത്തികളാൽ സംഭവിക്കാവുന്ന ഭവിഷ്യത്തുക്കളെയോ പററി മിസ്റ്റർ തോമസ് അധികമൊന്നും ആലോചിച്ചതായും തോന്നുന്നില്ല. മിസ്റ്റർ തോമസ് പട്ടാളവുമായി തിരൂരങ്ങാടിക്കു ആ അവസരത്തിൽ ചെന്നതിൻെറ ഉദ്ദേശ്യം ഗ്രഹിപ്പാൻ ജനങ്ങാംക്കു സാധിച്ചില്ലെന്നു മുമ്പു പറഞ്ഞുവല്ലോ. ഖിലാഫത്തിന്ന് ന്യൂനത വരുത്തിയ ബ്രിട്ടീഷ് ഗവർമ്മെണ്ട് തങ്ങളുടെ പരമ വിരോധിയാണെന്നു മാപ്പിളമാർ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു.

ഏഷ്യയിലെ പുണ്യസ്ഥലങ്ങളിലുള്ള പ്രധാനപ്പെട്ട പല പള്ളികളും ബ്രിട്ടീഷ്സൈന്യം നശിപ്പിച്ചിരുന്നുവെന്ന വ്യാജപ്രസ്താവങ്ങളും അവർ വേദവാക്യംപോലെ വിശ്വസിച്ചിരുന്നു. മിസ്റ്റർ തോമസ് പട്ടാളത്തോടുകൂടി തിരൂരങ്ങാടിയിൽ വരികയും പള്ളി വളയുകയും ചെയ്തപ്പോാം ഗവർമ്മെണ്ട് മാപ്പിളമാരുടെ നേരെ യുദ്ധത്തിന്നൊരുങ്ങി അവരേയും അവരുടെ പള്ളികളേയും നശിപ്പിപ്പാനുള്ള ശ്രമമാണ് അതെന്ന് ചിലർ വിശ്വസിച്ചു; അതു ചിലരോടു പറഞ്ഞു; അവരതു പരത്തി. അല്പസമയം കൊണ്ട് ഈ ഊഹങ്ങളും സംശയങ്ങളും അയൽപ്രദേശങ്ങളിൽ പരന്നു. യഥാർത്ഥ സംഗതികാം ആരും ധരിച്ചിരുന്നില്ല, ധരിപ്പാൻ വഴിയുമുണ്ടായിരുന്നില്ല. പള്ളി വളഞ്ഞുവെന്നും അതു നശിപ്പിക്കുമെന്നുമുള്ള വർത്തമാനം അയൽ പ്രദേശങ്ങളിൽനിന്നു ദൂരപ്രദേശങ്ങളിലേയ്ക്കു വ്യാപിച്ചു. ഓരോരുത്തരും അവരവരുടെ മനോധർമ്മം പോലെ വൃത്താന്തങ്ങാംക്കു പൊടിപ്പും തൊങ്ങലും കൂട്ടി. (ഗവർമ്മെണ്ടു കക്ഷിയിൽപ്പെട്ട ചിലർ തന്നെ ചില കള്ള എഴുത്തുകാം എഴുതി താനൂർക്കും മററും അയച്ചിട്ടുണ്ടെന്നു ബലമായ പ്രസ്താവമുണ്ട്. പക്ഷേ, രേഖാമൂലമായ തെളിവു യാതൊന്നും ഞാൻ കണ്ടിട്ടില്ലാത്തതിനാൽ അതു ശരിയാണെന്നു പറവാൻ ഞാനൊരുക്കമില്ല.) തിരൂരങ്ങാടിയുള്ള തങ്ങളുടെ സഹോദരന്മാരോടു അനുകമ്പ പ്രദർശിപ്പിപ്പാനോ അവരെ സഹായിപ്പാനോ മാപ്പിളമാർ അടുത്തുനിന്നും ദൂരത്തുനിന്നും പാഞ്ഞെത്തി. 10–12 നാഴിക ദൂരമുള്ള കോട്ടക്കൽ ചന്തയിൽ കൂടിയ മാപ്പിളമാർപോലും തങ്ങളുടെ സാമാനങ്ങളെല്ലാം ഇട്ടെറിഞ്ഞു തിരൂരങ്ങാടിക്ക് ഓടി. ഉച്ചയായപ്പോഴേയ്ക്കും ''ഉണ്ടയില്ലാത്ത വെടിയെ'' പിന്താങ്ങുന്നവിധം ഉണ്ടയുള്ള വെടികളുടെ ശബ്ദം കേട്ടു തുടങ്ങി. അതു താനൂർക്കാരുമായുണ്ടായ യുദ്ധമായി



തിരൂരങ്ങാടി കേന്ദ്രം

## കലാപബാധിതപ്രദേശങ്ങളിൽനിന്നുള്ള അഭയാർത്ഥികൾ



പുതിയറ (കോഴിക്കോട്) കേന്ദ്രം



മുരിയാട് (കോഴിക്കോട്) കേന്ദ്രം

രുന്നു. പള്ളി വളഞ്ഞുവെന്ന് മുമ്പുതന്നെ കേട്ട അയൽ ദിക്കുകാർ വെടിവെച്ചു തകർത്തി എന്നു വിശ്വസിച്ചു. ആ വർത്തമാനം നാട്ടിൽ പരന്നു. പള്ളി വളഞ്ഞത് കണ്ട വരും വെടി പൊട്ടിയതു കേട്ടവരും എത്രയെങ്കിലുമുണ്ടായിരുന്നു. ഇതു രണ്ടുംകൂടി ഘടിപ്പിപ്പാൻ വലിയ വിഷമം ജനങ്ങൾക്കുണ്ടായില്ല. പള്ളി വെടിവെച്ചു തകർത്തു എന്ന പ്രസ്താവം നാട്ടിൽ പരന്നതോടുകൂടി ഏറനാട്ടിലും വള്ളുവനാട്ടിലും പൊന്നാനിയിലും കോഴിക്കോട് താലൂക്കിലും ഉള്ള മാപ്പിളമാർ ആകമാനം ഒന്നിളകി. ചിലർ തിരൂരങ്ങാടിക്ക് ഓടി. അവരവരുടെ പ്രദേശങ്ങളിൽതന്നെ അക്രമത്തിന്നൊരുങ്ങി. കമ്പിമുറിച്ചു. റെയിൽ നീക്കി. പാലം പൊളിച്ചു. മരങ്ങൾ വെട്ടിയിട്ടു. പൊതുസ്ഥാപനങ്ങൾ നശിപ്പിച്ചു. ഖജാന കൊള്ളയടിച്ചു. നാട്ടുകാരെ കൊള്ള ചെയ്തു. കൊലപാതകങ്ങൾ നടത്തി. ചേലക്കലാപംപോലെ ഭയങ്കര കലാപത്തിന്നു ഈ വിധം മലബാറിനെ ഇരയാക്കുകയും ചെയ്തു.

# തിരൂരങ്ങാടി സംഭവം

മലബാർ കലാപത്തിന്നു മുഖ്യഹേതുവായിത്തീർന്നത് ആഗസ്ല് 20–ാംനു- തിരൂരങ്ങാടിയിൽ നടന്ന സംഭവങ്ങളാണെന്ന് കുപ്രസിദ്ധമാണ്. ലഹളയിലെ ആദ്യത്തേതും ഏററവും പ്രധാനമായതുമായ സംഭവത്തേയാണ് ഈ അദ്ധ്യായത്തിൽ വിവരിപ്പാൻ ഉദ്ദേശിക്കുന്നത്.

1921 ആഗസ്ല് 19–ാംനു- രാത്രിയാണല്ലോ കലക്ടർ മിസ്റ്റർ തോമസ്, ഡിസ്ട്രിക്ട് സുപ്രഡെണ്ട് മിസ്റ്റർ ഹിച്ച്കോക്ക്, ഡെപ്യൂട്ടിസൂപ്രഡെണ്ട് മിസ്റ്റർ ആമു മുതലായവർ ഏതാനും വെള്ളപ്പട്ടാളത്തോടും റിസർവ് പോലീസ്സോടുംകൂടി പ്രത്യേകം ഏർപ്പാടുചെയ്ത തീവണ്ടിവഴിക്ക് തിരൂരങ്ങാടിക്കു യാത്ര ചെയ്തത്. അവർ തിരൂരങ്ങാടി എത്തുമ്പോഴേയ്ക്ക് മലപ്പുറം സ്പെഷൽ പോലീസ്സിലെ 60 പോലീസ്സുകാരും തിരൂരങ്ങാടിയിൽ എത്തിച്ചേരുവാൻ കലക്ടർ ഏർപ്പാടു ചെയ്തിരുന്നു. 20–ാംനു- നേരം പുലരുന്നതിന്നു മുമ്പായി ഇവരെല്ലാം തിരൂരങ്ങാടിയിലെത്തി ആലിമുസലിയാരേയും മററും പിടിക്കുവാനുള്ള ഉദ്ദേശ്യത്തോടുകൂടി ''കിഴക്കെപ്പള്ളി'' എന്നു പറയുന്ന തിരൂരങ്ങാടിപ്പള്ളി അവർ വളഞ്ഞു. മാപ്പിളമാർക്കു വളരെ പ്രധാനമായ മമ്പുറം പള്ളി പുഴയുടെ വടക്കേക്കരെയ്ക്കാണ്. ''കിഴക്കെപ്പള്ളി'' പുഴയുടെ തെക്കേക്കരെയിൽ അങ്ങാടിയുടെ നടുക്കുമാണ്. പള്ളി വളഞ്ഞതിന്നുശേഷം ഡെപ്യൂട്ടി സുപ്രഡേണ്ട് ആമുവും തിരൂരങ്ങാടി ഹെഡ്കോൺസ്റ്റബിളായിരുന്ന മൊയ്തീനും പള്ളിയിൽ കടന്നു. പള്ളി ശോധന ചെയ്തതിൽ ആലിമുസലിയാരേയും മററും കണ്ടുകിട്ടിയില്ല. അതിന്നുശേഷം അപ്രധാനികളായ മൂന്നുപേരെ അറസ്റ്റുചെയ്തു. ഖിലാഫത്ത് ആഫീസിലുള്ള കൊടികളും ബോർഡുകളും ചർക്കകളുമെല്ലാം തകർത്തു. ഏതാനും പോലീസ്സുകാരെ അങ്ങാടിയുടെ കിഴക്കുഭാഗം നിർത്തി. ശേഷം പേർ തിരൂരങ്ങാടി കോടതിയെടുപ്പിലേയ്ക്കു മടങ്ങി. അന്നു പകൽ 10–11 മണിവരെ യാതൊരു തകരാറും ഉണ്ടായില്ല. അപ്പോഴേയ്ക്കു പട്ടാളം വന്നതും പള്ളി വളഞ്ഞതും ആളുകളെ അറസ്റ്റു ചെയ്തതും നാടെല്ലാം പരന്നു. അതോടുകൂടി പട്ടാളത്തിന്റെ ഉദ്ദേശ്യം ഖിലാഫത്തുകാരെയെല്ലാം പിടിക്കുവാനും അതു സാധി

ക്കാത്തപക്ഷം പള്ളി നശിപ്പിക്കുവാനുമാണെന്ന് ചിലർ പറയുവാനും ജനങ്ങൾ വിശ്വസിപ്പാനും തുടങ്ങി. ദൂര പ്രദേശങ്ങളിൽ ഈ ഊഹവും വർത്തമാനവും പള്ളി പട്ടാളം പൊളിച്ചു എന്ന രൂപത്തിൽ പ്രചരിച്ചു. ഈ വർത്തമാനം നാട്ടിൽ പരന്നതോടുകൂടി മാപ്പിളമാർ പല ദിക്കിൽനിന്നും തിരൂരങ്ങാടിക്കു പാഞ്ഞു വന്നുതുടങ്ങി. അതിൽ പ്രധാന മായ ഒരു സംഘം താനൂരിൽനിന്നാണ് വന്നത്. കോട്ടയ്ക്കൽ ചന്തയിൽ കൂടിയ മാപ്പിളമാരടക്കം കിഴക്കൻ പ്രദേശങ്ങളിൽ നിന്നും വളരെപേർ കിഴക്കെ അങ്ങാടിയിൽ സ്വരൂപിച്ചു കൂടി. താനൂർകാർ പരപ്പനങ്ങാടി വഴിക്കു പടിഞ്ഞാറു നിന്നായിരുന്നു വന്നിരുന്നത്. ഈ സംഘം വരുന്നുണ്ടെന്ന വർത്തമാനം കേട്ടപ്പോൾ കലക്ടർ മുതലായ പ്രധാന ഉദ്യോഗ സ്ഥന്മാരും ഏതാനും സൈന്യവുംകൂടി അവരോടു എതിർ പ്പാൻ പടിഞ്ഞാട്ട് യാത്രയായി. താനൂർക്കാരുടെ നേരെ പോയ പോലീസ്സ് സൈന്യത്തോടുകൂടി കലക്ടരും മററു സായ്പന്മാരും പോയിരുന്നില്ലെന്നും വെടികഴിഞ്ഞതിനു ശേഷമാണ് അവരവിടെ എത്തിയിട്ടുള്ളതെന്നും ഒരു വർത്ത മാനമുണ്ട്. തിരൂരങ്ങാടിയിൽനിന്ന് സുമാർ ഒരു നാഴിക പടിഞ്ഞാറുവെച്ച് പോലീസ്സും താനൂർ സംഘവുമായി കൂട്ടിമുട്ടി. പോലീസ്സ് അവരുടെ നേർക്കു വെടിവെച്ച തിന്റെ ഫലമായി ആ കൂട്ടത്തിൽ എട്ടുപത്തു പേർ മരിച്ചു. നാല്പതിൽപുറം ആളുകളെ പോലീസ്സുകാർ അറസ്റ്റുചെയ്തു. അവരിൽ പ്രധാനിയായിരുന്നു ഗവർമ്മേണ്ടിനോടു യുദ്ധം ചെയ്തു എന്ന കുററത്തിന്ന് പിന്നീടു വിചാരണചെയ്തു കൊല്ലപ്പെട്ട താനൂർ ഖിലാഫത്ത് സിക്രട്ടറി കുഞ്ഞിക്കാതർ. ഈ യുദ്ധം കഴിഞ്ഞ് കലക്ടരും പരിവാരങ്ങളും തടവുകാ രോടുകൂടി തിരൂരങ്ങാടിക്ക് മടങ്ങിവന്നപ്പോഴേയ്ക്ക് അവിടെ വലിയ തകരാറുകൾ നടന്നു. കലക്ടരും മററും താനൂർ സംഘത്തോട് എതിർപ്പാൻ പടിഞ്ഞാറോട്ട് പോകുമ്പോ ഴേയ്ക്ക്തന്നെ കോടതിയിൽനിന്നു കിഴക്കുള്ള അങ്ങാടിയിൽ മാപ്പിളമാർ പല ദിക്കിൽനിന്നും ഓടിവന്നു ശേഖരിച്ചിരു ന്നുവെന്ന് മുമ്പു പ്രസ്താവിച്ചുവല്ലോ. മാപ്പിളമാരുടെ പക്കൽ യാതൊരു തകരാറും കൂടാതെ കഴിപ്പാൻ ഉച്ചവരെ അധ്വാനിച്ചിരുന്ന തയ്യിൽ മമ്മത്കുട്ടി മുസലിയാർ മുതലാ യവരുടെ പരിശ്രമങ്ങളെല്ലാം താനൂർക്കാരെ പട്ടാളം വെടി വെച്ചുവെന്ന് ജനങ്ങളറിവാൻ തുടങ്ങിയതോടുകൂടി നിഷ്ഫ ലമായി പരിണമിച്ചു. ആ സംഭവത്തിന്റെ സൂക്ഷ്മവിവരം അറിവാനായി ജനങ്ങൾ പടിഞ്ഞാട്ടു പോകാൻ അക്ഷമരായി ത്തീർന്നു. കിഴക്കുനിന്നു മാപ്പിളമാർ കൂട്ടംകൂട്ടമായി വരു

ന്നതു കാണാൻ തുടങ്ങിയപ്പോറം തന്നെ കിഴക്കെ അങ്ങാടി യിൽ നിർത്തിയിരുന്ന പോലീസ്സ് സൈന്യം കോടതിവള പ്പിലേയ്ക്കു മടങ്ങിപ്പോയിട്ടുണ്ടായിരുന്നു. ജനങ്ങറം കൂട്ട മായി പടിഞ്ഞാറോട്ടുപോകുവാൻ ആരംഭിച്ചപ്പോറം ആലി മുസലിയാർ മുതലായവർ അവരെ തടഞ്ഞുനിർത്തി വിവരം അറിവാനായി രണ്ടു മൂന്നു പേരെ മാത്രം പടിഞ്ഞാ റോട്ട് അയയ്ക്കാൻ തീർച്ചപ്പെടുത്തി. എന്നാൽ അപ്പോഴത്തെ കുഴപ്പം കൊണ്ടും ജനങ്ങളുടെ തിരക്കുകൊണ്ടും ഈ ഉദ്ദേശ്യ പ്രകാരം കാര്യം നടന്നില്ല. അന്വേഷണത്തിന്നു നിയമിക്ക പ്പെട്ടവരെ തുടർന്നു ജനങ്ങറം കൂട്ടംകൂട്ടമായി 'തക്ബീറും' ചൊല്ലി പടിഞ്ഞാറോട്ടു യാത്രയായി. ഈ വരവു കണ്ട പ്പോറം വളപ്പിൽ നിന്നിരുന്ന സൈന്യങ്ങളും ഉദ്യോഗസ്ഥ ന്മാരും പരിഭ്രമിച്ചു. പിന്നീടുണ്ടായ സംഭവത്തെപ്പററിയാണ് വലുതായ അഭിപ്രായവ്യത്യാസം കാണുന്നത്. വിവരം അറിയാനായി കിഴക്കുനിന്നു വന്നിരുന്ന മാപ്പിളമാരോടു ഉദ്യോഗസ്ഥന്മാർ ഇരിപ്പാൻ ആവശ്യപ്പെട്ടുവെന്നും അവരിൽ ചിലർ ഇരുന്നു, മററു ചിലർ ഇരിക്കാൻ തുടങ്ങുമ്പോ ഴേയ്ക്കു പട്ടാളം അവരുടെ നേരെ വെടിവെച്ച് അവരിൽ പല രേയും കൊന്നുവെന്നും, എതിരാളികളിൽ ചിലരെ മാപ്പിള മാരും കൊന്നുവെന്നുമാണ് മാപ്പിളമാർ പറയു ന്നത്. തങ്ങളെ എതിർപ്പാൻ മാപ്പിളമാർ ശക്തിയോടു കൂടി 'തക്ബീർ' ചൊല്ലിവരുന്നതു കണ്ടപ്പോറം അവ രെ സമാധാനിപ്പിപ്പാൻവേണ്ടി അസിസ്റ്റൻറ് സുപ്ര ഡേണ്ട് ജോൺസനും ഹെഡ്കോൺസ്റ്റബിറം മൊയ്തീ നും കൂടി മുന്നോട്ടുചെന്ന് അവരോടു ശാന്തവാക്കു പറ വാൻ തുടങ്ങുമ്പോഴേയ്ക്ക് മാപ്പിളമാർ അവരെ രണ്ടാളേയും വെട്ടിക്കൊല്ലുക നിമിത്തം പട്ടാളക്കാർ മാപ്പിളമാരുടെ നേരെ വെടിവെയ്ക്കേണ്ടിവന്നുവെന്നാണ് ഗവർമ്മേണ്ടു കക്ഷിക്കാർ പറയുന്നത്. ഇതിൽ ഏതാണ് ശരിയെന്നു പറവാൻ പ്രയാസം. അപ്പോഴത്തെ കുഴപ്പത്തിൽ സായ്പന്മാർ എന്തോ ഉദ്ദേശിച്ചു കാണിച്ച ആംഗ്യം മാപ്പിളമാർ ഇരിക്കു വാൻ പറഞ്ഞതായി തെററിദ്ധരിച്ചതായി വന്നേയ്ക്കാം. അതല്ല, യഥാർത്ഥത്തിൽ ഇരിക്കുവാൻ പറഞ്ഞതാണെങ്കിൽ അതിന്നു ചിലർ വഴിപ്പെടുന്നതിനിടയിൽ താനൂർക്കാരുടെ നേരെയുള്ള വെടി കേട്ട് കുപിതരായ മററു ചിലരുടെ പ്രകൃ തിയും പ്രവൃത്തിയും കണ്ട് പട്ടാളക്കാർ വെടിവെപ്പാൻ തുടങ്ങിയിരിക്കാം. എത്രയോ അനവധി ജനങ്ങറം കൂടിയ കൂട്ടത്തിൽ ഏതെങ്കിലുമൊരു മാപ്പിളയോ ഒരു പോലീസ്സു കാരനോ പറയുന്ന വാക്കോ ചെയ്യുന്ന പ്രവൃത്തിയോ ശേഷമു

ള്ളവരാരും യാതൊന്നും ശൗനിച്ചുവെന്നു വരികയില്ല. എങ്കിലും അതിൻെറ ഭവിഷ്യത്തു കൂടിയവരെല്ലാം അനുഭവിക്കേണ്ടതായി വരികയും ചെയ്യാറുണ്ട്. ഏതായാലും മാപ്പിളമാരിൽ വളരെപ്പേരും ഗവർമ്മേണ്ടുഭാഗത്തു മിസ്റ്റർ റൗലിയും മിസ്റ്റർ ജോൺസനും രണ്ടു പോലീസ്സുകാരും ഇവിടെ വെച്ചു മരണപ്പെട്ടു. മാപ്പിളമാരുടെ ശവങ്ങരം അവരെടുത്തുകൊണ്ടുപോയി മറചെയ്തു. വൈകുന്നേരമായപ്പോഴേയ്ക്കു് ജോൺസൻേറയും മററും ശവം പട്ടാളക്കാർക്കു കിട്ടി. ആയവ അവരും മറചെയ്തു.

തിരൂരങ്ങാടി സംഭവത്തെപ്പററി ഭിന്നാഭിപ്രായമുള്ളതിനാൽ ഗവർമ്മേണ്ടു കക്ഷി അതിനെപ്പററി ചെയ്ത പ്രസിദ്ധീകരണങ്ങളുടേയും പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളുടേയും ചുരുക്കം ഈ അദ്ധ്യായത്തിൽ കൊടുക്കുന്നത് മുഖ്യാവശ്യമാണെന്നു തോന്നുന്നു. ആലി മുസലിയാരുടെ അനുചരന്മാരിൽ പ്രധാനികളും ലഹളത്തലവന്മാരായ പിന്നീടു കോരംവികേട്ടവരുമായിരുന്നു കുഞ്ഞലവിയും ലവക്കുട്ടിയും (ഇവരിൽ ലവക്കുട്ടി ഈ സംഭവത്തെപ്പററി പറഞ്ഞ വിവരം ഞാൻ പിന്നീടു ചേർക്കുന്നുണ്ട്.)

''മദ്രാസ് മെയിൽ'' ആഗസ്റ്റ് 22

(ഗവർമ്മേണ്ടു കമ്യൂനിക്കെ)

''മാപ്പിള ആക്ട് പ്രകാരം മേൽപറഞ്ഞ തകരാറുകരം ഉണ്ടാക്കിയവരെ പിടിപ്പാനായി ഡിസ്ട്രിക്ട് മജിസ്രേട്ട് ലിൻസ്റ്റർ പട്ടാളത്തോടും സ്പെഷ്യൽ ഫോർസോടുംകൂടി ആഗസ്റ്റ് 20—ാംനു- രാവിലെ തിരൂരങ്ങാടി എത്തി. അന്നു ഉച്ചവരെ യാതൊരു തകരാറും ഉണ്ടായില്ല. ഉച്ചയായപ്പോഴേയ്ക്കു് പരപ്പനങ്ങാടിനിന്ന് ഒരാരംക്കൂട്ടം തിരൂരങ്ങാടിക്കു നേരെ വരുന്നുണ്ടെന്ന വർത്തമാനം ഡിസ്ട്രിക്ട് മജിസ്രേട്ടിന്നു കിട്ടി. ഈ വിവരം കേട്ട് ഡിസ്ട്രിക്ട് മജിസ്രേട്ട് അവരോട് എതിർക്കുവാൻ പോയി അവരുടെ നേരെ വെടിവെയ്ക്കേണ്ടതായും വന്നു. ഒമ്പതാരം കൊല്ലപ്പെട്ടു. ഇരുപതുപേരെ ബന്ധനസ്ഥരാക്കി. അതിന്നിടയിൽ തിരൂരങ്ങാടിയുടെ കിഴക്കുഭാഗം നിർത്തിയിരുന്ന ഏതാനും സൈന്യത്തെ ആരംക്കൂട്ടം ഓടിച്ചു. കോടതിയെടുപ്പിൽ നിന്നിരുന്ന പോലീസ്സും പട്ടാളവും ഈ ആരംക്കൂട്ടത്തെ പുറകോട്ട് ഓടിച്ചു. ഈ ബഹളത്തിൽ മിസ്റ്റർ ജോൺസൻ, മിസ്റ്റർ റൗലി, രണ്ടു കോൺസ്റ്റബിരംമാർ—ഇവർ കൊല്ലപ്പെട്ടു.'' ഈ പ്രസിദ്ധീകരണത്തെ പിൻതുടർന്ന് ഗവർമ്മേണ്ട് വീണ്ടും ഈ സംഭവത്തെപ്പററി മറെറാരു കമ്യൂണിക്കെ പ്രസിദ്ധപ്പെടുത്തി.

മിസ്റ്റർ തോമസ്സിൽനിന്നു കിട്ടിയ കമ്പിവർത്തമാനം തന്നെ യായിരുന്നു അതിന്നാസ്പദമെന്ന് ആഗസ്റ്റ് 24-ാംനു-ത്തെ 'മദ്രാസ് മെയിലി'ൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്.

''തിരൂരങ്ങാടിയിൽ ഞാൻ ആരുമറിയാതെ പൊടുന്ന നവെ എത്തി. മൂന്നാളെ മാത്രം പിടിച്ചു. അതിൽ ഒരാ ളുടെ വശം മാത്രം വാളുണ്ടായിരുന്നു. പത്തുമണിയോടു കൂടി ശോധന അവസാനിച്ചു. നഗരം ശാന്തമായിരുന്നു. ശേഷമുള്ള വാറണ്ടുകാരെ പിടിപ്പാൻ ഇരുപത്തഞ്ചു റിസർ വ്കാരെ അവിടെ നിർത്തി. ഞങ്ങളുടെ പ്രവൃത്തിയുടെ വർത്തമാനം നാട്ടുപുറങ്ങളിൽ പരന്നുവെന്നതിന്നു സംശയ മില്ല. ഉച്ച $11\frac{3}{4}$ മണിയായപ്പോഴേയ്ക്കു് താനൂരിൽനിന്ന് രണ്ടായിരത്തോളം മാപ്പിളമാർ ഞങ്ങളുടെ നേരെ വരുന്നു ണ്ടെന്നു ഞങ്ങൾക്കു വർത്തമാനം കിട്ടി. പന്ത്രണ്ടുമണിക്ക് ഞാൻ പട്ടാളത്തോടുകൂടി അവരുടെ നേർക്കു ചെന്നു. 12-30ന്നു അവരുമായി ഏററുമുട്ടി. അവരോടു കൂട്ടം പിരിയുവാൻ ആവശ്യപ്പെട്ടപ്പോൾ അവർ സ്ഥൈര്യത്തോടു കൂടി (steadily) മുന്നോട്ടുതന്നെ വന്നു. പൊലീസുകാർ ബയനററുകൊണ്ടു ചാർജ്ജുചെയ്തു. അതിനെ അവർ വടികൊണ്ടു തടുത്തു. സ്വയരക്ഷയ്ക്കായി മുന്നണിയിലുള്ള വർ വെടിവെച്ചു. അതിൻെറ ഫലമായി ഒമ്പതുപേർ മരണ പ്പെട്ടു. ഞങ്ങൾ മടങ്ങിവന്നപ്പോഴേയ്ക്കു് രണ്ടായിരത്തോളം ആൾ കൂട്ടമായി പോലീസ്സുകാരെ ഓടിച്ച് കോടതിയിൽ നിൽപുള്ള പട്ടാളത്തെ എതിർത്തുവെന്നും അവരെ ലൂയി ഗൺകൊണ്ടു വെടിവെച്ച് അകററിയെന്നുമറിഞ്ഞു. റൗലിയും ജോൺസനും എങ്ങനെ കൂട്ടത്തിൽനിന്നു തെററി യെന്ന് മനസ്സിലാകുന്നില്ല. അവരുടെ ശവം അന്നു വൈകു ന്നേരം $5\frac{1}{2}$ മണിക്കു ക്യാമ്പിന്നടുത്തുള്ള നിരത്തുവക്കത്ത് കിടക്കുന്നതായി കണ്ടുകിട്ടി.''

മാപ്പിളമാർ പോലീസ്സുകാരെ ഓടിച്ചു ക്യാമ്പിലുള്ള പട്ടാളക്കാരെ എതിർക്കുവാൻ വന്നുവെന്നും അപ്പോൾ അവരെ വെടിവെച്ച് അകററിയെന്നും പറയുന്നത് ഒരി ക്കലും ശരിയായിരിപ്പാൻ തരമില്ല. കിഴക്കെ അങ്ങാടി യിൽ നിർത്തിയിരുന്ന പോലീസ്സുകാർ ഭയപ്പെട്ടു ക്യാമ്പി ലേയ്ക്കു പോന്നതാണെന്നും അവരെ ആരും ഓടിച്ചുപോന്നത ല്ലെന്നും താനൂർക്കാരുമായുള്ള വെടിയുടെ ശബ്ദം കേട്ട തിന്നുശേഷം മാത്രമാണ് കൂട്ടമായി മാപ്പിളമാർ പടിഞ്ഞാ റോട്ടു വന്നതെന്നും ഊഹിപ്പാനാണ് വഴിയുള്ളത്. ആൾ ക്കൂട്ടം കണ്ടു ഭയപ്പെട്ടു ക്യാമ്പിലേയ്ക്കു മടങ്ങിപ്പോന്ന പോലീ

സ്സുകാർ തങ്ങളുടെ രക്ഷയ്ക്കുവേണ്ടി വല്ല വ്യാജവും മേലുദ്യോഗസ്ഥന്മാരോടു പറഞ്ഞിട്ടുണ്ടായിരിക്കാം. അവർക്ക് യാതൊരു ഉപദ്രവവും ഹാനിയും നേരിട്ടിരുന്നില്ലെന്നതിൽ നിന്ന് മാപ്പിളമാർ അവരെ എതിർത്തിട്ടുണ്ടായിരുന്നില്ലെന്നു ഊഹിപ്പാൻ ന്യായമുണ്ട്. മാപ്പിളമാർ പോലീസ്സുകാരെ എതിർത്താട്ടി നേരിട്ടുവന്നു ക്യാമ്പിലുള്ള പട്ടാളക്കാരെ ആക്രമിക്കയാണ് ചെയ്തിരുന്നതെങ്കിൽ റൗലിയും ജോൺസനും കൂട്ടത്തിൽനിന്നുവിട്ട് അവരെ സമാധാനിപ്പിക്കാനായിട്ട് നിരത്തിലെത്തുവാൻ വഴിയില്ലായിരുന്നു. അതിനാൽ മാപ്പിളമാർ കോടതിക്കടുത്ത് എത്തിയ ഉടനെ യാതൊരു തകരാറും ഉണ്ടായില്ലെന്നും തമ്മിൽ ചില സംഭാഷണങ്ങൾ നടന്നിരിപ്പാൻ വഴിയുണ്ടെന്നും അതിന്നിടയിൽ നടന്ന എന്തോ സംഭാഷണങ്ങളാലാണ് തകരാറുകൾ ഉണ്ടായതെന്നും ഊഹിപ്പാനാണ് സംഗതി കാണുന്നത്. ആഗസ്റ്റ് 24—ാംനു- മിസ്റ്റർ തോമസ് ഗവർമ്മേണ്ടിലേക്കയച്ച കമ്പിയിൽ താനൂർക്കാർ പട്ടാളക്കാരെ എതിർത്തതായോ അക്രമിച്ചതായോ ഒന്നും പറഞ്ഞുകാണുന്നില്ല. പിരിഞ്ഞുപോകുവാൻ പറഞ്ഞപ്പോൾ അതവർ അനുസരിക്കാതെ മുന്നോട്ടു തന്നെ നടന്നതായിരുന്നു അവരുടെ മേൽ ആരോപിച്ച കുററം. സാധാരണ ലഹളക്കാരുടെ യാതൊരു സമ്പ്രദായവും അവരിൽ കണ്ടില്ല. കുന്തംകൊണ്ടു ചാർജ്ജുചെയ്യുവാൻ മാത്രം പട്ടാളവും മാപ്പിളമാരും അന്യോന്യം അടുത്തിരുന്നുവെന്നതിന്നു സംശയമില്ല. ഗവർമ്മേണ്ടുമായി യുദ്ധം ചെയ്യാനോ മതത്തിന്നുവേണ്ടി മരിപ്പാനോ ആയിരുന്നു താനൂർക്കാർ തിരൂരങ്ങാടിക്കു യാത്ര ചെയ്തിരുന്നതെങ്കിൽ വെറും വടികളുമായി അവർ അതിന്നു പുറപ്പെടുമായിരുന്നുവെന്നു വിശ്വസിപ്പാൻ വഴി കാണുന്നില്ല. അവരുടെ ഉദ്ദേശ്യത്തെപ്പററി സൂക്ഷ്മമായി യാതൊരഭിപ്രായവും നമുക്കു പറയുവാൻ വഴിയില്ല. എങ്കിലും ഗവർമ്മേണ്ടുമായി ഒരു യുദ്ധം നടത്തുവാൻ അവർ ഒരിക്കലും ആലോചിച്ചിട്ടുണ്ടായിരുന്നുവെന്നു തോന്നുന്നില്ല. മാപ്പിളമാരിൽ പരമ മൂഢന്മാർക്കുപോലും ബ്രിട്ടീഷു പട്ടാളത്തോട് എതിർപ്പാൻ വടിമാത്രം പോരെന്ന് ധാരാളം അറിയാമായിരുന്നു. പക്ഷേ, ആൾക്കൂട്ടം കണ്ടുപരിഭ്രമിച്ചു കോഴിക്കോട്ടുനിന്നു തിരൂരങ്ങാടിക്കു ഓടിയ മിസ്റ്റർ തോമസ് അവിടേയും ആൾക്കൂട്ടമെന്ന ശബ്ദം കേട്ടപ്പോൾ ഭയപ്പെട്ടു യുദ്ധത്തിന്നൊരുങ്ങി. യാതൊരാപത്തിന്നും അവകാശമില്ലെങ്കിലും ''സ്വയരക്ഷയ്ക്കായി'' വെടിവെച്ചതിൽ യാതൊരാശ്ചര്യവുമില്ല. ഈ ഭയത്തിന്റേയും പരിഭ്രമത്തിന്റേയും

അവിവേകത്തിൻേറയും ഫലമാണ്  കിഴക്കു ഭാഗത്ത്  അന്നുണ്ടായ തകരാറുകൾ.

ആഗസ്റ്റ്  24–ാംനു- ഗവർമ്മേണ്ടിലേയ്ക്കു് മിസ്റ്റർ തോമസ്  അയച്ച കമ്പിയിൽ തിരൂരങ്ങാടിക്കു നേരെ വന്നിരുന്ന താനൂർക്കാർ പിരിഞ്ഞുപോകാൻ പറഞ്ഞതു കൂട്ടാക്കാതെ മുന്നോട്ടുതന്നെ നടന്നുവെന്നും കുന്തംകൊണ്ടു കുത്തിയപ്പോൾ വടികൊണ്ടു തടുത്തുവെന്നും മാത്രമാണ്  പ്രസ്താവിച്ചിട്ടുള്ളത് . തോമസ്സിനേയും സൈന്യങ്ങളേയും അവർ എതിർത്തുവെന്നോ മറേറാ യാതൊന്നും പറയുന്നില്ല. 26–ാംതിയ്യതിയായപ്പോൾ മിസ്റ്റർ തോമസ്  ആ അഭിപ്രായങ്ങളെ ഭേദപ്പെടുത്തിയതായി കാണുന്നു. ആഗസ്റ്റ്  26–ാംനുത്തെ 'മദ്രാസ്  മെയി'ലിൽ പ്രസിദ്ധം ചെയ്ത കമ്യൂണിക്കെയിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു.

''അന്ന്  (20–ാംതിയ്യതി) 11–30ന്നും 2 മണിക്കും മദ്ധ്യേ പോലീസ്സിനേയും പട്ടാളത്തിനേയും രണ്ടു ഭാഗത്തുനിന്നും ആയുധപാണികളായ സംഘങ്ങൾ ബലമായി അക്രമിച്ചെതിർത്തു. അവയിൽ പടിഞ്ഞാറെ സംഘം താനൂർ, പരപ്പനങ്ങാടി മുതലായ അംശക്കാരും കിഴക്കേത്  തിരൂരങ്ങാടിയും അതിന്നു കിഴക്ക്  കോട്ടയ്ക്കൽ പൊന്മള ഇവിടങ്ങൾ വരെയുള്ള അംശക്കാരുമായിരുന്നു. ഈ ആക്രമണങ്ങളെ ഞങ്ങൾ തടുത്തു ശത്രുക്കളെ പുറകോട്ടോടിച്ചു. എങ്കിലും രണ്ടുദ്യോഗസ്ഥന്മാരെ അവർ വെട്ടി കണ്ടമാക്കി.''

24–ാം തിയ്യതിത്തെ മുന്നോട്ടുള്ള നടത്തം 26–ാംതിയ്യതിക്കു ആയുധങ്ങളോടുകൂടിയുള്ള ബലമായ എതിർക്കലായി രൂപാന്തരപ്പെട്ടു. അഭിപ്രായത്തിലുള്ള ഈ പരിണാമം ക്രമേണ പുഷ്ടിപ്പെട്ടു നിരായുധന്മാരായ താനൂർക്കാർ ഒരു ജർമ്മൻ പട്ടാളത്തെപോലെയും കുഞ്ഞിക്കാതർ ഒരു കൈസറെപ്പോലെയും ഭയങ്കരന്മാരായി മാർഷ്യൽ ലോ കോടതികളിൽ പ്രതിബിംബിച്ചു! വടിയോടുകൂടി വരുന്ന ഒരു സംഘത്തെ കുന്തംകൊണ്ടെതിർക്കുന്നത്  ഒരുപക്ഷേ, ന്യായമായേയ്ക്കാം. അവരെ മൃഗങ്ങളെപ്പോലെ വെടിവെച്ചു കൊല്ലുന്നത്  കൊലപാതകമല്ലാതെ മറെറന്താണ് ! വെടി ആരംഭിച്ചത്  മിസ്റ്റർ തോമസ്സിൻെറ അനുമതിയോടുകൂടിയല്ലായിരുന്നുവെന്നും ഒററപ്പാലത്തെ പരാക്രമംകൊണ്ട്  അക്രമത്തിൻെറ സ്വാദറിഞ്ഞ രണശൂരന്മാർ സ്വമേധയാ ആരംഭിച്ചതായിരുന്നുവെന്നും വർത്തമാനമുണ്ട് . അതു ശരിയായിരിക്കാം. എങ്കിലും ഈ അക്രമം പ്രവർത്തിപ്പാനുള്ള മനോഭാവവും അവസരവും അവർക്കുണ്ടാക്കിക്കൊടുത്തത്  മിസ്റ്റർ

തോമസ്സാണെന്നതിന്നു സംശയമില്ല. വെടിവെയ്ക്കാനുള്ള കല്പന താൻ കൊടുത്തില്ലെന്ന സംഗതികൊണ്ടുമാത്രം അന്നത്തെ കൊലയ്ക്കുള്ള മിസ്റ്റർ തോമസ്സിന്റെ ഉത്തരവാദിത്വം നശിക്കുന്നതുമല്ല.

താനൂർ സംഘത്തിന്റെ നടപടികൾക്ക് മാർഷ്യൽ കോടതിയിലെത്തിയപ്പോഴേയ്ക്ക് പിന്നെയും ഗൌരവമായ വേഷപ്പകർച്ച വന്നുകൂടി. തടുക്കലെല്ലാം എതിർക്കലാ യെന്നു മാത്രമല്ല വടികളെല്ലാം ഗദകളും കത്തികളെല്ലാം വാളുകളുമായിത്തീർന്നു.

സ്പെഷൽ ട്രൈബ്യൂണലിലെ ജഡ്ജിമാർ കുഞ്ഞിക്കാ തറെ തൂക്കിക്കൊല്ലാൻ വിധിച്ച വിധിന്യായത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:—

''ഈ ലഹളക്കാരുടെ (താനൂർക്കാരുടെ) കൈവശം തോക്കുണ്ടായിരുന്നില്ല എന്നത് ശരിതന്നെ. എന്നാൽ അവ രുടെ കയ്യിൽ നീണ്ട കത്തികളും വാളുകളും ഗദകളുമുണ്ടാ യിരുന്നുവെന്നും അവർ ഡിസ്ത്രിക്ട് മജിസ്ത്രേട്ടിനേയും പട്ടാ ളത്തേയും സംഹരിപ്പാനുള്ള ദൃഢനിശ്ചയത്തോടുകൂടിയാ യിരുന്നു വന്നിരുന്നതെന്നും യാതൊരു തർക്കവുമില്ല.''

ആമുസാഹേബ് കേസ് വിചാരണയിൽ ഇങ്ങനെ പറഞ്ഞു:—

''പടിഞ്ഞാറുനിന്നു വന്ന സംഘം മുന്നോട്ടുവന്ന് പട്ടാളത്തെ വെട്ടാനും അടിപ്പാനും ഓങ്ങി. അവരുടെ കയ്യിൽ നീണ്ട കത്തിയും വടിയും ഉണ്ടായിരുന്നു. അവരെ ചാർജ്ജുചെയ്യാൻ കല്പനയായെങ്കിലും അവർ പട്ടാളത്തിന്നിട യിൽ കടന്നു അവരെ കഠിനമായടിപ്പാൻ തുടങ്ങി. സ്വയ രക്ഷക്കായി വെടി തുടങ്ങി. അപ്പോൾ സംഘം പിരിഞ്ഞു. ........കുറേ കഴിഞ്ഞതിന്നുശേഷം അടുത്ത പള്ളിയിൽ അഭയം പ്രാപിച്ചിരുന്ന കുഞ്ഞിക്കാതറോടും കൂട്ടുകാരോടും പുറത്തുവരാൻ പറഞ്ഞു. അവർ വന്നു. ആളുകളോടു കൂട്ടം പിരിഞ്ഞുപോവാൻ പറവാനായി ഞാൻ ആവശ്യ പ്പെട്ടു. കുഞ്ഞിക്കാതർ അതുപ്രകാരം പറഞ്ഞു. ആൾ ക്കൂട്ടം പിരിയുകയും ചെയ്തു.''

പട്ടാളം യാതൊന്നും ചെയ്യുന്നതിനു മുമ്പുതന്നെ നീണ്ട കത്തിയും വടിയും കയ്യിലുണ്ടായിരുന്ന മാപ്പിളമാർ തോക്കും കുന്തവും കയ്യിലുണ്ടായിരുന്ന പട്ടാളക്കാരെ വടി കൊണ്ടടിച്ചുതകർത്തുവെന്നാണ് ആമുസാഹേബവർകൾ നമ്മോടു വിശ്വസിപ്പാൻ പറയുന്നത്!!

ഉടനെ തിരൂരങ്ങാടിയുടെ കിഴക്കുഭാഗത്തും അതിന്റെ ഫലമായി ഏറനാട്ടിലും പടർന്നുപിടിച്ച കലാപത്തിന്നുള്ള തൽക്കാല ഹേതു താനൂർകാരോടു പോലീസ്സ് പ്രദർശിപ്പിച്ച അവിവേകനയമായിരുന്നുവെന്നതിന്നു സംശയമില്ല. ആ കുററത്തെ കഴിയുന്നേടത്തോളം ലഘൂകരിക്കുവാനും അവരുടെ പ്രവൃത്തിയെ ന്യായീകരിക്കുവാനുമുള്ള ശ്രമങ്ങളാണ് പിന്നീടുള്ള പ്രഖ്യാപനങ്ങളും മാർഷ്യൽ കോടതികളിലെ തെളിവുകളും. കാര്യം മുഴുവനുമറിയാത്തവരെ പലരേയും മേപ്പടി ശ്രമങ്ങൾ തെററിദ്ധരിപ്പിച്ചിട്ടുണ്ടായിരിക്കാമെന്നതിന്നു സംശയമില്ല. അതിനാലാണ് ഗവർമ്മേണ്ടു റിക്കാർഡുകളേയും മദിരാശിയിലെ റിപ്പോർട്ടുകളേയും ആസ്പദിച്ചു ഇത്രയും ഞാൻ എഴുതുവാൻ കാരണം. തിരൂരങ്ങാടിയിൽ ചിലരെ പിടിച്ചിട്ടുണ്ടെന്നോ, പള്ളി വളഞ്ഞിട്ടുണ്ടെന്നോ കേട്ടപ്പോൾ താനൂർക്കാർ അങ്ങോട്ടു പോകേണ്ടിയിരുന്നില്ല എന്നത് വാസ്തവം തന്നെ. സഹകരണത്യാഗ പ്രസ്ഥാനത്തിന്നു മുമ്പായിരുന്നുവെങ്കിൽ താനൂർക്കാരുടെ പോക്കു വടിയോടുകൂടിയല്ല വാളോടുകൂടിത്തന്നെയാകുമായിരുന്നു. ഗവർമ്മെണ്ടിന്റെ അക്രമങ്ങളെ അക്രമംകൊണ്ടെതിർക്കാതെ കൂട്ടംകൂട്ടമായി ജെയിലിൽ പോകുവാനോ മരിക്കുവാനോ സന്നദ്ധരാകേണമെന്ന് എന്തോ ചിലരെല്ലാം മനസ്സിലാക്കിയതിന്റെ ഫലമായും തങ്ങളുടെ സഹോദരന്മാരോടു തങ്ങളുടെ അനുഭാവം പ്രദർശിപ്പിക്കാനം മാത്രമായിരിക്കണം ഇവർ തിരൂരങ്ങാടിക്കു യാത്ര ചെയ്തത്. അതല്ലാതെ ബ്രിട്ടീഷ് ഗവർമ്മെണ്ടിനേയും പട്ടാളത്തിനേയും ഉദ്യോഗസ്ഥന്മാരേയും നിരായുധന്മാരായോ അഥവാ വടികൊണ്ടടിച്ചോ നശിപ്പിക്കാമെന്ന വിശ്വാസത്തിലല്ല, അവർ പോയത്. വടിതന്നെ ചിലരുടെ കയ്യിൽ ഉണ്ടായിരുന്നിരിക്കാം. അത് അവർ, പോലീസ്സ് കുന്തംകൊണ്ടു ചാർജ്ജു ചെയ്തപ്പോൾ മാത്രമേ ഉപയോഗിച്ചിട്ടുള്ളുവെന്ന് "Police charged with bayonets and were met with sticks" എന്നു മിസ്റ്റർ തോമസ്സിന്റെ പ്രസ്സ് കമ്മ്യൂണിക്കെകൊണ്ടു വെളിവാകുന്നുമുണ്ട്.

ഈ സംഭവത്തെപ്പററി സംഭവസമയത്തുണ്ടായിരുന്ന മാപ്പിളമാരുടെ തെളിവു കിട്ടുവാൻ സാധിച്ചിട്ടില്ല. മുന്നോട്ടു വരുന്ന മാപ്പിളമാരോടു കൂട്ടം പിരിഞ്ഞുപോകുവാൻ ആമുവോ മററോ കല്പിച്ചിട്ടുണ്ടായിരിക്കും. ആൾക്കൂട്ടം അതു കേട്ടിട്ടോ കേൾക്കാതെയോ മുന്നോട്ടു നടന്നപ്പോൾ അവരുടെ നേരെ വെടിവെച്ചുവെന്നാണ് വർത്തമാനം. യാതൊരു ഉദ്യോഗസ്ഥന്റെയും കല്പനയോടുകൂടി

യല്ല വെടിവെച്ചതെന്ന് ഗവർമ്മെണ്ടു ഭാഗത്തുനിന്നുതന്നെ സമ്മതിക്കുന്നുണ്ട്. സ്വയരക്ഷക്കായി പോലീസ്സുകാർ സ്വമേധയാ വെടിവെച്ചു. കുന്തംകൊണ്ടുള്ള ചാർജ്ജും വടികൊണ്ടുള്ള തടുക്കലും എതിർക്കലും എല്ലാം കല്പനാ ശക്തിയുടെ നിർമ്മാണമായി വരുവാനാണ് വഴിയുള്ളത്. അങ്ങനെയല്ലെന്നുതന്നെയിരിക്കട്ടെ. കുന്തം കൊണ്ടുള്ള ചാർജ്ജുകൊണ്ടുതന്നെ ആരംക്കൂട്ടം പിൻമാറാത്തപക്ഷം ഉദ്യോഗസ്ഥന്മാർ തീർച്ചയായും വെടിവെയ്ക്കാൻ കല്പിക്കു മായിരുന്നു. അങ്ങനെയുള്ള കല്പനകരം കൊടുപ്പാൻ ബ്രിട്ടീഷുദ്യോഗസ്ഥന്മാർ വളരെ ദാക്ഷിണ്യം പ്രദർശിപ്പിക്കാ റില്ലെന്നു അനുഭവംകൊണ്ട് ഇന്ത്യക്കാർക്കറിയാം. ഇക്കാ ര്യത്തിൽ അതുകൂടെ ഉണ്ടായിട്ടില്ല. അതുകൊണ്ട് കുന്തം കൊണ്ടു ചാർജ്ജും വെടിയും ഒന്നിച്ചുതന്നെയായിരുന്നു വെന്നാണ് ഊഹിക്കേണ്ടത്.

താനൂർ മാപ്പിളമാർ എന്തിന്നുപോയി എന്നതിനെപ്പററി അവരിൽനിന്നു അറിവാൻ തരമായിട്ടില്ലെങ്കിലും പരപ്പന ങ്ങാടിയിൽ ആ സമയത്ത് നടന്ന സംഭവത്തെപ്പററി അവിടെ ഉണ്ടായിരുന്ന ഒരാരം തന്ന സ്റ്റെയിററ്മെൻറിൽ ഇങ്ങനെ കാണുന്നു:

പട്ടാളം പോയിരുന്നതും പള്ളി വളഞ്ഞിരുന്നതും ഖിലാഫത്ത്കാരെ മുഴുവൻ പിടിക്കുവാനും അവർ മര്യാ ദയ്ക്കു പിടിക്കുവാൻ സമ്മതിച്ചില്ലെങ്കിൽ പള്ളിയും മററു പുരകളും തന്നെ വെടിവെച്ചു പൊളിക്കുവാനും വേണ്ടി യാണ്, ഇത്ര അധികം പട്ടാളവും കലക്ടർ മുതലായവരും വന്നിട്ടുള്ളതെന്ന ഊഹം നാട്ടിലൊക്കെ പരന്നു. കുറച്ചു കഴിഞ്ഞപ്പോരം ഇസ്ലാമിങ്ങളെല്ലാം ഉടപ്പിറപ്പുകളായി വിചാ രിക്കേണ്ടതാണെന്നും തടസ്സം ചെയ്യേണ്ടതില്ലെങ്കിലും സങ്കടം കാണിക്കേണ്ടതിലേയ്ക്കെങ്കിലും ഇസ്ലാമിങ്ങളെല്ലാം അവിടെ ചെന്നുകൂടേണ്ടതാണെന്നും വിളിച്ചു പറഞ്ഞു കൊണ്ട് അങ്ങാടിയിൽ (പരപ്പനങ്ങാടിയിൽ) ഒരു മാപ്പിള നടന്നി രുന്നു.''

താനൂർ സംഘത്തിൻെറയും മററും ഒരു വിവരണം മേപ്പടി സ്റ്റെയിററുമെൻറിൽതന്നെ കാണുന്നത് ഇങ്ങിനെ യാണ്:—

''അവർ കണ്ടാൽ ആയിരത്തോളം ആളുകളുണ്ടായി രുന്നു. ചിലരുടെ കയ്യിൽ വടിയുണ്ടായിരുന്നു. അവ രുടെ കൂട്ടത്തിലായിട്ടും അവർ പോയതിന്നുശേഷവും പര പ്പനങ്ങാടി, ചെറായമംഗലം മുതലായ ദേശങ്ങളിൽനിന്നു

മാപ്പിളമാരായവർ കുട്ടികളും വയസ്സന്മാരും ചെറുപ്പക്കാരും തിരൂരങ്ങാടിക്ക് കൂട്ടംകൂട്ടമായിപ്പോയിരുന്നു....താനൂർക്കാരുടെ കയ്യിൽ ഒരു കൊടിയുണ്ടായിരുന്നു. മങ്ങാട്ട് കാപ്പിക്കട്ടിമൊല്ലയായിരുന്നു കൊടിപിടിച്ചിരുന്നത്. അവർ 'തക്ബീർ' ചൊല്ലിക്കൊണ്ടാണ് പോയിരുന്നത്. ഞാനും അഞ്ചപ്പുരയ്ക്കലുള്ള പലരും കൂടി തിരൂരങ്ങാടിക്കു പോകുന്നത് ആവശ്യമോ അനാവശ്യമോ എന്നാലോചിക്കുകയും ഏതായാലും തടസ്സമുണ്ടെങ്കിൽ മുന്നിൽപോയ കൂട്ടരെ തടസ്സപ്പെടുത്തുമ്പോഠം അറിയാമല്ലോ എന്നു വിചാരിച്ച് അവിടെ നിന്ന് ഏകദേശം ഒരു മൈൽ ദൂരമുള്ള പാലംവരെ പോകുകയും ചെയ്തു. പാലത്തിങ്കൽ ഞങ്ങളുടെ കൂട്ടത്തിൽ തിരൂർക്കാരനായ കുഞ്ഞഹമ്മത് മൗലവിയുമുണ്ടായിരുന്നു. പോകുന്നവരോടു യാതൊരക്രമവും പ്രവർത്തിച്ചുപോകരുതെന്നും അക്രമത്തെപ്പററി ആലോചിക്കുവാൻകൂടി പാടില്ലെന്നും മററും സമാധാനപ്പെടുത്തേണ്ടതിലേയ്ക്ക് ഒരു പ്രസംഗം അവിടെവെച്ചു ചെയ്യണമെന്ന് ഞാനദ്ദേഹത്തോട് പറഞ്ഞു. അപ്രകാരം അയാഠം പാലത്തിൻെറ തലയ്ക്കിലുള്ള കല്ലിന്മേൽനിന്ന് ഒരു പ്രസംഗം ചെയ്തു. പ്രസംഗത്തിൽ, ''പോകുന്നതുതന്നെ ഒരുവിധം തെററാണെന്നും എന്നാൽ അക്രമത്തിന്നു വല്ല വിചാരവുമുണ്ടെങ്കിൽ അതു വലിയ തെററാണെന്നും'' മററും അദ്ദേഹം പറഞ്ഞു. ഇതു പറഞ്ഞു തീരുമ്പോഴേയ്ക്ക് മുമ്പിൽപോയ ജനങ്ങഠം പലരും ഇങ്ങോട്ടോടിവരുന്നതു കണ്ട് വിവരം അന്വേഷിച്ചപ്പോഠം താനൂർക്കാരും മററും പന്താരങ്ങാടിയിൽ എത്തിയപ്പോഠം കിഴക്കുനിന്ന് കുറെ പട്ടാളക്കാരും ആമു സുപ്രഡേണ്ടും മററും വന്ന് ഒരു ഫർലോങ്ങ് ദൂരെയുള്ള കള്ളുഷാപ്പിൻെറ മുമ്പിൽനിന്ന് പന്താരങ്ങാടിയിലേയ്ക്ക് വെടിവെയ്ക്കുകയും അതോടുകൂടി ജനങ്ങഠം പലവഴിക്കും ഓടുകയും ചെയ്തുവെന്നറിഞ്ഞു. വീണിട്ടും വെടികൊണ്ടിട്ടും ജനങ്ങഠംക്ക് പല മുറിവുകളും പററിയതായും അറിഞ്ഞു. ഞങ്ങളേതായാലും മുന്നോട്ടു പോകുന്നില്ലെന്നു തീർച്ചപ്പെടുത്തി.''

ഈ സ്റ്റെയിററുമെൻറു തന്ന പരപ്പനങ്ങാടിക്കാരൻ പോത്തക്കുഴിയിൽ ചെറിയമ്മദിനെ ഞാൻ നല്ലവണ്ണം അറിയും. അയാഠം ധനികനല്ലെങ്കിലും പൂർണ്ണമായി വിശ്വസിക്കത്തക്കവനാണെന്ന് എനിക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മേൽപറഞ്ഞ സ്റ്റേററുമെൻറിൽ അയാഠം കണ്ടറിഞ്ഞതായി പറയുന്ന സംഗതികഠം നമുക്കു തീർച്ചയായും വിശ്വ

സിക്കാം. കേട്ടറിഞ്ഞ സംഗതികഠം അന്നുതന്നെ അയാഠം കേട്ടതാണെന്നും വിശ്വസിക്കാം.

ഈ സംഭവം കഴിഞ്ഞ ഉടനെ തിരൂരങ്ങാടിയുടെ കിഴക്കു ഭാഗത്ത് നടന്ന ഗൗരവമായ ലഹളയെപ്പററി ഭിന്നാഭിപ്രായമുണ്ടെന്നു മുൻപ്രസ്താവിച്ചുവല്ലോ. എന്നാലും ലഹളയിൽ പങ്കുകൊണ്ട രണ്ടുപേരുടെ വാങ്മൊഴികളാണ് ഇനി ഇവിടെ ചേർക്കുവാനുദ്ദേശിക്കുന്നത്. ഗവർമ്മേണ്ടു ഭാഗത്തു പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരാരും ഈ സംഭവത്തെപ്പററി കോടതികളിൽ തെളിവു കൊടുത്തിട്ടില്ല. ഹിച്ച് കോക്ക്, ആമു മുതലായവർ പടിഞ്ഞാറു ഭാഗത്ത് താനൂർക്കാരോട് യുദ്ധം ചെയ്യുകയായിരുന്നു. കിഴക്കുഭാഗത്ത് ഏർപ്പെട്ട പ്രധാന ഉദ്യോഗസ്ഥന്മാർ കൊല്ലപ്പെട്ടുപോയി. അതിനാൽ ഒന്നോ രണ്ടോ കോൺസ്റ്റബിഠംമാരെ മാത്രമാണ് ഈ സംഭവത്തെപ്പററി തെളിയിപ്പാൻ ആലി മുസലിയാരുടെ കേസ്സിൽ അന്യായഭാഗത്തുനിന്നു വിസ്തരിച്ചിട്ടുള്ളത്. അങ്ങനെ സാക്ഷി പറഞ്ഞ കോൺസ്റ്റബിഠം അച്ചുതൻനായർ കൊടുത്ത വാങ്മൊഴിയാണ് താഴെ ചേർക്കുന്നത്:

''തിരൂരങ്ങാടിക്കച്ചേരിയിൽ നിന്ന് മിസ്റ്റർ റൗലി, ലഫ്ടനൻറ് ജോൺസൺ ഇവരുടെ കീഴിൽ കോഴിക്കോട്ടു പോയ സംഘത്തിൽ താനും ഉണ്ടായിരുന്നു. മമ്പുറം പള്ളിക്കടുത്തുവെച്ച് മുവ്വായിരം ലഹളക്കാരെ ഞങ്ങഠം കണ്ടുമുട്ടി. അപ്പോഠം അക്കൂട്ടത്തിൽനിന്ന് രണ്ടു മാപ്പിളമാർ മുന്നോട്ടുവന്ന് രാവിലെ പിടിച്ച മൂന്നു മാപ്പിളമാരെ വിട്ടുതരേണമെന്നും അല്ലാത്തപക്ഷം അവരെ ബലമായി ഞങ്ങഠം വിടുവിക്കുമെന്നും പറഞ്ഞു. ആ മൂന്നുപേർ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് വാറണ്ടുപ്രകാരം പിടിച്ചവരായിരുന്നു. അക്കൂട്ടത്തിൻെറ കൈയിൽ വടികളും കത്തികളും വാളുകളും ഉണ്ടായിരുന്നു. അവരുടെ സംഘത്തിൽ മുപ്പതു പേരുണ്ടായിരുന്നു. ഡിസ്ട്രിക്ട് മജിസ്ട്രേട്ട് വൈകുന്നേരം വന്നാൽ അവരെ വിട്ടുതരാമെന്ന് റൗലി സായ്‌വ് പറഞ്ഞു. ഈ വിവരം മാപ്പിളമാരോടു പറവാൻ ഈ രണ്ടു മാപ്പിളമാരും മടങ്ങി. ആഠംക്കൂട്ടം പിന്നേയും മുന്നോട്ടു തന്നെ വന്നു. ഞങ്ങളുടെ കൂട്ടത്തിലുള്ള മുസൽമാൻമാരെല്ലാം സംഘമുപേക്ഷിക്കണമെന്ന് ആ കൂട്ടത്തിൽനിന്നൊരാഠം പറഞ്ഞു. ഞങ്ങളുടെ കൂട്ടത്തിൽ രണ്ടു മാപ്പിള ഹെഡ് കോൺസ്റ്റബിഠംമാരും പതിനഞ്ചു മാപ്പിള കോൺസ്റ്റബിഠംമാരുമുണ്ടായിരുന്നു.

ഇതെല്ലാം പബ്ലിക്റോഡിൽവെച്ചാണ് നടന്നത്. മിസ്റ്റർ റൗലി വെടിവെപ്പാൻ കല്പനകൊടുത്തു. അപ്പോഠം മുന്ന

ണിയിലുള്ള മാപ്പിളമാരെല്ലാം പിന്നോട്ടുമാറി. ഏതാനും മാപ്പിളമാർ പൊലിസിൻെറ പിൻപുറത്തെത്തി. അവരെ വടികൊണ്ടടിപ്പാൻ തുടങ്ങി. ഉടനെ മടങ്ങിപ്പോകാൻ ഞങ്ങൾക്കു കല്പനയായി. ഞങ്ങൾ പോലീസ്‌സ്റ്റേഷനിലേയ്ക്കു മടങ്ങി. പോലീസ്സ് സ്റ്റേഷനിലെത്തിയപ്പോൾ മിസ്റ്റർ റൗലിയെ കണ്ടില്ല. കുറച്ചു കഴിഞ്ഞപ്പോൾ അയാളുടേയും ജോൺസൻേറയും ശവം കച്ചേരിക്കു കൊണ്ടുവന്നു. ഹെഡ്‌കോൺസ്റ്റബിൾ മൊയ്തീനും ഗോവിന്ദൻ നായരും ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നു. മൊയ്തീൻെറ ശവവും പിന്നീടു ഞാൻ കണ്ടു. ഗോവിന്ദൻനായരേയോ ശവത്തേയോ കണ്ടില്ല.''

ആലിമുസലിയാരുടെ ഒരു പ്രധാന ശിഷ്യനും പിന്നീടൊരു ലഹളത്തലവൻെറ നിലയിൽ പ്രസിദ്ധിനേടിയവനുമായ ലവക്കുട്ടി ഈ സംഭവത്തെപ്പററിയും മററും ചേറത്തക്കുഴിയിൽ ചെറിയ മമ്മതിനോടു പറഞ്ഞവിവരമാണ് താഴെ ചേർക്കുന്നത്:

''കുറേ മാസങ്ങൾക്കു മുമ്പ് തിരൂരങ്ങാടിയിൽ അമ്പതു റിസർവ്വ് പൊലീസും ഒരു സായ്പും വന്നിരുന്നു. അവർ ഖിലാഫത്ത് ഓഫീസിൻെറ മുമ്പിലുണ്ടായിരുന്ന ബോർഡും കൊടിയുമെടുത്തുകൊണ്ടു പോകുകയും തുർക്കിത്തൊപ്പി ധരിച്ചിരുന്ന ചിലരോടു തൊപ്പി പിടിച്ചു പറിച്ച് അതു നിലത്തിട്ടു ചവിട്ടിത്തേയ്ക്കുകയും ചെയ്തു. പിന്നെ ഓരോ സ്ഥലങ്ങളിൽ തൊപ്പി കണ്ടാൽ പോലീസ്സുകാർ പിടിച്ചുപറിക്കലായി. തൊപ്പി മടക്കിച്ചോദിച്ചാൽ അടിക്കയും ചെയ്തിരുന്നു. ഞാനും കുഞ്ഞലവിയും മററും വളണ്ടിയർമാരായിരുന്നു. ഞങ്ങളുടെ തൊപ്പിയും അപ്രകാരം എടുക്കുമെന്നു ഞങ്ങൾക്കു തോന്നി. അതു കൊടുക്കാതിരുന്നാൽ വല്ല തെററുമുണ്ടോ എന്നു ആലിമുസലിയാരോടു ചോദിച്ചറിഞ്ഞു. കൊടുക്കാതിരിക്കുന്നതുകൊണ്ടു വിരോധമില്ലെങ്കിലും അക്രമം പ്രവർത്തിപ്പാൻ പാടില്ലെന്നു മുസലിയാർ പറഞ്ഞു. അതിനിടയ്ക്ക് ഒരു ദിവസം എന്നെ പോലീസ്സ് സ്റ്റേഷനിലേയ്ക്ക് സബ്ബിൻസ്പെക്ടർ വിളിക്കുവാനയച്ചിരുന്നു. അതിനെപ്പററി ആലിമുസലിയാരോടന്വേഷിച്ചതിൽ കല്പനയില്ലാതെ വിളിക്കുന്നതിന്നു പോകേണമെന്നില്ലയെന്നും പറഞ്ഞു. പിന്നീട് എന്നേയും മററും തൊപ്പി ഒഴിപ്പിക്കേണ്ടതിന്ന് ആമു സുപ്രഡേണ്ട് കാരാടൻ മൊയ്തീനെക്കൊണ്ട് ആവശ്യപ്പെടീച്ചു. അപ്പോഴും ഞാൻ തൊപ്പി ഒഴിച്ചില്ല. അതു നിമിത്തം കാരാടൻ മൊയ്തീനായിട്ടും

കുറഞ്ഞ മുഷിച്ചിലിന്നു കാരണമായി. പിന്നെ ഖാൻ ബഹദൂർ ചേക്കുട്ടി ഇൻസ്പെക്ടർ വന്ന് തൊപ്പിയിടാതിരിപ്പാൻ ആലിമുസലിയാരോടു ഞങ്ങളെ ഉപദേശിപ്പാൻ പറഞ്ഞതായി കേട്ടു. പക്ഷേ, ആലിമുസലിയാർ തൊപ്പി ഉപേക്ഷിപ്പാൻ പറഞ്ഞില്ല. പോലീസ്സുകാർ വന്ന് ബലമായി തൊപ്പിയെടുക്കുകയോ വല്ല ഉപദ്രവങ്ങൾ ചെയ്കയോ ചെയ്യേയ്ക്കാമെന്ന ഒരു ശങ്ക ഞങ്ങൾക്കു തുടങ്ങി. അങ്ങനെ ചെയ്താൽ എന്തുചെയ്യണമെന്ന് ആലിമുസലിയാരോടന്വേഷിച്ചതിൽ ഇസ്ലാം മതപ്രകാരം ഒരുത്തനെ അവന്റെ ശത്രു വന്ന് ഉപദ്രവിക്കയും അതിനാൽ അവൻ മരണപ്പെട്ടുപോകുമോ എന്ന ശങ്ക അവന്നു തോന്നുകയും ചെയ്താൽ അവനതിൽനിന്നു കഴിയുംപ്രകാരം ഒഴിവാൻ നോക്കേണമെന്നും ഒരുനിലയിലും അവന്നു ഒഴിവു കിട്ടാതേയും നില്ക്കള്ളിയില്ലാതേയും വന്നാൽ ആ സമയത്ത് സ്വയരക്ഷയ്ക്കായി എതിർക്കണമെന്നത് നിർബ്ബന്ധകല്പനയാണെന്നും അങ്ങനെ എതിർക്കാതെ വെറുതെ ദേഹം ഉപദ്രവത്തിന്നിരയാക്കിക്കൊടുക്കുന്നത് തെറ്റാണെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ടായിരുന്നു. ഇങ്ങനെ പറഞ്ഞതനുസരിച്ച് വല്ലപ്പോഴും നില്ക്കള്ളിയുണ്ടാവാതെ എതിർക്കേണ്ടിവരുമ്പോഴത്തെ ആവശ്യത്തിലേയ്ക്കായി ചില വലിയ പിച്ചാങ്കത്തികൾ ഉണ്ടാക്കിച്ചു. തിരൂരങ്ങാടിയിൽ ഞാനും കഞ്ഞലവിയും മാത്രമേ അന്നു ഇങ്ങനെയുള്ള ആയുധം ഉണ്ടാക്കിച്ചിട്ടുള്ളു. ബാക്കിയുള്ള വളണ്ടിയർമാർ കാരാടൻ പറഞ്ഞ പ്രകാരം തൊപ്പിയുംകൂടി ധരിക്കാതെയാണ് നടന്നിരുന്നത്. അതിന്നുശേഷമാണ് പട്ടാളക്കാർ പള്ളി വന്ന് വളഞ്ഞത്. ഞാനും കുഞ്ഞലവിയും ആലിമുസലിയാരും പള്ളിക്കൽ അപ്പോൾ ഇല്ലായിരുന്നു. ഞങ്ങൾ അതാതു സ്ഥലങ്ങളിലായിരുന്നു. പട്ടാളക്കാർ രണ്ടുമൂന്നാളുകളെ പിടിക്കയും പള്ളി വളയുകയും ചെയ്തതുകണ്ട് അനവധി ആളുകൾ അങ്ങാടിയിൽ കൂടിയിരുന്നു. കുറേ താമസിച്ചപ്പോഴേയ്ക്ക് നിരത്തിന്മേൽനിന്ന് 'തക്ബീർ' ചൊല്ലുന്നതു കേട്ടു. അപ്പോൾ ഞാൻ നിരത്തിൽവന്നു. ആ സമയം അവിടെ വെച്ച് തയ്യിൽ മുഹമ്മത്കുട്ടി മുസലിയാരും മററും അക്രമത്തിന്നു പോകരുതെന്നു പ്രസംഗിക്കുന്നതു കേട്ടു. അതിന്നുശേഷം താനൂർക്കാർ ചിലർ പടിഞ്ഞാറുനിന്നു വന്നിരുന്നുവെന്നും അതിൽ ചിലരെ വെടിവെച്ചുവെന്നും ചിലരെ പിടിച്ചു കച്ചേരിയിൽ ബന്തവസ്സ് ചെയ്തിട്ടുണ്ടെന്നും കേട്ടു. അപ്പോഴേയ്ക്ക് ആലിമുസലിയാരും കുഞ്ഞലവിയും മററും വന്നു. അപ്പോൾ ജനങ്ങൾ ആലി

മുസലിയാരുടെ അടുക്കെ തടിച്ചുകൂടി. അദ്ദേഹത്തോട് താനൂർക്കാരെ വെടിവെച്ച വർത്തമാനം പറഞ്ഞു. പിടിച്ചുകൊണ്ടുപോന്നത് ആരെയെല്ലാമാണെന്നും എന്തിനാണ് പിടിച്ചതെന്നും മററുമുള്ള വിവരം അറിയാൻ രണ്ടു മൂന്നാളുകൾ മാത്രം പോകുന്നതാണ് നല്ലതെന്നും അധികം ആളുകൾ പോയാൽ പട്ടാളക്കാർ വെടിവെയ്ക്കുമെന്നും അദ്ദേഹം പറഞ്ഞു. അതിനായി ആലി മുസലിയാരും രണ്ടാളുംകൂടി പടിഞ്ഞാറോട്ടു നടന്നു. അധികം ജനങ്ങൾ അപ്പോൾ അവരുടെ പിന്നാലെ പുറപ്പെട്ടു. അനവധി ജനങ്ങളെ കണ്ടപ്പോൾ ആലി മുസലിയാർ ജമായത്തു പള്ളിയുടെ അടുത്തു നിന്നു. അപ്പോൾ ചിലർ ആലി മുസലിയാരല്ലാതെ വേറെ രണ്ടുമൂന്നാളുകൾ പോയാൽ മതിയെന്നഭിപ്രായപ്പെട്ടു. അപ്രകാരം രണ്ടു മൂന്നാൾ പോയി. അപ്പോഴേയ്ക്ക് കിഴക്ക് കോട്ടയ്ക്കൽനിന്നും മററും 'തക്ബീറും' ചൊല്ലി കൊടിയും പിടിച്ച് ജനങ്ങൾ വരുന്നതു കണ്ടു. അവർ വന്ന് പടിഞ്ഞാട്ടു ജനങ്ങളെ തള്ളിത്തള്ളി, ജനങ്ങൾ വാടപ്പടിക്കലെത്തി. പട്ടാളക്കാരുടെ ദൃഷ്ടിയിലായി പിന്നിൽ നിന്നു 'തക്ബീർ' ഘോരമായി കേട്ടിരുന്നു. മുമ്പയച്ച മൂന്നാൾ പട്ടാളക്കാരുടെ അടുക്കലെത്തി. അവർ സായ്പുമായി എന്തോ സംസാരിക്കുന്ന മാതിരി തോന്നി. കൈകൊണ്ട് ഇരിക്കുവാൻ പറയുന്ന മാതിരി ആംഗ്യം കാണിച്ചതായി തോന്നി. അപ്പോൾ തിരക്കുന്ന ആളുകളോട് ഇരിക്കുവാനായി ഞങ്ങളെല്ലാവരും ആവശ്യപ്പെട്ടു. അപ്പോൾ ചിലർ ഇരുന്നു. ചിലർ ഇരിക്കാൻ ഭാവിക്കുകയായിരുന്നു. അപ്പോഴേയ്ക്ക് പട്ടാളക്കാർ വെടിവെയ്ക്കുന്നതു കണ്ടു. ചിലർ വെടികൊണ്ടു വീണു. ബാക്കിയുള്ളവർ ഓടി. ഞാനും കുഞ്ഞലവിയും മററു ചിലരും നിരത്തിൻെറ വടക്കുഭാഗം പറമ്പിലേയ്ക്കു ചാടി. പറമ്പിലേയ്ക്കു വെടിവെയ്ക്കുന്നതുകൊണ്ട് ഞങ്ങൾ പട്ടാളത്തിൻെറ അടുക്കലേയ്ക്കു ഓടി. രണ്ടു സായ്പുമാരും ഹെഡ് മൊയ്തീനും പട്ടാളത്തിൽനിന്നു കുറച്ചു വിട്ട് നിരത്തിന്നു വടക്കുഭാഗത്തുള്ള ചെമ്പോട്ടിയുടെ പുരയുടെ അടുത്തു നിൽക്കുന്നുണ്ടായിരുന്നു. അവരെ വെട്ടി. അപ്പോൾ പട്ടാളക്കാരും വടക്കോട്ടു വെടിവെച്ചുകൊണ്ട് പിന്നോക്കം മാറി. ഞങ്ങൾ അവിടെനിന്നു മടങ്ങി. ആലിമുസലിയാരുടെ അടുക്കൽ വന്നു. അവിടെനിന്നു മരിച്ചുകിടക്കുന്ന 'മയ്യത്തു'കളെ എടുക്കുവാൻ ആലിമുസലിയാർ ജനങ്ങളോടു പറഞ്ഞു. 'മയ്യത്തു'കൾ എടുത്തു പള്ളിക്കൽ കൊണ്ടുപോയി അടക്കുകയും ചെയ്തു. രാത്രി എല്ലാവരുംകൂടി ആലോചിച്ചതിൽ ജനക്കൂ

ട്ടത്തെ കണ്ടു പേടിച്ച് പട്ടാളക്കാർ വെടിവെച്ചതായിരിക്കാ
മെന്ന് അഭിപ്രായപ്പെടുകയും പിറേറ ദിവസം ജനക്കൂട്ടമി
ല്ലാതെ വിവരം അറിയുവാനായി രണ്ടു മൂന്നാളെ അയക്കാ
മെന്നു തീർച്ചപ്പെടുത്തുകയും ചെയ്തു. നേരം പുലർന്ന
പ്പോൾ പട്ടാളക്കാരും പോലീസ്സുകാരും കച്ചേരിയിലില്ലെന്ന
റിഞ്ഞു.''

തിരൂരങ്ങാടി കിഴക്കുഭാഗത്തു നടന്ന ആ പ്രധാന സംഭ
വത്തെപ്പററി കോൺസ്റ്റബിൾ അച്ചുതൻനായരുടെ തെളിവും
ലവക്കുട്ടിയുടെ സ്റ്റേററുമെൻറും തമ്മിൽ ചില സംഗതികളി
ലൊഴികെ വളരെ യോജിപ്പു കാണുന്നുണ്ട്. അച്ചുതൻ
നായർ കോടതിയിൽ കൊടുത്ത തെളിവിന്നു ചില ഉദ്ദേശ
ങ്ങൾ ഉണ്ട്. പ്രതികളായ ആലിമുസലിയാരെയും മററും
യുദ്ധം ചെയ്തതിന്നും കൊലകൾ നടത്തിയതിന്നും ശിക്ഷി
ക്കേണമെന്ന ഉദ്ദേശ്യത്തോടെയാണ് പോലീസ്സുകാർ തെളിവു
കൊടുത്തിരുന്നത്. കോടതികളും കേസ്സുകളുമായി പരി
ചയമുള്ളവർക്കെല്ലാം കോടതിയിൽ സാധാരണയായി
സാക്ഷികൾ കൊടുക്കുന്ന വാങ്മൊഴികളെപ്പററി വളരെ
ബഹുമാനമുണ്ടാവാനിടയില്ല. കേസ്സിൻെറ ഉപയോഗത്തി
ന്നായി സത്യത്തെ ചാച്ചും ചരിച്ചും സാക്ഷികൾ പലവിധ
ത്തിൽ വികൃതമാക്കുന്നതു അത്ഭുതമല്ല. അതിനാൽ
അച്ചുതൻനായരുടെ തെളിവു മുഴുവനും വേദവാക്യമായി
സ്വീകരിക്കുവാൻ നമുക്കു തരമില്ല. ലവക്കുട്ടിക്കു അപ്ര
കാരമുള്ള യാതൊരുദ്ദേശവുമില്ല. അയാൾ സായ്പന്മാ
രെയും മററും വെട്ടിയതായി സ്റ്റേററുമെൻറുകൊണ്ടുതന്നെ
സമ്മതിക്കുന്നു. അക്രമം താൻ പ്രവർത്തിച്ചിട്ടുണ്ടെന്നു
സമ്മതിക്കുന്ന അയാൾക്കു താനും മററുള്ളവരും അക്രമരാ
ഹിത്യം അനുഷ്ഠിച്ചുവെന്നു സാധിക്കേണ്ട ഉദ്ദേശ്യം തന്നെ
യില്ല. പല ദിക്കിൽനിന്നും വന്ന ആൾക്കൂട്ടത്തെ തടഞ്ഞു
നിർത്തുവാൻ ആലിമുസലിയാരും മററുള്ളവരും ശ്രമിച്ചിട്ട്
കഴിഞ്ഞില്ലെന്നു വന്നേയ്ക്കാം. അങ്ങനെ അവർ ശ്രമിച്ചു
വെന്ന് ലവക്കുട്ടി പറയുന്നത് തന്നെ തീർച്ചയായും
നമുക്കു വിശ്വസിക്കാം. രണ്ടോ മൂന്നോ ആളെ വിവരം
അറിവാൻ മുൻകൂട്ടി പട്ടാളത്തിൻെറ അടുക്കലേയ്ക്ക് അയച്ച
സംഗതിയിൽനിന്നു തന്നെ ആൾക്കൂടം ഒന്നായി കച്ചേരിക്കു
പോകരുതെന്ന് ആലിമുസലിയാർക്കും മററും വളരെ ആഗ്ര
ഹമുണ്ടായിരുന്നുവെന്ന് വെളിവാകുന്നുണ്ട്. രണ്ടുമൂ
ന്നാൾ പട്ടാളത്തിൻെറ അടുക്കെ വന്നത് അച്ചുതൻനായരും
പറയുന്നു. പക്ഷേ, തടവുകാരെ വിട്ടുകിട്ടാൻ നിർബ്ബന്ധി
ക്കാനാണ് അവർ വന്നതെന്നാണ് അച്ചുനായർ പറഞ്ഞത്.

താനൂരുണ്ടായ സംഭവങ്ങൾ എന്തെല്ലാമെന്നും ആരെയെല്ലാമാണ് പിടിച്ചതെന്നും അറിവാനാണ് ഇവരെ അയച്ചതെന്നു ലവക്കുട്ടിയും പറയുന്നു. ഈ ദൂതന്മാരെ തീരെ ഭഗ്നാശരാക്കത്തക്കവണ്ണം പട്ടാള ഉദ്യോഗസ്ഥന്മാർ മറുപടി പറയുന്നില്ല. കലക്ടർ വന്നതിന്നുശേഷം തീർച്ചപ്പെടുത്താമെന്നു മാത്രമേ അവർ പറയുന്നുള്ളൂ. ഈ ദൂതന്മാർ തങ്ങളെ അയച്ചവരോട് വിവരം പറവാനായി മടങ്ങിപ്പോകയും ചെയ്യുന്നു. അതുവരെ യാതൊരു തകരാറുമില്ല. അപ്പോഴേയ്ക്ക് ആൾക്കൂട്ടം മുന്നോട്ടുതന്നെ വരുന്നതുകണ്ട് പട്ടാളക്കാർ വെടിവെയ്ക്കുന്നുവെന്നാണ് അച്ചുതൻനായർ പറയുന്നത്. പിന്നിലുള്ളവർ വിവരം അറിയാതെയും അറിവാനുള്ള ഉൽക്കണ്ഠയോടും മുന്നോട്ടു തിരക്കുന്നതും മുന്നിലുള്ളവർ നിവൃത്തിയില്ലാതെ നീങ്ങുന്നതും ജനത്തിരക്കിൽ സാധാരണ സംഭവിക്കുന്ന സംഗതികളാണ്. അതിനാൽ അച്ചുതൻനായർ പറയുന്നത് ഒരുപക്ഷേ,ശരിയായിരിക്കാം. എന്നാൽ പട്ടാളത്തെ എതിർക്കുവാനോ അവരോടു യുദ്ധം ചെയ്യാനോ ഉള്ള ഉദ്ദേശ്യം ഈ ആൾക്കൂട്ടത്തിന്നുണ്ടായിരുന്നുവെന്ന് വിചാരിപ്പാൻ ഒരിക്കലും ന്യായമില്ല. മുന്നോട്ടു വരരുതെന്നു പട്ടാള ഉദ്യോഗസ്ഥന്മാർ ആംഗ്യം കാണിച്ചതിനെ ഇരിക്കുവാൻ ആംഗ്യം കാണിച്ചതായി മുന്നണിയിലുള്ളവർ തെററിദ്ധരിച്ചുവെന്നും വന്നേയ്ക്കാം. അതു ചിലർ അനുസരിച്ചുവെന്നും ലവക്കുട്ടി പറയുന്നു. എങ്കിലും എല്ലാവരും ഇരുന്നിരുന്നില്ല. ഇരുന്നത് അവർതന്നെ സമ്മതിക്കുന്നുണ്ട്. അപ്പോഴേയ്ക്ക് പട്ടാളക്കാരുടെ വെടി തുടങ്ങി. മുന്നോട്ടു വന്നുവെന്ന കുററത്തിന്നാണ് ഈ വെടി തുടങ്ങിയത്. വെടി തുടങ്ങിയപ്പോൾ ചിലർ വടക്കോട്ടു പറമ്പിലേയ്ക്കു ചാടുകയും അവിടെയ്ക്കും വെടിവെച്ചപ്പോൾ പട്ടാളക്കാർ നിൽക്കുന്നിടത്തേയ്ക്ക് പാഞ്ഞെത്തി അവരുടെ പിന്നിൽക്കടന്ന് അവരെ വെട്ടാനും അടിക്കാനും തുടങ്ങുകയും ചെയ്തു. ഇവരിൽ പ്രധാനികളായവരായിരുന്നു ലവക്കുട്ടിയും കുഞ്ഞലവിയും. വെടി തുടങ്ങിയപ്പോൾ ഏതാനും ലഹളക്കാർ പോലീസിൻെറ പിന്നിലെത്തി അവരെ അടിപ്പാൻ തുടങ്ങിയെന്നാണ് അച്ചുതൻനായർ പറയുന്നത്. പിന്നിൽചെന്ന് വെട്ടിയെന്ന് ലവക്കുട്ടിയും പറയുന്നു. സാധാരണതന്നെ വാൾ കൊണ്ടുനടന്നിരുന്ന ലവക്കുട്ടിയും കുഞ്ഞലവിയും വാൾ ഉപയോഗിച്ചിട്ടുണ്ടായിരിക്കണം. മൊയ്തീൻഹെഡ്ഡിനെ അടിച്ചടിച്ചു കൊന്നതാണെന്ന് കോൺഗ്രസ്സുകാർ ഇതിനുശേഷം ആലിമുസലിയാരെ കാണുവാൻ തിരൂരങ്ങാടിയിൽ പോയപ്പോൾ കുഞ്ഞ

ലവി പറയുകയുണ്ടായിയെന്ന് അന്നു പോയിരുന്നവരിലൊരാൾ പറഞ്ഞറിഞ്ഞിട്ടുണ്ട്. ഏതായാലും പോലീസ്സുകാർ വെടി തുടങ്ങിയപ്പോൾ ആൾക്കൂട്ടത്തിന്റെ പ്രകൃതം തന്നെ മാറിയെന്നതിന്ന് സംശയമില്ല. ചിലർ ഓടി, ചിലർ ഒളിച്ചു. ചിലർ പോലീസിനെ എതിർത്തു. ഇതിന്റെയെല്ലാം ഫലമായി മിസ്റ്റർ റൌലിയും മിസ്റ്റർ ജോൺസണും രണ്ടു ഹെഡ്കോൺസ്റ്റബിൾമാരും മരണപ്പെട്ടു. അനേകം മാപ്പിളമാർ വെടികൊണ്ടു മരിച്ചു. ക്ഷമയില്ലായ്മയുടെ ഫലം മാപ്പിളമാരും നാട്ടുകാരെ പട്ടിപോലെ വെടിവെപ്പാൻ ദാക്ഷിണ്യമില്ലാത്ത മനോഭാവത്തിന്നുള്ള ശിക്ഷ പോലീസ്സുകാരും ഒരുപോലെ അനുഭവിക്കുകയും ചെയ്തു.

# രണ്ടാം ഭാഗം

# പരപ്പനങ്ങാടി സംഭവം

താനൂർ സംഘത്തെ വെടി വെച്ചത് 20—ാംതിയ്യതി ഏകദേശം പന്ത്രണ്ടര മണിക്കാണെങ്കിലും മിസ്റ്റർ തോമസ് തിരൂരങ്ങാടി കച്ചേരിയിൽ മടങ്ങി എത്തിയപ്പോൾ സുമാർ മൂന്നു മണിയായിരിക്കുന്നു. വെടിവെച്ചതും പലരേയും പിടിച്ചതും അതിന്നുമുമ്പുതന്നെ ജനങ്ങൾ അറിഞ്ഞതു നിമിത്തമുണ്ടായ കുഴപ്പങ്ങളാണ് മുൻ അദ്ധ്യായത്തിൽ വിവരിച്ചത്. ഇതെല്ലാം കഴിഞ്ഞപ്പോഴേയ്ക്ക് മിസ്റ്റർ തോമസ്സ് കച്ചേരിയിൽ മടങ്ങിയെത്തി. എന്നാൽ അങ്ങാടി യിലടുത്തുള്ള മാപ്പിളമാരെ ആട്ടിപ്പിടിക്കാനുള്ള ശ്രമംമൂല മാണ് മിസ്റ്റർ തോമസ്സിന്നും സൈന്യത്തിന്നും മടങ്ങിവരാൻ ഇത്ര താമസം നേരിട്ടത്. ഏകദേശം നാല്പതോളം മാപ്പിള മാരെ അവർ ബന്ധനസ്ഥരാക്കിയിരുന്നു.

മിസ്റ്റർ തോമസ്സ് മടങ്ങിവന്നു. കുറച്ചുകഴിഞ്ഞു അഞ്ചര മണിയായപ്പോൾ മിസ്റ്റർ റൌലിയുടെയും മിസ്റ്റർ ജോൺസൻെറയും മൊയ്തീൻ സാഹിബിൻെറയും ശവം കച്ചേരിയിൽ കൊണ്ടുവന്നു. അതിന്നുശേഷം തിരൂരങ്ങാ ടിയിൽ വിശേഷിച്ചു യാതൊന്നും ഉണ്ടായിട്ടില്ല. ഈ ഭവി ഷ്യത്ത് ഒന്നും ആലോചിക്കാതെ തിരൂരങ്ങാടിയിലേയ്ക്ക് പുറപ്പെട്ട മിസ്റ്റർ തോമസ്സ് കോപത്തിന്നും വ്യസനത്തിന്നും ഇരയായി അന്നത്തെ രാത്രി കഴിച്ചിരിക്കണം. മാപ്പിളമാരാ ണെങ്കിൽ ഐക്യത്തിൻേറയും, അജ്ഞതയുടേയും, അക്ഷമ യുടേയും ഫലമാണ് അന്ന് അനുഭവിച്ചത്. ഈ വിധം ആപത്തുകൾ ആസന്നമാണെന്ന് അവരിൽ അധികംപേരും 20—ാം തിയ്യതി രാവിലെ പ്രതീക്ഷിച്ചിരിക്കുവാൻ തരമില്ല. ഖിലാഫത്ത് സംബന്ധമായും മററും ഗവർമ്മേണ്ടിനോട് അവർക്കുള്ളിൽ നിരാശ ഉണ്ടായിരുന്നുവെന്നതിൽ സംശയ മില്ല. പക്ഷേ, ഗവർമ്മേണ്ടിനോട് ഒരു യുദ്ധം ചെയ്യണ മെന്നു അവര് ഒരിക്കലും ആലോചിച്ചിരുന്നില്ല. ഏതാ യാലും ഇരുപതാംതീയതിയിലെ അനുഭവങ്ങൾ മിക്കതും യാദൃച്ഛികമായിരുന്നുവെന്നതിൽ സംശയമില്ല. അന്നു തിരൂരങ്ങാടിയിലുണ്ടായിരുന്നവരോ, വന്നെത്തിയവരോ ആയവരിൽ ഏതാനുംപേർ അക്രമത്തിന്നെതിരെ വിരോധിക ളല്ലായിരിക്കാം. എങ്കിലും അവരാരും ബ്രിട്ടീഷുഗവർമ്മേ

ണ്ടിനോട് ഒരു യുദ്ധത്തിനായി ഒരുങ്ങിയിരുന്നില്ല എന്നത് തീർച്ചതന്നെയാണ്. പള്ളി വളയാതേയും അല്പം നയത്തോടും ജീവകാരുണ്യത്തോടും കൂടി അധികൃതമായി പോലീസ്സുകാർ അന്നു പെരുമാറുകയും എന്തോ കേട്ട് ഒന്നും ആലോചിക്കാതെ കൂട്ടം കൂട്ടമായി മാപ്പിളമാർ തിരൂരങ്ങാടിക്ക് ഓടാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ അന്നത്തെ അത്യാപത്തുകളും കലഹങ്ങളും കൂടാതെ കഴിപ്പാൻ വളരെ വിഷമമുണ്ടായിരുന്നു എന്നു തോന്നുന്നില്ല. പക്ഷേ, വിധികല്പിതം മാററാൻ കഴിയുകയില്ലല്ലോ.

മിസ്റ്റർ റൌലി, ജോൺസൺ മുതലായവർ കൊല്ലപ്പെട്ട ശേഷം സൈന്യങ്ങരം കച്ചേരിക്ക് മടങ്ങിവരികയും മിസ്റ്റർ തോമസ്സും മററും പടിഞ്ഞാറുനിന്നു വരികയും ചെയ്തതിന്നുശേഷം തിരൂരങ്ങാടിയിൽ പറയത്തക്ക സംഭവങ്ങരം ഒന്നും ഉണ്ടായില്ലെന്നു മുൻപ്രസ്താവിച്ചല്ലോ. എന്നാൽ തിരൂരങ്ങാടിയുടെ കിഴക്ക് പനമ്പുഴക്കലും പരപ്പനങ്ങാടിയിലും ഈ സംഭവങ്ങരംക്ക് ശേഷം അന്നുതന്നെ നടന്ന ചില സംഗതികരം കൂടെ ഇവിടെ പ്രസ്താവിക്കേണ്ടതായിട്ടുണ്ട്. പരപ്പനങ്ങാടിയിൽ നടന്ന സംഭവങ്ങളെപ്പററി നേരിട്ടു അറിവുള്ള ഒരാരം പറഞ്ഞ വിവരങ്ങളാണ് താഴെ ചേർക്കുന്നത്:

''ഇരുപതാംതീയതി ഉച്ചതിരിഞ്ഞു ഏകദേശം രണ്ടു മണി സമയമായപ്പോരം കിഴക്കു നിന്നു അനവധി ജനങ്ങരം ഓടി വരുന്നതു കണ്ടു. തിരൂരങ്ങാടിയിൽ അനവധി പേർ ഉണ്ടായിരുന്നുവെന്നും മാപ്പിളമാരും പട്ടാളക്കാരും അനവധി മരിച്ചിട്ടുണ്ടെന്നും ഇനിയും പട്ടാളം വന്നു വെടിവെച്ചു കൊല്ലുന്നത് തടസ്സംചെയ്യുവാൻ റെയിൽവെ, കമ്പി മുതലായവ എടുത്തുകളയണമെന്നും മററും പറഞ്ഞുകൊണ്ടാണ് ജനങ്ങരം ഓടിയിരുന്നത്. ചിലരുടെ കൈയിൽ മഴു, വടി മുതലായ കയ്യിൽകിട്ടിയ ആയുധങ്ങരം ഉണ്ടായിരുന്നു.

ഇങ്ങനെയുള്ള വിഡ്ഢിത്തംകൊണ്ടു യാതൊരു കാര്യവുമില്ലെന്നും മററും തിരൂർക്കാരൻ കുഞ്ഞഹമ്മദും മററും വലിയവരെക്കൊണ്ടു പ്രസംഗിപ്പിച്ചു തടസ്സം ചെയ്യാനുള്ള ഉദ്ദേശ്യത്തിന്മേൽ ഞങ്ങളും പുറത്തിറങ്ങി. ഞങ്ങരം പരപ്പനങ്ങാടിയിലെത്തിയപ്പോഴേയ്ക്കും സ്റ്റേഷൻെറ അടുത്തുള്ള കമ്പികരം മുറിച്ചിരിക്കയും റെയിൽവേ സ്റ്റേഷനിലുള്ള എല്ലാ റിക്കാർഡുകളും ടിക്കററുകളും വലിച്ചു പുറത്തിട്ടിരിക്കുകയും ചെയ്തതായും റെയിൽ കുത്തിപ്പൊളിക്കുവാൻ ശ്രമിക്കുന്നതായും കണ്ടു. അനവധി ജനങ്ങരം ഇങ്ങിനെ ചെയ്തിരുന്നു. ഞങ്ങരം പറയുന്നത് കേരംക്കാൻ ആർക്കും

ക്ഷമയുണ്ടായിരുന്നില്ല. മുസലിയാർക്കും നല്ലവണ്ണം പ്രസംഗിക്കുവാൻ പേടിയുണ്ടായിരുന്നു. വല്ലതും ലഹളക്കാർ ചെയ്തെങ്കിലോ എന്നും ഭയമുണ്ടായിരുന്നു. ഞങ്ങൾ അധികനേരം അവിടെ നിന്നില്ല. നിന്നാൽ അവരുടെ കൂട്ടത്തിൽ കൂടുവാൻ അവർ നിർബ്ബന്ധിക്കുമെന്നു ശങ്കിച്ചാണ് ഒഴിച്ചത്. അടുത്തുള്ള പലരേയും നിർബ്ബന്ധിച്ചു പണി എടുപ്പിക്കുന്നതു കണ്ടു. കമ്പിക്കാലിൽ കയറീട്ടാണ് കമ്പി പൊട്ടിച്ചത് എന്നു അവിടെ നിൽക്കുന്ന കുട്ടികൾ പറഞ്ഞു. ഈ സമയത്ത് റെയിൽവെ സ്റ്റേഷനിലുണ്ടായിരുന്ന ചരക്കുകൾ പലരും എടുത്തുകൊണ്ടു പോയിരുന്നു. പ്രദേശത്തുള്ള ജനങ്ങളാണ് ഇങ്ങിനെ സാമാനങ്ങൾ എടുത്തുകൊണ്ടു പോയിരുന്നത്.''

തിരൂരങ്ങാടിയുടെ കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽവെച്ചു, പോലീസ്സും പട്ടാളവും മാപ്പിളമാരോട് പെരുമാറിയ രീതിയിൽനിന്നു തങ്ങളുടെ വംശനാശം ചെയ്വാൻ ഗവർമ്മേണ്ട് തീർച്ചപ്പെടുത്തിയതായി മാപ്പിളമാർ ധരിച്ചു. ആ അപകടത്തിൽനിന്നു രക്ഷപ്പെടുവാൻ തങ്ങളുടെ ബുദ്ധിയിൽ തോന്നിയപ്രകാരം പ്രവർത്തിച്ചതിൻെറ ദൃഷ്ടാന്തമാണ് പരപ്പനങ്ങാടിയിൽ നടന്ന സംഭവങ്ങൾ. കമ്പി മുറിച്ചതും സ്റ്റേഷൻ തകരാറാക്കിയതുമെല്ലാം രണ്ടു വെടികൾക്കു ശേഷമാണ് എന്നതു പ്രത്യേകം ഓർക്കേണ്ടതാണ്.

പക്ഷേ, പനമ്പുഴക്കൽ വെച്ചു നടന്ന സംഭവങ്ങൾ ഇതിലും ഗൗരവമുള്ളതായിരുന്നു.

കലക്ടരുടെ കല്പനപ്രകാരം ആഗസ്റ്റ് 19—ാം തിയ്യതി പുറപ്പെട്ട പോലീസ്സോടുകൂടി സ്പെഷൽ പോലീസ് ഇൻസ്പെക്ടർ മിസ്റ്റർ റിഡ്മാനും ഉണ്ടായിരുന്നു. എന്നാൽ മലപ്പുറത്തിന്നു എട്ടുനാഴിക പോയപ്പോൾ മിസ്റ്റർ റിഡ്മാന്ന് എന്തോ സുഖക്കേടുണ്ടായി. അയാളെ ഒരു വണ്ടിപിടിച്ചു മലപ്പുറത്തേയ്ക്കു തന്നെ യാത്രയാക്കി. അയാളുടെ കൂടെ ആഡർലി കുഞ്ഞാലി പോയിരുന്നു. ഇരുപതാംതീയതി രാവിലെ റിഡ്മാൻ കുറച്ചു സുഖം തോന്നിയപ്പോൾ രണ്ടാമതും തിരൂരങ്ങാടിയിലേയ്ക്കു പുറപ്പെട്ടു. പക്ഷേ, അപ്പോൾ അതിന്നു അയാളെ അനുവദിച്ചില്ല. പോണമെന്നുണ്ടെങ്കിൽ പോവാമെന്നു ഉച്ചയ്ക്ക് അനുവാദം കിട്ടി. കലക്ടരുടെ കാർ അവിടെ ഉണ്ടായിരുന്നതിനാൽ അയാളുടെ ഡ്രൈവറുംകൂടി പുറപ്പെട്ടു. കാറിൻെറ കൂടെ മൂന്നു ഒഴിഞ്ഞ ലോറികളും പുറപ്പെട്ടു. അതിൽ മുമ്പിലെ ലോറിയിലാണ് ആഡർലി കുഞ്ഞാലി ഉണ്ടായിരുന്നത്. മലപ്പുറത്തുനിന്നു 8 നാഴിക

പോയപ്പോഠം ചില ലഹളക്കാർ ഈ ലോറികളെ തടഞ്ഞു നിർത്തി കുഞ്ഞാലിയേയും അവയിൽ ഉണ്ടായിരുന്നവരേയും കൊന്നു. മിസ്റ്റർ റിഡ്മാൻെറ കാർ പനമ്പുഴക്കൽ വരെ എത്തി. പനമ്പുഴ തിരൂരങ്ങാടിയിൽനിന്നു രണ്ടു നാഴിക കിഴക്കാണ്. അവിടെ വെച്ചു ലഹളക്കാർ മിസ്റ്റർ റിഡ്മാനെ പിടിക്കുകയും അദ്ദേഹത്തെ വെട്ടിക്കൊല്ലുകയും ചെയ്തു. ഇതു ഏകദേശം വൈകുന്നേരമായിരിക്കണം. തിരൂരങ്ങാടിയിൽനിന്നു വെടി കഴിഞ്ഞു മടങ്ങിയ മാപ്പിളമാരാണ് ഈ കഠിനകൃത്യങ്ങഠം ചെയ്തതെന്നാണ് ഊഹിക്കേണ്ടത്. ഈ സംഭവത്തെപ്പററി മേൽപറഞ്ഞതിൽനിന്നു വ്യത്യാസപ്പെട്ട ഒരു വർത്തമാനവും കൂടിയുണ്ട്. മിസ്റ്റർ റിഡ്മാനും കുഞ്ഞാലിയും ഒരു മോട്ടോർ സൈക്കിളിലാണ് പോയിരുന്നതെന്നും പനമ്പുഴക്കൽ വെച്ചു കുഞ്ഞാലിയോട് മാപ്പിളമാർ സായ്‌വിനെ വിട്ടു പോകുവാൻ ആവശ്യപ്പെട്ടുവെന്നും കുഞ്ഞാലി അതു കൂട്ടാക്കാത്തതിനാൽ അവർ കുഞ്ഞാലിയെ കൊന്നുവെന്നുമാണ് വർത്തമാനം. എന്തായാലും 20—ാംനു- വൈകുന്നേരം പനമ്പുഴക്കോ അതിനിടക്കോ വെച്ചു ഈ രണ്ടു പേരേയും ലഹളക്കാർ കൊന്നുവെന്നത് തീർച്ചതന്നെ.

ഇരുപത്തൊന്നാം തിയ്യതി രാവിലെ റൌലി, ജോൺസൺ മുതലായവരുടെ ശവങ്ങഠം മറചെയ്ത് മിസ്റ്റർ തോമസ്സും പരിവാരങ്ങളും കോഴിക്കോട്ടേക്ക് മടങ്ങും എന്നവർ തീർച്ചപ്പെടുത്തി പരപ്പനങ്ങാടി വഴിക്കു പുറപ്പെട്ടു. വിവരങ്ങഠം അറിയുവാൻ തരമാവാതെയും ഭക്ഷണങ്ങഠം കിട്ടാൻ നിവൃത്തിയില്ലാതേയും വരികയാൽ അധികരിച്ച ശത്രുക്കളുടെ ഇടയിൽ താമസം അസാദ്ധ്യം എന്നു പറഞ്ഞു കൊണ്ടാണ് മിസ്റ്റർ തോമസ്സ് മടങ്ങിയത്. രാവിലെ എട്ടര മണിക്കാണ് അവർ തിരൂരങ്ങാടിയിൽനിന്നു പുറപ്പെട്ടത്. 10 മണിയായതോടുകൂടി പരപ്പനങ്ങാടി സ്റ്റേഷനിൽ എത്തി. അവിടെ അന്നുണ്ടായ സംഭവങ്ങളെപ്പററി ചെറിയ മമ്മത് നല്ലിയ സ്റ്റേററ്മെൻറിൻെറ ഭാഗമാണ് താഴെ ചേർക്കുന്നത്:

''രാവിലെയായപ്പോഠം തിരൂരങ്ങാടിയിൽ നിന്നു പിടിച്ച തടവുകാരോടുകൂടി കലക്ടരും പട്ടാളക്കാരും മററും റെയിൽവെസ്റ്റേഷനിൽ വന്നിട്ടുള്ളതായി കേട്ടു. അപ്പോഠം തന്നെ കിഴക്കുനിന്നു പല വഴിക്കുമായി ജനങ്ങഠം കൂടെക്കൂടെ ഇങ്ങനെ വന്നുതുടങ്ങി. റെയിൽ നന്നാക്കുവാനയക്കരുതെന്നും തടവുകാരെ കൊണ്ടുപോകുവാൻ സമ്മതിക്കരുത് എന്നും അവർ പറയുന്നുണ്ടായിരുന്നു. അവരുടെ കൈയിൽ വാള്, മടക്കുകത്തി മുതലായ ആയുധങ്ങഠം

ഉണ്ടായിരുന്നു. കിഴക്കരിൽ ചിലർ അച്ചമ്പാട്ട് കുഞ്ഞാലി ക്കുട്ടിഹാജിയുടെ വീട്ടിൽ കൊള്ളചെയ്യുമെന്നും പറഞ്ഞു. കാരണം മേപ്പടി കുഞ്ഞാലിക്കുട്ടിഹാജി സാഹിബിനും പട്ടാളത്തിന്നുമുള്ള തീനും മററും കൊടുത്തു സഹായിച്ചു വെന്നാണ് അവർ പറഞ്ഞിരുന്നത്. അപ്പോഠം തിരൂ രങ്ങാടിയിൽ നിന്നു വന്ന കുഞ്ഞാലിയും മററും ഏതു പാടിലാണെന്നും നാടുകടത്തിയ യാതൊരാളേയും ഉപ ദ്രവിക്കരുതെന്നും പലരോടും പറഞ്ഞിരുന്നു. അതിലി ടയ്ക്ക് സായ്പും പട്ടാളക്കാരും തടവുകാരേയും കൊണ്ടു റെയി ലിന്മേൽക്കൂടി നടന്നുപോകുന്നുണ്ടെന്നു കേട്ടപ്പോഠം പല വഴിയിൽനിന്നും കൂട്ടം കൂട്ടമാളുകഠം നിന്നു 'തക്ബീർ' ചൊല്ലുന്നതു കേട്ടു. അപ്പോഠം ഉച്ചതിരിഞ്ഞിരിക്കുന്നു. തക്ബീർ കേട്ടതോടുകൂടി വെടിയും കേട്ടു. പട്ടാളം നടന്നു പോകുമ്പോഠം റെയിലിൻെറ പടിഞ്ഞാറുഭാഗത്തുള്ള നിര ത്തിന്മേൽക്കൂടി ജനങ്ങഠം തക്ബീർ ചൊല്ലി കൂട്ടംകൂട്ടമായി പോയി. ഓടിക്കൊണ്ടിരുന്ന ആ ജനക്കൂട്ടത്തിലേയ്ക്കാണ് വെടിവെച്ചതെന്നു കേട്ടു. അങ്ങനെ ചെട്ടിപ്പടി കഴിയു ന്നതുവരെ വെടിവെച്ചതായി കേട്ടു. അതിൽ എഴുപതു ആളുകഠം മരിച്ചതായി അന്വേഷണത്തിൽ അറിഞ്ഞു. ഒളിച്ചു ദൂരെനിന്നു വന്നവരാണ് വെടികേട്ടത്. മരണ പ്പെട്ടവരിൽ പരപ്പനങ്ങാടിക്കാർ ഇല്ല. പൊന്മള, മററത്തൂർ ഇവിടങ്ങളിലെ ജനങ്ങളാണെന്നാണ് കേട്ടത്. കലക്ടർ പോകുന്നവഴിക്ക് തീവണ്ടി റെയിൽ മൂന്നു സ്ഥലത്തു നീക്കംചെയ്തതായി കണ്ടു. വളരെ വിഷമത്തോടുകൂടി ആക്ര മിക്കുന്നവരുടെ ആക്രമം തടുത്ത് അവരുടെ നേരെ വെടി വെച്ചു. രാത്രി 8 മണിക്ക് ഫറൂക്കിൽ എത്തി. അവിടെ നിന്നിരുന്ന തീവണ്ടി വഴിക്കാണ് രാത്രി 12 മണിക്ക് കോഴിക്കോട്ട് എത്തിയത്.''

20—ാംനു- ഉച്ചതിരിഞ്ഞപ്പോഠം തിരൂരങ്ങാടിയിൽ ഉണ്ടായ സംഭവങ്ങഠംക്കുശേഷം മാപ്പിളമാർ ഒരുവിധം ഭ്രാന്ത ന്മാരെപ്പോലെ ആയിത്തീർന്നു. അവരെ ഉന്മൂലനാശം ചെയ്യു വാൻ ഗവർമ്മേണ്ട് ഉറച്ചിരിക്കുന്നു എന്നു അവർ ഭയപ്പെട്ടു. ചെയ്ത പ്രവൃത്തികളെപ്പററി, മേൽപ്രസ്താവിച്ചവയെല്ലാം ഒഴി വാക്കുക പല ദിക്കിൽനിന്നും വന്ന പലതരക്കാരായ മാപ്പിള മാരെ വേണ്ടപോലെ നയിക്കാനോ, വേണ്ട ഉപദേശം കൊടു ക്കാനോ ത്രാണിയുള്ള നേതാക്കന്മാർ ഉണ്ടായിരുന്നുവെങ്കിൽ ത്തന്നെ ദുസ്സാദ്ധ്യമായിരുന്നു. കുഞ്ഞാലിക്കുട്ടി മുതലായ വർ ഗവർമ്മേണ്ടിനോടു യുദ്ധം ചെയ്യുവാൻ ഉറച്ചിരുന്നത ല്ലാതെ നാട്ടുകാരെ ഉപദ്രവിക്കുവാൻ അക്കാലത്ത് ഒരുങ്ങി

യിരുന്നില്ല.ആലിമുസലിയാരുടെ സ്ഥിതിയാണ് ഏററവും ദയനീയമായിരുന്നത്. ഒരു കാലത്ത് അക്രമത്തിൽ വിശ്വസിച്ചിരുന്ന മുസലിയാർ ലഹളയ്ക്ക് മുമ്പായി അക്രമരാഹിത്യംതന്നെ അംഗീകരിച്ചിരുന്നുവെന്നും വിശ്വസിക്കുവാൻ വഴിയുണ്ട്. എങ്കിലും കുഞ്ഞലവി മുതലായവരുടെ ചില ദുർഘടങ്ങളായ ചോദ്യങ്ങൾക്ക് പൂർണ്ണമായ അക്രമരാഹിത്യത്തെ മുൻനിർത്തി മറുപടി പറയുവാൻ തന്റെ മതവിശ്വാസങ്ങൾ പ്രതിബന്ധമായി തീർന്നു. സ്വയരക്ഷയ്ക്ക് പോലും അക്രമം (Violence) അഥവാ ഹിംസ പാടില്ലെന്ന മഹാത്മജിയുടെ വ്രതം അനുഷ്ഠിപ്പാനോ നടപ്പിലാക്കുവാനോ മുസലിയാർക്കു അസാദ്ധ്യമായിത്തോന്നി. അതുകൊണ്ടാണ് സ്വയരക്ഷയ്ക്കായി ഹിംസയാകാമെന്നു മുസലിയാർ അലവിക്കുട്ടിയോടും മററും ഉപദേശിച്ചത്. പക്ഷേ, അങ്ങിനെയല്ലാത്ത ഹിംസയ്ക്ക് (Aggressive Violence) അദ്ദേഹം വിരോധി തന്നെ ആയിരുന്നു. 20—ാംനു- രാവിലത്തെ സംഭവങ്ങൾക്ക് ശേഷം പല ദിക്കിൽനിന്നും ഓടിയെത്തിയ ആൾക്കൂട്ടത്തെ നിയന്ത്രിക്കുവാനോ നയിക്കുവാനോ അദ്ദേഹത്തിന്നവിടെ വിഷമമായിത്തോന്നി. ഇവരിൽ വളരെപ്പേർ അക്രമരാഹിത്യം എന്ന ശബ്ദം കേട്ടിട്ടില്ലാത്തവരായിരിക്കാം. എങ്കിലും അദ്ദേഹത്തിന്റെ പരിശുദ്ധഹൃദയം അക്രമരാഹിത്യത്തിൽ ദൃഢവിശ്വാസമുള്ളതായിരുന്നു. തയ്യിൽ മമ്മത്കുട്ടിമുസലിയാരുടെ ഭഗീരഥപ്രയത്നങ്ങളാലാണ് കോട്ടക്കൽ മുതലായ സ്ഥലങ്ങളിൽനിന്നു ഓടിവന്ന ജനങ്ങളെ ഒതുക്കിനിർത്തുവാൻ ഏതാണ്ട് സാധിച്ചത്. കാര്യം മുഴുവൻ അറിയാത്തവർ ആലിമുസലിയാരെ ഒരു ഭയങ്കരരാക്ഷസനെപ്പോലെയാണ് ധരിച്ചിട്ടുള്ളത്. അപ്രകാരമുള്ള രാക്ഷസന്മാർ ഈ ലഹളയിൽ ധാരാളമുണ്ടായിട്ടുണ്ട്. ലഹള തുടങ്ങിയതു മുതൽ ബന്ധനസ്ഥനാകുന്നതുവരെ ആലിമുസലിയാർ ഏതെങ്കിലും അക്രമം ചെയ്യുകയോ ചെയ്യാൻ ഉപദേശിക്കയോ ചെയ്തിട്ടില്ല എന്നു തീർച്ചയാണ്. നേരെ മറിച്ചു നാട്ടുകാരെ കൊള്ള ചെയ്യുന്നതും ഹിന്ദുക്കളെ മതം മാററുന്നതും മററും നിർത്തൽ ചെയ്യാൻ കഴിയുന്നതെല്ലാം ശ്രമിച്ചിട്ടുണ്ട് എന്നു ഹിന്ദുക്കൾ തന്നെ സമ്മതിച്ചതിൽ വാസ്തവമുണ്ട്. ഇതിനെപ്പററി അലവിക്കുട്ടി ഇങ്ങനെ പറയുന്നു:

''തിരൂരങ്ങാടിയിൽ കൂടിയിരുന്ന പല മാപ്പിളമാരും ഇരുപത്തൊന്നാം തിയ്യതി രാവിലെ പരപ്പനങ്ങാടിക്ക് പോയിട്ടുണ്ടെന്നും പോകുന്നുണ്ടെന്നും ആലിമുസലിയാർ കേട്ട ഉടനെ മുസലിയാർ കുഞ്ഞലവിയെ വിളിച്ചു, നാട്ടുകാർക്ക് യാതൊരു പരിഭവങ്ങളും ഉണ്ടാകരുതെന്ന് ജനങ്ങ

ളോട്ʼ ഉപദേശിക്കുവാൻ പരപ്പനങ്ങാടിയിലേയ്ക്കു പോകുവാൻ പറഞ്ഞു. വൈകുന്നേരം കുഞ്ഞലവിയും മററും വന്നു. പിറേറന്നു തിരൂരങ്ങാടിക്കടുത്തു ചില കളവുകാം നടന്നിട്ടുണ്ടെന്നറിഞ്ഞ ചിലർ മുസലിയാരോടു് ആ വിവരം പറഞ്ഞു. അടുത്ത ആളുകളെ അറിഞ്ഞേടത്തോളം വിളിച്ചു വരുത്തി മുസലിയാർ മുതൽ മടക്കി കൊടുപ്പിച്ചു. അതിലിടയ്ക്ക് മൂസ്സക്കുട്ടി അധികാരിയുടെ ഭാഗക്കാരുടെ വീടുകാം കൊള്ള ചെയ്യുവാൻ ചിലർ ഭാവിച്ചപ്പോാം അതു ആലി മുസലിയാർ പറഞ്ഞു തടസ്സം ചെയ്തിട്ടുണ്ട്ʼ.''

കുററിപ്പുറത്തെ പണിക്കരെ നിർബന്ധിച്ചു മതം മാററാൻ അടുത്ത ചില മാപ്പിളമാർ ശ്രമിച്ചപോലെയാണ്ʼ പണിക്കർ മുസലിയാരെ അറിയിച്ചത്ʼ. അതു പാടില്ലെന്നു പറകയാൽ രക്ഷപ്പെട്ടതു ഒരുവിധം പ്രസിദ്ധമായ സംഗതിയാണ്ʼ. ആലിമുസലിയാരുടെ നടപടി ഈവിധമായിരുന്നുവെങ്കിലും തിരൂരങ്ങാടിയിൽ വന്നുകൂടിയ മാപ്പിളമാരെ ഒതുക്കുവാനോ, അവരുടെ അക്രമപ്രവർത്തനങ്ങാം തടസ്സം ചെയ്യുവാനോ അദ്ദേഹത്തിന്നു സാധിച്ചില്ല. സംഗതിവശാൽ മററുള്ളവരുടെ ദൃഷ്ടിയിൽ ഒരു ലഹളത്തലവനായി ഭവിച്ചെങ്കിലും വാരിയങ്കുന്നൻ കുഞ്ഞമ്മതാജിയെപ്പോലെയോ മറേറാ, യാതൊരു ധിക്കാരവും നടത്തുവാൻ ആലിമുസലിയാർ ഇറങ്ങിപ്പുറപ്പെടുകയോ ശ്രമിക്കയോ ചെയ്തിരുന്നില്ല. പരപ്പനങ്ങാടിക്ക് കുഞ്ഞലവിയെ അയയ്ക്കയും തൻെറ അടുക്കൽ വന്നു സങ്കടം പറഞ്ഞവരുടെ സങ്കടനിവൃത്തി നടത്തിക്കൊടുക്കുകയും മററും ഇതിനോടനുബന്ധിച്ചു ചില സമാധാനകൃത്യങ്ങാം നിർവ്വഹിക്കുകയുമല്ലാതെ അദ്ദേഹം ഒരു രാജപദവി ഏറെറടുക്കുകയോ രാജാവെന്നു നടിക്കുകയോ ചെയ്തിരുന്നില്ല. പോലീസ്സുകാർ അദ്ദേഹത്തിന്നു രാജപദവികൊടുത്തുവെന്നത്ʼ ശരിതന്നെയാണ്ʼ. പക്ഷേ, അദ്ദേഹത്തെ പിടിച്ചപ്പോാം തിരൂരങ്ങാടി പള്ളിയിലോ അടുത്തോ അപ്രകാരം പട്ടം വഹിച്ചു രാജചിഹ്നങ്ങാം വല്ലതും കണ്ടുവോ എന്നു സ്പെഷൽ ട്രൈബ്യൂണലിലെ ജഡ്ജി ചോദിച്ചതിന്നു യാതൊന്നും കണ്ടില്ലെന്നാണ്ʼ സാക്ഷികാം മറുപടി പറഞ്ഞത്ʼ. അദ്ദേഹത്തെ പിടിച്ചതിന്നു മുമ്പുണ്ടായിത്തുടങ്ങിയ സംഭവങ്ങളെ മറെറാരദ്ധ്യായത്തിൽ വിവരിക്കാം.

ഇരുപതാം തിയ്യതി തിരൂരങ്ങാടിവെച്ചുണ്ടായ ആപത്ʼ സംഭവങ്ങളെക്കാാം അധികം ആപൽക്കരമായിത്തീർന്നത്ʼ തോമസ്സിൻേറയും സൈന്യത്തിൻേറയും കോഴിക്കോട്ടേയ്ക്കുള്ള

ഓട്ടവും തിരൂരങ്ങാടിയിൽ നടന്ന സംഭവത്തെപ്പററി നാട്ടിൽ പ്രചരിച്ച ഊഹങ്ങളും അവാസ്തവപ്രസ്താവങ്ങളുമായിരുന്നു.

ഏറനാട്ടിലെ മാപ്പിളമാരുടെ അജ്ഞാനത്തിനും അന്ധവിശ്വാസത്തിനും അഗാധത കുറച്ചല്ലെന്നു ഈ കാലം സമ്പൂർണ്ണമായി തെളിയിച്ചിട്ടുണ്ട്. ഏറനാട്ടിലെ മാപ്പിളമാരുടെ മതഭ്രാന്ത് പ്രസിദ്ധമാണ്. പക്ഷേ, അവരുടേയും പുറമെ ഉള്ള സഹോദരന്മാരുടേയും അജ്ഞതയുടെ അപാരത ഞങ്ങളാൽ ചിലർ ശരിയായി മനസ്സിലാക്കിയിരുന്നില്ല എന്നു സമ്മതിച്ചേ തീരൂ.

ഖിലാഫത്തിന്ന് ഗവർമ്മേണ്ടിൽനിന്നു നേരിട്ട ആപത്തുകൾ മതഭ്രാന്തരായ മാപ്പിളമാരെ അക്രമത്തിലേയ്ക്ക് നയിക്കാതെ കഴിക്കാനും അവരുടെ സങ്കടനിവൃത്തിക്കുള്ള സംരംഭം സമാധാനപരമായ ഒരു പ്രക്ഷോഭമായി പരിണമിക്കേണമെന്ന ഉദ്ദേശ്യത്തോടുകൂടിയുമാണ് ഞങ്ങളാൽ ചിലർ മാപ്പിളമാരുടെ ഇടയിൽ പ്രസംഗങ്ങൾ നടത്തിയതെന്ന് മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. പക്ഷേ, ഞങ്ങളുടെ ഉദ്ദേശ്യങ്ങൾ അത്രയും പരിശുദ്ധമായിരുന്നെങ്കിലും സ്വാതന്ത്ര്യലബ്ധികൂടെ ലക്ഷ്യമാക്കി ഞങ്ങൾ ചെയ്തിരുന്ന പ്രസംഗങ്ങൾ മാപ്പിളമാർക്കു ഗവർമ്മേണ്ടിൻെറ ശക്തിയിലുള്ള ഭയത്തെ കുറയ്ക്കുവാൻ ഉപകരിച്ചിട്ടുണ്ടായിരുന്നു എന്നതിന്നു സംശയമില്ല. പ്രസ്ഥാനം വേണ്ടവിധത്തിൽ നടത്തുവാൻ അവസരം കിട്ടിയിരുന്നുവെങ്കിൽതന്നെ അന്നു മാപ്പിളമാരുടെ ഇടയിൽ അങ്ങിനെ ഫലപ്പെടുമായിരുന്നുവെന്നു പറവാൻ ഇപ്പോഴും തരമില്ല. വേണ്ടപോലെ ഉപദേശിപ്പാൻ ഞങ്ങൾക്കു അവസരം കിട്ടാതിരിക്കയും പള്ളിയിൽവെച്ചു അക്രമരാഹിത്യത്തിൽ വിശ്വാസമില്ലാത്ത മതപ്രാസംഗികന്മാർക്ക് ഖിലാഫത്തിനെപ്പററി പ്രസംഗിപ്പാൻ അവസരം ഉണ്ടാകയും ചെയ്തതിൻെറ ഫലമായി ഗവർമ്മേണ്ടിൽ അവർക്ക് വൈരം വർദ്ധിക്കുകയും ഭയം കുറയുകയും ചെയ്തിരുന്നു. ഇതോടുകൂടി ബ്രിട്ടീഷുകാരുടെ പട്ടാളം മുഴുവൻ ജർമ്മൻ യുദ്ധത്തിൽ നശിച്ചു എന്ന ഒരു തെററിദ്ധാരണ കൂടി (മലപ്പുറം പട്ടാളം എടുത്തുപോയതോടുകൂടി) അവരുടെ ഇടയിൽ ഉണ്ടായിത്തീർന്നു. ഇങ്ങനെയുള്ളവരായിരുന്നു, പട്ടാളം പള്ളി പൊളിച്ചുവെന്നോ വളഞ്ഞുവെന്നോ കേട്ട് കിഴക്കൻ പ്രദേശങ്ങളിൽനിന്ന് ഓടിവന്ന മാപ്പിളമാരിൽ വളരെപേർ. അങ്ങനെയിരിക്കെ കലക്ടറും സുപ്രഡെണ്ടും സൈന്യങ്ങളും കോഴിക്കോട്ടേയ്ക്കു ഓടിപ്പോവുകയുംകൂടി ചെയ്തപ്പോൾ ബ്രിട്ടീഷു ഗവർമ്മേണ്ടിൻെറ

ശക്തി തീരെ നശിച്ചുവെന്നു, വിവരം കുറഞ്ഞ മാപ്പിളമാർ വിശ്വസിച്ചതിൽ എന്താണത്ഭുതം? മമ്പുറംപള്ളി വെടി വെച്ചു തകർത്തുവെന്നും മിസ്റ്റർ തോമസ്സിനേയും ഹിച്ചു കോക്കിനേയും മാപ്പിളമാർ കൊന്നുവെന്നുമായിരുന്നു കിഴക്കൻ പ്രദേശങ്ങളിൽ മുഴങ്ങിയ വർത്തമാനം. ആ വർത്തമാനത്തിൻെറ ഭവിഷ്യത്തുകളെപ്പററി പിന്നീടു വിവരിക്കാം.

ലഹളയുടെ ആരംഭത്തിൽ തന്നെ അക്രമത്തിന്നൊരുങ്ങിയ മാപ്പിളമാർ സംഘമായി പിരിഞ്ഞു. യുദ്ധം ചെയ്തു മരിക്കുവാൻ ഒരുങ്ങിയ ഒരു സംഘം (അലവിക്കുട്ടി, കുഞ്ഞലവി, വാരിയങ്കുന്നൻ കുഞ്ഞമ്മതാജി മുതലായവർ ഈ സംഘത്തിൽ പെട്ടവരായിരുന്നു). ഇവരുടെ എണ്ണം അധികമുണ്ടായിരുന്നു. ബ്രിട്ടീഷു ഗവർമ്മേണ്ടിൻെറ ശക്തി നശിച്ചതിനാൽ ഇസ്ലാമിന്നു പൂർണ്ണ അധികാരം കിട്ടിയെന്നോ അരാജകത്വത്തിൽ കിടന്ന് നശിക്കേണ്ട എന്നോ കരുതി വലിയൊരു സംഘം അന്യമതസ്ഥന്മാരായ ഹിന്ദുക്കളെ പരക്കെയും വിരോധികളായ മാപ്പിളമാരെ ചുരുക്കമായും കൊള്ളയിടുവാൻ ഒരുങ്ങി പുറപ്പെട്ടു. ഈ സംഘത്തിൽ ലഹള വ്യാപിച്ച ഭാഗങ്ങളിലെ മാപ്പിളമാരിൽ അധികംപേരും ഉൾപ്പെട്ടിരുന്നെന്നു പറയാൻ തരമില്ല.

ഇരുപത്തൊന്നാം തിയ്യതി മുതൽക്കാണ് ഈ കൊള്ള തുടങ്ങിയത്. പരപ്പനങ്ങാടിയിൽ പല ഹിന്ദുക്കളുടെ വീട്ടിലും ചില മാപ്പിളമാരുടെ വീട്ടിലും ഈ തരക്കാർ പോയി നിർബന്ധിച്ച് പണം വാങ്ങുകയും കൊള്ള ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ കൊള്ളയുടെ സാധാരണ സ്വഭാവത്തെപ്പററി എനിക്കുതന്നെ നേരിട്ടറിവുള്ളതിനാൽ മററൊരു അദ്ധ്യായത്തിൽ വിസ്തരിക്കാം. പരപ്പനങ്ങാടിയിലും മററും കൊള്ള നടത്തിയിരുന്നവർ അധികവും അപ്രദേശത്തുകാരും അയൽപ്രദേശത്തുകാരും തന്നെയായിരുന്നു.

തിരൂരങ്ങാടിയിൽ ഈ സംഭവങ്ങൾ നടന്നുകൊണ്ടിരുന്ന 20, 21 തീയതികളിൽ പൂക്കോട്ടൂർ, നിലമ്പൂർ, മഞ്ചേരി മുതലായ സ്ഥലങ്ങളിൽ നടന്ന സംഭവങ്ങളെപ്പററിയാണ് വിവരിക്കേണ്ടത്. ഗൗരവങ്ങളായ പല സംഗതികളും തിരൂരങ്ങാടിയിൽവെച്ചു 20–ാംനു- നടന്നുവെങ്കിലും പൂക്കോട്ടൂരിലുള്ള മാപ്പിളമാർ നിലമ്പൂർക്കുപോകാതെ അടങ്ങിയിരുന്നുവെങ്കിൽ ഈ ലഹള നാടെല്ലാം വ്യാപിച്ചു പടർന്നു ഗംഭീരമായ ഒരു കലാപമായി പരിണമിക്കാതെ ശക്തി ക്ഷയിച്ചു പോകുമായിരുന്നു. അത് ലഹളക്കാരുടെ സകല ദുർഗുണങ്ങൾക്കും ഒരു ശമനവുമാകുമായി

രുന്നു. പൂക്കോട്ടൂരിൽ അധികാരസ്ഥന്മാരോടു എതിർക്കു വാനും അക്രമങ്ങരം പ്രവർത്തിപ്പാനും തയ്യാറുണ്ടായിരുന്ന വളരെപേർ ഉണ്ടായിരുന്നുവെന്നതിന് സംശയമില്ല. തങ്ങളുടെ ശത്രുക്കളോടും വേണ്ടിവന്നാൽ ഗവർമ്മേണ്ടിനോടും എതിർക്കാൻ അവർ ഒരുങ്ങിയിരുന്നുവെന്നും ആ ആവശ്യത്തിലേയ്ക്ക് ആയുധങ്ങരം കൂടി അവർ ഉണ്ടാക്കിയിരുന്നുവെന്നും മുമ്പൊരിക്കൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആലി മുസലിയാർ കുറെക്കാലം പൂക്കോട്ടൂരിൽ താമസിച്ച് കുട്ടികളെ ഓതിപ്പിച്ചിരുന്നുവെന്നും അയാരംക്ക് അവിടെ ശിഷ്യന്മാർ ഉണ്ടായിരുന്നുവെന്നും പ്രസ്താവയോഗ്യമാണ്. അയാളോടു അനുഭാവം പ്രദർശിപ്പിക്കാനും അയാരംക്കുവേണ്ടി മരിപ്പാനും തയ്യാറായവരും പൂക്കോട്ടൂരിൽ ഉണ്ടായിരുന്നുവെന്ന് വിശ്വസിക്കാം. ലഹളയുടെ ചരിത്രത്തിൽ പൂക്കോട്ടൂർ ഏററവും പ്രധാനമായ ഒരു സ്ഥാനത്തെ അർഹിക്കുന്നുണ്ട്. എന്നാൽ ലഹളയുടെ ആരംഭത്തിൽ അവിടെ നടന്ന സംഗതികളും ഈ ചരിത്രകർത്താവും തമ്മിൽ ചില ബന്ധമുള്ളതിനാൽ മേപ്പടി സംഭവങ്ങളെ ഏതാനും ഭാഗം സ്വാനുഭവമായും ശേഷം വേറെ വിധത്തിലും വിവരിയ്ക്കാം.

# പൂക്കോട്ടൂരും നിലമ്പൂരും നടന്ന സംഭവങ്ങൾ

കോൺഗ്രസ്സ് പ്രവർത്തകന്മാരിൽവെച്ചു ഏറനാടിനെപ്പററി അറിവും പരിചയവും ഏറനാട്ടിൽ ജനിച്ചു വളർന്നുപോന്ന എന്നെപ്പോലെ മററാർക്കുമില്ല; സാധാരണയായോ അസാധാരണയായോ പൂക്കോട്ടൂരിലുള്ള തകരാറുകൾക്കു ശമനം വരുത്തുവാൻ ജെയിലിൽനിന്നുള്ള എൻെറ മോചനം ഉപകരിക്കുമെന്ന് കോൺഗ്രസ്സ് ഭാരവാഹികൾ പ്രതീക്ഷിച്ചിരുന്നു. ജെയിലിൽനിന്ന് പുറത്തുവന്ന് പതിനേഴാം തീയതി കോഴിക്കോട്ടെത്തിയപ്പോൾ പൂക്കോട്ടൂര് എന്നെ കൂട്ടിക്കൊണ്ടുപോകുവാൻ ഏറനാട് താലൂക്കു കോൺഗ്രസ്സ് സിക്രട്ടരിയായിരുന്ന എം. പി. നാരായണമേനോൻ എന്നെ കാത്ത് കോഴിക്കോട്ട് ഇരിക്കുന്നതു ഞാൻ കണ്ടു. 18–ാംനു- രാവിലെ 10 മണിക്കു കാത്ത നാരായണമേനോനും എൻെറ അനുജൻ കേശവൻ നായരും ഞാനുംകൂടി എൻെറ സ്വദേശമായ മലപ്പുറത്തേയ്ക്കു പുറപ്പെട്ടു. പിറേറന്നു മഞ്ചേരിയിൽ നിന്ന് പൂക്കോട്ടൂർക്കു പോകാമെന്നു നാരായണമേനോൻ നിശ്ചയിച്ച പ്രകാരം തിരൂരിൽനിന്ന് പോന്ന ബസ്സിൽ തന്നെ നാരായണമേനോൻ പെരിന്തൽമണ്ണയ്ക്കു പോവുകയും 19–ാംനു- രാവിലെ മലപ്പുറത്തു എൻെറ വീട്ടിൽ എത്തിച്ചേരുകയും ചെയ്തു. 19–ാംനു- വൈകുന്നേരം ഞങ്ങൾ മഞ്ചേരിയിൽ എത്തി. പൂക്കോട്ടൂരിൽ ഒരു മീററിങ്ങ് വിളിച്ചു കൂട്ടുകയോ പൂക്കോട്ടൂരുകാരെ മഞ്ചേരിയ്ക്ക് ക്ഷണിച്ചുവരുത്തുകയോ എന്താണ് വേണ്ടത് എന്ന് പൂക്കോട്ടൂരിലുള്ള പ്രധാനികളുമായി ആലോചിച്ചു തീർച്ചപ്പെടുത്തുവാനായി ഞാൻ അവരിൽ ചിലർക്ക് 20–ാംനു- രാവിലെ ആളയച്ചു. 20–ാംനു- ഉച്ചക്കുമുമ്പായി അവരിൽ ഏതാനും പേർ എൻെറ അടുക്കൽ വന്നു. പൂക്കോട്ടൂരിലുള്ള തകരാറുകളെപ്പററി അവരോട് ആലോചിച്ചതിൽ അവരിൽ രണ്ടു പക്ഷക്കാരുണ്ടെന്ന് എനിക്കു ബോദ്ധ്യമായി. ചിലർ കൂടുതൽ ആക്രമണങ്ങൾക്ക് തീരേ വിരോധികളായിരുന്നു. മറെറാരു കൂട്ടർ ആക്രമണത്തിൽ വിശ്വാസികളുമായിരുന്നു. പൂക്കോട്ടൂരിൽ പലരേയും അറസ്റ്റ് ചെയ്യുവാൻ വാറണ്ട് പുറപ്പെടു

വിച്ചിട്ടുണ്ടെന്നും വാറണ്ടുപ്രകാരം പിടിക്കപ്പെട്ടാൽ തങ്ങൾ കഠിനമായ മർദ്ദനം അനുഭവിക്കാൻ ഇടയാകുമെന്നും അതിനാൽ വാറണ്ടിനെ അനുസരിപ്പാൻ തങ്ങൾ ഒരുക്കമില്ലെന്നും അവർ എന്നോടു പറഞ്ഞു. അക്രമപ്രവൃത്തികളുടെ ദോഷങ്ങളെപററിയും വ്യർത്ഥതയെപ്പററിയും ഞാൻ അവരെ വളരെ ഗുണദോഷിച്ചു. ''നിങ്ങളാൽ ചിലരെ അറസ്റ്റു ചെയ്താൽ മോട്ടോർകാറിലാണ് കൊണ്ടുപോവുക, ഞങ്ങളെ അവർ എല്ലു വെള്ളമാക്കി വിടും'' എന്നു അവർ പറഞ്ഞതിൽ വളരെ വാസ്തവമുണ്ടായിരുന്നു. എങ്കിലും തുക്കിടി മുമ്പാകെ നേരിട്ടു ഹാജരായാൽ പോലീസ്സിൻെറ മർദ്ദനം ഒഴിവാക്കുമെന്നു തോന്നിയതിനാൽ അങ്ങിനെ ചെയ്യാമെന്നു അവസാനമവർ സമ്മതിച്ചു. പൂക്കോട്ടൂരിൽ പോയി ചിലരെയും കണ്ടു തീർച്ചപ്പെടുത്തി വിവരം എന്നെ അറിയിക്കാമെന്നു പറഞ്ഞു അവർ മടങ്ങിപ്പോയി.

നേരം ഉച്ചതിരിഞ്ഞു മഞ്ചേരിയിൽ ഞാൻ താമസിച്ചിരുന്ന വീട്ടിൻെറ പടിഞ്ഞാറുഭാഗത്തുള്ള വ്രാന്തയിൽ ഞാൻ ഇരിക്കുകയാണ്. അതുവരെ പ്രശാന്തമായിരുന്ന അന്തരീക്ഷം പെട്ടെന്ന് ഭയങ്കരമായി വികൃതരൂപത്തെ അവലംബിച്ചു. കറുത്തിരുണ്ട മേഘപടലങ്ങൾ പടിഞ്ഞാറുഭാഗത്തുനിന്ന് തുടരെത്തുടരെയായി ഉയർന്നുയർന്നു ആകാശമണ്ഡലത്തിൽ മുഴുവൻ പരന്നു. സൂര്യമണ്ഡലം മറഞ്ഞു, വീടുകളേയും വൃക്ഷങ്ങളേയും പുഴക്കി മറിക്കുമാറുള്ള അത്യുഗ്രതയോടുകൂടി ചണ്ഡമാരുതൻ അടിച്ചു വീശാൻ തുടങ്ങി. ദിങ്മുഖങ്ങൾ ഇരുട്ടിലാണ്ടു

പെരുമഴയുടെ ഭയങ്കരമായ ഇരമ്പൽ ദൂരത്ത് കേട്ടുതുടങ്ങിയത് അടുത്തടുത്തു എത്തിത്തുടങ്ങി. അതോടുകൂടി സവാരി ചെയ്തുവരുന്ന ഒരു കാളവണ്ടിയുടെ കിലുകിലശബ്ദവും കേൾക്കായി. മഴ താഴെ പതിച്ചതും കാളവണ്ടി എൻെറ പടിക്കൽ പെട്ടെന്ന് നിന്നതും ഒരേ സമയത്തു കഴിഞ്ഞു. അതിൽനിന്നു രണ്ടുപേർ പുറത്തുചാടി കോരിച്ചൊരിയുന്ന മഴയോടുകൂടി ഞാൻ ഇരിക്കുന്ന സ്ഥലത്തുവന്നു. ഇതിൽ ഒരാൾ കേരളസംസ്ഥാന ഖിലാഫത്തിൻെറ ആളായിരുന്ന മുഹമ്മദ് അബ്ദുറഹിമാനായിരുന്നു.

കലക്ടർ പട്ടാളക്കാരോടുകൂടി കോഴിക്കോട്ടുനിന്നു പോന്നിട്ടുണ്ടെന്ന വിവരം അറിഞ്ഞപ്പോൾ അവർ പൂക്കോട്ടൂർക്കായിരിക്കണം പോയിട്ടുള്ളതെന്ന് കോൺഗ്രസ്സു—ഖിലാഫത്ത് ഭാരവാഹികൾ ധരിച്ചു, പൂക്കോട്ടൂരുള്ള മാപ്പിളമാർ തകരാറുകളൊന്നും ഉണ്ടാക്കാതിരിപ്പാൻ അവർക്കു

വേണ്ടുന്ന ഉപദേശം കൊടുക്കാനായി മൊയ്തുമൌലവിയും
മററും 20–ാംനു- രാവിലെ വന്നുവെന്നും പൂക്കോട്ടൂർ എത്തി
യപ്പോഴാണ് കലക്ടർ പുറപ്പെട്ടു പോയിട്ടുള്ളത് പൂക്കോ
ട്ടൂർക്കല്ലെന്നു തങ്ങൾക്കു മനസ്സിലായതെന്നും, ആലിമുസ
ലിയാരെയും മററും പിടിക്കാൻ കലക്ടറും സൈന്യവും
തിരൂരങ്ങാടിയിൽ പള്ളി വളഞ്ഞതിൽ ആലിമുസലി
യാരെ പിടുത്തം കിട്ടിയില്ലെന്നും ഒന്നോ രണ്ടോ പേരെ
പിടിച്ചിട്ടുണ്ടെന്നും പള്ളിയും മററും വെടിവെച്ചു തകർ
ക്കുവാൻ കലക്ടറും സൈന്യവും ഒരുക്കമുണ്ടെന്നും കേട്ടു
തിരൂരങ്ങാടിക്കാരുടെ രക്ഷക്കായി പൂ ക്കോ ട്ടൂ ർ കാ ർ
പോകാൻ ഒരുങ്ങിയിരിക്കുന്നുവെന്നും താനും മൌലവിയും
മററും എന്തുതന്നെ സമാധാനം പറഞ്ഞിട്ടും പൂക്കോട്ടൂർ
ക്കാർ വഴിപ്പെട്ടിട്ടില്ലെന്നും അതിനാൽ തന്നോടുകൂടി ഉടനെ
തന്നെ സ്ഥലത്തേയ്ക്ക് വരണമെന്നും അബ്ദുറഹിമാൻ
എന്നോട് വളരെ വ്യസനത്തോടും പരിഭ്രമത്തോടും
പറഞ്ഞു. അരനിമിഷംപോലും താമസിക്കാതെ അബ്ദുറഹി
മാൻ വന്ന വണ്ടിയിൽതന്നെ ഞാൻ കയറി. അങ്ങാടിയി
ലേയ്ക്കു ഇറങ്ങിയിരുന്ന നാരായണമേനോനേയും കൂട്ടി
ഞങ്ങൾ പൂക്കോട്ടൂർക്കു ധൃതിയിൽ പോയി. വഴിയിൽവെച്ച
പല ഊഹവർത്തമാനവും കേട്ടു.

തിരൂരങ്ങാടി പള്ളി പട്ടാളം വെടിവെച്ചു തകർത്തിരി
ക്കുന്നുവെന്നും നഗരം മുഴുവൻ അവർ നശിപ്പിച്ചിരിക്കുന്നു
വെന്നും പട്ടാളം അവിടംവിട്ടു പൂക്കോട്ടൂർ എത്താറായി
യെന്നും വെടിയുടെ മുഴക്കം അടുത്തടുത്തു കേൾക്കുന്നു
ണ്ടെന്നും മററും വഴിയിൽ കണ്ട പലരും ഞങ്ങളോടു
പറഞ്ഞു. വൈകീട്ടു ആറുമണിയോടുകൂടി ഞങ്ങൾ
പൂക്കോട്ടൂരിലെത്തി. അപ്പോൾ അവിടെ നിരത്തിൽ 200–ൽ
പരം മാപ്പിളമാർ അണിയണിയായി നിൽക്കുന്നതായി
കണ്ടു. അവരുടെ കൈയിൽ തോക്ക്, വാൾ മുതലായ
പലതരം ആയുധങ്ങളുമുണ്ടായിരുന്നു. ഇവരുടെ ഇടയി
ലേയ്ക്കു ഞാൻ വണ്ടിയിൽനിന്നുമിറങ്ങിച്ചെന്നു ഞാൻ ഇന്ന
യാളാണെന്ന് പറഞ്ഞതിന്നുശേഷം ''എനിക്കു അല്പം പറ
യാനുള്ളതു കേൾപ്പാൻ ഒരുക്കമുണ്ടോ'' എന്നു ഞാൻ
ചോദിച്ചു. കേൾക്കാമെന്ന് അവർ മറുപടി പറഞ്ഞു.
ഞാൻ ഉടനെ നിരത്തിന്നടുത്തുള്ള ഒരു ചെറിയ മാളികപ്പുര
യുടെ മുകളിൽ കയറിയിട്ടു അവരോടു പല തത്വോപദേശ
ങ്ങളും ചെയ്തു. അക്രമത്താൽ സംഭവിക്കാവുന്ന പല ആപ
ത്തുകളും ഞാൻ അവർക്കു ചൂണ്ടിക്കാണിച്ചു. ഒരു ദിക്കു
കാരുടെ പ്രവൃത്തിമൂലം രാജ്യത്തിനു മുഴുവനും വരാവുന്ന

അനർത്ഥങ്ങളേയും അവർക്കു വിവരിച്ചുകൊടുത്തു. താണു തൊഴുതും കെഞ്ചിയും ഗദ്ഗദസ്വരത്തിൽ 15 മിനിട്ടുനേരം ഞാൻ ചെയ്ത പ്രസംഗത്തിൻെറ അവസാനത്തിൽ ''തിരൂരങ്ങാടി പള്ളി പട്ടാളം വെടിവെച്ചു തകർത്തു. ഞങ്ങളെ എല്ലാം കൊന്നൊടുക്കാൻ പട്ടാളം ഇതാ അടുത്ത് എത്താറായിരിക്കുന്നുവെന്നു കേശക്കുന്നല്ലോ. ഇനിയും ഞങ്ങരം ക്ഷമിക്കണമെന്നാണോ നിങ്ങരം ഉപദേശിക്കുന്നതു'' എന്ന് അവരിൽ ചിലർ എന്നോടു ചോദിച്ചു. ''പട്ടാളം പള്ളി വെടിവെച്ചു തകർത്തുവെന്നു കേരംക്കുന്നതു ഒരിക്കലും ശരിയായിരിക്കാൻ തരമില്ല. ബ്രിട്ടീഷുഗവർമ്മേണ്ടു പല സാഹസകൃത്യങ്ങളും ചെയ്യുമെന്ന് വിശ്വസിക്കാമെങ്കിൽ കൂടി ദൈവസ്ഥലങ്ങളെ അവർ ഒരിക്കലും നശിപ്പിക്കയില്ല: അതു നിങ്ങരം ഒരിക്കലും വിശ്വസിക്കരുത്.'' എന്നു ഞാൻ അവരോടു വീണ്ടും പറഞ്ഞു. ''പള്ളി വെടിവെച്ചു തകർത്തിരിക്കുന്നുവെന്ന് ഞങ്ങരംക്കു സൂക്ഷ്മവിവരം കിട്ടിയിരിക്കുന്നു. അതിന്നു യാതൊരു സംശയവുമില്ല.'' എന്നു അപ്പോരം പലരുംകൂടി വിളിച്ചുപറഞ്ഞു ''അഥവാ പള്ളിക്ക് വെടിവെച്ചിട്ടുണ്ടെങ്കിൽതന്നെ നിങ്ങളുടെ ഈ പുറപ്പാടുകൊണ്ടു വല്ല ഫലവുമുണ്ടോ? നിങ്ങരം ക്ഷമിപ്പിൻ'' എന്നു ഞാൻ പിന്നെയും അവരോട് അപേക്ഷിച്ചു. ''പള്ളി നശിച്ചാലും ക്ഷമിപ്പാനാണോ പറയുന്നത്. അതിന്നു ഞങ്ങരം തയ്യാറില്ല'' എന്നു വളരെ പൌരുഷത്തോടുകൂടി ഉച്ചരിച്ചുകൊണ്ടു കൂട്ടമായിനിന്നവർ ഇളകുവാൻ തുടങ്ങി. ഞാൻ പറഞ്ഞതു അല്പം അപനയമായിപ്പോയിയെന്നു എനിക്കു തോന്നി. ഉടനെ ഞാൻ മുകളിൽ നിന്നിറങ്ങി അവരുടെ ഇടയിലേയ്ക്കു ചെന്നു അവരിൽ പ്രധാനികളായവരോടു വീണ്ടും ഉപദേശിപ്പാൻ തുടങ്ങി. നാരായണമേനോനും മൊയ്തുമൌലവിയും മററും അവരാൽ കഴിയുന്നവിധം ജനങ്ങളെ സമാധാനിപ്പാൻ ശ്രമിച്ചു. ആയുധങ്ങളെല്ലാം ഉപേക്ഷിക്കുന്നപക്ഷം അവരുടെ മുന്നിൽനിന്നു ഒന്നാമതായി വെക്കുന്ന വെടി കൊള്ളുവാൻ ഞങ്ങരം തയ്യാറാണെന്നു ഞങ്ങരം അവരോടു പറഞ്ഞുനോക്കി. പിന്നീടു ഒരു പ്രധാന ലഹളത്തലവനായി പല ആക്രമണങ്ങളും പ്രവർത്തിച്ച കാരാടൻ മൊയ്തീൻകുട്ടിഹാജിയും ഞങ്ങരംപറഞ്ഞ വാക്കിനെ സ്വീകരിക്കണമെന്ന് അവിടെ കൂടിയിരുന്നവരോട് ഉപദേശിച്ചു. അവസാനം ഒരു വിധത്തിൽ അവർ അവരുടെ വീടുകളിലേയ്ക്കു മടങ്ങിപ്പോകുവാൻ സമ്മതിച്ചു കൂട്ടം പിരിഞ്ഞു. ഒരു വിധം തകരാറുകരം കൂടാതെ കഴിച്ചു എന്ന മനസ്സമാധാനത്തോടുകൂടി പിറേറന്നു

രാവിലെ അവിടെയ്ക്കു എത്തിക്കൊള്ളാമെന്നു നിശ്ചയിച്ച് ഞാനും നാരായണമേനോനും മഞ്ചേരിക്കു മടങ്ങി. അബ്ദു റഹിമാനും മൊയ്തുമൌലവിയും മററും കോഴിക്കോട്ടേയ്ക്കു പോയി. അന്നു രാത്രി മഞ്ചേരിയിൽ നിന്നു പടിഞ്ഞാറുള്ള എൻെറ ഭാര്യാഗൃഹത്തിൽ ഞാൻ താമസിച്ചു. രാത്രി പന്ത്രണ്ടുമണി അടുത്തപ്പോൾ നിരത്തിൽ എന്തോ ശബ്ദം കേട്ടു. അതു പൂക്കോട്ടൂർകാരുടെ നിലമ്പൂരിലേയ്ക്കുള്ള യാത്രയായിരുന്നുവെന്നു പിറേറന്നു രാവിലെ എനിക്കു മനസ്സിലായി. പൂക്കോട്ടൂരിൽ തകരാറുകൾ തുടങ്ങിയതു മുതല്ക്കുതന്നെ നിലമ്പൂർ കോവിലകക്കാർ അവരുടെ ആക്രമണത്തെ ഭയപ്പെട്ടിരുന്നു. നിലമ്പൂർ പൂക്കോട്ടൂരിൽനിന്ന് സുമാർ 20 നാഴിക കിഴക്കാണ്. നിലമ്പൂർ കോവിലകത്തിൽനിന്ന് കുറെ ദിവസങ്ങൾ നാട്ടുംപുറത്ത് പാറാവു നിർത്തുവാൻ തുടങ്ങിയിരുന്നു. ലഹളയ്ക്കൊരുങ്ങിയ പൂക്കോട്ടൂർകാർ നേരിട്ടു 14 നാഴിക പടിഞ്ഞാറുള്ള തിരൂരങ്ങാടിയിൽ പോകാതെ 20 നാഴിക കിഴക്കുള്ള നിലമ്പൂരിലേയ്ക്കു പോയതിൽനിന്നുതന്നെ അവരുടെ മുഖ്യ ഉദ്ദേശ്യം എന്തായിരുന്നുവെന്നു പ്രത്യക്ഷപ്പെടുന്നുണ്ട്. ഞങ്ങളെല്ലാവരും പൂക്കോട്ടൂരു വിട്ടതിന്നുശേഷം അവർ പിന്നെയും ചിലരുടെ ദുരുപദേശങ്ങൾക്കു വഴിപ്പെട്ട് ലഹളയ്ക്ക് ഒരുങ്ങിയതിൻെറ ഫലമായിരുന്നു നിലമ്പൂരേയ്ക്കുള്ള യാത്ര. തിരൂരങ്ങാടിയിൽ പോയി യുദ്ധത്തിൽ ഏർപ്പെട്ട് മരിക്കുന്നതിനുമുമ്പായി നിലമ്പൂർ കോവിലകത്തെ അംഗങ്ങളെ ഒട്ടാകെ പക വീട്ടിയതിന്നുശേഷം തിരൂരങ്ങാടിക്കു പോകാം എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഇവർ നിലമ്പൂരിൽ പോയത്. ഇവർ നിലമ്പൂരിൽ പോയ വിവരം അറിഞ്ഞപ്പോൾ നാരായണമേനോനെ കണ്ടു പലതും ആലോചിപ്പാനും പ്രവർത്തിപ്പാനും മററുമായി ഞാൻ മഞ്ചേരി കോടതിക്കടുത്തുള്ള എൻെറ വീട്ടിലേയ്ക്കു പോയി. ഞാൻ നാരായണമേനോനെ കണ്ടു. ഉടനെ തന്നെ പുറമെയുള്ള നേതാക്കന്മാരെ അറിയിച്ചു. വേണ്ടതു പ്രവർത്തിപ്പാൻ അപേക്ഷിപ്പാനായി കോഴിക്കോട്ടേയ്ക്കു പോകുവാൻ ഞങ്ങൾ രണ്ടുപേരും തീർച്ചപ്പെടുത്തി. ഞങ്ങൾ പുറപ്പെട്ടിറങ്ങുമ്പോൾ ഇൻസ്പക്ടർ നാരായണമേനോൻെറ പ്രത്യേക സ്നേഹിതനായ പാലക്കൽ ചിന്നൻമേനോൻ എൻെറ വീട്ടിൽ വന്നു. ഇൻസ്പക്ടർ എന്നെ കണ്ടാൽ വേണ്ടതില്ലെന്ന് പറഞ്ഞയച്ചിരിക്കുന്നു എന്നു പറഞ്ഞു. മുൻസീഫ് കോടതിയിലുള്ള വക്കീൽ മുറിയിൽവെച്ചു ഇൻസ്പെക്ടറെ ഞാൻ കണ്ടു. എം. പി. നാരായ

ണമേനോനും എന്റെ കൂടെ ഉണ്ടായിരുന്നു. പൂക്കോട്ടൂർ മാപ്പിളമാർ നിലമ്പൂർക്കു പോയിരിക്കുന്നുവെന്നും അവർ മടക്കത്തിൽ തീർച്ചയായും മഞ്ചേരിവഴിക്കു വരുന്നതാണെന്നും മഞ്ചേരിയിൽ അവർ വരാതെ പൂക്കോട്ടൂർക്കു അവരെ അയപ്പിക്കാൻ വേണ്ടുന്ന ഒത്താശ ചെയ്യുവാനായി ഞാൻ മഞ്ചേരിയിൽ തന്നെ നില്ക്കണമെന്നും ഇപ്പോഠം കോഴിക്കോട്ടേക്കു ഒരിക്കലും പോകരുതെന്നും ഇൻസ്പക്ടർ എന്നോട് ആവശ്യപ്പെട്ടു. ഞാനും എം. പിയും ഇതിന്നനുസരിച്ചു പൂക്കോട്ടൂർകാർ വരുന്നവഴിക്കു അവരെ കണ്ടു സമാധാനിപ്പിച്ചു മടക്കി അയയ്ക്കാനായി ഞങ്ങഠം കച്ചേരിപടിക്കൽ കിളിയമണ്ണിൽ മൊയ്തുവിന്റെ മാളികയിൽ ഇരുന്നു. ഇൻസ്പക്ടറും മററും പോലീസുസ്റ്റേഷനിൽ ഇരിപ്പായി. നേരം ഉച്ചയായി. മാപ്പിളമാരുടെ വരവൊന്നും കാൺമാനില്ല. മഞ്ചേരിയിലുള്ള പല പ്രധാന പൌരന്മാരും ഞങ്ങഠം സ്ഥാനം ഉറപ്പിച്ചേടത്തു വന്നുംപോയും ഇരുന്നിരുന്നു. ഉച്ചയായിട്ടു മാപ്പിളമാരുടെ വരവ് കാണാതായപ്പോഠം എം. പി. യും ഞാനും ഖാൻബഹദൂർ ചേക്കുട്ടിയുടെ അനുജൻ ഖാൻസാഹിബ് ചേക്കുവുംകൂടി നിലമ്പൂർക്കുള്ള നിരത്തിൽകൂടി ഒരു നാഴിക വടക്കോട്ടു പോയി. അവിടെ അവരെ കാത്തിരിപ്പായി. ഏകദേശം 2 മണിയായപ്പോഠം മാപ്പിളമാർ നാലഞ്ച് നാഴിക ദൂരമുള്ള കാരോത്ത് എന്ന സ്ഥലത്തു എത്തിയിരിക്കുന്നുവെന്നും അവിടെ ഭക്ഷണം കഴിപ്പാനായി അവർ താമസിക്കുന്നതാണെന്നും ഞങ്ങഠംക്കു അറിവുകിട്ടി. നിലമ്പൂരിൽനിന്നു പൂക്കോട്ടൂർക്കു നിരത്തുവഴിക്കു പോകുകയാണെങ്കിൽ മഞ്ചേരിയിൽക്കൂടെ വരണം. എളുപ്പമുള്ള ഊടുവഴിയിൽകൂടെ പോവുകയാണെങ്കിൽ മഞ്ചേരിയിൽ പ്രവേശിക്കാതെ പോകാം. ഏതുവിധമെങ്കിലും മഞ്ചേരിയിൽ വരാതെ കഴിപ്പാൻ ഞങ്ങളാൽ ചിലരുടെ പ്രത്യേക ആവശ്യവും അപേക്ഷയും ഉണ്ടെന്നു പൂക്കോട്ടൂർക്കാരോടു പറവാനായി ഞാൻ ആലി അയമ്മത് എന്ന ഒരു മാപ്പിളയെ അവരുടെ അടുക്കലേയ്ക്ക് അയച്ചു. ഞാനും എം. പി. യും കൂടി കച്ചേരിപ്പടിക്കലേയ്ക്കു മടങ്ങി.

പൂക്കോട്ടൂർകാരുടെ അടുക്കലേയ്ക്ക് ഞാൻ അയച്ച ആലി അയമ്മതാണ്, എം. പി. യെ നാടുകടത്തുവാൻ ശിക്ഷിച്ച കേസ്സിൽ നിലമ്പൂർ കോവിലകത്തുള്ള തിരുമുല്പാടന്മാരെയെല്ലാം കൊലപ്പെടുത്താതിരുന്നതിന് പൂക്കോട്ടൂർകാരെ എം. പി. അന്നു ശാസിച്ചതായി കേട്ടുവെന്നു അന്യായഭാഗം കള്ളസാക്ഷി പറഞ്ഞത്. എം. പി. യെ വിചാരണ ചെയ്ത മിസ്റ്റർ വാഠംസു (പിന്നീടു ഹൈക്കോ

ടതി ജഡ്ജി) ഈ സാക്ഷിയെ വിശ്വസിച്ചു. അതിനു വിപരീതമായി സാക്ഷിപറഞ്ഞ ഞാൻ മഹാകള്ളനാണെന്നും തീർച്ചപ്പെടുത്തി. ആരെ കൊലപ്പെടുത്താതിരുന്നതിന് എം. പി. മാപ്പിളമാരെ ശാസിച്ചിരുന്നുവെന്ന് പറഞ്ഞുവോ അവരിൽ പ്രധാനികളായവർ—വലിയ തിരുമുല്പാടടക്കം—എം. പി. തീരെ നിരപരാധിയാണെന്ന് തങ്ങൾക്കു പൂർണ്ണവിശ്വാസമുണ്ടെന്ന് ഗവർമ്മേണ്ടിലേയ്ക്ക് മെമ്മോറിയലും അയച്ചു. അന്ന് ഏകദേശം 5 മണിയായതോടുകൂടി മേപ്പടി ആലിഅയമ്മത് എന്റെ അടുക്കൽ മടങ്ങിവന്നു. എന്റെ അപേക്ഷയെപ്പററി പൂക്കോട്ടൂർകാരുടെ ഇടയിൽ വലിയ വലിയ വാദപ്രതിവാദം ഉണ്ടായെന്നും അവസാനം അവർ അപേക്ഷയെ സ്വീകരിച്ചുവെന്നും അവർ ഊടുവഴിക്കു പൂക്കോട്ടൂർക്ക് പോയിയെന്നും മഞ്ചേരിക്കു അവർ വരുന്നതല്ലെന്നും ആലിഅയമ്മത് എന്നോടു പറഞ്ഞു. ഈ സന്തോഷവർത്തമാനം ഇൻസ്പെക്ടറെ അറിയിപ്പാനായി ഞാൻ അവനെ ഇൻസ്പെക്ടറുടെ അടുക്കലേയ്ക്കു പറഞ്ഞയച്ചു. ഞാനും എം. പി. യും വീട്ടിലേയ്ക്കു മടങ്ങി. തല്ക്കാലം ഞങ്ങൾക്കെല്ലാവർക്കും ഉണ്ടായ ഈ സന്തോഷം അന്നു രാത്രി നടന്ന സംഭവങ്ങൾ തീരെ നശിപ്പിച്ചു. അതിനെപ്പററി പിന്നീടു പ്രസ്താവിക്കാം.

ഇരുപതാംതീയതി രാത്രി പൂക്കോട്ടൂരിൽനിന്നു നിലമ്പൂർക്ക് പോയ മാപ്പിളമാർ 21–ാംനു 7 മണിക്കു മുമ്പായി നിലമ്പൂരിലെത്തി. അപ്പോഴേയ്ക്കു രാവിലത്തെ നിത്യകർമ്മങ്ങൾ ചെയ്‌വാനായി പാറാവുകാർ മിക്കവാറും പടിപ്പുര വിട്ടുപോയിരുന്നു. ഏതാനും ചിലർ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. അവരും മാപ്പിളമാരും തമ്മിൽ ഏററുമുട്ടി. പതിമ്മൂന്നോ പതിന്നാലോ പേരെ മാപ്പിളമാർ കൊന്നു. പല അക്രമങ്ങളും നടത്തി. ഇതെല്ലാം കഴിഞ്ഞ് ഉച്ചയ്ക്ക് മുമ്പായിതന്നെ അവർ മടങ്ങി. ലഹളക്കാർ നിലമ്പൂർക്കു പോകുന്ന വഴിക്കുതന്നെ കമ്പി പല ദിക്കിലും മുറിച്ചിരുന്നു, നിലമ്പൂര് പോകുമ്പോൾ എടവണ്ണ പോലീസ്സ്‌സ്റ്റേഷനിലുള്ള കോൺസ്റ്റബിളിനെ വെട്ടി മുറിവാക്കിയതല്ലാതെ പോകുമ്പോഴും മടങ്ങി വരുമ്പോഴും അവർ ജനങ്ങൾക്ക് പൊതുവിൽ യാതൊരുപദ്രവവും ചെയ്തിരുന്നില്ല. എങ്കിലും ലഹളയ്ക്കു ഒരുങ്ങുവാനായി അവർ പലരേയും ഉത്സാഹിപ്പിച്ചു. അവരുടെ നിലമ്പൂർ യാത്രയുടേയും അവിടെ ചെയ്ത പ്രവൃത്തികളുടേയും ഫലമായി ഏറനാടിന്റെ കിഴക്കെ ഖണ്ഡം മുഴുവൻ അരാജകത്വത്തിനിരയായി. ലഹളയും കൊള്ളയും കവർച്ചയും സർവ്വത്ര വ്യാപിച്ചു.